

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്


ജനകീയ ആസൂത്രണപ്രസ്ഥാനം




ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി

സമഗ്രവികസന രേഖ







അവലംബം : വിദ്യാഭ്യാസം, സെസ്സ്


24-4

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്


ജനകീയ ആസൂത്രണപ്രസ്ഥാനം

ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി

സമഗ്രവികസനരേഖ



കയ്യുംകെട്ടിയിരിക്കാതിനി
നാമൊന്നായ് പണിചെയ്യാം
ഭിന്നതയൊക്കെമറന്നീനാടിന്
വികസനമേകീടാം
തോടുംകുളവും റോഡുംചാലും
വൃത്തി വെടിപ്പാക്കാം.
കുടിനീരില്ലാതുഴലും മർത്യന്
തെളിനീരെത്തിക്കാം.




എൻ. പ്രദീപ്കുമാർ
വികസനരേഖ എഡിറ്റർ

കവർ : അജിത്. എസ്., പ്ലാക്കാട്.


ചിത്രീകരണം : സന്തോഷ്പ്രിയൻ, പ്ലാക്കാട്.

.കമ്പ്യൂട്ടർ ടൈപ്പ്സെറ്റിംഗ് & പ്രിന്റിംഗ് : സുജിലി പ്രിന്റേഴ്സ്, ചാത്തന്നൂർ.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി




അഡ്വ: ജി. രവീന്ദ്രൻ
പ്രസിഡന്റ്




എ.കെ. മുഹമ്മദ് ഇക്ബാൽ
വൈസ് പ്രസിഡന്റ്




ലീലാ ശ്രീനിവാസൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ



നെടുഞ്ചിറ രാജൻനെറ്റാൻ
ജനകീയാസൂത്രണസമിതി കൺവീനർ



തോമസ്. പി. ഉമ്മൻ
മെമ്പർ, 1-ാം മണ്ഡലം




വി.കെ. സാമുവൽ
മെമ്പർ, 3-ാം മണ്ഡലം



പി. ശങ്കരൻകുട്ടി
മെമ്പർ, 4-ാം മണ്ഡലം




സരോജിനിദാസ്
മെമ്പർ, 5-ാം മണ്ഡലം



ബി.ഐ. ശ്രീനാഗേഷ്
മെമ്പർ, 6-ാം മണ്ഡലം




അൽഫോൺസാ ഫ്രാൻസിസ്
മെമ്പർ, 7-ാം മണ്ഡലം




പി. പ്രസാദ്
മെമ്പർ, 8-ാം മണ്ഡലം



സതീദേവി സത്യനേശൻ
മെമ്പർ, 10-ാം മണ്ഡലം



കെ. ശശി, സെക്രട്ടറി




മുൻകാല സാരഥികൾ

അഡ്വ: കൊട്ടിയം പി. സദാശിവൻ

പി. രാമചന്ദ്രൻ ബി.എ.

ജോർജ്ജ് ഫെർണാണ്ടസ്

എം. സുന്ദരേശൻപിള്ള



പ്രിയമുള്ളവരേ,

അധികാരം ജനങ്ങളുടെ കൈകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിന്റെ ആവേശത്തിലാണ് നാമെല്ലാം. കാലങ്ങളായി പിന്തുടർന്നു പോന്നിരുന്ന വികസനസംസ്കാരത്തിന് വിരുദ്ധമായി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട് ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ പദ്ധതികൾ നടപ്പാകാൻ പോകുന്നു. അതിന് മുന്നോടിയായി നാമെല്ലാവരും ഒന്നിച്ചുകൂടിയിരുന്ന് തയ്യാറാക്കിയതാണ് നമ്മുടെ ഗ്രാമത്തിന്റെ ഈ വികസനരേഖ. ഇതിലെ ഓരോ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യങ്ങളും നാമോരോരുത്തരുടേയും മനസ്സുകളിൽ കാലാകാലങ്ങളായി ഉണ്ടായിരുന്നതാണ്. അവ പ്രകടിപ്പിക്കാനുള്ള അവസരത്തെ അത്യാവേശത്തോടെയാണ് നമ്മുടെ ഗ്രാമം എതിരേറ്റത്. ഈ വികസനരേഖയുടെ തയ്യാറാക്കലിന് ആവശ്യമായ അടിസ്ഥാനവിവരങ്ങൾ നൽകി അങ്ങേയറ്റം സഹായിച്ച വിവിധ ഡിപ്പർട്ടുമെന്റൽ ഉദ്യോഗസ്ഥർക്കും ഇതിന്റെ 4-ാം അദ്ധ്യായം സമ്പൂർണ്ണമായി തയ്യാറാക്കിത്തന്ന തിരുവനന്തപുരം CESS -ലെ പ്രോജക്ട് ശാസ്ത്രജ്ഞരായ ശ്രീമതി ഒ. ഗീത, ശ്രീമതി പി.സി. രശ്മി എന്നിവർക്കും നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലത്തെപ്പറ്റി മനസ്സിലാക്കിത്തന്ന കാരണവന്മാർക്കും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ മൂന്നണിപ്പോരാളികളായി പ്രവർത്തിച്ച സംസ്ഥാന, ജില്ലാ, പഞ്ചായത്ത് തല പരിശീലകർക്കും എല്ലാറ്റിനുമുപരി വിലപ്പെട്ട നിർദ്ദേശങ്ങൾകൊണ്ട് ഈ ഗ്രാമത്തിന്റെ വികസനാവശ്യങ്ങൾ ചൂണ്ടിക്കാണിച്ചുതന്ന ഇന്നാട്ടിലെ പ്രബുദ്ധരായ ഓരോ വ്യക്തികൾക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഈ വികസനരേഖ യാഥാർത്ഥ്യമാക്കി മാറ്റാൻ നാമേവരും തുടർന്നും മുൻനിരയിൽത്തന്നെയുണ്ടാകണം. ഉണ്ടാകുമെന്ന ഉറച്ചവിശ്വാസത്തോടെ

സസ്നേഹം,

നിങ്ങളുടെ, അഡ്വ: ജി രവീന്ദ്രൻ



ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിലാണ്.
ഗ്രാമപ്രദേശങ്ങളെ
അവഗണിച്ചുകൊണ്ടുള്ള
ഒരു വികസനവും
സമ്പൂർണ്ണ ഗ്രാമസ്വരാജ് അഥവാ
സ്വയംപര്യാപ്തഗ്രാമങ്ങൾ
എന്ന ലക്ഷ്യത്തിലേയ്ക്ക്
എത്തുകയില്ല.

- മഹാത്മാഗാന്ധി

താളുകളിലൂടെ.....

I ആമുഖം 11

II. പഞ്ചായത്ത് പൊതുവിവരണം 15

III സാമൂഹിക, സാംസ്കാരിക ചരിത്രം 16

IV ഭൂപ്രകൃതി, ജലവിഭവം, ജനപ്രകൃതി 19

V സാമൂഹിക സാമ്പത്തിക മേഖലകൾ

V.1 കൃഷിയും ജലസേചനവും 40

V.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും 57

V.3 വ്യവസായം 63

V.4 വിദ്യാഭ്യാസം 72

V.5 കുടിവെള്ളവും പൊതുജനാരോഗ്യവും 79

V.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 89

V.7 പാർപ്പിടവും സാമൂഹ്യക്ഷേമവും 124

V.8 സംസ്കാരം 138

V.9 വനിതാക്ഷേമം 143

V.10 സഹകരണം 147

V.11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 154


V.12 വിഭവസമാഹരണം 160

VI ഉപസംഹാരം 167

വികസനരേഖയ്ക്കുപിന്നിൽ

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഉൾത്തുടിപ്പുകൾ അറിയുന്ന
ഇന്നാട്ടിലെ പ്രബുദ്ധരായ ജനങ്ങളും
അർപ്പണബോധമുള്ള വിവിധ ഡിപ്പാർട്ടുമെന്റൽ ഉദ്യോഗസ്ഥരും

I ആമുഖം



"നാട്ടിനുവേണ്ടൊരു പദ്ധതിനമ്മൾ
നാട്ടിൽനിന്നുതുടങ്ങേണം.
ആസൂത്രണവും ജനതതിയൊന്നായ്
കൂടിയിരുന്ന് നടത്തേണം."

അധികാരവും ആസൂത്രണവും ജനങ്ങളുടെ കൈകളിലേക്ക് കൈമാറ്റംചെയ്യപ്പെടുന്ന അസുലഭ സന്ദർഭം സമാഗതമായിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം 46 വർഷങ്ങൾ പിന്നിട്ടശേഷമാണ് നമുക്കിതിനുള്ള ആദ്യചുവടുവയ്പുകൾ നടത്താനായത്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്ന ജനാധിപത്യസ്വപ്നം തെരഞ്ഞെടുപ്പ് പ്രക്രിയയിൽമാത്രം ഒതുങ്ങിനിന്നു. മാറിമാറി വന്ന സർക്കാരുകളെല്ലാം അധികാരകേന്ദ്രീകരണത്തിനാണ് മുൻതൂക്കംനൽകിയത്.

അധികാരത്തിന്റെ ദന്തഗോപുരങ്ങളിലിരുന്ന് പദ്ധതികൾ തയ്യാറാക്കിയവർക്ക് ഇങ്ങ് താഴെത്തട്ടിലെ ഗ്രാമജീവിതങ്ങളുടെ ഉൾത്തുടിപ്പുകൾ അറിയാൻകഴിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ മുകളിൽനിന്നും ഒഴുകിവന്ന ആസൂത്രണങ്ങളിലൂടെ കുത്തിയൊലിച്ചുപോയത് സാധാരണക്കാരന്റെ ജനകീയാവശ്യങ്ങളും സ്വപ്നങ്ങളുമായിരുന്നു. തങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും തീരുമാനിക്കാനും അവ നടപ്പാക്കുന്നതിൽ പങ്കുവഹിക്കാനും സാധാരണക്കാരന് കഴിയണം. ആസൂത്രണം താഴേത്തട്ടിൽനിന്നും മുകളിലേക്ക് പടർന്നുകയറണം. പല മഹത് സംരംഭങ്ങൾക്കും മാതൃകകാണിച്ച നമ്മുടെ കൊച്ചുകേരളം ലോകത്തിനൊട്ടാകെ മാതൃകയായി ജനകീയാസൂത്രണപ്രസ്ഥാനം നടപ്പാക്കുന്നു. കാലാകാലങ്ങളായി തുടർന്നുപോന്നിരുന്ന 'ആസൂത്രണം മുകളിൽനിന്ന് താഴേക്ക്' എന്ന നിലമാറി താഴെനിന്നും മുകളിലേക്ക് ആസൂത്രണപ്രക്രിയയുടെ ദിശമാറുന്ന ആസൂത്രണതന്ത്രമാണ് ജനകീയാസൂത്രണപ്രസ്ഥാനം. കേരളത്തിന്റെ വികസനചരിത്രത്തിൽ ഒരു നാഴികക്കല്ലായി 9-ാംപഞ്ചവത്സരപദ്ധതി ജനകീയപദ്ധതിയായി കേരളസർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു. പദ്ധതിവിഹിതത്തിന്റെ 40% പഞ്ചായത്തുകൾക്ക് നേരിട്ടുനൽകുന്നതിനാൽ ജനതാല്പര്യം സംരക്ഷിക്കാനും പഞ്ചായത്തുകൾക്ക് സ്വയംപര്യാപ്തകൈവരിക്കുന്നതിനാവശ്യമായ പദ്ധതികൾ നേരിട്ട്നടത്തുന്നതിനും കഴിയുന്നു. എല്ലാരംഗത്തും ജനപങ്കാളിത്തം ഉറപ്പാകുന്നതിനാൽ അഴിമതിയുടെ വാതായനങ്ങൾ അടയുന്നു. അങ്ങനെ കേരളമൊട്ടാകെ ഒരു നവീനവികസനപ്രക്രിയ രൂപംകൊള്ളുന്നു.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ആരംഭംകുറിച്ചത് 1996 സെപ്തംബർ 12-ാം തീയതി പഞ്ചായത്ത് സാംസ്കാരികനിലയത്തിൽ വച്ചുസംഘടിപ്പിച്ച ഏകദിനശില്പശാലയോടുകൂടിയായിരുന്നു. സംസ്ഥാന ജില്ലാതല റിസോഴ്സ്പേഴ്സൺമാർ, പഞ്ചായത്തുതല പരിശീലകർ, ജില്ലാ,ബ്ലോക്കു,ഗ്രാമപഞ്ചായത്തംഗങ്ങൾ വിവിധ ഡിപ്പാർട്ടുമെന്റൽ

ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത ശില്പശാലയിൽ ആകെ 98 പേർ ഉണ്ടായിരുന്നു.

ഏകദിന ശില്പശാലയിലൂടെ പരിശീലനം സിദ്ധിച്ച പഞ്ചായത്തുതല പരിശീലകരുടെ നേതൃത്തത്തിൽ സെപ്തംബർ 21 മുതൽ ഒക്ടോബർ 2 വരെ തീയതി കളിലായി പഞ്ചായത്തിന്റെ 12 മണ്ഡലങ്ങളിലും വിശേഷാൽ ഗ്രാമസഭകൾ കൂടുകയുണ്ടായി. ഗ്രാമസഭ കളുടെ പ്രചരണാർത്ഥം മൈക്കനൗൺസ്മെന്റ്, വീടു വീടാന്തരം കയറിയിറങ്ങിയുള്ള പ്രചരണം, നോട്ടീസ് വിതരണം എന്നിവ നടത്തിയിരുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ആവേശം അലയടി ഗ്രാമസഭ കൾ പ്രതീക്ഷിച്ചതിലുമേ സജീവമായിരുന്നു. കാലാവസ്ഥ പ്രതിക മായിരുന്നതിനാൽ ചുരുക്കം ചില മണ്ഡ ങ്ങളിലെങ്കിലും ജനപങ്കാളിത്തം കുറവാ യിരു എന്നത് വിസ്മരിക്കുന്നില്ല. പഞ്ചായത്തിൽ നട ഗ്രാമസഭകളുടെ ഒരു സംക്ഷിപ്തരൂപം താ പട്ടികയായി കാണിച്ചിരിക്കുന്നു. ഗ്രാമസഭകളി സ്ത്രീ പ്രാതിനിധ്യം പുരുഷന്മാരെ അപേക്ഷി കുറവായിരു ന്നുവെങ്കിലും മോശമായിരുന്നില്ല.


മണ്ഡലത്തിന്റെ പേരും നമ്പരും	വിശേഷാൽ ഗ്രാമസഭ നടത്തിയ തീയതി	വിശേഷാൽ ഗ്രാമസഭ നടന്ന സ്ഥലം	പങ്കെടുത്തവർ		
			പുരുഷന്മാർ	സ്ത്രീകൾ	ആകെ
1. കുമ്മല്ലൂർ	28.09.96	ഗവ. എൽ.പി.എസ്. കൈതക്കുഴി	132	26	158
2. കൈതക്കുഴി കിഴക്ക്	29.09.96	വൈ.എം.സി.എ. ഹാൾ, കുമ്മല്ലൂർ	76	15	91
3. കൈതക്കുഴി	02.10.96	സെന്റ് ജോർജ്ജ് നഴ്സറി, കൈതക്കുഴി	130	35	165
4. ആദിച്ചനല്ലൂർ	28.09.96	ദേവി നഴ്സറി, ആദിച്ചനല്ലൂർ	66	22	88
5. പ്ലാക്കാട്	24.09.96	പഞ്ചായത്ത് സാംസ്കാരകനിലയം, പ്ലാക്കാട്	107	29	136
6. മൈലക്കാട്	21.09.96	പഞ്ചാ. യു.പി.എസ്, മൈലക്കാട്	120	13	133
7. വടക്കേമൈലക്കാട്	22.09.96	കൈരളിവായനശാല വടക്കേമൈലക്കാട്	100	17	117
8. തഴുത്തല വടക്ക്-എ	29.096.96	കുറ്റിക്കാട്ടുവിള അംഗൻവാടി, തഴുത്തല	99	46	145
9. തഴുത്തല വടക്ക് -ബി	02.10.96	മുസ്ലീം യു.പി.എസ്. തഴുത്തല	151	117	268
10. തഴുത്തല വടക്ക്-സി	22.09.96	ശ്രീചെമ്പോട്ടുഭഗവതി ക്ഷേത്രം ആഡിറ്റോറിയം, കൊട്ടിയം	76	33	109
11. തഴുത്തല തെക്ക്-എ	21.09.96	ഹോളിസ്റ്റിക് ഹെൽത്ത്& റിസർച്ച് സെന്റർ, കൊട്ടിയം	121	23	144
12. തഴുത്തല തെക്ക്-ബി	29.09.96	ഒറ്റപ്ലാമൂട് കമ്മ്യൂണിറ്റി ഹാൾ, കൊട്ടിയം	113	67	180
ആകെ			1291	443	1734

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രചരണാ ർത്ഥം പഞ്ചായത്തിന്റെ 1-ാം മണ്ഡലമായ കുമ്മല്ലൂർ മുതൽ 12-ാംമണ്ഡലമായ കൊട്ടിയംവരെയുള്ള വിവിധ കേന്ദ്രങ്ങളിൽ ജനാധികാര കലാജാഥ 9.10.96 -ൽ നടത്തുകയുണ്ടായി. മൊത്തം 7 കേന്ദ്രങ്ങളിൽ നടന്ന കലാജാഥയ്ക്ക് പൊതുജനങ്ങളിൽനിന്നും അത്യുജ്ജ്വല സ്വീകരണമാണ് ലഭിച്ചത്.

സെന്റർ ഫോർ എർത്ത്സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെയും സന്നദ്ധസേവകരായ യുവത യുവാക്കളുടെയും സാക്ഷരതാപ്രവർത്തകരുടെയു സഹകരണത്തോടെ 1994 നവംബർ 4 മുതൽ രണ്ടാഴ്ച ക്കാലംനീണ്ടനിന്ന ഒരു സർവ്വേയിലൂടെ പഞ്ചായത്തിന്റെ വിഭവഭൂപടം തയ്യാറാപ്പെടുക യുണ്ടായി. ഈ വിഭവ ഭൂപടം പദ്ധതിരൂപീകരണത്തിൽ പഞ്ചായത്തിന് ഒട്ടേറെ സഹായകരമായിത്തീർന്നു.

ആസൂത്രണത്തിന്റെ കാതലായ ദ്വിതീയവിവര


ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത്



ശേഖരണത്തിനുവേണ്ടി 30 പേരടങ്ങുന്ന ഒരു കോർ ഗ്രൂപ്പ് രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ വിവിധ ഓഫീസുകളിൽനിന്നും വിവര ങ്ങൾ ശേഖരിക്കുകയും ചെയ്തു. ഈ വിവരങ്ങളുടെയും ഗ്രാമസഭകളിലെ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ ഉദ്യോഗസ്ഥരുടെ സഹായത്തോടെ വിവിധ ഗ്രൂപ്പു കളായി പഞ്ചായത്തിന്റെ വികസനരേഖ രൂപപ്പെടുത്തി. അധികാരം ജനങ്ങളിലേക്ക് കേന്ദ്രീകരിക്കപ്പെടു ന്നതിന്റെ ആവേശത്തിമിർപ്പിൽ പ്രതീക്ഷയറ്റുകിടന്ന ദുർബ്ബലരുടെയും സാധാരണക്കാരന്റെയും ആവശ്യ ങ്ങൾ കണ്ടറിഞ്ഞ ഗ്രാമത്തിന്റെ ഉൾത്തുടിപ്പുകൾ കൂട്ടിയി ണക്കി ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ രൂപപ്പെടുത്തിയ **ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് സമഗ്ര വികസനരേഖ** യാഥാർത്ഥ്യമാക്കിമാറ്റാൻ അവശരുടെ കണ്ണീരൊപ്പി നമ്മുടെ പഞ്ചായത്തിനെ സ്വയംപര്യാപ്തമാക്കാനുള്ള മഹായജ്ഞത്തിൽ പങ്കുചേരാനുള്ള നിശ്ചയത്തോടെ ഈ വികസനരേഖ ഇവിടുത്തെ ജനങ്ങൾക്കായി സമർപ്പിക്കുന്നു.




II പഞ്ചായത്തിന്റെ പൊതുവിവരണം



"ഉയരുവിൻവേഗം കയറുവിൻമല
നിയതിതൻതീർപ്പ് മരിച്ചെഴുതുവിൻ"
- ഉള്ളൂർ-

പഞ്ചായത്തിന്റെ പേര്		:	ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് സ്ഥാപിതമായ വർഷം		:	1953
ഉൾപ്പെടുന്ന വില്ലേജുകൾ		:	ആദിച്ചനല്ലൂർ, തഴുത്തല
ബ്ലോക്കുപഞ്ചായത്ത് ഡിവിഷൻ		:	ഇത്തിക്കര - എ. , ഇത്തിക്കര - ബി.
ബ്ലോക്കുപഞ്ചായത്ത്		:	ഇത്തിക്കര
താലൂക്ക്		:	കൊല്ലം
ജില്ല		:	കൊല്ലം
അസംബ്ലി മണ്ഡലം		:	ചാത്തന്നൂർ
വിസ്തീർണ്ണം		:	19.85 ച.ശ്ര.കി.മീ.
അതിരുകൾ	വടക്ക്	:	തൃക്കോവിൽവട്ടം, നെടുമ്പന ഗ്രാമപഞ്ചായത്തുകൾ
	തെക്ക്	:	ഇത്തിക്കരയാറ്
	കിഴക്ക്	:	പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്
	പടിഞ്ഞാറ്	:	മയ്യനാട് ഗ്രാമപഞ്ചായത്ത്
ജനസംഖ്യ		:	29384 (1991 സെൻസസ് പ്രകാരം)
പുരുഷന്മാർ		:	13934
സ്ത്രീകൾ		:	15450
ജനസാന്ദ്രത		:	1480
സാക്ഷരർ		:	23640 (80.5%)
മണ്ഡലങ്ങൾ		:	12
പ്രസിഡന്റ്		:	അഡ്വ. ജി. രവീന്ദ്രൻ
വൈസ് പ്രസിഡന്റ്		:	എ.കെ. മുഹമ്മദ് ഇക്ബാൽ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ		:	ലീലാ ശ്രീനിവാസൻ
സെക്രട്ടറി		:	കെ. ശശി

III സാമൂഹിക സാംസ്കാരികചരിത്രം



"ഭാരതമെന്ന പേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്ക് ഞരമ്പുകളിൽ."

– വള്ളത്തോൾ

അത്യുൽകൃഷ്ടമായ ഒരു സാംസ്കാരികചരിത്ര പാരമ്പര്യത്തിന്റെ പ്രകാശം ചൊരിയുന്ന ചാരുതയാർന്ന് ഒരു ഗ്രാമം. നാടുവാഴി പ്രഭുക്കളുടെയും മാടമ്പിമാരുടെയും അധീശാധികാരത്തിൽ നിന്നും മോചനം നേടിയ ചരിത്രം നിറഞ്ഞു നിൽക്കുന്ന ഐതിഹ്യങ്ങൾ ഇന്നാട്ടിലെ സാംസ്കാരിക പൈതൃകത്തെ ഉദ്ദീപ്തമാക്കുന്നു. കായികശേഷി കൊണ്ട് വീരപരാക്രമങ്ങൾ കാട്ടി, ജനതതിയിൽ ഭയവും അത്ഭുതവും ജനിപ്പിച്ച 'ആദിച്ച' ന്റെ 'നല്ല ഊര്' ആണ് ആദിച്ചനല്ലൂർ എന്ന് പഴമക്കാർ പറയുന്നു. കർമ്മസാക്ഷിയായ ' ആദിത്യ' ന്റെ തങ്കകിരണങ്ങളേറ്റ് നിത്യഹരിതകഞ്ചുകമണിഞ്ഞ ഈ കൊച്ചു ഗ്രാമം ശ്രേയസ്സും ഐശ്വര്യവും നിറഞ്ഞ 'നല്ല ഊര് ' ആണ്. അതി പ്രാചീന കാവ്യമായ ഉണ്ണുനീലി സന്ദേശത്തിൽ ഈ ഗ്രാമത്തിനു പൊന്നരഞ്ഞാൺ ചാർത്തി ഒഴുകുന്ന ഇത്തിക്കരയാറിനേയും നദീതീരത്ത് സ്ഥിതിചെയ്യുന്ന 'പെരുമാൾ' കുടികൊള്ളുന്ന അതിപുരാതന ക്ഷേത്രത്തേയും പറ്റിയുള്ള പരാമർശങ്ങൾ ഇന്നാടിന്റെ പ്രസിദ്ധിയെ വിളംബരം ചെയ്യുന്നു.

കുളത്തൂപ്പുഴയിലെ മാഞ്ഞാർ മലയിടുക്കുകളിൽ നിന്നും ഉത്ഭവിച്ച് തീരങ്ങളെ തഴുകി ഒഴുകുന്ന ഇത്തിക്കരയാറ് ഈ നാടിന്റെ ഐശ്വര്യസ്രോതസ്സാണ്. വടക്കു ഭാഗത്ത് തലയുയർത്തി നാടിന്റെ ഐശ്വ നോക്കി നിൽക്കുന്ന വലിയ മലയും, പടിഞ്ഞ പാരാവാരം പോലെ പരന്നു കിടക്കുന്ന വട്ടക്കായ സുഖശീതളവും സസ്യശ്യാമളവുമായ അനുഭ മാധുര്യം പകർന്നു തരുന്നു. ഈ ഗ്രാമത്തി കരകങ്കണം ചാർത്തിക്കൊണ്ട് സ്വച്ഛമ്ദം ഒഴുക കല്ലടയാറിന്റെ കൈവഴിയ്ക്കും ഈ നാടിന്റെ പ്രക ചരിത്രത്തിൽ സ്ഥാനം ഉണ്ട്.

ഐക്യദാർഢ്യമുള്ള ജനത കൃഷി തൊഴിലാ സ്വീകരിച്ച അടിസ്ഥാനവർഗ്ഗം. സ്വാതന്ത്ര്യാഭിവാഞ്ഛ ആത്മാവിലുൾക്കൊണ്ട ജനസംസ്കൃതി. അ സ്യൂതമായ കാലപ്രവാഹത്തിലൂടെ ആർജ്ജി ചരിത്രാവബോധം ഈ ഗ്രാമീണജനതയു സാംസ്കാരികാവബോധത്തെ സമ്പന്നമാക്കു ഹിന്ദുക്കളും ക്രൈസ്തവരും മുസ്ലീങ്ങളും ഇടകല ജീവിക്കുന്ന ഈ ഗ്രാമത്തിൽ വർഗ്ഗീയസംഘട്ടനങ്ങ ഉണ്ടായിട്ടേയില്ല. ഹൈന്ദവദേവാലയങ്ങളി ഉത്സാവദിയാഘോഷങ്ങൾ സർവ്വമതസ്ഥരുടേ സഹകരണത്തോടും കൂട്ടായ പങ്കാളിത്തത്തോ നടത്തിവരുന്നത് ഉന്നതമായ സാംസ്കാര മൈത്രിയ്ക്കും സാംസ്കാരിക തികവിനും ഉ നിദർശനമാണ്.

ജനാധിപത്യഭരണസംവിധാനം നിലവിൽ വന്നപ്പോൾ, തിരുവതാംക്കൂറിലെ ആദ്യത്തെ നിയമ നിർമ്മാണസഭയിലെ അംഗമായിരുന്ന ശ്രീ. പി.കുഞ്ഞുകൃഷ്ണൻ ഈ നാടിന്റെ അഭിമാനമാണ്. 1951 വരെ അദ്ദേഹം പ്രജാസഭാംഗം ആയിരുന്നു. ശ്രീമൂലം തിരുന്നാളിന്റെ കാലത്ത് തിരുവതാംകൂറിൽ അനുവദിച്ച 16 മലയാളം സ്കൂളുകളിൽ ഒന്ന് ആദിച്ചനല്ലൂരിലായിരുന്നു- ഇന്നത്തെ ഗവ. യൂപി. എസ്. ആ വിദ്യാലയത്തിലെ പ്രഥമാധ്യാപകരായിരുന്ന ചെമ്പകത്തോപ്പിൽ ശ്രീ കേശവപിള്ള, കോയിക്കലഴികത്ത് ശ്രീ പരമേശ്വരൻ പിള്ള, തട്ടാരഴികത്ത് ശ്രീ കുഞ്ഞാണ്ടി എന്നിവർ സാംസ്കാരിക രംഗം വിപുലമാക്കി. ആധുനിക മലയാളകാവ്യരംഗത്ത് കനപ്പെട്ട സംഭാവനകൾ നല്കി കാവ്യ കൈരളിയെ അനുഗ്രഹിച്ച സരസഗായക കവിമണി മഹാകവി കെ.സി. കേശവപിള്ളയുടെ മഹാനായ മകനും കവിയും കഥാകാരനും ഗവേഷകനും സാഹിത്യ ചരിത്രകാരനും ആയ ഡാ: കെ. എൻ. ഗോപാലപിള്ള ഈ നാട്ടിലെ സാംസ്കാരിക നവോത്ഥാനത്തിനു വീഥിയൊരുക്കിയ സാരഥിയായിരുന്നു. സാഹിത്യ - സാംസ്കാരിക രംഗത്ത് 'വസന്തം'എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ച ശ്രീ. കൊട്ടിയം ബാല കൃഷ്ണൻ ഈ നാട്ടുകാരനായിരുന്നു. ഇവരാരും ഇന്ന് നമ്മോടോപ്പമില്ലെങ്കിലും അവരുടെ വീരോജ്ജ്വല ജീവിതകഥ ഈ ഗ്രാമ സംസ്കൃതിയുടെ പരിവേഷമാണ്.

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ പറയുന്ന 'ഇത്തിക്കര പക്കി' ഈ പ്രദേശത്തെ ഒരു കായിക മല്ലനായിരുന്നു. സാധുക്കളുടെ സഹായിയും സംരക്ഷകനുമായിരുന്നു ഇന്നാട്ടുകാർക്ക് ഇത്തിക്കര പക്കി.

കിഴക്കു കട്ടച്ചൽ മുതൽ പടിഞ്ഞാറു പത്തായ ക്കോടിവരെ നീണ്ടുകിടക്കുന്ന ഇത്തിക്കരയാറിന്റെ സാമീപ്യവും പനയത്തിന്റെ മദ്ധ്യഭാഗത്ത് ഇത്തിക്കര പ്രദേശത്തു വന്നു ചേരുന്ന പോഷകനദിയായ പള്ളിക്കൽആറിന്റെ ജലസമ്പന്നതയും, നദികളുടെ കരപ്രദേശങ്ങളിലെ ഫലഭൂയിഷ്ഠതയും നെൽ കൃഷിയുടേയും തെങ്ങു കൃഷിയുടെയും സമ്പൽ സമൃദ്ധമായ വളർച്ചയ്ക്കു പ്രകൃതി കനിഞ്ഞു നൽകിയ വരദാനങ്ങളാണ്.

കര, ജലഗതാഗത സൗകര്യങ്ങളുടെ മേന്മ കൊണ്ടു വ്യാവസായികരംഗത്തും ഈ പഞ്ചായത്തു പ്രദേശം വളരെ മുന്നേറി. നൂറിലേറെ വർഷങ്ങൾക്കു മുൻപ് ഇത്തിക്കര ടൈൽസ്, അറുപതിലേറെ വർഷങ്ങൾക്ക് മുമ്പ് ശ്രീ തോമസ് സ്റ്റീഫനും സംഘവും കൂട്ടായി തുടങ്ങിയ ട്രാവൻകൂർ ടൈൽസും ഇതിന് മകുടോദാഹരണങ്ങളാണ്. ഈ കാലയളവിൽ തിരുവതാംകൂർ റാണിത്തമ്പുരാട്ടിയും മങ്കൊമ്പിൽ പട്ടരും സർക്കാരും കുത്തക പാട്ടവ്യവസ്ഥയിൽ തുടങ്ങിയ ' ട്രാവൻകൂർ പോട്ടറീസ് സെറാമിക്സ്' വ്യാവസായിക രംഗത്തെ വലിയ ചുവടുവെയ്പായിരുന്നു. ആദിച്ചനല്ലൂർ പഞ്ചായത്തിൽ പള്ളിവാസലിൽ നിന്നും നേരിട്ട് വിദ്യുച്ഛക്തി ലഭിച്ച ജില്ലയിലെ ആദ്യ വ്യവസായസ്ഥാപനമായ ഇതിന്റെ മാനേജർ ഡോ: പൽപ്പുവിന്റെ മകൻ ഹരിഹരൻ ആയിരുന്നു.

ആദിച്ചനല്ലൂർ പഞ്ചായത്തിന്റെ ഇന്നത്തെ രൂപം വരുന്നതിനു മുമ്പ് ആരംഭിച്ച ഗ്രാമോദ്ധാരണ സംഘം 1946-ൽ, ഇന്നത്തെ നാലാം മണ്ഡലത്തിലെ ആദിച്ചനല്ലൂർ ഗവൺമെന്റ് യു.പി.എസ്സിൽ വച്ച് തിരുവിതാംകൂർ പഞ്ചായത്ത് ഡയറക്ടറുടെ (പിച്ചുമണി അയ്യർ) അദ്ധ്യക്ഷതയിൽ കൂടുകയും അവിടെക്കൂടിയ ആളുകളിൽ നിന്നും ശ്രീമാൻമാർ മേലാക്കൽ മാധവൻപിള്ള, കൊടിക്കകത്ത് ഗോപിനാഥൻപിള്ള, മങ്ങാട്ട് അർജ്ജുനൻ, കുന്നുമ്മേൽ മീരാൻകുഞ്ഞ് കോയിക്കലഴികത്ത് പരമേശ്വരൻപിള്ള, കാഥികൻ ഒ.യോഹന്നാൻ, പി.കെ ശ്രീകുമാരി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും മേലാക്കൽ എം. മാധവൻപിള്ളയെ പ്രസിഡന്റായി തെരെഞ്ഞെൻടുക്കുകയും ചെയ്തു . ഓഫീസും മറ്റ് കാര്യങ്ങളും പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി ശ്രീ എം. കെ. വിജയനെ സെക്രട്ടറിയായും ശ്രീ. ഒ. ഉണ്ണിയെ പ്യൂൺ ആയും നിയമിച്ചു. അന്നത്തെ സർക്കാർ 25000 രൂപ അനുവദിച്ചുവെങ്കിലും സമിതിയുടെ ആസ്ഥാനത്തിന്റെ സ്ഥലനിർണ്ണയത്തിൽ വന്ന തർക്കം മൂലം അനുവദിച്ച തുക ലാപ്സാകാനും സമിതിയുടെ പ്രവർത്തനം നിലയ്ക്കാനും ഇടയായി.

കർഷകകുടിയാൻ വ്യവസ്ഥയ്ക്കും, കർഷക തൊഴിലാളികളുടെ പാർപ്പിടപ്രശ്നങ്ങൾക്കും വേണ്ടി 1948-ൽ ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിൽ (ഇന്നത്തെ

4-ാം മണ്ഡലം) പേരുമാൾകുന്നു ക്ഷേത്രത്തിന്റെ പടിഞ്ഞാറ് വശം പണ്ട് കല്ലുവെട്ടാങ്കുഴി എന്നു വിളിച്ചിരുന്ന ഭാഗത്ത് താമസിച്ചിരുന്ന കർഷകത്തൊഴിലാളികളെ കൂടിയിറക്കി വിടാൻ ജന്മി ശ്രമം നടത്തിയപ്പോൾ അ ന് കർഷകത്തൊഴിലാളി പ്രസ്ഥാനം രൂപം കൊണ്ടിട്ടില്ലെങ്കിലും ശ്രീ. എം.കെ. കാർത്തികേയന്റെ നേതൃത്വത്തിൽ നടന്ന അത്യുജ്ജ്വലവും ഐതിഹാസികവുമായ സമരം പിൽക്കാലത്ത് പഞ്ചായത്തിലാകെ കർഷകത്തൊഴിലാളി പ്രസ്ഥാനം വളർത്തിയെടുക്കുന്നതിനും ജന്മികുടിയാൻ ബന്ധത്തിന് പുതിയ വ്യാഖ്യാനമുണ്ടാക്കാനും 1957-ലെ സർക്കാർ കാർഷിക പരിഷ്കരണനിയമം അസംബ്ലിയിൽ അവതരിപ്പിച്ച് നിയമമാക്കിയെടുക്കുന്നതിനും നിമിത്തമായി.

തിരുവിതാംകൂറിലെ ആറ്റിങ്ങലിനും, കൊല്ലത്തിനും മദ്ധേയുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യാപാരകേന്ദ്രമായിരുന്നു കൊട്ടിയം. വഴി യാത്രക്കാരുടെ വിശ്രമത്തിനു വേണ്ടി മഹാരാജാവിന്റെ പ്രത്യേക നിർദ്ദേശത്തിൽ കൊട്ടിയത്ത് ഒരു വഴിയമ്പലം നിർമ്മിക്കുകയും പിൽക്കാലത്ത് അതിനെ കൊട്ടിയം അമ്പലം എന്നു നാമകരണം ചെയ്തിട്ടുള്ളതുമാണ്. ചരിത്രപ്രധാനമായ ഈ പ്രദേശം മുഴുവൻ ആദിച്ചനല്ലൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

1953ൽ പ്രായപൂർത്തി വോട്ടവകാശ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകമ്മിറ്റി അധികാരത്തിലെത്തി. ശ്രീ. അഡ്വ: കൊട്ടിയം സദാശിവൻ ആയിരുന്നു ആദ്യപ്രസിഡന്റ്. തുടർച്ചയായി 23 വർഷക്കാലം അദ്ദേഹം പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു. പഞ്ചായത്തിന്റെ ഇന്നത്തെ പുരോഗതിയുടെ അടിസ്ഥാനശിലകൾ പാകിയത് അദ്ദേഹത്തിന്റെ കാലഘട്ടത്തിലായിരുന്നു. 1976 ജൂലൈ 12ന് അദ്ദേഹം കാഥാവിശേഷനായി. പഞ്ചായത്തിലെ ജനങ്ങളുടെ മനസ്സിൽ കുടിയേറിയിരുന്ന ആ വലിയ മനുഷ്യന്റെ ഭൗതിക ശരീരം സംസ്കരിക്കാൻ ഇന്നാട്ടിലെ ജനങ്ങൾ തിരഞ്ഞെടുത്തത് പഞ്ചായത്താഫീസ് അങ്കണം തന്നെയായിരുന്നു. തുടക്കം മുതൽ ഒടുക്കം വരെ ഈ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് വേണ്ടി അനവരതം യത്നിച്ച സാമൂഹ്യസ്നേഹിയായിരുന്നു. ശ്രീ അഡ്വ: കൊട്ടിയം സദാശിവൻ.

കൊട്ടിയം ശ്രീ. പി. സദാശിവന്റെ നിര്യാണത്തെത്തുടർന്ന് ശ്രീ. പി. രാമകൃഷ്ണൻ ബി.എ പഞ്ചായത്തു പ്രസിഡന്റായി. അദ്ദേഹം പ്രസിഡന്റായി രണ്ടു വർഷതത്തോളം ഭരണം നടത്തി. അടുത്തു നട പഞ്ചായത്തു തിരഞ്ഞെടുപ്പിലൂടെ റ്റീ. ജോർജ് ഫെർണ്ണാണ്ടസിനെ പ്രസിഡന്റായി തിരഞ്ഞെടുത്ത അഞ്ചു വർഷക്കാലം അദ്ദേഹം ഈ പഞ്ചായത്തിന സാരഥിയായി ചുമതലകൾ നിർവ്വഹിച്ചു. ഇ കാലഘട്ടത്തിൽ പഞ്ചായത്തിന ജനസംഖ്യാടിസ്ഥാനത്തിൽ 11 വാർഡുകളാ വിഭജിക്കുകയുണ്ടായി. 1988ൽ നടന്ന തെരഞ്ഞെടു ലൂടെ ശ്രീ. എം. സുന്ദരേശൻപിള്ളയു നേതൃത്വത്തിലുള്ള 11 അംഗ പഞ്ചായത്തു കമ്മി നിലവിൽ വന്നു. നീണ്ട 7 വർഷക്കാലം അദ്ദേഹ പ്രസിഡന്റായി സാരഥ്യം വഹിച്ചു.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് 199 ഒക്ടോബർ 2ന് അഡ്വ: ജി. രവിന്ദ്രന്റെ നേതൃത്വത്തി അധികാരമേറ്റു.


അംഗങ്ങൾ

1. ശ്രീ. തോമസ്സ്.പി. ഉമ്മൻ
2. ശ്രീ. രാജൻനൈനാൻ
3. ശ്രീ. വി.കെ. സാമുവൽ
4. ശ്രീ. പി. ശങ്കരൻകുട്ടി
5. ശ്രീമതി സരോജിനി ദാസ്
6. ശ്രീ. ബി. ഐ. ശ്രീനാഗേഷ്
7. ശ്രീമതി അൽഫോൺസാ ഫ്രാൻസിസ്
8. ശ്രീ. പി. പ്രസാദ്
9. ശ്രീ. അഡ്വ: ജി. രവീന്ദ്രൻ
10. ശ്രീമതി സതീദേവി സത്യനേശൻ
11. ശ്രീ. എ.കെ. മുഹമ്മദ് ഇക്ബാൽ
12. ശ്രീമതി ലീലാ ശ്രീനിവാസൻ.

ഇപ്പോൾ നിലവിലുള്ള 12 അംഗക്കമ്മിറ്റിയുടെ കൂട്ടായ്മയിലൂടെ അഡ്വ: ശ്രീ ജി. രവീന്ദ്രന്റെ നേതൃത്വത്തിൽ കീഴിൽ കക്ഷി രാഷ്ട്രീയ പരിഗണനകൾക്കതീതമായി ജനോപകാരപ്രദമായ തീരുമാനങ്ങളിലൂടെ എല്ലാ അംഗങ്ങളും പ്രവർത്തിക്കുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ കാലഘട്ടത്തിൽ തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലയുടെ വലിപ്പം ഓരോ അംഗത്തിനും ബോദ്ധ്യമുണ്ട്, അത് മനസ്സിലാക്കിതന്നെ എല്ലാ അംഗങ്ങളും പ്രവർത്തിക്കുന്നു എന്നുള്ള കാര്യം അഭിമാനത്തോടെ തന്നെ പറയാൻ കഴിയും.

****

V- ഭൂപ്രകൃതി, ജലവിഭവം, ജനപ്രകൃതി



"മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസാൽ ഗ്രാമഭംഗി"

-ചങ്ങമ്പുഴ-

ശാസ്ത്രവും നവസാങ്കേതികവിദ്യയും പുതിയ രങ്ങൾ തേടുമ്പോഴും ലോകജനസംഖ്യയുടെ ിയഭാഗവും ദാരിദ്ര്യത്തിലും അജ്ഞതയിലും ഴിലില്ലായ്മയിലും ആണ്ടു കിടക്കുന്നു. ിഭവങ്ങളുടെ ഉപയോഗത്തിലുള്ള ധൂർത്തും ുകാര്യസ്ഥതയും ആണ് പരിതാപകരമായ ഈ വസ്ഥയ്ക്കുള്ള പ്രധാനകാരണം. ജലം, മണ്ണ് നകം ജീവജാലങ്ങൾ കുടിയേറിപ്പാർക്കുന്ന വിധ വനങ്ങൾ, എന്നിങ്ങനെ ഭൂവിഭാഗങ്ങളെ ാതുവായി തരംതിരിക്കാം. ഈ മൂന്നു കങ്ങളുടെ സന്തുലിത സമന്വയമാണ് ഭൂമിയിൽ ൻ നിലനിർത്തുന്നത്. ഇതിനാൽ തന്നെ ഈ വങ്ങളെ വേണ്ടരീതിയിൽ സംരക്ഷിച്ചാൽ മാത്രമേ ിയിൽ മനുഷ്യന് ജീവിതം സുഖ മാകുകയുള്ളു.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഈ വിഭവ ളുടെ സംരക്ഷണം അത്യന്താപേക്ഷിതമാണെന്ന ്യം ഇവിടുത്തെ മണ്ണ്, ജലം എന്നിവയുടെ പഠന ൽ തെളിയിക്കുന്നു.

സവിശേഷതകൾ

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്കിൽ പ്പെടുന്ന ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ വിസ് ർണ്ണം 19.85 ച.കീ.മീറ്ററാണ്. ഇത്തിക്കരയാറിന്റെ ക്കു സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിന്റെ കിഴക്ക് പൂയപ്പള്ളിയും വടക്കുകിഴക്ക് നെടുമ്പന, വടക്കുപടിഞ്ഞാറ് തൃക്കോവിൽവട്ടം, പടിഞ്ഞാറ് മയ്യനാട്, തെക്ക് ചാത്തന്നൂർ എന്നീ പഞ്ചായത്തു കളാൽ ചുറ്റപ്പെട്ടിരിക്കുന്നു. 2.9 കി.മീ. ദൈർഘ്യ മുള്ള നാഷണൽ ഹൈവേയാണ് പഞ്ചായത്തിലെ സുപ്രധാന റോഡ്. ഇതുകൂടാതെ പഞ്ചായത്തിനുള്ളിലുള്ള പ്രധാന റോഡുകൾ താഴെ പറയുന്ന വയാണ്.

1. കൊട്ടിയം - ഒറ്റപ്ലാമൂട് 1.15 കി. മീറ്റർ
2. മൈലക്കാട് -കണ്ണനല്ലൂർ 1.90 കി. മീറ്റർ
3. ഇത്തിക്കര - ആയൂർ 6.5 കി. മീറ്റർ
4. കൊട്ടിയം - കുണ്ടറ 2 കീ.മീറ്റർ

വേറെയും നിരവധി പഞ്ചായത്ത് റോഡുകളും നിലവിലുണ്ട്.

ഭൗതികഘടന

ഭൂമിശാസ്ത്രപരമായി പഞ്ചായത്ത് അക്ഷാംശം വടക്ക് 8^0 51' ലും 8^0 53' ലും രേഖാംശം കിഴക്ക് 76^0 41' നും 76^0 44' നും ഇടയിലാണ് സ്ഥിതിചെയ്യുന്നത്. 19.85 ച.കി.മീ. വിസ്തീർണ്ണമുള്ള ആദിച്ചനല്ലൂരിനെ 12 മണ്ഡലങ്ങളായി തിരിച്ചിരിക്കുന്നു.

മണ്ഡലങ്ങളുടെ വിവരണം പട്ടിക 1-ൽ ചുവടെ ചേർത്തിരിക്കുന്നു. പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങളും മറ്റും സംബന്ധിച്ച വിവരങ്ങൾ മണ്ഡലംതലത്തിൽ പട്ടിക -2ൽ ചേർത്തിട്ടുണ്ട്

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

മണ്ഡലങ്ങൾ	I	II	III	IV	V	VI	VII	VIII	IX	X	XI	XII	ആകെ
ലോവർ പ്രൈമറി സ്കൂൾ	1	–	1	–	–	1	–	–	–	–	–	1	4
അപ്പർ പ്രൈമറി സ്കൂൾ	–	–	–	1	–	1	–	–	1	–	–	2	5
ഹൈസ്കൂൾ	–	1	1	–	–	–	–	–	–	–	–	2	4
പോളീടെക്കനിക്	–	–	–	–	–	–	–	–	–	–	–	1	1
ഐ.ടി.സി.	–	–	–	–	–	–	–	–	–	–	–	2	2
ക്ഷേത്രങ്ങൾ	4	–	–	2	2	5	1	–	2	5	1	1	23
മുസ്ലീം പള്ളികൾ	–	–	–	–	–	–	2	2	–	2	–	1	1
ക്രിസ്തീയ ദേവാലയങ്ങൾ	1	3	2	1	–	–	1	–	–	–	–	4	12
ടൈപ്പ്റൈറ്റിംഗ് ഇസ്റ്റിറ്റ്യൂട്ടുകൾ	1	–	–	1	–	1	–	–	1	–	1	–	5
പാരലൽ കോളജുകൾ	–	–	–	2	–	2	–	–	4	–	1	–	9
കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ	–	–	1	–	1	1	–	–	1	–	1	1	6
ബാങ്കുകൾ	–	–	–	2	–	–	–	–	1	–	2	–	5
പാൽ വിതരണ ശാലകൾ	2	–	–	–	–	–	1	–	1	–	1	–	5
റേഷൻ കടകൾ	1	–	1	3	1	3	1	1	2	1	1	1	16
മൽസ്യ ചന്തകൾ	1	–	–	1	1	1	1	1	–	–	1	–	7
സർപ്പക്കാവുകൾ	1	–	–	–	2	6	–	–	2	–	1	–	8
ഇഷ്ടികവ്യവസായം	3	1	–	2	10	13	3	1	–	1	1	1	36
കുളങ്ങൾ	1	2	3	1	1	2	–	–	1	2	1	–	14
നീരുറവകൾ	1	2	2	2	–	–	2	–	1	3	2	3	18
അലോപ്പതി ആശുപത്രി	–	–	1	1	–	1	–	–	–	–	–	1	4
ആയുർവേദ ആശുപത്രി	–	–	–	1	–	2	–	–	1	2	2	–	8
ഹോമിയോ ആശുപത്രി	–	–	1	2	–	–	–	–	–	–	–	–	3
പബ്ലിക് ഹെത്ത്സെന്റർ	–	–	–	–	–	1	–	–	–	–	–	–	1
കുടുംബക്ഷേമകേന്ദ്രം	1	–	–	–	1	–	–	–	1	–	–	–	3
അംഗൻവാടികൾ	1	–	2	1	2	4	1	3	1	2	2	1	20
ഓട് ഫാക്ടറികൾ	1	1	–	–	1	2	–	–	–	–	–	1	6
കശുവണ്ടി ഫാക്ടറികൾ	1	1	–	–	1	2	–	–	–	–	–	1	6
നഴ്സറി സ്കൂളുകൾ	1	2	2	1	1	3	1	1	–	2	2	1	17

പട്ടിക-1

പഞ്ചായത്തിലെ മണ്ഡലങ്ങൾ

മണ്ഡലങ്ങൾ	പേരുകൾ
I	കുമ്മല്ലൂർ
II	കൈതക്കുഴി കിഴക്ക്
III	കൈതക്കുഴി
IV	ആദിച്ചനല്ലൂർ
V	പ്ലാക്കാട്
VI	മൈലക്കാട്
VII	മൈലക്കാട് വടക്ക്
VIII	തഴുത്തല വടക്ക് A
IX	തഴുത്തല വടക്ക് B
X	തഴുത്തല വടക്ക് C
XI	തഴുത്തല തെക്ക് A
XII	തഴുത്തല തെക്ക് B

ഭൂപ്രകൃതി

കേരളത്തിലെ ഇടനാട് പ്രദേശങ്ങളിൽ ഉൾപ്പെ ുത്താവുന്ന ഒന്നാണ് ആദിച്ചനല്ലൂർ. സമോച്ചരേഖ contour lines) 20 മീറ്ററിനുള്ളിൽ ഉയരം രേഖപ്പെടു ത്തിയിട്ടുള്ള ഭൂപ്രദേശത്തെയാണ് ഇടനാടിൽ ഉൾപ്പെ ുത്തിയിരിക്കുന്നത്. ആദിച്ചനല്ലൂരിലെ ഉയർന്ന സമോച്ചരേഖ 60 മീറ്ററാണ്. ഇത് ടി.ബി. ജംഗ്ഷന് അടുത്ത് ഉഗ്രംകുന്നിലായിട്ടാണുള്ളത് പഞ്ചായത്തിന്റെ വടക്കുകിഴക്കേ അതിർത്തിയിലുള്ള ഈ ഭാഗത്തു മാത്രമേ അത്രയും ഉയർച്ചയുള്ളു. പടിഞ്ഞാറുദിശയി ലേയ്ക്ക് പഞ്ചായത്തിന് 20 മീറ്റർ ഉയരമേയുള്ളു. വടക്കുകിഴക്ക് പ്രദേശം സാമാന്യം ഉയർച്ചയുള്ള ഈ പഞ്ചായത്തിന്റെ ചരിവ് പടിഞ്ഞാറേ ദിശയിലേയ്ക്കാണ് എന്നത് നിമ്നോന്നതി ഭൂപടം നോക്കിയാൽ വ്യക്തമാകും. നിമ്നോന്നതി നീരൊഴുക്ക് ഭൂപടം അനു ബന്ധമായി ചേർത്തിട്ടുണ്ട്. ഇതുകൂടാതെ വിവിധ സമോച്ചരേഖയ്ക്കുള്ളിൽപ്പെടുന്ന പഞ്ചായത്തിന്റെ വിസ്തീർണ്ണം ചുവടെ പട്ടിക-3 ൽ ചേർക്കുന്നു.

പട്ടിക-3

വിവിധ സമോച്ചരേഖകളിൽപ്പെടുന്ന പഞ്ചായത്ത് ദേശത്തിന്റെ വിസ്തീർണ്ണം.

ക്രമ നമ്പർ	നിമ്നോന്നതി	വിസ്തീർണ്ണം (ഹെക്ടറിൽ)	%
1	> 60	3.2	0.16
2	40-60	46.4	2.33
3	20-40	726.4	36.59
4	< 20	11803	59.47
5	വെള്ളക്കെട്ട്	28.7	1.45

നീരൊഴുക്ക്

തെക്കേ അതിർത്തിയിലെ ഇത്തിക്കരയാറും അതിൽനിന്നുമുള്ള ഉപശാഖകളും പഞ്ചായത്തിൽ നല്ല നീരൊഴുക്കിന് വഴിയൊരുക്കുന്നുണ്ട്. വടക്കുദി ശയിൽനിന്ന് രണ്ട് ചെറിയശാഖകൾ വന്നുചേർന്ന് പള്ളിമൺതോടായി ഇത്തിക്കരയാറിൽ വന്നുചേരുന്നു. തഴുത്തല നിന്ന് ഉത്ഭവിക്കുന്ന തഴുത്തല തോട് ഇത്തി ക്കരയാറിന്റെ വടക്കുപടിഞ്ഞാറു ദിശയിലായി ചേരു ന്നു.

വേനൽക്കാലത്ത് വറ്റുന്ന വേറെ മൂന്ന് ചെറിയ തോടുകൾ ആറിന്റെ വടക്കുവശത്ത് പഞ്ചായത്തിന്റെ കിഴക്കേദിശയിലായിട്ട് ചേരുന്നുണ്ട്. ചേറുകായൽ തോട് പള്ളിമൺ തോടിൽനിന്ന് ആദിച്ചനല്ലൂർ ചിറയി ലേയ്ക്ക് കിഴക്കേദിശയിലൂടെ ഒഴുകുന്നു.

വിവധ നീരൊഴുക്കുകളുടെ ദൈർഘ്യം പട്ടിക-4 ൽ ചുവടെ ചേർത്തിരിക്കുന്നു.


പട്ടിക- 4

വിവിധ നീരൊഴുക്കുകളുടെ ദൈർഘ്യം

തോടുകൾ	ദൈർഘ്യം (കി.മീ.)
പള്ളിമൺ	5.05
തഴുത്തല	5.50
ചേറുകായൽ	1.45
വറ്റുന്നതോടുകൾ	4.60

ഈ പഞ്ചായത്തിൽ മൂന്ന് പ്രധാന ചിറകളുണ്ട്. പുഞ്ചിരിച്ചിറ, ആദിച്ചനല്ലൂർ ചിറ (കുണ്ടുമൺ കുളം

ആദിച്ചനല്ലൂർ പഞ്ചായത്ത്
നിമ്നോന്നതി, നീരൊഴുക്ക് ഭൂപടം



സൂചിക
- പഞ്ചായത്ത് അതിർത്തി
- കുളങ്ങൾ
- തോടുകൾ/നദികൾ
- സമോച്ചരേഖകൾ

വ്വേ നമ്പർ 3163) വെണ്മണിച്ചിറ.

ഇങ്ങനെ ഈ പഞ്ചായത്തിൽ മൊത്തമായി ഇത്തി യാറും നീരൊഴുക്കുകളും കുളങ്ങളും എല്ലാം ഉൾ ാള്ളുന്ന നീർമറി വികസനത്തിന് വളരെയേറെ ദ്ധ്യതകളുള്ള ഒരു പഞ്ചായത്താണ്.

ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന ഇത്തിക്കര നദീ ത്തിന്റെ വിസ്തീർണ്ണം 1979 ഹെക്ടറാണ്. ഇവിടെ ാം ക്രമ തോടുകളും 2, 2-ാം ക്രമതോടുകളുമുണ്ട്. ാംക്രമത്തിൽപ്പെടുന്ന തോടുകളുടെ ദൈർഘ്യം കി.മീറ്ററും, 2-ാം ക്രമത്തിലെ തോടുകളുടെ ർഘ്യം 3.5 കി.മീറ്ററും ആണ്.

ഇവിടത്തെ അപവാഹസാന്ദ്രത (drianage density)1.23 km/km^2 ആണ്. തരക്കേടില്ലാത്ത നീരൊഴുക്കുള്ള പഞ്ചായത്താണ് ആദിച്ചനല്ലൂർ. അപവാഹ ആവർത്തനം 0.61 കി.മീറ്ററാണ്. എന്നുവച്ചാൽ ഒരുമീറ്ററിനുള്ളിലുള്ള ശരാശരി തോടുകളുടെ എണ്ണം വളരെ കുറവാണ്. പുതിയതോടുകളുടെ ഉത്ഭവത്തിന് താരതമ്യേന സാദ്ധ്യത കുറവാണ്. ഇവിടെ 59.47% വിസ്തീർണ്ണവും 20 മീറ്റർ സമോച്ചരേഖയ്ക്ക് താഴെ ആയതിനാലാകണം പുതിയ തോടുകളുടെ ഉത്ഭവം താരതമ്യേന ഈ പഞ്ചായത്തിൽ കുറവായത്.

സ്തീർണ്ണം ഹക്ടറിൽ	ക്രമ നമ്പർ	തോടുകളുടെ എണ്ണം	തോടുകളുടെനീളം കി. മീ.	അപവാഹസാന്ദ്രത Km/Km2	അപവാഹആവർത്തനം No/Km2
	1	9	8.50		
	2	2	3.25		
79	3	—	–		0.61
	4	–	–	1.23	
	5	–	–		
	6	1	12.56		

ഭൂപ്രകൃതി

ഇത്തിക്കരയാറും തോടുകളും ചിറകളുമെല്ലാം ദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതിയെ രയമായി നിയന്ത്രിച്ചിരിക്കുന്നു. നാലു ാഗങ്ങളായിട്ട് ഇവിടെ ഭൂപ്രകൃതിയെ ാതിരിക്കാം. 40 മീറ്ററിൽ കൂടുതൽ സമോച്ചരേഖ ുന്ന പ്രദേശങ്ങളെ ഉയർന്ന സമതലങ്ങളായും 40 20 നുമിടയിലുള്ളവയെ ചരിഞ്ഞപ്രദേശങ്ങളായും നു താഴെ നെൽ കൃഷി ചെയ്യുന്ന ഭാഗങ്ങളെ ഴ്ന്നപ്രദേശങ്ങളായും തിരിക്കാം. ഇത്തിക്കര റിന്റെ തീരത്തായി താഴ്ന്ന പ്രദേശങ്ങളിൽനിന്നും മാന്യം ഉയർന്നതും എന്നാൽ 20 മീറ്റർ മോച്ചരേഖ ഇല്ലാത്തതുമായ ഇടങ്ങളെ നദീതടം od plain) എന്നു പറയാം. ഭൂരൂപ ങ്ങൾ ടുരീതിയിൽ ഉത്ഭവിക്കാം. ഒന്ന് അവസാദത്തിന്റെ ക്ഷേപംകൊണ്ടും മറ്റേത് അപസാദങ്ങളുടെ ിച്ചുപോകൽകൊണ്ടും. ആദ്യത്തേത് നിക്ഷേപ ൂപങ്ങളും രണ്ടാമത്തേത് ഘാതനഭൂരൂപങ്ങളുമാകുന്നു. ആദിച്ചനല്ലൂർ ഈ രണ്ട് വിഭാഗങ്ങളിൽ നിന്നും ഉണ്ടായ ഭൂവിഭാഗങ്ങളാണ്.


ഉയർന്ന സമതലം

40 മീറ്റർ സമോച്ചരേഖയിൽ കൂടുതൽ ഉയർന്ന് നീണ്ട് പരന്ന് വിസ്തീർണ്ണത്തോടെ കിടക്കുന്ന ഈ പ്രദേശം പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ദിശയിൽ മാത്രമേ കാണാൻ സാധിക്കുകയുള്ളു. ഉയർന്ന പ്രദേശങ്ങളിൽ നിന്നും ജലം താഴേയ്ക്ക് ഒഴുകുന്നതുമൂലം അവിടെയുള്ള അവസാദങ്ങളും ഈ ഒഴുക്കിന്റെ കൂടെ തഴേയ്ക്ക് പോകുന്നു. ഇങ്ങനെ ഈ ഉയർന്ന സമതല പ്രദേശം ഘാതനഭൂരൂപങ്ങളിൽ ഉൾപ്പെടുന്നു.


ചരിഞ്ഞപ്രദേശം

40 മീറ്ററിൽ നിന്ന് താഴ്ന്ന പ്രദേശംവരെയുള്ള ഭാഗമാണ് ഇതിൽ ഉൾപ്പെടുന്നത്. സമതലത്തിൽ നിന്നുള്ള ചരിവനുസരിച്ച് ചരിവുപ്രദേശങ്ങളെ S1,S2 എന്നിങ്ങനെ തരംതിരിക്കാം.

ആദിച്ചനല്ലൂർ പഞ്ചായത്ത്
ഭൂപ്രകൃതിഭൂപടം



ആദിച്ചനല്ലൂർ പഠന പര്യടന ചിത്രം



	ഭൂപ്രകൃതി	ഭൂവിനിയോഗം	മണ്ണ്
A	വെള്ളക്കെട്ട് WB	-	-
B	നദിതടം FP	CO തെങ്ങ്	നദിതട- എക്കൽ മണ്ണ്
C	താഴ്ന്ന പ്രദേശം V_1	നെല്ല്.	എക്കൽ മണ്ണ്
D	ചരിവ് പ്രദേശം S_2	മിശ്രിതകൃഷി	വെട്ടുകല്ല്
E	ഉയർന്ന സമതലം T_1	മിശ്രിതകൃഷി പാഴ്വരകൾ MC + MT	വെട്ടുകല്ല്

S_1:- 0^0–5^0 വരെ ചരിവുള്ള പ്രദേശമാണ് S_1. ആദിച്ച നല്ലൂരിൽ കാണുന്ന പ്രധാനചരിവുപ്രദേശം S_1തന്നെയാണ്. ഈ ഭാഗത്തും മണ്ണൊലിപ്പ് ദൃശ്യമാണ്. പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിന്റെ 56.09 % ഭാഗവും S_1 –ൽ പ്പെടുന്നു.

S_2:- 5^0–10^0 വരെ ചരിവുള്ള ഈ പ്രദേശം പഞ്ചായത്തിന്റെ വടക്കുകിഴക്കു മാത്രമേ ദൃശ്യമാകുന്നുള്ളു. ചരിഞ്ഞപ്രദേശങ്ങളിലെ 2.53% ഭൂവിഭാഗം മാത്രമേ S_2 വിൽ ഉൾപ്പെടുന്നുള്ളു. താരതമ്യേന S_1 –ൽ ഉള്ളതിനേക്കാൾ മണ്ണൊ ലിപ്പ് ഇവിടെ ദൃശ്യമാണ്. ഈ ചരിവ് പ്രദേശങ്ങളും ഘാതനഭൂരൂപങ്ങളിൽ പ്പെടുന്നവയാണ്.

താഴ്ന്ന പ്രദേശം

പ്രധാനമായും ഇപ്പോൾനിലവിലുള്ള പാടശേഖരങ്ങൾ ഇതിൽപ്പെടുന്നു. ഇവിടെ വർഷകാലങ്ങ ളിൽ വെള്ളം കെട്ടിനിൽക്കുന്നു. തോടുകളിൽനിന്നും താഴേയ്ക്ക് ഒഴുകിവരുന്ന ജലത്തിനോടൊപ്പം അവസാദങ്ങൾ ഇവിടെ നിക്ഷേപിക്കപ്പെടുന്നുണ്ട്. ഈ പ്രദേശങ്ങൾ 20 മീറ്റർ സമോച്ചരേഖയിൽ താഴ്ന്ന പ്രദേശങ്ങളാണ്.

നദീതടം (Flood Plain)

ഇത്തിക്കരയാറിൽനിന്നുമുള്ള വെള്ളം പൊങ്ങുന്നതു മൂലമുണ്ടാകുന്ന ഒരു ഭൂരൂപമാണിത്. അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം ആറിന്റെ അടിവശത്തുണ്ടാകുന്ന അവസാദങ്ങളെ കരയിൽ നിക്ഷേപിക്കുന്നു. കാലാന്തരങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന ഈ അവസാദങ്ങളാണ് നദീതടമായി രൂപപ്പെടുന്നത്. മഴ സമയത്ത് ഇവിടം വെള്ളത്തിൽ താഴും. ഈ നദീതടം ചരിവ്പ്രദേശം എന്നീ ഭൂരൂപങ്ങളിൽനിന്നും താഴ്ന്ന V_1 ലേക്കു വരുമ്പോൾ കിഴുക്കാംതൂക്കായി നിൽക്കുന്ന ചരിവുകൾ കാണാം. പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിലും ദൃശ്യമായ ഈ ഭാഗങ്ങളിൽ മണ്ണിടിച്ചിൽ വളരെ വലിയ പ്രശ്നമാണ്.

ഭൂപ്രകൃതിയുടെ വിശദാംശങ്ങൾ ഭൂപ്രകൃതി ഭൂപടത്തിൽ കൊടുത്തിരിക്കുന്നു. വിവിധഭൂരൂപങ്ങളിൽ പ്പെടുന്ന പഞ്ചായത്തിന്റെ വിസ്തീർണ്ണം താഴെ പട്ടിക 6 ൽ കൊടുത്തിരിക്കുന്നു.

ഉപരിതലമണ്ണ്

ഭൂവിഭാഗങ്ങളിൽ ഏറ്റവും വൈവിദ്ധ്യമാർന്ന ഘ കം ഉപരിതല മണ്ണാണ്. അനേകായിരം വർഷത്തെ ജൈവരാസപരിണാമങ്ങൾക്ക് വിധേയമായുണ്ടാകു ഏതാനും ഇഞ്ച് മേൽമണ്ണാണ് ഭൂമിയിൽ ജീവ ആധാരം. ഇക്കാരണത്താൽ തന്നെ മേൽമണ്ണിന പരിരക്ഷണം പ്രാധാന്യമർഹിക്കുന്നു.

പട്ടിക –6

വിവിധ ഭൂരൂപങ്ങളിൽപെടുന്ന പഞ്ചായത്തിന്റെ വിസ്തീർണ്ണം

ക്രമ നമ്പർ	ഭൂരൂപം	വിസ്തീർണ്ണം ഹെക്ടർ	ശതമാന
1	T_1	54	2.71
2	S_1	1113.3	56.09
3	S_2	29	1.46
4	V_1	552	27.81
5	FP	208	10.48
6	വെള്ളക്കെട്ട്	28.7	1.45

അതാതു സ്ഥലങ്ങളിലെ ഉപരിതലമണ്ണ് അതാ പ്രദേശത്തെ ഭൂഗർഭപാറയുടെ പരിവർത്തനത്തി നിന്നുമാണ് ഉത്ഭവിക്കുന്നത്. ആദിച്ചനല്ലൂ ഗ്രാമപഞ്ചായത്തിൽ കാണുന്ന മണ്ണ് വെട്ടുകല്ലി നിന്നും ഉത്ഭവിച്ചതാണ്. വെട്ടുകല്ലിന്റെ പ്രത്യേ തകൾ ഈ മണ്ണിനുമുണ്ട്. സോയിൽ സർവ്വേ ഡിപ്പ ർട്ടുമെന്റ് ഈ പഞ്ചായത്തിലെ ഉപരിതലമണ്ണിനെ K- 07 ആയി രേഖപ്പെടുത്തിയിരിക്കുന്നു. വളരെ ആ മുള്ളതും നല്ല നീരൊഴുക്കുള്ളതും ചരൽ കൂടുതലു മായ കളിമണ്ണിനെയാണ് K- 07 എന്നത് കൊണ്ട ഉദ്ദേശിക്കുന്നത്.

ഉയർന്നസമതലപ്രദേശങ്ങളിൽ (T_1) വെട്ടുകല്ലു ചെമ്മണ്ണുമാണ് സാധാരണ കാണുന്നത്. ഇവിടെ മണ്ണ ന്റെ ആഴം കുറവായതിനാൽ വെള്ളത്തിന് വേ ത്തിൽ വാർന്നുപോകാൻ സാധിക്കുന്നു. ചരിഞ്ഞപ്ര ദേശത്തെയും മണ്ണിന്റെ ഘടന ഇതുതന്നെയാണ് എന്നാൽ ചെറിയരീതിയിൽ ചരൽ, കളിമണ്ണ് എന്നീ ഘടകങ്ങൾ കൂടുന്നതായി കാണാം. മണ്ണൊലിപ്പിന വളരെയധികം സാദ്ധ്യതയുള്ളതാണ് S_2 മേഖലയിൽ പ്പെടുന്ന ഈ പ്രദേശം.

താഴ്ന്ന പ്രദേശങ്ങളിൽ കാണുന്നതാണ് എക്കൽ

ു. മഴ സമയങ്ങളിൽ ചെറിയ തോടുകൾ വഴി മേൽ ത്തുനിന്നും വരുന്ന മണ്ണ് താഴ്ന്നപ്രദേശങ്ങളിൽ ിയുന്നു. ഇതിൽ എല്ലാ ഘടകങ്ങളും അവയുടെ തിനിധ്യം കാണിക്കുന്നു. ഇത് വളരെ ഫലപുഷ്ടി യുള്ളതാണ്.

നദീതടത്തിൽ കാണുന്ന മണ്ണും ഈ എക്കൽ മണ്ണിൽനിന്നും ഒട്ടും വ്യത്യസ്ഥമല്ല. ഈ മേഖലയിൽ കൂടുതലായി കാണുന്നത് നദീതട എക്കൽ മണ്ണാണ്.

ജലവിഭവം

ജലസ്രോതസ്സുകൾകൊണ്ട് അനുഗ്രഹീതമാണ് ദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്. എങ്കിൽത്തന്നെയും ഷിക്കും കുടിവെള്ളത്തിനും ജനങ്ങൾ കഷ്ടപ്പെടു എന്നറിയുമ്പോൾ ഒരുപക്ഷേ അവിശ്വസനീയമാ തോന്നാം. എന്നാൽ അതാണ് വാസ്തവം.

44 നദികളും അനേകം തോടുകളും കുളങ്ങളും യലുകളുമുള്ള കേരളത്തിൽ സമൃദ്ധമായ മഴക്കാല ന് തൊട്ടുപിറകിലായി വരൾച്ചയുടെ കെടുതികൾ ുഭവിക്കേണ്ടുന്ന ഗതികേടാണെന്ന വിവരം നമുക്ക് ിവുള്ളതാണ്. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തും സ്ഥിതിയിൽനിന്നും ഒട്ടും വ്യത്യസ്ഥമല്ല. വർഷ ലങ്ങളിൽ ലഭ്യമാകുന്ന മഴവെള്ളം വേണ്ടരീതി ൽ തടഞ്ഞുനിർത്തി ഭൂമിയുടെ ഉള്ളിലേയ്ക്ക് കിനി ിറങ്ങാൻ അനുവദിക്കുന്നതുവഴി വേനൽക്കാല ാ ജലക്ഷാമം നമുക്ക് പരിഹരിക്കാം.

ഇവിടുത്തെ കിണറുകളുടെ കണക്കെടുത്താൽ കയുള്ള 2668 കിണറുകളിൽ 2111 എണ്ണം വെള്ളം ത്തതും 557 എണ്ണം വെള്ളം വറ്റുന്നതുമാണെന്ന് വഭൂപട സർവ്വേ വ്യക്തമാക്കുന്നു. ഇതിൽനിന്നും IX എന്നീ മണ്ഡലങ്ങിലാണ് ഏറ്റവുംകൂടുതൽ ന്ന കിണറുകൾ ഉള്ളതെന്ന് മനസ്സിലാക്കാം. മറ്റ് ഡലങ്ങളിലും ജലക്ഷാമമുള്ള സ്ഥലങ്ങളുണ്ട്. ായത്തിലുള്ള കുളങ്ങളുടെ പരിപാലനത്തിൽ ും മിക്ക മണ്ഡലങ്ങളിലേയും ജലക്ഷാമം പരിഹ ാം.

1994 നവംബർ മാസത്തിൽ നടത്തിയ വിഭവഭൂപ ർവ്വേയുടെ അടിസ്ഥാനത്തിൽ ലഭിച്ച വിവര ാണ് ഇതോടൊപ്പം രേഖപ്പെടുത്തിയിട്ടുള്ളത്. ് പഞ്ചായത്തിൽ 11 വാർഡുകൾ മാത്രമേയുണ്ടാ യിരുന്നുള്ളു. ആയതിനാൽ ലഭ്യമായ വിവരങ്ങൾ 11 മണ്ഡലങ്ങളിലായി ക്രോഡീകരിച്ചിരിക്കുന്നു.

പട്ടിക-7

പഞ്ചായത്തിലെ കിണറുകൾ

ക്രമ നം:	മണ്ഡലങ്ങൾ	വറ്റാത്ത കിണറുകൾ	വറ്റുന്ന കിണറുകൾ
1	I	293	8
2	II	285	146
3	III	126	31
4	IV	142	10
5	V	203	46
6	VI	178	78
7	VII	222	74
8	VIII	143	30
9	IX	100	158
10	X	277	21
11	XI	142	15
	ആകെ	2111	557

വിഭവഭൂപടം രേഖാചിത്രത്തിലൂടെ ഗ്രാഫ് ഒന്നിലും രണ്ടിലും കിണറുകളുടെ ആകെ എണ്ണവും വറ്റുന്നതും വറ്റാത്തതും കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ പ്രധാനകുളങ്ങളുടെ വിവരങ്ങൾ പട്ടിക-8 ൽ ചേർക്കുന്നു. പട്ടിക -8

ക്രമനമ്പർ	മണ്ഡലങ്ങൾ	കുളങ്ങൾ
1	I	
2	II	
3	III	കുണ്ടുമൺചിറ
4	IX	വെണ്മണി ചിറ
5	VIII	പുഞ്ചിരിചിറ

ഭൂവിനിയോഗം

പഞ്ചായത്തിലെ വിവിധ ഭൂവിനിയോഗത്തിന്റെ വിവരണം താഴെ പട്ടിക 9 ൽ കൊടുത്തിരിക്കുന്നു.

പട്ടിക -9

ഭൂവിനിയോഗം	വിസ്തീർണ്ണം ഹെക്ടറിൽ	%
മിശ്രിതകൃഷി (MC)	1145.8	57.72
മിശ്രിതകൃഷി +പാഴ്മണൽ (MC + MP)	125	6.25
തെങ്ങ് (Co)	38.5	19.39
റബ്ബർകൃഷി(PLR)	35	1.76
നെല്ല്കൃഷി(P1 + P2)	236	11.893
നികത്തിയ സ്ഥലം (Rp)	9	0.45
ചെമ്മീൻകൃഷി (PC)	1.9	0.10
തരിശുഭൂമി (WL)	15	0.75
ഉപയോഗയുക്തമായ തരിശുഭൂമി	6	0.30
വെള്ളക്കെട്ട് (WB)	2.87	1.45

വിഭവഭൂപടം 94-95

ഈ പട്ടികയിൽനിന്നും പഞ്ചായത്തിൽ 57.72% വും മിശ്രിതകൃഷിയാണ് എന്ന് മനസ്സിലാക്കാം. ഇതിൽ തെങ്ങ്, മാവ്, പ്ലാവ്, വാഴ,പുളിമരം മുതലായവ ഉൾപ്പെടുന്നു. പഞ്ചായത്തി ൽകാണുന്ന ഒറ്റവിള തെങ്ങാണ് (19.39%) ആകെ നിലത്തിന്റെ 3.7% മാത്രമേ നികത്തിയ സ്ഥലങ്ങളുള്ളൂ. ഇതു മറ്റ് പല പഞ്ചായത്തുകളിലും കാണുന്നതുപോലെ പാടംനികത്തി വേറെ കൃഷിചെയ്യുന്ന പ്രവണത ആദിച്ചനല്ലൂരിൽ താരതമ്യേന കുറവാണെന്നാണ് തെളിയിക്കുന്നത്. ഇതൊരു നല്ല കാഴ്ചപ്പാടാണ്. ധാന്യ വിളകൾക്ക് പിറകിൽ നിൽക്കുന്ന കേരളത്തിന് ഇതൊരു മാതൃകയാകേണ്ടതാണ്.

ഭൂവിനിയോഗഭൂപടം നോക്കിയാൽ ഒറ്റനോട്ടത്തിൽ ഒരുകാര്യം ഉറപ്പാക്കാം. ഭൂവിനിയോഗത്തിന് ഉയർന്നസമതലം/ചരിഞ്ഞപ്രദേശം/നദീതടം എന്നിവിടങ്ങളിൽ മിശ്രിതവിളകൾ, പാഴ്മരങ്ങൾ, തെങ്ങ്, റബ്ബർ എന്നിവ കാണാം. താഴ്ന്ന പ്രദേശങ്ങളിൽ നെൽക്കൃഷിയും ഉണ്ട്. ഇരുപ്പുകൃഷി ചെയ്യുന്ന ഇടങ്ങളാണ് മുഴുവനും. ഉപ്പുവെള്ളത്തിന്റെ നുഴഞ്ഞുകയറ്റം മിക്കപാടങ്ങളിലും കൃഷിക്ക് പ്രശ്നമാകുന്നു. ചെറിയശതമാനം ഭൂമി ഉപയോഗശൂന്യമായിട്ട് കിടക്കുന്നു (0.75%) ഇതുകൂടാതെ 0.3% ഭൂമി ഉപയോഗയുക്തമായത് ഇപ്പോൾ ശൂന്യമായിട്ട് ഇടുക്കുന്നു.

പഞ്ചായത്തിലെ ഭൂവിനിയോഗം രേഖാചിത്രത്തിലൂടെ ഗ്രാഫ് 3 ൽ കാണിച്ചിരിക്കുന്നു.

പരിസ്ഥിതിമേഖലകൾ - പ്രശ്നങ്ങൾ പരിഹാരങ്ങൾ.

ഭൂപ്രകൃതി, മണ്ണ്, ജലലഭ്യത, ഭൂവിനിയോഗം എന്നിങ്ങനെ മുകളിൽ വിവരിച്ച എല്ലാ പ്രശ്നങ്ങളും കൂടെ പഠിച്ചാൽ ഈ പഞ്ചായത്തിനെ നാല് പരിസ്ഥിതി മേഖലകളായി തിരിക്കാൻ കഴിയും. പട്ടിക-10 കാണുക.

പരിസ്ഥിതിമേഖല EZ_1

ഉയർന്ന സമതലമുള്ള ഭൂപ്രകൃതിയാൽ വെട്ടുകല്ല് ഉപരിതല മണ്ണായിട്ട് വരികയും ജലലഭ്യത കുറവുമായ പ്രദേശമാണ് EZ_1. ഉയർന്ന മേഖലയിൽ കിണറുകളുന്തോറും ജലത്തിന്റെ ആഴം കൂടുന്നതായി കാണാം. അപ്പോൾ ഒരു കിണർ കുഴിച്ചാൽ ആഴം കൂട്ടിയാൽ മാത്രമേ അവിടെ ജലം ലഭ്യമാകുകയുള്ളൂ. വേനൽ സമയത്ത് ഇവിടെയുള്ള കിണറുകൾ ആദ്യംതന്നെ വറ്റുന്നതായി കാണാം. വെട്ടുകല്ല് പൊതുവെ ജലം സംഭരിക്കാൻ കഴിവുള്ളതാണ്. ഇങ്ങനെയുള്ള ഉപരിതല മണ്ണുള്ള ഈ പ്രദേശത്ത് മഴസമയത്ത് വെള്ളം കെട്ടിനിർത്തിയാൽ വേനൽ സമയത്ത് ജലലഭ്യക്കുറവ് പരിഹരിക്കാൻ സാധിക്കും. ഇതിനുള്ള ചെലവ് കുറഞ്ഞ ഏതാനും പദ്ധതികൾ താഴെ ചേർക്കുന്നു.

1. വെള്ളക്കെട്ട് അനുഭവപ്പെടുന്ന പറമ്പുകളിൽ അവിടവിടെയായി മഴക്കാലത്തിന് മുമ്പ് ഒരു മീറ്റർ ആഴമുള്ള ചെറിയ ചെറിയ കുഴികൾ നിർമ്മിക്കുക. ഇത് മഴസമയത്ത് വെള്ളം കെട്ടിനിൽക്കാനും അതുവഴി ഭൂഗർഭജലത്തിന്റെ ജലനിരപ്പ് വർദ്ധിപ്പിക്കുവാനും സഹായിക്കും.
2. പുരപ്പുറത്തുനിന്ന് മുറ്റത്തു വീഴുന്ന വെള്ളം പ്രത്യേക ചാലുകളിലോട്ട് ഒഴുക്കി ഏതെങ്കിലും കുഴിയിൽ തടഞ്ഞുനിർത്തുക.

ആദിത്യനല്ലൂർ - ആകെ കിണറുകളുടെ എണ്ണം

ഗ്രാഫ്-1


അവലംബം വിദ്യാവൃദ്ധപടസർവ്വേ
ഗ്രാ... 55

ആദിച്ചനല്ലൂർ - വാർഷികതലത്തിൽ വർദ്ധിക്കുന്നതും വർദ്ധിക്കാത്തതുമായ കിണറുകൾ

അവലംബം : വിദഗ്ദ്ധ സർവ്വേ

ആറ്റിപ്രയിൽ പഞ്ചായത്തു - ഭൂവിനിയോഗം

ഗ്രാഫ് - 3




അവലംബം : വിഭവഭൂപട സർവ്വേ '94

CESS

ആദിച്ചനല്ലൂർ പഞ്ചായത്ത്

ഭൂവിനിയോഗ ഭൂപടം



3. 50 സെ.മീറ്റർ ആഴവും വീതിയുമുള്ള ട്രഞ്ചുകളുണ്ടാക്കി അതിൽ ചകിരിത്തൊണ്ട് മേലോട്ടു മലർത്തിവയ്ക്കുക. ഈ ചകിരിത്തൊണ്ട് മഴവെള്ളത്തെ ഒരുപാത്രത്തിലെന്നപോലെ ഉൾക്കൊള്ളുന്നു. ഇങ്ങനെ പലതട്ടുകളുണ്ടാക്കി മുകളിൽ വയ്ക്കുന്ന രണ്ടുനിര തൊണ്ടുകൾ കമിഴ്ത്തി വയ്ക്കേണ്ടതാണ്.
4. തെങ്ങിന് തടമെടുക്കുന്നതുവഴിയും ജലനിരപ്പ് വർദ്ധിപ്പിക്കാൻ കഴിയും. വിവധതരത്തിലുള്ള അണകൾകെട്ടി നീർച്ചാലുകളുടെ സംരക്ഷണവും ജലസംരക്ഷണവും ഉറപ്പുവരുത്താം. കുന്നിന്റെ മുകളിൽ നിന്നും താഴേയ്ക്ക് ഒഴുകുന്ന ചെറിയ നീർച്ചാലുകളിൽ മണ്ണ് സംരക്ഷണ ചെക്ക്ഡാമുകൾ കെട്ടുക.
5. ബ്രഷ് വുഡ് ഡാം :- ഒരു മീറ്റർ വരെ വീതിയുള്ള ആഴംകുറഞ്ഞ ചെറിയചാലുകളിൽ ചാലുകൾക്ക് കുറുകെ ഏതാണ്ട് 30-40 സെ.മീ. അകലത്തിൽ രണ്ടുവരി കമ്പുകൾ നാട്ടി അവ തമ്മിൽ ബന്ധിപ്പിക്കുക. ഇതിനിടയിൽ ഉണങ്ങിയ കമ്പും മറ്റും നിറച്ച് വെള്ളമൊഴുക്കിന് തടസ്സം സൃഷ്ടിക്കുക. ഇതുപോലെ ചെറിയ ചെലവില്ലാത്ത മാർഗ്ഗങ്ങൾ വഴി വെള്ളത്തിന്റെ ലഭ്യത കൂട്ടാൻ കഴിയും.

മണ്ണൊലിപ്പ് ഉയർന്നപ്രദേശങ്ങളിലെ പാർശ്വഭാഗങ്ങളിലാണ് കൂടുതലായി കാണപ്പെടുന്നത്. മദ്ധ്യഭാഗത്ത് കുറവാണ്. കുന്നുകളിൽ, ഉയർന്ന സമതലങ്ങളിലുള്ളതിലും കൂടുതൽ മണ്ണൊലിപ്പ് കാണാൻ സാധിക്കും. മണ്ണൊലിപ്പിന് പ്രധാന കാരണം ആ പ്രദേശത്തെ നീരൊഴുക്കാണ്. അപ്പോൾ നീരൊഴുക്കിനെ നിയന്ത്രിക്കുന്ന ഏതുമാർഗ്ഗവും മണ്ണൊലിപ്പ് തടയാനും സഹായിക്കും. ഇതുകൂടാതെ നല്ല ആഴത്തിൽ വേരുകളിറങ്ങുന്ന മരങ്ങളും മറ്റു സസ്യങ്ങളും ഇതിന് പരിഹാരമുണ്ടാക്കും. പാഴ്മരങ്ങളെല്ലാംതന്നെ മണ്ണ് പിടിച്ചുനിർത്താൻ ശേഷിയുള്ളതാകുന്നു. മണ്ണിന്റെ ജലസംഭരണശേഷി കൂട്ടുവാൻ ക്ലേദത്തിന് സാരമായ കഴിവുണ്ട്. ഇതിനാൽ ചപ്പുചവറുകൾ കത്തിക്കാതെ അഴുകാൻ അനുവദിക്കുക വഴി ക്ലേദത്തിന്റെ അംശം നമുക്കു കൂട്ടുവാൻ കഴിയും. ഇതുകൂടാതെ ഉപയോഗ ശൂന്യമായി കിടക്കുന്ന കുളങ്ങൾ വൃത്തിയാക്കുംവഴി ജലക്ഷാമവും പരിഹരിക്കാം.

1. കുണ്ടുമൺചിറ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചിറയാണ്. അതിലെ അടിവശത്തെ മണ്ണ് മാറ്റി വേണ്ട അറ്റകുറ്റപ്പണികൾ ചെയ്താൽ 3,4 എന്നീ മണ്ഡലങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.
2. വെണ്മണിചിറയുടെ വൃത്തിയാക്കൽ മൂലം IX-ാം മണ്ഡലത്തിലെ ജലക്ഷാമം ഒരുപരിധിവരെ നിയന്ത്രിക്കാം.
3. പുഞ്ചിരിച്ചിറയുടെ വികസനം മൂലം VIII-ാം മണ്ഡലത്തിലെ ജലക്ഷാമം പരിഹരിക്കുവാൻ പ്രയോജനപ്പെടുത്താം.

പരിസ്ഥിതിമേഖല EZ_2

ചരിഞ്ഞപ്രദേശങ്ങൾ ഉൾപ്പെടുന്ന ഈ മേഖലയിൽ വെട്ടുകല്ല് തന്നെയാണ് പ്രധാന ഉപരിതല മണ്ണ്. ഇവിടെ ചരലിന്റെയും കളിമണ്ണിന്റെയും ശതമാനം കൂടുന്നതായി കാണാം. മണ്ണൊലിപ്പാണ് പ്രധാന പ്രശ്നം. ജലലഭ്യതയും കുറവാണ്. മണ്ണൊലിപ്പ് തടയാനുതകുന്ന ഏതാനും മാർഗ്ഗങ്ങൾ ചുവടെ വിവരിച്ചിരിക്കുന്നു.

1. കോണ്ടൂർ കൃഷി:- സമോച്ചരേഖയിലൂടെയുള്ള കൃഷിരീതിയാണ് കോണ്ടൂർ കൃഷി. ഇത് അനുവർത്തിക്കുക വഴി മണ്ണും വെള്ളവും സംരക്ഷിക്കാം.
2. സമ്മിശ്രകൃഷി :- തെങ്ങ്, പ്ലാവ്, കൊക്കോ, ചേമ്പ് എന്നിവ ഒരുമിച്ച് കൃഷി ചെയ്യുകവഴി മഴവെള്ളം പലതട്ടുകളിലൂടെ മാത്രമേ ഭൂമിയിലെത്തുകയുള്ളു. തന്മൂലം ജലസംരക്ഷണം, മണ്ണുസംരക്ഷണം ഇവ രണ്ടും പ്രാബല്യത്തിൽ വരുത്താം.
3. വിളപരിവർത്തനം :- ഒരു വിളവെടുപ്പിന്ശേഷം അതേ വിളവുതന്നെയിറക്കാതെ മറ്റൊരുവിള ഇറക്കിയാൽ മണ്ണിന്റെ ഗുണത്തിന് അനുകൂലമായ വ്യത്യാസം വരുന്നു.
4. ഇടവിളകൃഷി :- തെങ്ങിൻതോപ്പിനും മറ്റുമിടയിൽ മറ്റുകൃഷികൾ ചെയ്യുന്നതിനെ ഇടവിളകൃഷി എന്നുപറയാം. കൂടുതൽ ആവരണം മണ്ണിന് ഇതുമൂലം കിട്ടും. മേൽപ്പറഞ്ഞ എല്ലാരീതികളും ഇവിടത്തെ പരിസ്ഥിതിമേഖലയിൽ പ്രാവർത്തികമാക്കണം. ഈ മേഖലയിലെ മറ്റൊരു പ്രശ്നം കരയിടിച്ചിലാണ്. താഴ്ന്നപ്രദേശത്തേയ്ക്ക് കു

ആദിച്ചനല്ലൂർ പഞ്ചായത്ത്
പരിസ്ഥിതി മേഖലകൾ

ത്തനെ ഇറങ്ങിനിൽക്കുന്ന ഈ ചരിവ് പ്രദേശത്തിന്റെ പാർശ്വവശങ്ങൾ ഒട്ടും കെട്ടുറപ്പില്ലാത്തവയാണ്. ഇതു പലഭാഗങ്ങളിലെയും സാധാരണ കാഴ്ചയാണ്. വേണ്ടരീതിയിൽ വഴിവെട്ടി ഈ കുത്തനെയുള്ള ചരിവിനെ മയപ്പെടുത്തുക.

പരിസ്ഥിതിമേഖല -3 (EZ_3)

V_1 എന്ന് പറയുന്ന താഴ്ന്നപ്രദേശങ്ങൾ ഉൾപ്പെടുന്ന ഭൂരൂപത്തിൽ എക്കൽമണ്ണാണ് പ്രധാന ഉപരിമണ്ണ്. നെൽക്കൃഷിയും നികത്തിയ നിലങ്ങളും മണ്ണ് ഖനനം ചെയ്യുന്നതുമായ ഭൂവിനിയോഗങ്ങൾ ഇവിടത്തെ പ്രധാനപ്രശ്നങ്ങൾ ഉപ്പുവെള്ളത്തിന്റെ നുഴഞ്ഞുകയറ്റം, മഴസമയത്തുള്ള വെള്ളപ്പൊക്കം എന്നിവയാണ്. ഉപ്പുവെള്ളം ബണ്ടുകെട്ടുന്നതുവഴി ഒരു പരിധിവരെ തടയുവാൻ സാധിക്കും. ഉയർന്നതും ചരിഞ്ഞതുമായ പ്രദേശങ്ങളിലെ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ വഴി ജലവിതാനത്തെ ഉയർത്തുകയും ഊറ്റുകളുണ്ടാക്കി നദികളുടെ നീരൊഴുക്കിന്റെ തോത് കൂട്ടുകയുമാണ് ഈ പ്രശ്നത്തിനൊരു പരിഹാരം.

മഴസമയത്തെ വെള്ളപ്പൊക്കം വളരെവേഗം പരിഹരിക്കപ്പെടാവുന്ന പ്രശ്നമാണ്. നാൾക്കുനാളായി തോടുകളുടെ അടിവശങ്ങളിൽ കെട്ടിനിൽക്കുന്ന മണ്ണ് മാറ്റി ജലപ്രവാഹത്തിന് വഴിയൊരുക്കുക വഴി വെള്ളപ്പൊക്കം തടയാൻ സാധിക്കും.

പരിസ്ഥിതി മേഖലകൾ പ്രശ്നങ്ങൾ, പരിഹാരങ്ങൾ

പട്ടിക - 10

ചർ	മേഖല	ഭൂപ്രകൃതി	ഭൂവിനിയോഗം	ജലലഭ്യത	ഉപരിതലമണ്ണ്	പ്രശ്നങ്ങൾ	പരിഹാരങ്ങൾ
	EZ_1	ഉയർന്ന സമതലം (T_1)	മിശ്രിതകൃഷി പാഴ്മരങ്ങൾ (MC + MT)	കുറവ്	വെട്ടുകല്ല്	ജലക്ഷാമം മണ്ണൊലിപ്പ്	കുളങ്ങളുടെ പരിപാലനം ട്രെഞ്ചിംഗ് ബ്രഷ്വുഡ്ഡാം etc.
	EZ_2	ചരിഞ്ഞ പ്രദേശം (S_1,S_2)	തെങ്ങ് മിശ്രിതവിളകൾ (MC + CO)	കുറവ്	വെട്ടുകല്ല ടങ്ങിയ ചരൽ കളിമണ്ണ്	ജലക്ഷാമം മണ്ണൊലിപ്പ്	കോണ്ടൂർകൃഷി സമ്മിശ്രകൃഷി വിളപരിവർത്തനം
	EZ_3	താഴ്ന്ന പ്രദേശം (V_1)	ഇരുപ്പുകൃഷി നികത്തിയ സ്ഥലം	കൂടുതൽ	എക്കൽമണ്ണ്	വെള്ളപ്പൊക്കം കരയിടിയൽ	പാർശ്വഭിത്തി തോടുകളുടെ പരിപാലനം etc.
	EZ_4	നദീതടം (Flood Plain)	മിശ്രിത കൃഷി (MC + CO)	കൂടുതൽ	നദീതല എക്കൽ മണ്ണ്	കരയിടിയൽ	പാർശ്വഭിത്തി

തഴുത്തല ഏല, ഇത്തിക്കര ഏല, വട്ടക്കുളം തോട് എന്നീ നീരൊഴുക്ക് പ്രദേശങ്ങൾ ഈ പ്രശ്നം അനുഭവിക്കുന്ന തലങ്ങളാണ്. അത്യാവശ്യമായി വേണ്ട നടപടികളെടുത്ത് ഈ പ്രദേശങ്ങളിലെ നീരൊഴുക്കിന് സാദ്ധ്യത കൂട്ടണം. ഇത്തിക്കരയാറിലെ മണൽ വാരലും ചില ഏലകളിലുള്ള കളിമൺ ഖനനവും എത്രയും വേഗം നിയന്ത്രിക്കണം. ഇവ രണ്ടും ഭൂഗർഭജലനിരപ്പ് താഴ്ത്തുകയും ഉപ്പ് വെള്ളത്തിന്റെ നുഴഞ്ഞു കയറ്റത്തിന് സഹായിക്കുകയും ചെയ്യുന്നു.

പരിസ്ഥിതിമേഖല 4(EZ_4)

EZ_4 നദീതടത്തിലുള്ള ഭൂപ്രകൃതിയാണ് ഈ മേഖലയിൽപ്പെടുന്നത്. മഴസമയത്ത് വെള്ളത്തിൽ താഴുകയും നദിയിലെ വെള്ളം കുറയുമ്പോൾ മാത്രം ദൃശ്യമാകുന്നതുമായ ഈ പ്രദേശത്തിലെ ഉപരിതല മണ്ണ് നല്ല ഫലപുഷ്ടിയുള്ളതാണ്. തെങ്ങാണ് ഇവിടത്തെ പ്രധാനകൃഷി. വേറെയും പല കൃഷിരീതികളും നടപ്പിലാക്കി ഈ മേഖലയിലെ ഭൂവിനിയോഗം മെച്ചപ്പെടുത്താവുന്നതാണ്.

ഈ പഞ്ചായത്തിലെ വേറെ പ്രധാനപ്രശ്നം എന്തെന്നുവച്ചാൽ വാർഡുകളിലുള്ള കോളനികൾ സൗകര്യപ്രദമല്ല എന്നുള്ളതാണ്. ഒന്നാംവാർഡിലെ ലക്ഷംവീട് കോളനി, കുമ്മല്ലൂർ കോളനി, മൂന്നാം വാർഡിലെ രണ്ട് ലക്ഷംവീട് കോളനി, നാലാം വാർഡിലെ നാലു കോളനികൾ, എട്ടാം വാർഡിലെ ഹരിജൻ കോളനികൾ, 9, 10 എന്നീ എല്ലാ വാർഡുകളിലെയും കോളനികൾ യാതൊരുവിധ സൗകര്യങ്ങളുമില്ല എന്നത് വളരെ പരിതാപകരമാണ്. ഇവിടെയെല്ലാം പൈപ്പ് ലൈൻ വഴിയോ മറ്റു ബാദ്ധ്യതകൾ വഴിയോ വെള്ളം എത്തിക്കുകയും മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും അത്യാവശ്യമായി ചെയ്യേണ്ട കാര്യങ്ങളാണ്. നീർമറി വികസനത്തിന് വളരെയധികം സാദ്ധ്യതയുള്ള ഒരു പഞ്ചായത്താണ് ആദിച്ചനല്ലൂർ.

ഉപസംഹാരം

ഭൂവിഭവങ്ങളുടെ ഒരു ചെറുപഠനത്തിൽ നിന്ന് കിട്ടിയ വിവരങ്ങളാണ് മുകളിൽ വിശദീകരിച്ചത്. പരിസ്ഥിതിമേഖലയിൽ പഞ്ചായത്തിന് പൂർണ്ണതയിലെത്തിക്കാൻ വളരെയേറെ കഷ്ടപ്പാടുകളുണ്ട്. ഈ പൂർണ്ണത കൈവരിക്കുവാനുള്ള വിവിധരീതികൾ പഞ്ചായത്തിലെ എല്ലാ നിവാസികളും ഒത്തൊരുമിച്ച് നടപ്പിലാക്കേണ്ടതാണ്.


ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുപ്രകാരം ആദിച്ചനല്ലൂർ ഗ്രാപഞ്ചായത്തിലെ ജനസംഖ്യ 29384 ഇതിൽ 13934 പുരുഷന്മാരും 15450 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 1516 സ്ത്രീകൾ കൂടുതലാണ്. ആകെ ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ പുരുഷന്മാർ 47.42 % വും സ്ത്രീകൾ 52.58 % വും വരും. ആകെ വീടുകളുടെ എണ്ണം 5666 ആണ്. അതായത് ശരാശരി വീടൊന്നിന് 5.17 ആളുകൾ വീതമുണ്ട്. ഇത് സംസ്ഥാന ശരാശരിയായ 5.6 നേക്കാൾ താഴെയാണെന്ന് കാണാം. ജനസാന്ദ്രത ച.കി.മീറ്ററിന് 1480.3 ആണ്. 6 വയസ്സിനുതാഴെ പ്രായമുള്ള ആകെ കുട്ടികളുടെ എണ്ണം 3578 ഉം അതിൽ ആൺകുട്ടികൾ 1806 ഉം പെൺകുട്ടികൾ 1772 ഉം ആണ്. പട്ടികജാതി/വർഗ്ഗ ജനസംഖ്യ 3813 ഉം അതിൽ പുരുഷന്മാർ 1877 ഉം സ്ത്രീകൾ 1936 ഉം ഉണ്ട്. പഞ്ചായത്തിൽ ആകെ 23640 പേർ (80.45%) സാക്ഷരരുണ്ട്. ഇതിൽ പുരുഷന്മാർ 11566 (83.00%) സ്ത്രീകൾ 12074 (78.15%) ആണ്. ജനപ്രകൃതി ഗ്രാഫ് അനുബന്ധമായി ചേർത്തിട്ടുണ്ട് പഞ്ചായത്തിലെ സാക്ഷരതാനിരക്ക് ഉയർന്നതാണെങ്കിലും അഭിമാനിക്കത്തക്കതല്ല. കശുവണ്ടി വ്യവസായവും ഇഷ്ടിക ഫാക്ടറികളും അധികരിച്ചിട്ടുള്ളതുമൂലം കുട്ടികൾ ചെറുപ്രായത്തിലേ ഇവിടങ്ങളിലേയ്ക്ക് ജോലിയ്ക്കായി പോകുന്നു. രക്ഷിതാക്കളും കുട്ടികളെ പഠിപ്പിക്കുന്നതിൽ തല്പരരല്ല. ഇതിനെതിരെ അതിശക്തമായ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു. തളർച്ചബാധിച്ച സാക്ഷരതാപ്രസ്ഥാനത്തിന് ഈ രംഗത്ത് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും.

അഭ്യസ്തവിദ്യരായ തൊഴിൽരഹിത ചെറുപ്പക്കാരുടെ എണ്ണം പഞ്ചായത്തിൽ കൂടുതലാണ്. ഇവരുടെ തൊഴിലില്ലായ്മ സംസ്ഥാനത്തിനൊട്ടാകെ എന്നപോലെ പഞ്ചായത്തിലെ ഒരു പ്രശ്നം തന്നെയാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടും സർക്കാർ ജോലിയിൽ മാത്രം പ്രതീക്ഷയർപ്പിച്ചുകൊണ്ടുള്ള പ്രവണത മാറ്റിയും ഒരു പരിധിവരെ നമുക്കിതിന് പരിഹാരം കാണാം. കമ്പ്യൂട്ടർ സോഫ്റ്റ് വെയർ രംഗംപോലെയുള്ള മേഖലകളിലേ

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

ജനപ്രകൃതി



ക്ക് ഇവിടുത്തെ ചെറുപ്പക്കാർ ശ്രദ്ധപതിപ്പിച്ചുകൊണ്ടിരിക്കുന്നത് ആശാവഹമായ ഒരു മാറ്റമാണ്.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗവും നാടിന്റെ നട്ടെല്ലുമായ കാർഷികരംഗം ആദായകരമല്ലാതായതോടെ ജനങ്ങൾ മറ്റു മേഖലകളിലേയ്ക്ക് ശ്രദ്ധപതിപ്പിച്ചുതുടങ്ങി. ഇഷ്ടിക വ്യവസായരംഗത്തേയ്ക്കാണ് ഭൂരിപക്ഷംപേരുടെയും ശ്രദ്ധതിരിഞ്ഞിട്ടുള്ളത്. സുലഭമായ ജലലഭ്യതയും ഇഷ്ടിക്കാവശ്യമായ ചെളിയുടെ ലഭ്യതയും ഗതാഗതസൗകര്യങ്ങളും ഈ വ്യവസായ ത്തിന് അനുകൂലഘടകങ്ങളായി തീർന്നു. പക്ഷേ പരിസ്ഥിതിയെ ആകെ തകിടം മറിയ്ക്കുന്ന രീതിയിലുള്ള നിയന്ത്രണമില്ലാത്ത ചെളിയെടുപ്പും മണൽ വാരലുംമൂലം കിണറുകളിലെ ജലം വറ്റുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ ഇവിടെ രൂക്ഷമാണ്.


ജാതി-മത ഭേദമെന്യേ ജനങ്ങൾ ഇടകലർന്ന് ജീവിക്കുന്ന ഈ പ്രദേശത്ത് വർഗ്ഗീയസംഘട്ടനങ്ങൾ ഉണ്ടായിട്ടില്ല എന്നത് അഭിമാനിക്കത്തക്കതാണ്. ഓരോ മതവിഭാഗവും മറ്റുമതവിഭാഗങ്ങളുടെ ഉത്സവാഘോഷങ്ങളിൽ പങ്കുചേരുകയും സഹകരിക്കുകയും ചെയ്യുന്നുണ്ട്.

പൊതുവേ പറഞ്ഞാൽ സമൂഹത്തിൽ ജാതിയുടെയും മതത്തിന്റെയും സ്വാധീനം കുറഞ്ഞുവരികയാണ്. പട്ടികജാതിക്കാരുൾപ്പെടെയുള്ള ജനവിഭാഗങ്ങളിലെ നോക്കിയാൽ പാവപ്പെട്ടവരെയും പണക്കാരെയും കാണാൻ കഴിയും. ഭൂവുടമസ്ഥരിൽ ചെറുവിഭാഗം മാത്രമേ സ്വയം കൃഷിക്കാരായി കരുതുന്നുള്ളു. ഏലാ വികസനസമിതികൾപോലുള്ള സംഘങ്ങൾ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ ഒട്ടുവളരെ കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ഒരു ചെറു ന്യൂനപക്ഷം മാത്രമേ ഭൂമിയെ ഇന്ന് മുഖ്യവരുമാനമാർഗ്ഗമായി കാണുന്നുള്ളു. പഞ്ചായത്തിന്റെ കിഴക്കൻമേഖലകളിലുള്ളവർ ഏറ്റവും ആദായകരമായ റബ്ബർ കൃഷിയിലേക്ക് ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുകയാണ്. ചുരുക്കത്തിൽ എല്ലാവിഭാഗം ജനങ്ങളും ഇടകലർന്നുള്ള ഒരു സങ്കീർണ്ണ വ്യവസ്ഥയാണ് ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നതെന്നു കാണാം.


* * * * * * * *



V - സാമൂഹിക സാമ്പത്തിക മേഖലകൾ



V - 1 കൃഷിയും ജലസേചനവും



"ഓരോരുത്തരും അവരവരുടെ നെറ്റി വിയർക്കെ
പണിയെടുത്തു ജീവിച്ചെങ്കിൽ
ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു."

- മഹാത്മാഗാന്ധി -

ആദിച്ചനല്ലൂർ തികച്ചും ഒരു കാർഷികഗ്രാമമാണ്. വടക്കുംതെക്കും ഉയർന്ന പ്രദേശങ്ങളും നടുക്ക് താഴ്ന്ന പ്രദേശവുമാണ്. ഇതിന്റെ വിസ്തീർണ്ണം 1890.5 ഹെക്ടർ ആണ്. മുഖ്യകൃഷി നെല്ലും തെങ്ങുമാണ്. ഇടവിളയായി കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യവിളകൾ എന്നിവയും കൃഷിചെയ്തുവരുന്നു. മാവ്, പ്ലാവ് മുതലായ ഫലവൃക്ഷങ്ങൾ പഞ്ചായത്തിലുടനീളം കൃഷിചെയ്തുവരുന്നു. കശുമാവും അപൂർവ്വമായിട്ടുണ്ട്. അടുത്തകാലത്തായി ഗ്രാമപഞ്ചായത്തിന്റെ വടക്കുഭാഗത്ത് റബ്ബറും കൃഷിചെയ്തുവരുന്നു. പഴയകാലത്ത് കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളുമായിരുന്നു മുഖ്യജീവിതോപാധി.

പട്ടിക -1 (വില്ലേജാഫീസ് രേഖ)
ഭൂമിസംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം (ഹെക്ടറിൽ)
പുരയിടം	1227.52
നിലം	470.95
പുറമ്പോക്ക്	188.64
തരിശ്	3.4
ആകെ	1890.5

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽക്കൃഷിക്കായിരുന്നു. മഴയെ ആശ്രയിച്ചു മാത്രമാണ് നെൽക്കൃഷി നടത്തിയിരുന്നത്. കൂടാതെ നദികൾ, ചിറകൾ, കുളങ്ങൾ, തോടുകൾ ഇവയായിരുന്നു ജലസേചനോപാധികൾ. ഉടമസ്ഥർ പ്രധാനമായും ഏതാനും ജന്മികളായിരുന്നു. ഉദ്ദേശം 30% ത്തോളം നെൽവയലുകളായിരന്നു. ചെളിയെടുപ്പും മണൽവാരലും നികത്തലുംമൂലം അത് ഇപ്പോൾ 140 ഹെക്ടറായി ചുരുങ്ങിയിട്ടുണ്ട്. ആദ്യകാലത്ത് മുണ്ടകൻ, ചെറുനെല്ലാരൻ, ചേറാടി മുതലായ നാടൻ വിത്തുകളാണ് കൃഷി ചെയ്തിരുന്നത്. ഇപ്പോൾ കൃഷിഭവൻ മുഖേന ലഭ്യമാകുന്ന ഉൽപാദനക്ഷമതയുള്ള നെൽവിത്തുകൾ കൃഷിചെയ്യുന്നു. രാസവളങ്ങളും കീടനാശിനികളും പിൽക്കാലത്ത് ഉപയോഗിച്ചുതുടങ്ങി.

നിലങ്ങളിൽ ഒരു പ്രധാനഭാഗം ഒരുപ്പൂ മാത്രം കൃഷിചെയ്തിരുന്ന കായൽനിലങ്ങളായിരുന്നു. അതിൽ വെള്ളം വറ്റിക്കുന്നതിനും ജലസേചനത്തിനുമായി പഴയകാലത്ത് ചക്രം, തേവുകൊട്ട മുതലായ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരുന്നത്. ഇപ്പോൾ ഈ നിലങ്ങൾ മുഴുവനും അശാസ്ത്രീയമായ ചെളിയെടുപ്പും മണൽവാരലും നിമിത്തം കൃഷിക്ക് യോഗ്യമല്ലാത്ത തരത്തിൽ

വെള്ളക്കെട്ടുകളായി മാറിപ്പോയിരിക്കുന്നു.

പണ്ടുകാലത്ത് പാടങ്ങളിൽ ഇടവിളയായി എള്ള്, പയർ, കൂവരക്, ചാമ മുതലായവ കൃഷിചെയ്തിരുന്നു. മരച്ചീനി, കൂവരക് മുതലായവയായിരുന്നു സാധാരണക്കാർ ആഹാരത്തിനായി കൂടുതലും ഉപയോഗിച്ചിരുന്നത്.

തെങ്ങുകൃഷിയും ഈ ഗ്രാമപഞ്ചായത്തിൽ പണ്ടുമുതലേ വ്യാപകമായിരുന്നു. കൂടുതൽ ശ്രദ്ധയും നൽക്കൃഷിക്കാണ് കൃഷിക്കാർ നല്കിയിരുന്നത്. തെങ്ങിന് വളം ചെയ്യുക അപൂർവ്വമായിരുന്നു, അതുകൊണ്ടുതന്നെ ഉൽപാദനവും നന്നേ കുറവായിരുന്നു. ഇപ്പോൾ ഏകദേശം 1110 ഹെക്ടർ തെങ്ങുകൃഷിക്ക് ഉപയോഗിക്കുന്നു. ഇത് മൊത്തം കൃഷിഭൂമിയുടെ 81% വരും. കർഷകരുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്ന് തെങ്ങുകൃഷിയായിരുന്നു. ഒറ്റി, ഒറ്റികുഴിക്കാണം, പാട്ടം മുതലായ രീതിയിൽ കടത്തിൽപ്പെട്ടുപോയിരുന്ന ധാരാളം തെങ്ങു കൃഷിക്കാരെ കടക്കെണിയിൽനിന്നും മോചിതരാക്കുന്നതിന് ആദിച്ചനല്ലൂർ കാർഷികസഹകരണബാങ്കിന്റെ ആവിർഭാവം വളരെ സഹായിച്ചിട്ടുണ്ട്.

ഇപ്പോൾ തെങ്ങിന് പടർന്നു പിടിച്ചിരിക്കുന്ന കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലചീയൽ ചെമ്പൻ ചെല്ലിയുടെ, ആക്രമണം എന്നിവമൂലം ധാരാളം കായ്ഫലമുള്ള തെങ്ങുകൾ നശിച്ചുകൊണ്ടിരിക്കുന്നു. ഈ രോഗങ്ങ ളുടെഫലമായി മൊത്തംതെങ്ങിന്റെ 30% നുമേൽ ഉൽപ്പാദനം പൂർണ്ണമായും നിലച്ച അവസ്ഥയിലെത്തിയിട്ടുണ്ട്.

ഈ ഗ്രാമത്തിലെ കുമ്മല്ലൂർ, കൈതക്കുഴി, വെളിച്ചി ക്കാല എന്നീ പ്രദേശങ്ങളിൽ ഏതാണ്ട് 30 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിചെയ്യുന്നു. റബ്ബർ കൃഷി വളരെ ആദായകരമായ കൃഷിയായിട്ടാണ് കണക്കാക്കപ്പെടുന്നത്. താരതമ്യേന ഉയരംകൂടിയ ചരിവുപ്രദേശ ങ്ങളിലാണ് റബ്ബർ കൃഷിചെയ്യുന്നത്. ഇപ്പോൾ റബ്ബർ കൃഷിചെയ്തിരിക്കുന്ന ഭൂമിയുടെ 95% ഉം മുമ്പ് കശുമാവ് കൃഷിചെയ്തിരുന്നസ്ഥലമാണ്. ഇപ്പോൾ 10 ഹെക്ടർ സ്ഥലത്തുമാത്രമാണ് കശുമാവ് കൃഷിചെയ്യുന്നത്. പരമ്പരാഗതവ്യവസായമായ കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന ധാരാളം തൊഴിലാളികൾ ഈ ഗ്രാമത്തിൽ അധിവസിക്കുന്നു. അതു കൊണ്ട്, അപ്രധാനമല്ലാത്ത ഒരു സ്ഥാനം കശുമാവ് കൃഷിക്ക് നൽകേണ്ടതാണ്.

കുരുമുളക്, വാഴ, മരച്ചീനി, പയർ, കവുങ്ങ്, പച്ചക്കറികൾ, മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ എന്നിവ ഇടവിളയായി കൃഷിചെയ്യുന്നു. മൊത്തം കൃഷിസ്ഥലത്തിന്റെ 30%ന് താഴെമാത്രമേ ഇടവിള കൃഷി ചെയ്യുന്നുള്ളൂ. 1990 വരെ ഈ ഗ്രാമത്തിൽ വ്യാപകമായി നടത്തിയിരുന്ന മരച്ചീനിക്കൃഷി പാടേ ഉപേക്ഷിച്ച അവസ്ഥയാണിപ്പോൾ. വർദ്ധിച്ച കൃഷിച്ചെലവും വൻതോതിലുള്ള എലിശല്യവുമാണ് ഈ കൃഷി ഉപേക്ഷിക്കാൻ കർഷകരെ പ്രേരിപ്പിച്ച മുഖ്യഘടകം.

ഈ ഗ്രാമപഞ്ചായത്തിൽ ഒരു സെന്റിനും 10 സെന്റിനും ഇടയിൽ ഭൂമിയുള്ളവരാണ് മഹാഭൂരിപക്ഷവും. ഒരേക്കറിനും രണ്ടേക്കറിന് ഇടയ്ക്ക് ഭൂമിയുള്ളവർ 101 പേരാണ്. 5 ഏക്കറിനുമേൽ ഭൂമിയുള്ളവരുടെ എണ്ണം 13 ആണ്.

പട്ടിക - 2 (വില്ലേജാഫീസ് രേഖ)

ഭൂ ഉടമസ്ഥത

ക്രമ നമ്പർ	ഭൂവിസ്തീർണ്ണം	ഉടമസ്ഥരുടെഎണ്ണം
1.	ഒരുസെന്റിനും 10 സെന്റിനും മദ്ധ്യേ ഭൂമിയുള്ളവർ	7611
2.	10 സെന്റിനും 25 സെന്റിനും മദ്ധ്യേ	3933
3.	25 സെന്റിനും 50 സെന്റിനും മദ്ധ്യേ	2100
4.	50 സെന്റിനും ഒരേക്കറിനും മദ്ധ്യേ	1389
5.	ഒരേക്കറിനും രണ്ടേക്കറിനും മദ്ധ്യേ	101
6.	രണ്ടേക്കറിനും 5 ഏക്കറിനും മദ്ധ്യേ	26
7.	5 ഏക്കറിന് മേൽ	13

നെൽവയലുകൾ നികത്താൻ തുടങ്ങിയതോടുകൂടി ഈ ഗ്രാമപഞ്ചായത്തിലെ നിലവിലിരുന്ന കാർഷിക ഉൽപ്പാദനക്രമങ്ങളിൽ കാര്യമായ മാറ്റം സംഭവിച്ചു. 1980 നു ശേഷം ഇടത്തരം നെൽക്കൃഷിക്കാർപോലും നിലംനികത്താൻ തുടങ്ങി. നെൽക്കൃഷി ലാഭകരമല്ലാത്ത അവസ്ഥ വന്നുചേർന്നു. വിദഗ്ദ്ധരായ കർഷകത്തൊഴിലാളികളുടെ അഭാവം, നിലം കൃഷിയോഗ്യമാക്കുന്നതിന് (ഉഴവുന്നതിന്) യന്ത്രോപകരണങ്ങളുടെ പരിമിതി, കർഷകത്തൊഴിലാളികളുടെ ഉയർന്ന കൂലിനിരക്ക്, കൊയ്യാനും മെതിക്കാനും തൊഴിലാളി കളെകിട്ടാനുള്ള പ്രയാസം,

രാസവളത്തിന്റെ വർദ്ധിച്ച വില, ഉൽപ്പന്നത്തിന് ന്യായമായ വില ലഭിക്കാത്ത സാഹചര്യം തുടങ്ങിയ കാരണങ്ങളാൽ നിലംനികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള പ്രവണത കർഷ കരിൽ വളർന്നുവന്നു. അതുപോലെ ഇഷ്ടികവ്യവസായ ത്തിനും, ഓടുവ്യവസായത്തിനും മറ്റുമായി നിലം കുഴിച്ച് ചെളി എടുക്കുന്ന സ്ഥിതിയും വന്നുചേർന്നു. ആകെയുണ്ടായിരുന്ന നെൽവയലിന്റെ പകുതിയിൽ ക്കൂടുതൽ ഇപ്പോൾ നികത്തിയും കുഴിച്ചുംകഴിഞ്ഞി രിക്കുന്നു.

മണ്ണിന്റെ സ്വഭാവം

ഉയർന്ന കുന്നിൻപ്രദേശങ്ങളിൽ വെട്ടുകല്ലും ചുവന്ന ചരൽകലർന്ന മണ്ണുമാണ്. ഗ്രാമപഞ്ചാ യത്തിന്റെ വടക്കും, കിഴക്കും ഭാഗങ്ങളിലെ കുന്നിൻ പ്രദേശങ്ങളിൽ ഇത്തരം മണ്ണാണുള്ളത്. കൂടുതൽ പ്രദേശവുംനിരപ്പു ഭൂമിയാണ്. ഇവിടെ മണൽകലർന്ന പശിമരാശി മണ്ണാണുള്ളത്. ഇത് തെങ്ങുകൃഷിക്ക് വളരെയധികം യോജിച്ചതാണ്. ചെറിയ ചരിവ് പ്രദേശങ്ങളിൽ ചരൽ കലർന്ന മണ്ണും നെൽപ്പാ ടങ്ങളിൽ പൊതുവേ പശിമരാശിമണ്ണുമാണുള്ളത്.

പട്ടിക - 3

ഭൂവിനിയോഗം (കൃഷിഭവൻ രേഖ)

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത (ഹെക്ടറിന്)
നെല്ല് (ഒന്നാംവിള)	140	448 ടൺ	3.2 ടൺ
നെല്ല് (രണ്ടാംവിള)	140	350 ടൺ	2.5 ടൺ
തെങ്ങ്	1110	57 ലക്ഷം നാളികേരം	ഹെക്ടറിന് 5135 നാളീകേരം
കുരുമുളക്	105	84 ടൺ	800 കി.ഗ്രാം
മരച്ചീനി	100	2000 ടൺ	20 ടൺ
പയർ	60	30 ടൺ	500 കി.ഗ്രാം.
വാഴ	52	416 ടൺ	8 ടൺ
റബ്ബർ	30	54 ടൺ	1800 കി. ഗ്രാം.
പച്ചക്കറികൾ	30	450 ടൺ	15 ടൺ
കവുങ്ങ്	12	21 ലക്ഷം അടയ്ക്ക	1.75 ലക്ഷം അടയ്ക്ക
കശുമാവ്	10	5 ടൺ	500 കി. ഗ്രാം.
ഇഞ്ചി	3	10.5 ടൺ	3500 കി. ഗ്രാം.
മഞ്ഞൾ	2	7 ടൺ	3500 കി. ഗ്രാം.
കിഴങ്ങുവർഗ്ഗങ്ങൾ	50	800 ടൺ	16 ടൺ
ഫലവൃക്ഷങ്ങൾ	15	2251 ടൺ	15 ടൺ

നെൽക്കൃഷി

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന പാടശേഖരങ്ങൾ കട്ടച്ചൽ, കുമ്മല്ലൂർ, കരിക്കോട്, കൈതക്കുഴി, ആദിച്ചനല്ലൂർ, പാങ്ങാട്ട്, പ്ലാക്കാട്, തഴുത്തല എന്നിവയാണ്. ഇതിൽ ഏറ്റവും വലിയ ഏലായാണ് ആദിച്ചനല്ലൂർ ഏലാ. പ്രകൃതിയുടെ കാരുണ്യത്തെ ആശ്രയിച്ചാണ് പ്രധാനമായും കൃഷിയി റക്കുന്നത്. വെള്ളപ്പൊക്കം, വരൾച്ച, ഉപ്പുവെള്ളം എന്നീ പ്രതികൂലപരിതഃസ്ഥിതികൾ ഇവിടുത്തെ നെല്ലുൽപാദനത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. ഈ ഗ്രാമപഞ്ചായത്തിൽ 4 പാടശേഖരസമിതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സമിതികളുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമായ രീതിയിലല്ല നടക്കുന്നത്.

പട്ടിക -4

പ്രധാനപാടശേഖരങ്ങളും വിളക്രമങ്ങളും

പാടശേഖരത്തിന്റെ പേര്	ഒന്നാംവിള	രണ്ടാംവിള	മൂന്നാംവിള
കട്ടച്ചൽ	നെല്ല്	നെല്ല്	-
കുമ്മല്ലൂർ	"	"	പയർ (ഭാഗികം)
കരിക്കോട്	"	"	പയർ
കൈതക്കുഴി	"	"	പയർ (ഭാഗികം)
ആദിച്ചനല്ലൂർ	"	"	"
പാങ്ങാട്	"	"	-
പ്ലാക്കാട്	"	"	-
തഴുത്തല	"	"	പയർ (ഭാഗികം)

കട്ടച്ചൽ ഏലാ

ഇരുപ്പൂ കൃഷിചെയ്യുന്ന ഏകദേശം 8 ഹെക്ടർ വിസ്തൃതിയുള്ള ഏലായാണിത്. ഇതിന്റെ ഇരുവശവുമുള്ള തോടുകൾ നികന്നുകിടക്കുന്നു. പാറകെട്ടിയ ഭാഗങ്ങളിൽക്കൂടി തോട്ടിലെ വെള്ളം ഏലായിൽക്കൂടി ഒഴുകുന്നു., ഇത് കൃഷിക്ക് വളരെ ദോഷകരമായി ഭവിക്കുന്നു. വേനൽക്കാലത്ത്, ജലസേചനസൗകര്യം ഇപ്പോൾ നിലവിലില്ല. മൂന്നുപൂ കൃഷിചെയ്യാൻ സാദ്ധ്യതയുള്ള ഏലായാണിത്,. വിളവെടുത്ത് കൊണ്ടുപോകാനും വിത്തുംവളവുംമറ്റും ഏലായിലെത്തിക്കാനുമുള്ള യാത്രാസൗകര്യം വളരെ പരിമിതമാണ്.

കുമ്മല്ലൂർ ഏലാ

ഇരുപ്പൂ കൃഷിചെയ്യുന്ന ഏകദേശം 12 ഹെക്ടർ വിസ്തൃതിയുള്ള ഏലായാണിത്. ഏലായുടെ നടുവിൽക്കൂടിയുള്ള തോട് പൂർണ്ണമായും നികന്നുകിടക്കുന്നു. മഴക്കാലത്ത് വെള്ളം ഈ തോട്ടിൽക്കൂടി ഏലായിലേക്ക് മറിഞ്ഞ് മടവീഴ്ചയും കൃഷിനാശവും നിരന്തരമായി ഉണ്ടാകുന്നു. ഏലായുടെ മദ്ധ്യഭാഗത്തുകൂടി വേടർ കോളനിയിലേക്ക് പോകാനുള്ള നടപ്പാത പാറകെട്ടി ബലപ്പിച്ചിരുന്നതിന്റെ ഒരുഭാഗം ഇടിഞ്ഞുകിടക്കുന്നു. തന്മൂലം ഏതാണ്ട് 5 ഹെക്ടറോളം നിലത്തിൽ വെള്ളം തടഞ്ഞുനിറുത്തി കൃഷിചെയ്യാൻ കഴിയുന്നില്ല. പാടശേഖരത്തിന്റെ താഴെ അറ്റത്തുള്ള കുറെ അധികം നിലങ്ങൾ ചെളിയെടുത്ത്, കുഴിച്ചിട്ടിരിക്കുന്നതിനാൽ കൃഷിചെയ്യുന്നതിന് ബുദ്ധിമുട്ടാണ്. കുമ്മല്ലൂർ ജംഗ്ഷനിൽനിന്നും തോണിക്കടവിലേക്ക് പോകുന്ന റോഡിൽ ഏലായുടെ വടക്കുഭാഗത്തുകൂടി പോകുന്ന തോട്ടിലുണ്ടായിരുന്ന കലുങ്ക് പൊളിച്ചുമാറ്റി പൈപ്പിട്ടതിനാൽ നിലത്തിൽനിന്നും വെള്ളം താഴോട്ട് ഒഴുകുന്നില്ല. ഇത് കൃഷിചെയ്യുന്നതിന് തടസ്സമായി നിൽക്കുന്നു.

കരിക്കോട് ഏലാ

ഏലായുടെ രണ്ടുവശവുമുള്ള കരത്തോടുകൾ നികന്നുകിടക്കുന്നത് കൃഷിക്ക് ബുദ്ധിമുട്ടാണ്. ഇരുപ്പൂ കൃഷിചെയ്യുന്ന ഇവിടെ കുമ്മല്ലൂർ കർഷകസമിതിയുടെ പേരിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് രൂപം കൊടുത്തെങ്കിലും പ്രവർത്തനക്ഷമമല്ല. ജലസേചന സൗകര്യം ഇല്ലാത്തതിനാൽ വളരെ പ്രയാസപ്പെട്ടാണ് രണ്ടുപൂ കൃഷി ചെയ്യുന്നത്. ഏലായിലേക്ക് പോകുന്നതിനുള്ള യാത്രാസൗകര്യം പരിമിതമാണ്. ഈ ഏലായിലും നിലങ്ങൾ കുഴിച്ച് ചെളി എടുത്തതുമൂലം കൃഷിയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്.

കൈതക്കുഴി ഏലാ

ഏകദേശം 10 ഹെക്ടർ വിസ്തൃതിയുള്ള ഇരുപ്പൂ നിലമാണ്. മൂന്നുപൂ കൃഷിചെയ്യാൻ സാദ്ധ്യതയുണ്ടെങ്കിലും ജലസേചന സൗകര്യമില്ല. ഏലായുടെ മേലേ അറ്റത്ത് ഒരു തലച്ചിറയുണ്ടെങ്കിലും ഉപയോഗയോഗ്യമല്ല. ഈ തലച്ചിറയിൽനിന്നും ആരംഭിച്ച് ഇത്തിക്കരയാറു വരെ എത്തുന്ന ഒരു തോടുണ്ട്. കൈതക്കുഴി-ആദിച്ചനല്ലൂർ ഏലാകൾക്ക് ഒരുപോലെ പ്രയോജനമുള്ള തോടാണിത്. നെടുഞ്ചിറവാതുക്കൽ മുതൽ ഈ തോടിന്റെ അടിഭാഗത്ത് കോൺക്രീറ്റ് ഇട്ട് ഉയർത്തിയിരിക്കുന്നതിനാൽ താഴോട്ട് നീരൊഴുക്കില്ല.

ആദിച്ചനല്ലൂർ ഏലാ

ഈ ഗ്രാമപഞ്ചായത്തിലെ ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള ഏലായാണിത്. മൂന്നുപൂ കൃഷി ചെയ്തിരുന്ന ഏലായിൽ ഇപ്പോൾ രണ്ടുപൂപോലും കൃഷിചെയ്യാൻ കഴിയുന്നില്ല. ആറ്റിലെ ക്രമാതീതമായ മണൽവാരൽനിമിത്തം ഉപ്പുവെള്ളം കയറുന്നതുമൂലം നെടുഞ്ചിറവാതുക്കൽ ഇത്തിക്കരയാറ്റിൽ സ്ഥാപിച്ചിട്ടുള്ള പമ്പ്സെറ്റ് കൃഷിക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കൊല്ലം ജില്ലയിലെ ഏറ്റവും വലുതും 28 ഏക്കർ വിസ്തൃതിയുമുണ്ടായിരുന്ന കുണ്ടുമൺചിറ ഈ ഏലായുടെ ജലസേചനസൗകര്യത്തിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. ഇപ്പോൾ ആ ചിറ നികന്നും

ആഫ്രിക്കൻ പായൽമൂടിയും കിടക്കുന്നു. 50 ഹെക്ടർ വിസ്തീർണ്ണമുള്ള ആദിച്ചനല്ലൂർ പാങ്ങോട് ഏലാകൾക്ക് ഒരുപോലെ പ്രയോജനമുള്ളതും വൻതോതിൽ ജലസേചന സൗകര്യത്തിന് ഉപയോഗിക്കാവുന്നതുമായ ഈ ചിറയിൽ സ്ഥാപിച്ചിരുന്ന ഷട്ടറുകളും ഉപയോഗ ശൂന്യമായി.

വിത്തും വളവും യന്ത്രോപകരണങ്ങളും ഏലായിൽ എത്തിക്കാനുള്ള ഗതാഗതസൗകര്യം പരിമിതമാണ്. അശാസ്ത്രീയമായ മണൽവാരവും ചെളിയെടുപ്പും മൂലം ഈ ഏലായുടെ നല്ലൊരുഭാഗം കൃഷിയോഗ്യമല്ലാത്ത നീർക്കെട്ടുകളായി മാറിയിട്ടുണ്ട്. ഉപ്പുവെള്ളത്തിന്റെ ശല്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഏലായാണിത്. കുണ്ടുമൺചിറയടെ വികസനവും ഉപ്പ് വെള്ളംതടയുന്നതിനുള്ള അടിയന്തിരനടപടികളും ഈ ഏലായിലെ ഉല്പാദനക്ഷമതയ്ക്ക് അത്യാവശ്യമാണ്. മഴക്കാലത്ത് ഇത്തിക്കരയാറ്റിൽ നിന്നും ഏലായിൽ വെള്ളം കയറാതിരിക്കാൻ ബണ്ട് തീർത്തിരുന്നു. അത് മിക്കവാറും ഇടിഞ്ഞുനാശമായികിടക്കുന്നു.

യന്ത്രോപകരണങ്ങൾ ഏലായിൽ ഇറക്കാനുള്ള റാമ്പുകളുടെ പരിമിതി കൃഷിക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. ഇത്തിക്കരയാറ്റിൽ കൈതക്കുഴി ഭാഗത്തുള്ള 3 പുലിമുട്ടുകളും കൊഞ്ചിക്കടവിന് താഴ്വശത്തുള്ള പുലിമുട്ടുകളും റിപ്പയർ ചെയ്ത് ബലപ്പെടുത്തിയില്ലെങ്കിൽ അത് ഈ ഏലായിലെ കൃഷിനാശ ത്തിന് വഴിവയ്ക്കും.

പ്ലാക്കാട് ഏലാ

ഈ പഞ്ചായത്തിലെ ഏറ്റവും വിസ്തൃതി കുറഞ്ഞ ഏലായാണിത്. ഇപ്പോൾ 10 ഹെക്ടർ സ്ഥലത്തു മാത്രമാണ് കൃഷിചെയ്യുന്നത്. നിലം കുഴിച്ച് ചെളിയെടുത്തതുമൂലവും മണൽവാരൽമൂലവും ഈ ഏലാ കൃഷിയോഗ്യമല്ലാതായിത്തീർന്നിരിക്കുകയാണ്. ജലസേചനസൗകര്യമുണ്ടായാൽ ഈ ഏലായിൽ ഇരുപ്പൂകൃഷി ചെയ്യാവുന്നതാണ്. ഉപ്പുവെള്ളത്തിന്റെ ശല്യം ഈ ഏലായ്ക്കും വൻഭീഷണിയാണ്.

തഴുത്തല ഏലാ

വേനൽക്കാലത്ത് വെള്ളംകിട്ടാത്തതാണ് ഈ ഏലായുടെ പ്രധാനശാപം. ഈ ഏലായ്ക്ക് വെള്ളം കിട്ടത്തക്കവണ്ണം വെണ്മണിച്ചിറ, പുഞ്ചിരിച്ചിറ എന്നീ ജലസ്രോതസ്സുകളുണ്ട്. പക്ഷേ പ്രയോജനപ്പെടുത്തിയിട്ടില്ല. ഇരുപ്പൂകൃഷി ചെയ്തുവരികയാണ്. ജലസേചനസൗകര്യമുണ്ടെങ്കിൽ മൂന്നുപൂവ് കൃഷിചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കാം. ഏലായുടെ മദ്ധ്യഭാഗത്തുള്ള തോട് ഇപ്പോൾ നീരൊഴുക്കിന് സഹായകരമല്ല. നാഷണൽ ഹൈവേയ്ക്ക് തെക്കുള്ള പോളയിൽ ഏലാഏതാണ്ട് 20 ഹെക്ടർ നെൽവയൽ ഇരുപ്പൂവ് കൃഷി ചെയ്യുന്നു. ഏലായുടെ അരികിൽക്കൂടി ഇത്തിക്കരയാറ്റിലെത്തുന്ന തോട് ഉപയോഗശൂന്യമായ സ്ഥിതിയിലാണ്. വിത്തും വളവും യന്ത്രോപകരണങ്ങളും എത്തിക്കാനുള്ള സൗകര്യം ഈ പ്രദേശത്ത് പരിമിതമാണ്.

വട്ടക്കുളം- മൂഴിയിൽ ഏലാ

ഏകദേശം മുപ്പത് ഹെക്ടർ സ്ഥലമുള്ള ഈ പ്രദേ ശത്ത് 2 പൂ കൃഷി ചെയ്തിരുന്നു. ഉപ്പു വെള്ളം കയറു ന്നത് മൂലം ഇപ്പോൾ ഫലവത്തായി കൃഷി ചെയ്യാൻ സാധിക്കുന്നില്ല. ഇത്തിക്കരയാറിൽ നിന്നും വെള്ളം കയറുന്നത് തടയാൻ ആറ്റിന്റെ സൈഡുകൾ കെട്ടു കയും മൂഴിയിൽ കനാൽ ചിറ, കാഞ്ഞിരം കടവ് തോട് ആഴത്തിൽ കുഴിച്ച് വീതികൂട്ടി സൈഡ്വാൾ കെട്ടു കയും തോടിന്റെ അറ്റത്തായി കാഞ്ഞിരം കടവിലുള്ള പാലം ജലഗതാഗതത്തിനും വെള്ളം കയറിയിറങ്ങി പോകാൻ തരത്തിലുള്ള ഷട്ടർ സ്ഥാപിച്ചു പുതുക്കി പണിയുകയും അതുവഴി കൃഷിക്ക് സഹായക മാകുകയും ചെയ്യാൻ സാധിക്കും. 2 പൂ എന്നത് 3 പൂ ആക്കി മാറ്റുന്നതിനും ബാക്കിയുള്ള ഭാഗത്ത് മത്സ്യകൃഷിക്ക് ഉപയോഗിക്കുന്നതിനും സാധിക്കും.

പോളയിൽ ഏലാ :

മൈലക്കാട് എൻ. എച്ച്. കലുങ്ങിന് തെക്കോട്ടുള്ള 20 ഹെക്ടർ വരുന്ന ഏലയാണിത്. തഴുത്തല നിന്നും വരുന്ന തോട് മുന്നാറ്റും മുക്ക് വരെ ആഴത്തിൽ കുഴിച്ച് രണ്ട് വശവും കെട്ടി എല്ലാ സമയത്തും ജലലഭ്യത ഉറപ്പു വരുത്തിയാൽ 3 പൂ കൃഷി ഫലപ്രദമായി ചെയ്യുന്നതിന് സാധിക്കും. ഉപ്പ് വെള്ളം തടയുന്നതിന് തോടിന്റെ യുക്തമായ ഭാഗത്ത് ചീപ്പ് ഇടുന്നതിനും അതുവഴി വെള്ളം നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കണം.

ഇത്തിക്കര ഏലാ

ഇത്തിക്കര മുതൽ വട്ടക്കായൽ വരെ. വ്യാപിച്ചുകിടക്കുന്ന അതിവിപുലമായ ഏലായാണിത്. കൃഷി യോഗ്യമായ നിലങ്ങളും നിലം നികത്തി തെങ്ങ് വച്ച ഭാഗങ്ങളുമാണുള്ളത്. അശാസ്ത്രീയമായ ചെളിയെടുപ്പും മണൽവാരലും മൂലം കൃഷി ഭാഗികമായെ നടക്കുന്നുള്ളു. ഈ പ്രദേശം സംരക്ഷിക്കുകയും ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്താൽ നെൽക്കൃഷിക്കും, മത്സ്യക്കൃഷിക്കും, വാഴക്കൃഷിക്കും അനുയോജ്യമായ പ്രദേശമാണ്. തഴുത്തലതോട് മൂന്നാറ്റുംമുക്ക് അവസാനിക്കുന്ന ഭാഗം വരെ ആഴത്തിൽ കുഴിച്ച് സൈഡുകൾ കെട്ടി ജല ലഭ്യതയും നിയന്ത്രണവും ഉറപ്പാക്കണം. തഴുത്തല തോടിന്റെ ജലലഭ്യതയ്ക്കായി തോട് അവസാനിക്കുന്ന മൂന്നാറ്റുംമുക്കിന് സമീപം പ്രവർത്തിച്ചിരുന്ന പമ്പ് ഹൗസിന്റെ പ്രയോജനം വിലയിരുത്തി പുനരുജ്ജീവിപ്പിക്കാവുന്നതാണ്. കൂടാതെ മൈലക്കാട് എൻ. എച്ച് കലുങ്ക് മുതൽ മൂന്നാറ്റു മുക്ക് വരെയുള്ള തോടിനോട് ചേർന്ന് ഒരു ബണ്ട് റോഡ് സ്ഥാപിക്കുകയും ചെയ്യണ്ടത് അത്യാവശ്യമാണ്. ഇത് കൃഷി സാധനങ്ങൾ കൊണ്ടു പോകുന്നതിനും കൃഷി യുടെ വികസനത്തിനും വളരെയധികം പ്രയോജനപ്രദമാണ്.

പച്ചക്കറികൃഷി

പച്ചക്കറികൃഷിക്ക് വിപുലമായ സാദ്ധ്യതയുള്ള ഗ്രാമമാണിത്. ഗ്രാമവാസികളുടെ 95% വും പച്ചക്കറിക്ക് മാർക്കറ്റുകളെ സമീപിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. വളരെ പരിമിതമായി മാത്രം ചില കർഷകർ പച്ചക്കറി കൃഷി ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഈ കൃഷിക്ക് തടസ്സമായിട്ടുള്ളത്. ജലസേചനസൗകര്യം ഉണ്ടായാൽ കരയിലും നെൽവയലുകളിൽ മൂന്നാംവിളയായും പച്ചക്കറികൃഷി ചെയ്യാവുന്നതാണ്. ആവർത്തനക്കൃഷി കൊണ്ട് പെരുകിയിട്ടുള്ള കീടങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനും മനുഷ്യന്റെ വളർച്ചയ്ക്കും ആരോഗ്യത്തിനും ആവശ്യമായ പോഷകമൂല്യങ്ങൾ ലഭിക്കുന്നതിനും ഇതുപകരിക്കും. കൃഷിഭവനും, സഹകരണസ്ഥാപനവും പഞ്ചായത്തും സംയുക്തമായി ഒരു ജനകീയ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്.

വളം

ജൈവവളങ്ങൾ മാത്രമാണ് ആദ്യകാലത്ത് കൃഷിക്കാർ വ്യാപകമായി ഉപയോഗിച്ചിരുന്നത്. എന്നാൽ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ആവിർഭാവത്തോടുകൂടി രാസവളങ്ങളുടെ ഉപയോഗം കൂടുതലായി. ഇപ്പോൾ ജൈവവള പ്രയോഗം ഏതാണ്ട് ഉപേക്ഷിച്ച മട്ടാണ്. ജൈവവളങ്ങളുടെ ഉല്പാദനവും വളരെ കുറവാണ്. രാസവളങ്ങളുടെ ശാസ്ത്രീയമല്ലാത്ത ഉപയോഗം മണ്ണിന്റെ ഫലപുഷ്ടിയെ സാരമായി ബാധിച്ചിട്ടുണ്ട്. മണ്ണു പരിശോധനയുടെ അടിസ്ഥാന ത്തിനുള്ള രാസവള പ്രയോഗം നടത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഈ ഗ്രാമപഞ്ചായത്തിൽ സഹകരണ മേഖലയിൽ മൂന്നും സ്വകാര്യമേഖലയിൽ ഒന്നും രാസവിള വില്പന കേന്ദ്രങ്ങളുണ്ട്.

രാസവളത്തിന്റെ ഉപയോഗം

പട്ടിക 5

(വളം ഡിപ്പോ രേഖകൾ)

സ്ഥാപനം	1993-94	1994-95	1995-96
സഹകരണമേഖല	94 ടൺ	98 ടൺ	144 ടൺ
സ്വകാര്യമേഖല	53 ടൺ	73 ടൺ	92 ടൺ

കീടനാശിനി

അത്യുല്പാദനശേഷിയുള്ള വിത്തുകൾ ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിച്ചതിനോടൊപ്പംതന്നെ രോഗകീടബാധയും വർദ്ധിച്ചിട്ടുണ്ട്. നെൽക്കൃഷിയിൽ കുലവാട്ടം, പോളരോഗം, ഇലപ്പുള്ളിരോഗം, എന്നീരോഗങ്ങളും ഗാളീച്ച, ചാഴി, കുഴൽപ്പുഴു, തണ്ടുതുരപ്പൻ, ഇലചുരുട്ടിപ്പുഴു എന്നിവയും കാണുന്നു. തെങ്ങുകൃഷിയെ ബാധിക്കുന്ന പ്രധാനരോഗങ്ങൾ നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ.? വാഴയ്ക്ക് മണ്ടയടപ്പു രോഗവും കുരുമുളകിന് വാട്ടരോഗവും മരച്ചീനിയ്ക്ക് മൊസയിക്ക് രോഗവും വ്യാപകമായുണ്ട്.

ഈ രോഗങ്ങൾ തടയാൻ കീടനാശിനികൾ വ്യാപകമായി ഉപയോഗിക്കുന്നു. കീടനാശിനികൾ ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻ കരുതലുകളോ ശാസ്ത്രീയമായ കീടനാശിനി പ്രയോഗമോ

കാണുന്നില്ല. ഇക്കാര്യത്തിൽ കൃഷിക്കാരുടെ അറിവില്ലായ്മയാണ് പ്രധാനകാരണം. കീടനാശിനിയുടെ ഉപയോഗം സംബന്ധിച്ച വിശദവിവരങ്ങൾ പട്ടിക - 6 ൽ കാണിച്ചിരിക്കുന്നു.

പട്ടിക - 6

കീടനാശിനിയുടെ ഉപയോഗം

അവലംബം : കീടനാശിനിവില്പനകേന്ദ്രങ്ങളിലെ രേഖകൾ

മേഖല	1993-94		1994-95		1995-96	
	ദ്രവം (ലിറ്റർ)	ഖരം (കി.ഗ്രാം.)	ദ്രവം (ലിറ്റർ)	ഖരം (കി.ഗ്രാം.)	ദ്രവം (ലിറ്റർ)	ഖരം (കി.ഗ്രാം.)
സഹകരണമേഖല	850	300	1012	413	530	112
സ്വകാര്യമേഖല	330	285	210	185	420	218

കൂലി - സേവന വ്യവസ്ഥകൾ

ഈ ഗ്രാമപഞ്ചായത്തിൽ 8443 കുടുംബങ്ങൾ ഉള്ളതിൽ കർഷകത്തൊഴിലാളി രംഗത്ത് പണിയെടുക്കുന്നത് വെറും 1802 പുരുഷന്മാരും 227 സ്ത്രീകളുമാണ്. ഈ പഞ്ചായത്തിലെ കൃഷിക്ക് ഇത്രയും തൊഴിലാളികൾ അപര്യാപ്തമാണ്. വിദ്യാഭ്യാസപരമായ സമൂഹത്തിന്റെ ഉയർച്ചയും ഇഷ്ടിക, ഓട്വ്യവസായം, മണൽവാരൽ, കശുവണ്ടിവ്യവസായം തുടങ്ങിയ വർദ്ധിച്ച കൂലിനിരക്കിൽ മേഖലയോടുള്ള തൊഴിലാളികളുടെ ആഭിമുഖ്യം എന്നിവയാണ് കർഷക തൊഴിലാളികളുടെ എണ്ണത്തിൽ ഇത്രയും വലിയ കുറവ് സംഭവിച്ചിട്ടുള്ളത്. കൂലിസേവന വ്യവസ്ഥകൾ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടിക - 7 ൽ കാണിച്ചിരിക്കുന്നു.

പട്ടിക - 7

കൂലി-സേവനവ്യവസ്ഥകൾ

1992		1993		1994		1995		1996	
പുരുഷൻ രൂ.	സ്ത്രീ രൂ.	പുരുഷൻ രൂ.	സ്ത്രീ രൂ.	പുരുഷൻ രൂ.	സ്ത്രീ രൂ.	പുരുഷൻ രൂ.	സ്ത്രീ രൂ.	പുരുഷൻ രൂ.	സ്ത്രീ രൂ.
50	45	60	55	70	60	80	65	100	75

യന്ത്രവൽക്കരണം

മേൽപറഞ്ഞസാഹചര്യത്തിൽ ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗം അനിവാര്യമായി തീർന്നിരിക്കുന്നു.

പട്ടിക - 8

നിലവിലുള്ള കാർഷികോപകരണങ്ങൾ

അവലംബം : കൃഷിഭവൻരേഖ

ക്രമ നമ്പർ	ഇനം	എണ്ണം
1.	ട്രാക്ടർ	1
2.	ട്രില്ലർ	4
3.	നാടൻകലപ്പ	280
4.	റോക്കർ സ്പ്രേയർ	18
5.	നാപ്സാക്ക് സ്പ്രേയർ	33
6.	പാറ്റുയന്ത്രം	1
7.	തെങ്ങുകയറ്റയന്ത്രം	2

കാർഷിക വായ്പ സൗകര്യങ്ങളും വിപണനവും

ശാസ്ത്രിയമായ കൃഷിരീതി അംവലംബിച്ച് പുതിയ ഇനം വിത്തുകളുപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതരത്തിൽ കൃഷിയിറക്കുന്നതിന് കർഷകരുടെ വായ്പാസൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ കൃഷിക്കാർക്ക് വായ്പ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ ആദിച്ചനല്ലൂർ ഫാർമേഴ്സ് സഹകരണബാങ്ക്, ആദിച്ചനല്ലൂർ കാനറാ ബാങ്ക്, കൊട്ടിയം യൂണിയൻ ബാങ്ക് എന്നിവയാണ്.

ഇപ്പോൾ ഏക്കറിന് പതിനായിരം രൂപയും ഒരാൾക്ക് ഏറ്റവും കൂടുതൽ 25,000 രൂപവരെയുമാണ് വായ്പ കൊടുക്കുന്നത്. എന്നാൽ വർദ്ധിച്ച കൃഷിച്ചെല

വിന്റെയും കൂലി നിരക്കിന്റെയും സാഹചര്യത്തിൽ മേൽപ്പറഞ്ഞ വായ്പ തുകയുടെ പരിധി വർദ്ധിപ്പിക്കേണ്ടതുണ്ട്. കാർഷിക വായ്പയ്ക്ക് ഏർപ്പെടുത്തിയിരുന്ന പലിശ സബ്സിഡി നിറുത്തലാക്കിയത് കാർഷിക വായ്പ എടുക്കുന്നതിൽനിന്നും കർഷകരെ പിൻതിരിപ്പിക്കുന്നു.

വർദ്ധിച്ച നിരക്കിൽ പണം മുടക്കി ഉൽപാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ ഈ ഗ്രാമത്തിൽ ഇല്ല. തൽഫലമായി കൃഷിക്കാരന് ന്യായമായ വിലകിട്ടുന്നില്ല. പഞ്ചായത്ത് ടിസ്ഥാനത്തിൽ കാർഷികോൽപ്പന്നങ്ങൾ ശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന ഒരു സഹകരണസ്ഥാപനത്തിന്റെ അഭാവം മൂലമാണ് ഇത് സംഭവിക്കുന്നത്.

മണ്ണ് ജലസംരക്ഷണം

കുമ്മല്ലൂർ, മൈലക്കാട്, തഴുത്തല പ്രദേശങ്ങളുടെ ചില ഭാഗങ്ങൾ കുന്നും ചരുവുകളുമുള്ള പ്രദേശമാണ്. മഴവെള്ളം കുത്തിയൊലിച്ച് കൃഷിഭൂമി നശിക്കുകയും മണ്ണിന്റെ വളക്കൂർ നഷ്ടപ്പെടുകയും ചെയ്യുന്നു. ഇവിടത്തെ വിളകളുടെ ഉല്പാദനത്തെ ഇത് സാരമായി ബാധിക്കുന്നു. പണ്ട് മുതലേ അതിരുകൾ വെട്ടിയും അതിരുകളിൽ മരങ്ങൾ, പുല്ല് ഇവ നട്ടു പിടിപ്പിച്ചും മണ്ണൊലിപ്പ് തടഞ്ഞ് വന്നിരുന്നു.

കൃഷിഭവൻ

കൃഷിഭവന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ പരിമിതമാണ്. ജീവനക്കാരുടെ കുറവ് ഇതിനൊരു പ്രധാന കാരണമാണ്. പദ്ധതികളുടെ നടത്തിപ്പിലും മറ്റുമാണ്. കൃഷിഭവൻ ഉദ്യോഗസ്ഥൻമാർ കര്യമായി ശ്രദ്ധിക്കുന്നത് എന്നാൽ കർഷകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും അവരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് പ്രശ്നങ്ങൾ പഠിക്കാനും പരിഹാരം നിർദ്ദേശിക്കാനും അതുവഴി കർഷകനെ കൃഷിയെ സംബന്ധിച്ച് കൂടുതൽ അറിവ് പകർന്ന് കൊടുക്കാനും കഴിയുന്നില്ല.

പ്രകൃതിക്ഷോഭം

വെള്ളപ്പൊക്കവും വരൾച്ചയും നിമിത്തം ഈ ഗ്രാമ പഞ്ചായത്തിൽ വൻതോതിൽ കൃഷിനാശം സംഭവിക്കു ന്നുണ്ട്. നാശത്തിന്റെ തോതിന് ആനുപതികമായ യാതൊരു ആശ്വാസ നടപടികളും കൃഷിക്കാരന് ലഭിക്കുന്നില്ല. കൃഷിഡിപ്പാർട്ടുമെന്റ് വഴി കൃഷിനാശ ത്തിന് കർഷകന് കൊടുക്കുന്ന പ്രതിഫലം തീരെ അപര്യാപ്തമാണ്.

ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചുമാത്രം കൃഷി ചെയ്യുന്ന ഈ ഗ്രാമപഞ്ചായത്തിൽ ആണ്ടിൽ രണ്ടു പ്രാവശ്യമാണ് പ്രധാനമായും മഴ ലഭിക്കുന്നത്. ഇടവപ്പാതി എന്നപേരിൽ അറിയപ്പെടുന്ന കാലവർഷം ജൂൺ മുതൽ ആഗസ്റ്റുവരെയാണ്. ഫെബ്രുവരി പകുതിക്കുശേഷം രണ്ടോ മൂന്നോ മഴയും ലഭിക്കാറുണ്ട്. ഇത്തിക്കരയാറ്, പള്ളിമൺ ആറ് എന്നീ രണ്ടു നദികളും കുളങ്ങളും ചിറകളും ഊറ്റുകുഴികളും ഉള്ള ഈ പഞ്ചാ യത്ത് ജലസേചനത്തിന് വിപുലമായ സാദ്ധ്യത കളുള്ളതാണ്. കാര്യമായ ഒരു ജലസേച നപദ്ധതിയും ഇപ്പോൾ നിലവിലില്ല. ഉണ്ടായിരുന്നവ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഈ ജലസ്രോതസ്സുകളിൽ നിന്നും പാടശേഖരങ്ങളിലേക്കുംമറ്റും വെള്ളം ഒഴുക്കുന്നതിനുള്ള തോടുകൾ മിക്കതും ഉപയോഗശൂന്യമായ സ്ഥിതിയിലാണ്. മൊത്തം കൃഷിസ്ഥലത്തിന്റെ 30% -ത്തിൽപ്പോലും ജലസേചന സൗകര്യമില്ല.

കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി ഈ ഗ്രാമപഞ്ചായത്തിന്റെ പലഭാഗങ്ങളിലും അതിന്റെ കനാലുകൾ രൂപംകൊണ്ടിട്ടുണ്ട്. എന്നാൽ അതിന്റെ പണി പൂർത്തിയാക്കാത്തതുമൂലം ഈ ഗ്രാമപഞ്ചായത്തിലെ കൃഷിക്കാർക്ക് ഇതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഈ ഗ്രാമപഞ്ചായത്തിലെ നെൽവയലുകൾക്കും കരഭൂമികൾക്കും നല്ല രീതിയിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. ഇതിന്റെ പണി എത്രയും വേഗം പൂർത്തിയാക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതോടൊപ്പം പൂർത്തീകരിക്കപ്പെട്ട കനാലിലൂടെ വെള്ളം തുറന്നുവിട്ടാൽ കൃഷിക്കും കുടിവെള്ളത്തിനും ഒട്ടേറെ ഉപകാരപ്രദമാകും.

ഈ ഗ്രാമപഞ്ചായത്തിൽ മൊത്തം 3062 കിണറുകളുള്ളതിൽ 1025 എണ്ണം വേനൽക്കാലത്ത് വറ്റുന്നവയാകയാൽ ജലസേചനത്തിന് അവ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഈ പഞ്ചായത്തിലെ ജലസ്രോതസ്സുകളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക - 9 ൽ ചേർത്തിരിക്കുന്നു.

ഇതുകൂടാതെ ജലസേചനത്തിന് പ്രയോജനപ്പെടുത്താവുന്ന ഊറ്റുകുഴികളാണ് താഴെപ്പറയുന്നവ.

1. കാരുവിളത്തൊടി
2. പനമ്പിലാവിൽ
3. മൂന്നാറ്റിൻമുക്ക്
4. മണ്ണാൻതോടിനുമുകളിൽ
5. കുത്തുകുഴി

പട്ടിക - 9

ജലസ്രോതസ്സുകൾ

(വില്ലേജാഫീസ് രേഖകളിൽനിന്ന്)

പുഴ		ചിറ, കുളം		പൊതുകിണർ	കിണർ	കുഴൽകിണർ
പേര്	വിസ്തീർണ്ണം	പേര്	വിസ്തീർണ്ണം			
ഇത്തിക്കരയാറ് പള്ളിമൺ ആറ്	47.5 ഏക്കർ	കുണ്ടുമൺചിറ വെണ്മണിചിറ പുഞ്ചിരിക്കുളം മുഴുവക്കോണം മൂഴിയിൽചിറ	31.43 ഏക്കർ	55	3062	1

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന കാർഷികവികസന പദ്ധതികൾ

8-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഈ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കിയതുമായ പ്രധാന കാർഷിക വികസന പദ്ധതികൾ താഴെ ചേർക്കുന്നു.

നെല്ലിന് ഗ്രൂപ്പ്ഫാമിംഗ് പദ്ധതി
രാസവള സബ്സിഡി
ഉൽപ്പാദനബോണസ് - എന്നിവ

തെങ്ങിന് സമഗ്രനാളീകേര വികസനപദ്ധതി, കണിക ജലസേചനപദ്ധതി ഇവ രജിസ്ട്രേഡ് ഗ്രൂപ്പ്ഫാമിംഗ് സമിതികൾ മുഖേനയും കേരസംരക്ഷണസമിതികൾ കേരവികസനസമിതികൾ എന്നിവ മുഖേനയും നടപ്പിലാക്കിവരുന്നു.

ഇവകൂടാതെ സമഗ്രസുഗന്ധവിള വികസന പദ്ധതി പച്ചക്കറി വികസനപദ്ധതി ഫലവൃക്ഷക്കൃഷി വികസന പദ്ധതി, കശുമാവ് വികസന പദ്ധതി, പയർവർഗ്ഗ വികസന പദ്ധതി, കിഴങ്ങുവർഗ്ഗ വികസനപദ്ധതി എന്നിവയും വിവിധവിളകളുടെ വികസനത്തിനായി നടപ്പിലാക്കിവരുന്നു.

ഇവകൂടാതെ ബയോഗ്യാസ് വികസനപദ്ധതി, മണ്ണു പരിശോധനാ പദ്ധതി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, വിള ഇൻഷുറൻസ് പദ്ധതി, ജൈവവളവികസന പദ്ധതി, വിത്തുൽപ്പാദനപരിപാടി, രാസവള,കീട നാശിനി ഗുണനിയന്ത്രണപദ്ധതി, യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി എന്നിവ.യും നടപ്പിലാക്കി വരുന്നു.

പട്ടികജാതിക്കാരുടെ കാർഷികോന്നമനത്തിനായി പ്രത്യേക ഘടകപദ്ധതിയും നടപ്പിലാക്കിവരുന്നു. ഇവ കൂടാതെ പൊതുജനപങ്കാളിത്തത്തോടെ കർഷക ദിനാചരണവും, സെമിനാറുകളും ചർച്ചാക്ലാസ്സുകൾ വിളമത്സരങ്ങൾ എന്നിവയും നടത്തിവരുന്നു.

പ്രശ്നങ്ങൾ

1. അശാസ്ത്രീയമായ മണ്ണ്, ജലസംരക്ഷണം, നിലംകുഴിപ്പ്, നികത്തൽ, മണൽവാരൽ, വരൾച്ച, വെള്ളപ്പൊക്കം, ഉപ്പുവെള്ളംകയറി കൃഷിനശിക്കൽ, പുഴയുടെ തീരങ്ങൾ ഇടിയൽ.
2. തെങ്ങിനെ ബാധിച്ചിരിക്കുന്ന പലവിധ രോഗങ്ങൾ. തന്മൂലം സംഭവിക്കുന്ന ഉൽപ്പാദനക്കുറവ്, അശാസ്ത്രീയമായ സസ്യസംരക്ഷണം, അന്തരീക്ഷമലിനീകരണം എന്നിവ.
3. കൃഷിയോഗ്യമായ തരിശുഭൂമിയുടെ ലഭ്യതയും കശുമാവ് വെട്ടിമാറ്റി റബ്ബർ കൃഷിനടത്തുന്ന പ്രക്രിയയും.
4. ജലസേചന, ജലനിർഗ്ഗമനത്തിന്റെ വർദ്ധിച്ച അപര്യാപ്തത, പ്രകൃതിക്ഷോഭം.
5. മരച്ചീനിക്കൃഷി ഗണ്യമായിക്കുറയാൻ കാരണമായ വൻതോതിലുള്ള എലിശല്യം.
6. തൊഴിലാളികളുടെ ദൗർലഭ്യവും വർദ്ധിച്ച കൂലിനിരക്കും. യന്ത്രോപകരണങ്ങളുടെ ലഭ്യതക്കുറവും.

7. ഏലാകളിൽ കൃഷിസാധനങ്ങളും യന്ത്രോപകരണങ്ങളും എത്തിക്കുന്നതിനും വിളവെടുത്തു കൊണ്ടുപോകുന്നതിനും മതിയായ യാത്രാസൗകര്യങ്ങളുടെ അഭാവം.
8. രാസവളത്തിന്റെ വർദ്ധിച്ചവില.
9. വായ്പ ലഭിക്കുന്നതിൽ കർഷകർക്ക് നേരിടുന്ന പലവിധ അസൗകര്യങ്ങൾ.
10. കാർഷികോൽപ്പന്നങ്ങളുടെ വിപണനസൗകര്യങ്ങളുടെ അഭാവം.
11. വിത്തിനങ്ങളുടെ യഥാവസരത്തിലുള്ള ലഭ്യതക്കുറവ്.
12. പച്ചക്കറികളുടെ വർദ്ധിച്ച ഉപഭോഗവും ഉൽപ്പാദനക്കുറവും.
13. ഇടവിളക്കൃഷികളുടെ കുറവ്.
14. നവീനകൃഷിസംരഭങ്ങളുടെ അഭാവം.
15. കൃഷിയുമായി ബന്ധപ്പെട്ട കുടിൽവ്യവസായങ്ങൾ ഇല്ലാത്തതുമൂലം അനുഭവപ്പെടുന്ന തൊഴിലില്ലായ്മ.
16. നിലവിലുള്ള കർഷകസമിതികളുടെ പ്രവർത്തനത്തിന്റെ പോരായ്മ.
17. കേരകർഷകർക്ക് ജലസേചനോപാധികൾ സബ്സിഡിനിരക്കിൽ വിതരണം ചെയ്യുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന വർദ്ധിച്ച ഭൂപരിധി.
18. കൃഷിഭവന്റെ പ്രവർത്തനത്തിലുള്ള അപര്യാപ്തത.

നിർദ്ദേശങ്ങൾ

1. നിലംകുഴിച്ച് ചെളിയെടുക്കുന്നതും നിലംനികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും നിലത്തിൽ നിന്നും മണൽവാരുന്നതും നിയമംമൂലം നിരോധിക്കണം. ആദിച്ചനല്ലൂർ ഗ്രമപഞ്ചായത്ത് അതിർത്തിയിൽ ഇത്തിക്കരയാറ്റിലേയും പള്ളിമൺ ആറ്റിലേയും മണൽവാരൽ 10 വർഷത്തേക്ക് മാറ്റിവയ്ക്കുക.
2. ഉപ്പുവെള്ളംകയറി കൃഷിനശിക്കുന്നതിനും കട്ടച്ചൽ ശുദ്ധജലവിതരണപദ്ധതിയിൽക്കൂടി ഉപ്പുരസമില്ലാത്ത കുടിവെള്ളം കിട്ടുന്നതിനും കട്ടച്ചൽ പമ്പുഹൗസിന് 10 മീറ്റർ താഴേയും ഇത്തിക്കര പാലത്തിന് സമീപവും മാമൂട്ടിക്കടവിലും ഓരോ ചെക്ക്ഡാം സ്ഥാപിക്കുക.
3. നീർമറി അടിസ്ഥാനത്തിലുള്ള മണ്ണ്,ജല സംരക്ഷണപ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുക.
4. ജൈവവളത്തിന്റെ ഉൽപാദനവും ഉപയോഗവും വർദ്ധിപ്പിക്കുക. അതിന് പൊതുമാർക്കറ്റിൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കമ്പോസ്റ്റ് ഉൽപാദനം നടത്തണം. വ്യക്തികൾ കമ്പോസ്റ്റ് ഉൽപാദിപ്പിക്കുന്നതിനുള്ള ഒരു തീവ്രയജ്ഞ പരിപാടി നടപ്പിലാക്കണം. പച്ചിലവളവിത്തുകൾ കർഷകർക്ക് സബ്സിഡിനിരക്കിൽ ലഭ്യമാക്കണം. ആവർത്തനക്കൃഷിയിൽ പയർവർഗ്ഗങ്ങൾ ഉൾപ്പെടുത്തണം. ഇതിനായി പയർവർഗ്ഗങ്ങളുടെ വിത്ത് സൗജന്യനിരക്കിൽ വിതരണംചെയ്യണം.
5. ശാസ്ത്രീയ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗത്തിനായി വർഷത്തിൽ രണ്ടുതവണ സഞ്ചരിക്കുന്ന മണ്ണുപരിശോധനാശാലയുടെ സേവനം ലഭ്യമാക്കണം.
6. ഈ ഗ്രാമപഞ്ചായത്തിലെ ഇത്തിക്കരയാറിന്റെ തീരംമുഴുവനും പാറകെട്ടി സംരക്ഷിക്കണം.
7. കാറ്റുവീഴ്ചമൂലം കായ്ഫലം തീരെയില്ലാത്ത തെങ്ങുകൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ മുറിച്ചുമാറ്റുകയും, പകരം അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുകയും വേണം.
8. എല്ലാവിളകൾക്കും വിശിഷ്യാ തെങ്ങിന് ശാസ്ത്രീയമായ രീതിയിൽ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു സ്പ്രേയിംഗ് സ്ക്വാഡ് രൂപീകരിക്കുകയും അതേ അംഗങ്ങൾക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം കൊടുക്കുകയും ആവശ്യമുള്ള ഉപകരണങ്ങൾ സൗജന്യമായി വാങ്ങിക്കൊടുക്കുകയും ചെയ്യണം. ആദിച്ചനല്ലൂർ അഗ്രോസർവ്വീസ് സെന്ററിന്റേയും കൊട്ടിയം വെണ്മണിച്ചിറ പട്ടികജാതിപട്ടികവർഗ്ഗ സൊസൈറ്റിയുടേയും സേവനംകൂടി ഇതിന് പ്രയോജനപ്പെടുത്തണം. ജൈവകീടനാശിനികളുടെ ഉപയോഗം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം.
9. കൃഷിക്കുപയോഗിക്കാവുന്ന തരിശുഭൂമിയിൽ ഏറിയ ഭാഗവും വെള്ളക്കെട്ടുള്ള പ്രദേശങ്ങളാണ്. 6,11,12 മണ്ഡലങ്ങളിലെ ഈ തരത്തിലുള്ള സ്ഥലങ്ങൾ ബണ്ട്കെട്ടി നെൽകൃഷിക്ക് ഉപയോഗ

പ്പെടുത്താവുന്നവ ആ തരത്തിലും മറ്റ് സ്ഥലങ്ങൾ മത്സ്യം വളർത്തുന്നതിനും ഗ്രാമപഞ്ചായത്തിലുട നീളമുള്ള മറ്റ് പ്രദേശങ്ങളിൽ കശുമാവ് കൃഷിനടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

10. ഈ ഗ്രാമപഞ്ചായത്തിൽ നെൽകൃഷിക്കാണ് കൂടുതൽ ജലദൗർലഭ്യം അനുഭവപ്പെടുന്നത്. ഇത് പരിഹരിക്കുന്നതിന് താഴെപ്പറയുന്നവ നടപ്പിലാക്കണം.

കട്ടച്ചൽ ഏലായുടെ ഇരുവശവുമുള്ള തോടുകൾ വൃത്തിയാക്കുക. തോട്ടിൽനിന്നും ഏലായിലേക്ക് വെള്ളം ഒഴുകുന്ന ഭാഗങ്ങൾ അടച്ച് വൃത്തിയാക്കുക. മിയ്യണ്ണൂർ ഭാഗത്ത് ഇപ്പോൾ നിലവിലുള്ള കുളത്തിലെ വെള്ളം ഈ ഏലായ്ക്കുകൂടി ഉപയോഗപ്പെടുത്താൻ കഴിയണം. അല്ലാത്തപക്ഷം ഏലായുടെ തലയ്ക്കൽ പുതിയ തലച്ചിറ നിർമ്മിച്ച് ജലലഭ്യത ഉറപ്പാക്കണം.

കുമ്മല്ലൂർ ഏലായ്ക്ക് നടുവിൽക്കൂടിയുള്ള തോട് കുഴിച്ച് സൈഡ്വാൾകെട്ടി സംരക്ഷിക്കണം. ഇരുവശവുമുള്ള കരത്തോടുകളും കുഴിച്ച് വൃത്തിയാക്കണം. ഏലായുടെ നടുവിൽക്കൂടി പാറകെട്ടി ബലപ്പെടുത്തിയിരുന്ന നടപ്പാതയുടെ ഇടിഞ്ഞുപോയ ഭാഗം അടിയന്തിരമായി കെട്ടി ബലപ്പെടുത്തണം. ഏലായുടെ താഴെ മൂഴിയിൽ ഭാഗത്ത് തോട്ടിലിട്ടിരിക്കുന്ന പൈപ്പ് നീക്കം ചെയ്ത് കലുങ്ക് കെട്ടി വെള്ളം ഒഴുകിപ്പോകാൻ സൗകര്യമുണ്ടാക്കണം.

കരിക്കോട് ഏലായുടെ ഇരുവശവുമുള്ള കരത്തോടുകൾ കുഴിച്ച് വൃത്തിയാക്കണം. ഒപ്പം സൈഡ്വാൾ കെട്ടി സംരക്ഷിക്കണം. ഈ ഏലായിൽ വെള്ളം എത്തിക്കാൻ ഇത്തിക്കരയാറ്റിൽ സ്ഥാപിച്ചിരുന്ന പമ്പുസെറ്റിന്റെ പ്രവർത്തനം പുനഃരാരംഭിക്കണം.

കൈതക്കുഴി ഏലായിൽ ഇപ്പോഴുള്ള തലച്ചിറയുടെ ആഴംകൂട്ടി പമ്പുസെറ്റ് സ്ഥാപിക്കണം. തോടു വൃത്തിയാക്കുകയും നെടുഞ്ചിറ വാതുക്കൽ തോടിന്റെ അടിഭാഗത്തുള്ള കോൺക്രീറ്റ് മാറ്റി കുഴിച്ച് വൃത്തിയാക്കുകയും. ഉപതോടുകളും കുഴിച്ച് വൃത്തിയാക്കണം.

ആദിച്ചനല്ലൂർ പാങ്ങാട്ട് ഏലാകളുടെ ജലസേചനത്തിനായി കുണ്ടുമൺചിറ ആഴംകൂട്ടി വൃത്തിയാക്കണം. രണ്ടേലായ്ക്കും വെള്ളം തിരിച്ചുവിടുന്നതിന് സ്ഥാപിച്ചിരുന്നതും നശിച്ചുപോയതുമായ ഷട്ടറുകൾ ശരിയാക്കണം. ആദിച്ചനല്ലൂർ ഏലായിലേക്ക് വെള്ളം തിരിച്ചുവിടുന്നതിന് ഉപയോഗിക്കുന്ന കിണറിന്റെ ലീക്ക് അടച്ച് ശരിയാക്കണം. ചിറയിൽനിന്നും ആദിച്ചനല്ലൂർ ഏലായിലേക്ക് വെള്ളം തിരിച്ചുവിടുന്ന തോടു കുഴിച്ച് സൈഡ്വാൾകെട്ടി സംരക്ഷിക്കണം. നെടുഞ്ചിറ വാതുക്കൽ സ്ഥാപിച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ നിലവിലുള്ള മോട്ടോറുകൾ മാറ്റി 70 H.P മോട്ടോർ സ്ഥാപിക്കണം. ഈ ലിഫ്റ്റ് ഇറിഗേഷൻവഴി ഏലായിലേക്ക് വെള്ളം തിരിച്ചുവിടുന്ന തോട് ഇത്തിക്കരവരെ നീട്ടി സൈഡുകൾ കെട്ടുകയും ഇപ്പോൾ തോട്ടിലുള്ള ലീക്കുകൾ അടച്ച് സംരക്ഷിക്കുകയും വേണം.

പ്ലാക്കാട് ഏലായുടെ ജലസേചനസൗകര്യത്തിനായി മുറിവാതുക്കൽ ഒരു പമ്പുസെറ്റ് സ്ഥാപിക്കണം. കുണ്ടുമൺചിറയുടെ സമീപത്തുകൂടിയുള്ള കല്ലടപ്പദ്ധതിയുടെ കനാലിൽനിന്ന് കുണ്ടുമൺ ചിറയിൽ വെള്ളം സംഭരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം.

കല്ലടജലസേചനപദ്ധതി ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ നെൽക്കൃഷിക്കും കരക്കൃഷിക്കും ഒരുപോലെ പ്രയോജനമുള്ളതാകയാൽ അതിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കണം.

ഇത്തിക്കരയാറ്റിൽ കൈതക്കുഴി ഭാഗത്തുള്ള 3 പുലിമുട്ടുകളുടെയും കൊഞ്ചിക്കടവിന് താഴെയുള്ള പുലിമുട്ടിന്റെയും അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്തണം.

തഴുത്തല ഏലായുടെ ജലസേചനസൗകര്യത്തിനായി വെണ്മണിച്ചിറ, പുഞ്ചിരിക്കുളം എന്നീ ജലസ്രോതസ്സുകൾ ഉപയോഗിക്കാം. വെണ്മണിച്ചിറയുടെ ആഴംകൂട്ടണം . പുഞ്ചിരിക്കുളത്തിന് 50 സെന്റ് സ്ഥലം അക്വയർചെയ്ത് കുഴിച്ച് ജലം സംഭരിക്കണം. കൂടാതെ വെണ്മണിച്ചിറയിലും ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കണം. അതുപോലെ ഉദയാ കമ്പനിക്ക് സമീപവും ആലുംകടവിലും

ഓരോ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം.

ഏലായുടെ മദ്ധ്യഭാഗത്തുകൂടിയുള്ള തോട് വൃത്തിയാക്കി സൈഡ്‌വാൾകെട്ടി സംരക്ഷിക്കണം. വെണ്മണിച്ചിറയിൽനിന്ന് മൂന്നാറ്റിൻമുക്കുവരെയുള്ള തോടിന്റെ സൈഡ്‌വാൾകെട്ടി ലീക്കേജ് തടഞ്ഞ് വൃത്തിയാക്കണം. പുഞ്ചിരിഷുഗറിന്റെ നടുത്തോട് വടക്കേവിള ജംഗ്ഷൻവരെ നീട്ടി സൈഡ്‌വാൾകെട്ടി സംരക്ഷിക്കണം. അഞ്ചുതെങ്ങ് തൊടിമുതൽ തെക്കോട്ട് വട്ടക്കായലിലെ എഞ്ചിൻ പുരവരെയുള്ള തോടിന്റെ വീതികൂട്ടി വൃത്തിയാക്കണം. മൂഴിയിൽച്ചിറ-കാഞ്ഞിരംകടവ് തോട് കുഴിച്ച് സൈഡ്‌വാൾകെട്ടി വൃത്തിയാക്കണം.

കാരുവിളത്തൊടി, പനമ്പിലാവിൽ, മൂന്നാറ്റിൻമുക്ക്, മണ്ണാൻതോടിന്റെ മുകൾഭാഗം, മുഴുവക്കോണത്ത് എന്നീ ഊറ്റുകുഴികൾ ജലസേചനസൗകര്യത്തിന് പ്രയോജനപ്പെടുത്തണം. നാഷണൽ ഹൈവേയുടെ താഴെയുള്ള ഏലായുടെ നടുവിലുള്ള തോടിന്റെ ആഴംകൂട്ടി വൃത്തിയാക്കണം. ഏലായുടെ അരികിൽക്കൂടി ഇത്തിക്കരയാറിന്റെ സമീപംവരെ ബണ്ട്‌റോഡ് നിർമ്മിക്കണം.

11. കരക്കൃഷിയുടെ ജലസേചനത്തിനായി പമ്പുസെറ്റുകൾ സ്ഥാപിക്കാനും കിണർകുഴിക്കാനും വായ്പാസൗകര്യങ്ങളും സബ്‌സിഡിയും അനുവദിക്കണം. ജലദൗർലഭ്യംകൂടുതൽ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ 'കണിക' ജലസേചനവും 'സ്പ്രിംഗ്ളർ' ജലസേചനവും നടപ്പിലാക്കണം.

12. പ്രകൃതിക്ഷോഭംമൂലം കൃഷിക്കാർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കിലെടുത്ത് അതിനുപരിഹാരമായി എല്ലാവിളകൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുകയും അത് യഥാസമയം കർഷകന് കിട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

13. ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ എലിനശീകരണത്തിനുള്ള ഒരു തീവ്രയജ്ഞപരിപാടി നടപ്പിലാക്കുകയും അത്യുത്പാദനശേഷിയുള്ള ഇനങ്ങളിലെ ചീനിക്കമ്പുകൾ കർഷകർക്ക് വിതരണം ചെയ്യുകയു വേണം.

14. ആകർഷകമായ സഹായപദ്ധതികൾ ആവിഷ്കരിച്ച് യുവാക്കളെ കാർഷികരംഗത്തേക്ക് ആകർഷിക്കാൻ കഴിയണം. നിലവിലുള്ള കർഷകത്തൊഴിലാളി പെൻഷൻ, ക്ഷേമപദ്ധതികളുടെ തുക വർദ്ധിപ്പിക്കണം. ഗ്രാമപഞ്ചായത്തുതലത്തിൽ കർഷകത്തൊഴിലാളികൾക്ക് ഏകീകരിച്ച ഒരു കൂലിനിരക്ക് നടപ്പിലാക്കണം. ആധുനിക കാർഷികോപകരണങ്ങളായ ട്രാക്ടർ, പവ്വർ ട്രില്ലർ, കൊയ്ത്ത യന്ത്രം, മെതിയന്ത്രം, നടീൽയന്ത്രം, പാറ്റുയന്ത്രം, സ്പ്രേയറുകൾ എന്നിവ സഹകാരണസ്ഥാപനങ്ങൾ മുഖേനയോ ഗ്രാമപഞ്ചായത്ത് നേരിട്ടോ യഥാസമയം കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനുള്ള സർവ്വീസ് സെന്റർ പഞ്ചായത്തുതലത്തിൽ ഉണ്ടാക്കണം.

15. എല്ലാ പ്രധാനഏലാകളിലും സൗകര്യമായ രീതിയിൽ വിത്തുംവളങ്ങളും എത്തിക്കുന്നതിനും ആധുനികകാർഷികോപകരണങ്ങൾ കൊണ്ടുപോകുന്നതിനും സാധിക്കുമാറ് ഇന്നുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ റോഡുകളോ തടങ്ങളോ നിർമ്മിച്ച് ഗതാഗതസൗകര്യം ഉറപ്പാക്കുകയും വേണം. കൂടാതെ ആവശ്യാനുസരണം റാമ്പുകളുടെ നിർമ്മാണവും നടത്തണം. രാസവളത്തിന്റെ വിലഗണ്യമായി കുറയ്ക്കുകയും എടുത്തുകളഞ്ഞവളത്തിന്റെ സബ്‌സിഡി പുനഃസ്ഥാപിക്കുകയും വേണം.

16. കാർഷികവായ്പകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. കാലതാമസം ഒഴിവാക്കണം. തിരിച്ചടയ്ക്കാനുള്ള കാലാവധി വർദ്ധിപ്പിക്കണം. കാർഷികവായ്പയുടെ പലിശനിരക്ക് കുറയ്ക്കണം. കാർഷികവായ്പത്തുകയുടെ പരിധി വർദ്ധിപ്പിക്കണം.

17. കർഷകന് യഥാർത്ഥവില ലഭിക്കുന്നതിനും ഉപഭോക്താവിന് ന്യായവിലയ്ക്ക് സാധനങ്ങൾ ലഭിക്കുന്നതിനും പ്രയോജനപ്പെടുന്നവിധത്തിൽ കാർഷികോപ്പന്നങ്ങളുടെ സംഭരണവിപണനകേന്ദ്രം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കണം. ആദിച്ചനല്ലൂർ സർവ്വീസ് സഹകരണബാങ്കിന്റെ സേവനം ഇതിന് പ്രയോജനപ്പെടുത്തണം. ഇതിന്റെ സബ്‌സെന്ററുകൾ പഞ്ചായ

ത്തിലെ എല്ലാ മണ്ഡലങ്ങളിലും ഉണ്ടാകണം.

18. പുതിയതരം വിത്തിനങ്ങൾ കൃഷിഭവനിൽക്കൂടി യഥാസമയം ലഭ്യമാക്കണം. അതിനുപുറമേ പ്രാദേശികമായി അംഗീകൃത നെഴ്സറികളും രജിസ്റ്റേർഡ് വിത്തുൽപാദന സംരഭങ്ങളും ഉണ്ടാക്കണം.

19. ഗ്രാമപഞ്ചായത്ത്, സഹകരണസംഘം, കൃഷിഭവൻ എന്നിവയുടെ നേതൃത്വത്തിൽ [illegible]കീയ പച്ചക്കറിക്കൃഷി നടപ്പിലാക്കണം എല്ലാ വീട്ടിലും പച്ചക്കറിത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കണം. വ്യാവസായികാടിസ്ഥാനത്തിൽ മൂന്നാം വിളസമയത്ത് വയലുകളിൽ, തൊഴിലില്ലാത്ത യുവാക്കളുടെ സംഘംരൂപീകരിച്ച് വ്യാപകമായ പച്ചക്കറിക്കൃഷി പ്രാവർത്തികമാക്കണം. ഇതിനു വേണ്ട അടിസ്ഥാനസൗകര്യങ്ങളും പ്രോത്സാഹനങ്ങളും ഗ്രാമപഞ്ചായത്തിൽനിന്നും ചെയ്തു കൊടുക്കണം.

20. എല്ലാ പാഴ്മരങ്ങളിലും കുരുമുളക് [illegible] പിടിപ്പിക്കണം. നല്ലയിനം വാഴവിത്തുകൾ [illegible]മാക്കി വാഴക്കൃഷി വ്യാപിപ്പിക്കുക. ആസൂത്രിതമായ ഒരു പരിപാടിയിലൂടെ ഗ്രാമ്പൂ, ജാതി എന്നിവ [illegible]ച്ചുപിടിപ്പിക്കുക. നല്ലയിനം അടയ്ക്കാ[illegible]കൾ ലഭ്യമാക്കി വിതരണംചെയ്യുക. ഇടവിള പഞ്ചൽ കൃഷി പോത്സാഹിപ്പിക്കുക. ഇതുവഴി വിളൈവാന്ദ്രത വർദ്ധിപ്പിച്ച് ഉൽപാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

21. നവീന കൃഷിസംരഭങ്ങളായ ഔഷധസസ്യക്കൃഷി, അലങ്കാരസസ്യക്കൃഷി, പുഷ്പക്കൃഷി, കൂൺ വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കണം. കൂടാതെ റബ്ബർതോട്ടങ്ങളിൽ തേനീച്ച വളർത്തൽ ആദായകരമായി നടത്താൻ കഴിയും. തേനീച്ചക്കൂടുൾ പണിയിച്ച് ഇത്തരം സംരംഭകർക്ക് വിതരണം ചെയ്യണം.

22. എളുപ്പം നശിച്ചുപോകുന്ന കൃഷിയുൽപ്പന്നങ്ങൾ കൊണ്ട് ധാരാളം കുടിൽവ്യവസായങ്ങൾ നടപ്പിലാക്കാൻ കഴിയും. അതുവഴി വളരെ തൊഴിൽസാദ്ധ്യതയും വർദ്ധിക്കും. ഉദാ: അച്ചാറുകൾ, ചിപ്സ്, ജാം, ജെല്ലി, സ്ക്വാഷ് എന്നിവ പരിഗണിക്കാവുന്നതാണ്.

23. നിലവിലുള്ള കർഷകസമിതികൾ താല്പര്യമുള്ള കർഷകരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്തണം. പഞ്ചായത്തിലെ സമഗ്ര കാർഷികവികസനത്തിന് ഗ്രാമപഞ്ചായത്ത് കാർഷികവികസന സമിതി ഫലവത്തായി പ്രവർത്തിക്കണം. ഇനിയും സാദ്ധ്യതയുള്ള മേഖലകളിലെല്ലാം കർഷകസമിതി, ഗ്രൂപ്പ്ഫാമിംഗ് സമിതികൾ സംഘടിപ്പിച്ച് ഫലവത്തായി പ്രവർത്തിക്കണം.

24. ഈ ഗ്രാമപഞ്ചായത്തിലെ ഭൂടമകളിൽ മഹാഭൂരിപക്ഷവും 10 മുതൽ 25 വരെ സെന്റു ഭൂമിയുള്ളവരാണ്. കരഭൂമിയിലെ ജലസേചനത്തിന് പമ്പുസെറ്റുകൾ, കിണറുകൾ എന്നിവ സബ്സിഡിനിരക്കിൽ വിതരണം ചെയ്യുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ഭൂപരിധി 15 സെന്റായി കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണം.

25. നിലവിലുള്ള കാവുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

26. കൃഷിഭവനിൽ സ്റ്റാഫിന്റെ കുറവുനിമിത്തം കർഷകർക്ക് വിജ്ഞാനവ്യാപനം ഫലവത്തായി നടപ്പിലാക്കാൻ കഴിയുന്നില്ല. ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. കുമ്മല്ലൂരിൽ പണികഴിപ്പിച്ച് വെറുതെയിട്ടിരിക്കുന്ന കൃഷിഭവൻകെട്ടിടം കർഷകർക്ക് പ്രയോജനപ്പെടുത്തണം.

27. സിത്താരാ ജംഗ്ഷനിൽ കൊട്ടിയം തഴുത്തല പ്രദേശത്തെ കൃഷിക്കാരുടെ സൗകര്യാർത്ഥം ഒരു കൃഷിഭവനോ ശാഖയോ ആരംഭിക്കണം.

28. കാർഷിക സെമിനാറുകളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കൽ, പ്രധാനകാർഷിക ഗവേണഷകേന്ദ്രങ്ങളിലേക്കും കൃഷിസ്ഥലങ്ങളിലേക്കും പഠനപര്യടനങ്ങൾ നടത്തൽ, എല്ലാപ്രധാനകാർഷിക വിളകൾക്കും മത്സരം ഏർപ്പെടുത്തൽ, വർഷത്തിൽ ഒരു കാർഷികമേള സംഘടിപ്പിക്കൽ എന്നിവ കാർഷിക വികസനത്തിന് അത്യാവശ്യമാണ്. ഇവ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കണം.

29. ആദിച്ചനല്ലൂർ കുണ്ടുമൺചിറയുമായി ബന്ധപ്പെട്ട് കൃഷി, ജലസേചനം, ടൂറിസം, സാംസ്കാരികം എന്നീ വികസനപദ്ധതികൾ ഉൾക്കൊള്ളുന

സമഗ്രമായ ഒരു പ്രോജക്ട് റിപ്പോർട്ടും ഇതോടൊപ്പം ഉന്നതസമിതികളുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹായത്തോടെ ഈ പ്രോജക്ട് ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കണം.

30. ഇനിയും സാദ്ധ്യതയുള്ള പ്രദേശങ്ങളിലെല്ലാം വിവിധ കൃഷികളിൽ തല്പരരായ കൃഷിക്കാരെ സംഘടിപ്പിച്ച് ഗ്രൂപ്പ് ഫാമിംഗ് സമിതികൾ, [illegible] വികസനസമിതികൾ, മറ്റുകൃഷി സമിതികൾ എന്നിവ സംഘടിപ്പിക്കുകയും മണ്ഡലതലത്തിൽ രൂപപ്പെടുത്തുകയും ഇവയെ ഏകോപിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യണം.

കാർഷിക പുരോഗതിക്കുതകുന്ന മറ്റെല്ലാ പദ്ധതികളുംകൂടി നടപ്പിലാക്കി ഈ പഞ്ചായത്തിലെ കൃഷിക്കാരന്റെ നില മെച്ചപ്പെടുത്തി പുതിയ ഒരു കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ നമുക്ക് കഴിയണം.

ആദിച്ചനല്ലൂർ ചിറയുടെ വികസനം

കുലശ്ശേഖര പെരിമയോളം പഴക്കമുള്ള പെരുമാൾകുന്ന് ക്ഷേത്രവും ചിരപുരാതനമായ ചെന്തിട്ടഭഗവതി ക്ഷേത്രവും ശതാബ്ദി പിന്നിട്ട സെന്റ് ജോർജ്ജ് പള്ളിയും പുരാതനമായ ക്രിസ്ത്യൻമുസ്ലീം ദേവാലയങ്ങളും സ്ഥിതിചെയ്യുന്ന ആദിച്ചനല്ലൂർ പ്രകൃതിഭംഗികൊണ്ട് അനുഗൃഹീതവും മതസൗഹാർദ്ദത്തോടുകൂടി നാനാജാതിമതസ്ഥർ ഇടകലർന്ന് താമസിക്കുന്നതുമായ ഒരു പ്രധാന പ്രദേശമാണ്. അനേകം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും അതുവഴി വിദേശനാണ്യംനേടിത്തരികയും ചെയ്യാവുന്ന വികസനം കാത്തുകിടക്കുന്ന ഭാഗമാണ് 28-ഏക്കറോളം ഭൂവിസ്തൃതിയുള്ള ആദിച്ചനല്ലൂർ ചിറ. പ്രസ്തുത ചിറയുടെ വികസനത്തിനുവേണ്ടി ഏതാനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. ഇപ്പോൾ നിലവിലുള്ള ചിറയുടെ ചുറ്റുമുള്ള റോഡുകൾ ഭംഗിയായി ടാർ ചെയ്ത് വൃത്തിയാക്കുകയും റോഡുനിലവിലില്ലാത്ത ഭാഗത്ത് റോഡുനിർമ്മിച്ച് ടാറിടുകയും ചെയ്യുക. ഇപ്പോഴുള്ള റോഡിൽ നിന്നും 4 മീ. മാറി മറ്റൊരു കരിങ്കൽഭിത്തി കെട്ടി ഇടയ്ക്കുള്ള ഭാഗം മണ്ണിട്ട് ഉയർത്തി പൂമരങ്ങൾ വച്ചുപിടിപ്പിക്കുകയും വിശ്രമത്തിനാവശ്യമായ ഇരിപ്പിടങ്ങൾ ക്രമീകരിക്കുകയും ചെയ്യുക. ബണ്ടിനുചുറ്റും വൈദ്യുതാലങ്കാരദീപങ്ങളും സോഡിയം വേപ്പർലാമ്പുകളും സ്ഥാപിക്കുക.
2. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന് ഒരു സ്റ്റേഡിയമോ മിനസ്റ്റേഡിയമോ ഇല്ലാത്ത അവസ്ഥയാണിപ്പോൾ. അതിനുപരിഹാരമായി ചിറ 10 അടി യോളം ആഴത്തിൽകുഴിച്ച് അതിൽനിന്ന് ലഭിക്കുന്ന മണ്ണ് ചിറയുടെ വടക്കുഭാഗത്തിട്ട് ഉയർത്തി രണ്ടേക്കറോളം വിസ്തൃതിവരുന്ന ഒരു മിനസ്റ്റേഡിയം നിർമ്മിക്കാവുന്നതാണ്. അതുമൂലം ആദിച്ചനല്ലൂരും പരിസരപ്രദേശത്തുമുള്ള യുവതീയുവാക്കൾക്ക് കലാകായിക പരിശീലനം നടത്താവുന്നതാണ്. ആദിച്ചനല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിന് ഒരു കളിസ്ഥലം ഇല്ലാത്തതിന്റെ കുറവും ഇതുമൂലം പരിഹരിക്കപ്പെടും.
3. മിനിസ്റ്റേഡിയത്തിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂളും, ഡൈവിംഗ് സ്റ്റാന്റും നിർമ്മിക്കാവുന്നതാണ്. ഈ ജില്ലയിൽത്തന്നെ ഒരു സ്വിമ്മിംഗ് പൂളില്ലാത്തതിന്റെ കുറവ് അതുമൂലം പരിഹരിക്കാവുന്നതും അനേകം യുവതീയുവാക്കൾക്ക് നീന്തലിൽ പരിശീലനം നടത്താവുന്നതുമാണ്. അങ്ങനെ കായികരംഗത്ത് നേട്ടങ്ങൾ കൈവരിക്കാനും സഹായകമാകും.
4. ആഴത്തിൽ കുഴിച്ചിരിക്കുന്ന ചിറയിൽ വെള്ളം നിറച്ചുനിർത്തേണ്ടത് ആവശ്യമാണ്. അതിനായി കല്ലട ഇറിഗേഷൻപദ്ധതിയുടെ ചെന്തിട്ടഭഗവതി ക്ഷേത്രത്തിന് സമീപംകൂടി ആദിച്ചനല്ലൂർ ചിറയിലേക്ക് സ്ഥാപിച്ചിരിക്കുന്ന വാൽവുകൾ വേനൽക്കാലത്ത് തുറന്നുവിടുകയോ ഇത്തിക്കരയാറ്റിൽ നിന്നും വെള്ളം പമ്പുചെയ്തു നിർത്തുകയോ ചെയ്യാവുന്നതാണ്. ചിറയിൽ

വെള്ളം സംഭരിക്കുന്നതിന്റെ ഒരു പ്രധാനപങ്കുവഹിക്കുന്നത് വെളിച്ചിക്കാല വയലിൽനിന്നും ഉൽഭവിക്കുന്ന ഒരു തോടാണ്. അവിടെനിന്നുള്ള ഊറ്റുവെള്ളം എത്തിയില്ലെങ്കിൽ വർഷകാലത്തുപോലും ചിറ നിറയുകയില്ല. ചിറയിൽനിന്നും വെളിച്ചിക്കാല യിലേക്കുള്ള ഉറവയുടെഭാഗത്ത് ഉദ്ദേശം 600 മീ. നീളമുള്ള ഒരു തോട് നിലവിലുണ്ട്. അതിന്റെ കുറെ ഭാഗം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സൈഡു കെട്ടിയിട്ടുള്ളതാണ്. അതിന്റെ ബാക്കിഭാഗംകൂടി സൈഡുകെട്ടി സംരക്ഷിക്കണം. ചിറയുടെ തെക്കു കിഴക്കേ ഭാഗത്തുനിന്നുള്ള റോഡ് കൊട്ടുവിള സെന്റ് ജോർജ്ജ് നെഴ്സറിയുടെ സമീപത്തുനിന്നും തിരിഞ്ഞ് പ്രസ്തുതതോടിന്റെ സൈഡിൽക്കൂടി കണ്ണനല്ലൂർ-പൂയപ്പള്ളി റോഡിൽ ചെന്നുചേരുന്നു. പ്രസ്തുത റോഡും ടാർചെയ്ത് സംരക്ഷിക്കേ ണ്ടതാണ്. പ്രസ്തുത തോടിന്റെ സൈഡുകൾ കെട്ടു ന്നതുകൊണ്ട് വർഷകാലത്ത് തോടിന്റെ ഇരുവശ വുമുള്ള ഭൂമികളിലെ കൃഷികൾ നശിക്കാതെ സംരക്ഷിക്കുവാൻ കഴിയും.

5. വെള്ളം നിറഞ്ഞുനിൽക്കുന്ന ചിറയിൽ സ്വയം തുഴയാവുന്ന ഫൈബർ ബോട്ടുകളോ, സ്പീഡ് ബോട്ടുകളോ ഏർപ്പെടുത്തിയാൽ അനേകം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും വിദേശനാണ്യം നേടുന്നതിനും കഴിയും. കൂടാതെ സിനിമാ, ടി.വി. സീരിയലുകൾ എന്നിവയുടെ ചിത്രീകരണത്തിനും ഈ ഭാഗം ഉപയോഗിക്കാൻ കഴിയും. അതുവഴിയും ഗ്രാമപഞ്ചായത്തിന് വരുമാനമുണ്ടാക്കാം.


6. ചിറയുടെ കിഴക്കുഭാഗത്ത് ലക്ഷംവീടുകോളനി യിലേക്ക് തിരിയുന്ന റോഡും ചിറയുടെ മറുകര യിലുള്ള റോഡും ബന്ധിപ്പിക്കുന്നതിന് ചിറയുടെ കുറുകെ ഒരു നടവരമ്പും (വാഹനങ്ങൾ പോകാ ത്തത്) ഒന്നിലധികം ഷട്ടറുകൾ ഉള്ള ഒരു കലുങ്കും നിർമ്മിക്കാവുന്നതാണ്. അതിനുകിഴക്കുഭാഗം മത്സ്യക്കൃഷിക്കുവേണ്ടി ഉപയോഗിക്കാവു ന്നതാണ്.

7. ചിറയിൽ ജലനിരപ്പ് ഉയരുന്നതോടൊപ്പം രണ്ടു വശത്തും ഏലായിലേക്കുള്ള ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും പടിഞ്ഞാറു ഭാഗത്തുള്ള ഷട്ടറിന്റെ ഉയരം വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

8. ആദിച്ചനല്ലൂരിൽ നല്ലരീതിയിലുള്ള ഒരു പബ്ലിക് മാർക്കറ്റിന്റെ അഭാവമുണ്ട്. എൻ.എസ്.എസ്. കരയോഗമന്ദിരത്തിന് വടക്കും പടിഞ്ഞാറു ഷട്ടറിന്റെ തെക്കുമായികിടക്കുന്ന സ്ഥലത്തിന്റെ പടിഞ്ഞാറുഭാഗം കരിങ്കൽഭിത്തികെട്ടി ഉയർത്തി മണ്ണിട്ട് നിരപ്പാക്കിയാൽ ഉദ്ദേശ്യം 25 സെന്റോളം വിസ്തീർണ്ണം ലഭിക്കുന്ന ഒരു സ്ഥലം പബ്ലിക്ക് മാർക്കറ്റിനുവേണ്ടി നമുക്ക് ലഭിക്കും. പ്രസ്തുത സ്ഥലത്ത് മാർക്കറ്റിന് ആവശ്യമായ സ്റ്റാളുകളും നിർമ്മിക്കാവുന്നതാണ്. അതിന്റെ വാടകയി നത്തിലും ഗ്രാമപഞ്ചായത്തിന് വരുമാനമുണ്ടാകും. മാർക്കറ്റിലെ മാലിന്യങ്ങളും മറ്റും തോട്ടിലേക്ക് ഒഴുക്കിക്കളയാവുന്നതുമാണ്. ചിറയുടെ കര യിലുള്ള റേഡിയോകാസ്റ്റ് ഉപയോഗശൂന്യമായി ക്കിടക്കുന്നത് പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലവും അതിനോട് ചേർന്ന്കിടക്കുന്നതുമാ പുറംപോക്ക് സ്ഥലത്ത് ഒരു ബഹുനിലഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാവുന്നതാണ്. പ്രസ്തുത സ്ഥലം ബാങ്കിനും മറ്റും വാടകയ്ക്ക് കൊടുക്കാവു ന്നതാണ്.

9. ആദിച്ചനല്ലൂർ വില്ലേജ്ഓഫീസ് കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക. അതിനുള്ളിൽ ലൈബ്രറി പ്രവർത്തനം, റഫറൻസ് ലൈബ്രറി, സ്പോർട്സ് കോച്ചിംഗ് സെന്റർ, റൂറൽ കരിയർ ഇൻഫർമേഷൻ ഗൈഡൻസ് & ട്രെയിനിംഗ് സെന്റർ എന്നിവ സ്ഥാപിക്കാവുന്നതാണ്.

10. ആദിച്ചനല്ലൂർ ചെന്തിട്ടഭഗവതി ക്ഷേത്രത്തിന് കിഴക്കുവശം ഏകദേശം 3.5 ഏക്കറോളം വിസ്തീ ർണ്ണമുള്ള നിരപ്പായഭൂമി ക്ഷേത്രഭരണസമിതിയുടെ സഹകരണത്തോടുകൂടി പൊന്നുംവിലയ്ക്ക് എടുത്താൽ ജില്ലയിൽത്തന്നെ വലിപ്പത്തിൽ ഒന്നാം സ്ഥാനത്ത് വരുന്ന ഒരു ചിൽഡ്രൺസ് പാർക്ക് നിർമ്മിക്കാവുന്നതാണ്. ക്ഷേത്രഭാരവാഹികളുടെ സഹകരണത്തോടുകൂടി ക്ഷേത്രത്തിനും വികസനം നടത്താവുന്നതാണ്.



ADICHANALLOOR GRAMA PANCHAYATH
HEALTH AND TOURIST RESORT CENTRE
ROUGH SKETCH.
N
ചിൽഡ്രൻസ് പാർക്കിനു വേണ്ടി മരങ്ങൾ
ചെയ്യുന്ന സ്ഥലം.
ഏകദേശം 3.5 ഏക്കർ.
റോഡ്.
മെറ്റൽ ഇടുന്ന റോഡ്.
ഫോറിജം വേപ്പ് ചാണ്ട്.
പൂമരങ്ങൾ.
നടന്നു തിരുന്നിടം.
KIP മുടെ പൈപ്പ്.
സ്റ്റേജ്
ടിക്കറ്റ് കൗണ്ടർ
പാർക്കിംഗ് സ്ഥലം
ടിക്കറ്റ് കൗണ്ടർ
ഫുഡ് കോർട്ട്
ടോയ്ലറ്റ് സമുച്ചയം
ഗേറ്റ്
പാർക്കിംഗ് സ്ഥലം
ഗേറ്റ്
ടിക്കറ്റ് കൗണ്ടർ
ടോയ്ലറ്റ് സമുച്ചയം
ഫുഡ് കോർട്ട്

ഈ സ്കീം നടപ്പിലാക്കിയാലുള്ള ഗുണങ്ങൾ


ചിറകുഴിച്ച് വെള്ളം നിറച്ചുനിർത്തിയാൽ ഏകദേശം 450 ഏക്കറോളം വരുന്ന ആദിച്ചനല്ലൂർ ഏലായിലും പാങ്ങാട്ട് ഏലായിലും ഇരുപ്പുക്കൃഷിക്കു പകരം മൂന്നു പൂവ് കൃഷിചെയ്യാവുന്നതാണ്. മഴക്കാലങ്ങളിൽ ചിറയിൽനിന്നുതന്നെ അധികം ഒഴുകിപ്പോകുന്ന ജലം പ്രസ്തുത ഏലാകളിൽ കൃഷിനാശമുണ്ടാക്കാറുണ്ട്. അതും തടയാവുന്നതാണ്. അല്പം ശ്രമംകൂടി നടത്തിയാൽ കൈതക്കുഴി ഏലായിലും മൂന്നുപൂവ്കൃഷിചെയ്യാൻ സാധിക്കും. അതായത് ചിറയുടെ കിഴക്കുഭാഗത്തുനിന്നും സെന്റ് ജോർജ്ജ് പള്ളിയുടെ മുൻഭാഗംവരെ വെള്ളം പമ്പുചെയ്ത് അവിടെ നിന്നും ഓടകെട്ടി വടക്കുംകര ഭാഗത്തുള്ള തലച്ചിറയിൽ നിറയ്ക്കുക. അവിടെനിന്നും കൃഷിക്കാവശ്യമായ വെള്ളം തുറന്നുവിട്ട് ഉപയോഗിക്കുകയും ചെയ്യാം. ചിറയുടെ ചുറ്റും ഏകദേശം 2 കി.മീ. ചുറ്റളവിലുള്ള കിണറുകളിലെ ജലനിരപ്പ് താഴാതെ നിറുത്തുവാൻ കഴിയും കൂടാതെ ചിറയ്ക്കുചുറ്റുമുള്ള പുരയിടങ്ങളിലെ തെങ്ങുകൾക്ക് വരൾച്ചയേൽക്കാതെ സംരക്ഷിക്കാൻ കഴിയും. ചുരുക്കത്തിൽ 1 മുതൽ 5 വരെയുള്ള മണ്ഡലങ്ങൾക്ക് ഈ ചിറയിലെ വെള്ളത്തിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

പദ്ധതി നടത്തിപ്പിൽ വരുത്താനുള്ള ധനാഗമമാർഗ്ഗവും മാനവശേഷിയുടെ വിനിയോഗവും

ഈ പദ്ധതി നടപ്പിലാക്കുന്നതിന് നാടിന്റെ മനുഷ്യ വിഭവശേഷി, ഗ്രാമപഞ്ചായത്തിന്റെ നേതൃത്വം, ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകളുടെ സഹകരണം, എം.എൽ.എ., എം.പി. ഫണ്ടുകൾ, സർക്കാർ സഹായം എന്നിവ ഉപയോഗിക്കാവുന്നതാണ്. ലോകബാങ്കിന്റെ പ്രതിനിധികൾ ഈ ചിറ സന്ദർശിച്ച് ഏതോ പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളതായും അറിയുന്നു. അവരുടെ സഹായംകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താവു ന്നതാണ്. സ്പോർട്സ് അതോറിറ്റി ഓഫ് ഇൻന്ത്യ യുടെയും ഇറിഗേഷൻ, ടൂറിസം എന്നീ ഡിപ്പാർട്ടുമെന്റുകളുടെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെയും വിദഗ്ദ്ധ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഈ പദ്ധതി നടപ്പിൽവന്നാൽ ആദിച്ചനല്ലൂർ, നെടുമ്പന, ചാത്തന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്കും അവിടെയുള്ള ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്നതാണ്.



V - 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും



"ഒന്നല്ലി നാമയി സഹോദരരല്ലി? പൂവേ
ഒന്നല്ലി കൈയിഹ രചിച്ചത് നമ്മെയെല്ലാം"
കുമാരനാശാൻ

ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിലെ 80% ജനങ്ങളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്ന ചെറുകിട കർഷകരോ, കർഷകത്തൊഴിലാളികളോ ആണ്. പഞ്ചായത്തിൽ ഭൂരിഭാഗം അംഗങ്ങളും കന്നുകാലി, ആട് എന്നിവയെ വളർത്തുന്നവരാണ്. കാർഷിക മേഖലയിലെ യന്ത്ര വൽക്കണവും ചുരുങ്ങിക്കൊണ്ടിരിക്കുന്ന നെൽകൃഷിപ്പാടങ്ങളും നാളെ ഈ പഞ്ചായത്തിൽ തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിപ്പിക്കുമെന്നുള്ളതുകൊണ്ട് കൃഷിക്കുകൊടുക്കുന്ന അതേ പരിഗണന മൃഗ സംരക്ഷണത്തിനും പാൽ ഉൽപ്പാദനത്തിനും നൽകേണ്ടതുണ്ട്. ചുരുങ്ങിയ മുലധനച്ചെലവും പരിമിതമായ സ്ഥല സൗകര്യവും ഈ മേഖലയെ ആകർഷകമാക്കുന്നു. ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, എരുമ, ആട് എന്നിവയാണ്. 1996 ലെ സെൻസസ് വിവരം ചുവടെ ചേർക്കുന്നു.

പശു	എരുമ	ആട്	പന്നി	നായ്	
				വളർത്ത്	ഉടമയില്ലാത്തത്
2756	197	3103	84	2132	733
മുയൽ	കോഴി	ഇറച്ചിക്കോഴി	–	താറാവ്	
160	9813	380 (പ്രതിമാസം)	–	463	

പശുക്കളിലധികവും സങ്കര വർഗ്ഗത്തിൽപ്പെട്ടവയാണ്. പശുക്കളുടെ പ്രതിദിന പാലുൽപ്പാദനം ശരാശരി അഞ്ചു ലിറ്ററാണ്. ശാസ്ത്രീയമായ പരിപാലനത്തിലൂടെ ഈ ശരാശരിയിൽ നല്ല വർദ്ധനവുണ്ടാക്കുവാൻ കഴിയും. ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു വെറ്റിനറി ഡിസ്പെൻസറിയും രണ്ടു കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളുമുണ്ട്. 1996ൽ ഈ കേന്ദ്രങ്ങളിലൂടെ 3645 പശുക്കളിലും 95 എരുമകളിലും കൃത്രിമ ബീജദാനം നടത്തി.

ഈ പഞ്ചായത്തിൽ 6 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ സംഘങ്ങളിലൂടെ പ്രതിദിനം 915 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. പഞ്ചായ

ത്തിലെ ആകെ പാൽ ഉൽപ്പാദനം 2415 ലിറ്ററാണ്. 2001 -ാം ആണ്ടിൽ ഈ മേഖലയിൽ നിന്നും 3500 ലിറ്റർ ഉൽപ്പാദിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ ലക്ഷ്യം മുൻനിറുത്തിയാണ് റിപ്പോർട്ടിൽ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ലാഭകരമായ ക്ഷീരോൽപ്പാദനത്തിൽ പുൽക്കൃഷി കൂടിയേ കഴിയൂ. നിലവിൽ പദ്ധതികൾ ഉണ്ടെങ്കിലും ഫലപ്രദമായി പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിലേക്കായി ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മുട്ടക്കോഴിവളർത്തൽ പ്രധാനമായും അടുക്കളമുറ്റത്തെ കോഴിവളർത്തലിനെ ആശ്രയിച്ചിരിക്കുന്നു. ഈ മേഖലയിലെ പ്രധാനപ്രശ്നം കോഴികളിൽ കൂടെക്കൂടെയുണ്ടാകുന്ന രോഗവും നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവുമാണ്.ആട് വളർത്തലിന് വളരെയധികം സാധ്യതകളുണ്ട്. ആട്ടിറച്ചിയുടെ വിലയിലുണ്ടായ വർദ്ധനവ് ആടുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വരുത്തിയിട്ടുണ്ട്. നല്ല ജനുസ്സിലുള്ള ആടുകളുടെ പ്രജനനത്തിൽ കേന്ദ്രീകരിച്ചാവണം ഈ മേഖലയിലെ പ്രവർത്തനങ്ങൾ.

താറാവു വളർത്തലിനു അനുയോജ്യമായ പരിതസ്ഥിതിയുണ്ടെങ്കിലും ഫലപ്രദമായ താറാവു കൃഷി നടക്കുന്നില്ല. നല്ലയിനം കുഞ്ഞുങ്ങളുടെ അഭാവവും കൃഷിക്കാരുടെ ഈ രംഗത്തുള്ള അജ്ഞതയുമാണ് പ്രധാന കാരണങ്ങൾ. മൃഗ സംരക്ഷണ മേഖലയിൽ മൃഗ സംരക്ഷണ വകുപ്പ്, മിൽമ, ക്ഷീര വികസന വകുപ്പ് എന്നിങ്ങനെ വിവിധ ഏജൻസികൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം ഏകോപിപ്പിച്ചാൽ ഫലപ്രദമായ പ്രയോജനം ഉണ്ടാക്കുവാൻ കഴിയും.

പ്രശ്നങ്ങൾ, സാധ്യതകൾ.

1. പശുവളർത്തൽ

a) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി തത്പരരായ എല്ലാ കർഷകർക്കും ഒരു പശു ഒരു വീട്ടിൽഎന്ന് നടപ്പാക്കാം.

ഒരു മണ്ഡലത്തിൽ പ്രതിവർഷം 25 കർഷകർക്ക് ഒരു പശുവീതം എല്ലാ മണ്ഡലങ്ങളിലും അഞ്ചു വർഷം പദ്ധതി നടപ്പാക്കുക.

പിന്നോക്ക വിഭാങ്ങൾക്കും സാമ്പത്തിക പിന്നോക്ക വിഭാഗത്തിനും മുൻഗണന നൽകുക.

b) മിനി ഡയറി യൂണിറ്റ് :- മൂന്നു പശുക്കൾ ഉൾപ്പെട്ട യൂണിറ്റ്, തീറ്റപ്പുൽകൃഷി സൗകര്യം ഉള്ളവർക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് നടപ്പാക്കുക ഒപ്പം ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനും സൗകര്യം ഉണ്ടാകും. പഞ്ചായത്ത് ഗവൺമെന്റു സബ്സിഡിയും ബാങ്കു വായ്പ്പയും ഇതിനായി ഉപയോഗിക്കാം. ഒരു മണ്ഡലത്തിൽ ഒരു വർഷം അഞ്ചു യൂണിറ്റു വീതം എല്ലാ മണ്ഡലങ്ങളിലും അഞ്ചുവർഷം നടപ്പാക്കുക.

c) വലിയ ഡയറി യൂണിറ്റ്:- പഞ്ചായത്തിൽ മൂന്നു വലിയ ഡയറി യൂണിറ്റു തുടങ്ങാം. 12 പശുക്കൾ ഉൾക്കൊള്ളുന്ന യൂണിറ്റ് വരെ ആകാം.

d) മാതൃകാ ഡയറി യൂണിറ്റ്:- കൊട്ടിയം മൃഗാശുപത്രി കോമ്പൗണ്ടിൽ നവീന രീതിയിൽ ഒരു ഡയറി യൂണിറ്റ് തുടങ്ങാവുന്നതാണ്. ഇതിന്റെ പ്രവർത്തനം കർഷകന് ശാസ്ത്രീയമായ രീതിയിലുള്ള പശുപരിപാലനത്തെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്ന തരത്തിലാകണം.

e) തൊഴുത്തു നവീകരണം:- കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സാമ്പത്തികമായി നഷ്ടം വരുത്തുന്ന രോഗമാണ് പശുക്കളിലെ അകിടുവീക്കം. തൊഴുത്തിന്റെ വൃത്തിഹീനതയിൽ നിന്നുമാണ് പ്രധാനമായും ഈ രോഗം ഉണ്ടാകുന്നത്. തൊഴുത്തിന്റെ തറ കോൺക്രീറ്റു ചെയ്ത് നവീകരിക്കുന്നതിന് ഒരു വർഷം ഒരു മണ്ഡലത്തിൽ പത്തു കർഷകർ എന്ന കണക്കിൽ അഞ്ചു വർഷം എല്ലാ മണ്ഡലത്തിലും ധനസഹായം (യൂണിറ്റൊന്നിന് 2000/-(രണ്ടായിരം) രൂപ വീതം) നൽകുന്ന പദ്ധതി നടപ്പിലാക്കുക

f) കന്നുകുട്ടി പരിപാലന പദ്ധതി:- മൃഗ സംരക്ഷണ വകുപ്പ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രീതിയിൽ എല്ലാ വാർഡിലേയും ഇരുപത്തഞ്ചു കർഷകരെ വീതം ഓരോ വർഷവും പദ്ധതിയിൽ ഉൽപ്പെടുത്തി നടപ്പാക്കുക.

g) ക്ഷീര കർഷകർക്ക് മിൽക്ക് സൊസൈറ്റി മുഖാന്തിരം ഇപ്പോൾ നൽകുന്ന തീറ്റിക്ക് 25% സബ്സിഡി ഏർപ്പെടുത്തുക.

h) കന്നുകാലികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്:- ക്ഷീരകർഷകരുടെ കന്നുകാലികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തി യുക്തമായ വിഹിതം സബ്സി

ഡിയും ബാലൻസ് ഗുണഭോക്താവ് നൽകുകയും ചെയ്യുക.

i) ക്ഷീര കർഷകർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്:- ക്ഷീര കർഷകർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.

j) പുല്ലുവളർത്തൽ പദ്ധതി:- സർക്കാരിന്റെ ഉടമസ്ഥതയിലുള്ള തരിശു ഭൂമികളിൽ(ഉദാഹരണത്തിന് കൊട്ടിയം മൃഗാശുപത്രി കോമ്പൗണ്ട് $3^1/_2$ ഏക്കർ സ്ഥലവും, ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ കോമ്പൗണ്ടിലുള്ള $2^1/_2$ ഏക്കർ സ്ഥലവും) മൃഗാശുപത്രിയുടെ മേൽനോട്ടത്തിൽ പുൽകൃഷി നടത്താവുന്നതാണ്. സ്വകാര്യ തരിശു സ്ഥലത്തും നല്ലയിനം തീറ്റപ്പുല്ലും, ആടുകൾക്ക് തീറ്റക്കു പറ്റിയ ചെടികളും മിൽക്ക് സൊസൈറ്റികളെക്കൊണ്ട് കൃഷി ചെയ്യിപ്പിച്ചു കുറഞ്ഞ വിലക്ക് കർഷകന് നൽകുക. കർഷകർക്ക് അവരുടെ പുരയിടങ്ങളിൽ തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിനാവശ്യമായ വിത്ത്, വളം എന്നിവ സൗജന്യമായി നൽകുക. കൂടുതലായി ഉൽപ്പാദിക്കുന്ന പുല്ല് സൈലേജ് നിർമ്മാണത്തിന് ഉപയോഗിക്കുക.

k) ക്ഷീര സംഘ രൂപീകരണം:- പഞ്ചായത്തിൽ ഇപ്പോൾ 6 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്ലാക്കാട്, മൈലക്കാട് എന്നീ പ്രദേശങ്ങളിൽ ഓരോ സൊസൈറ്റി കൂടി രൂപീകരിക്കുക. മൈലക്കാട് പുതുതായി ജംഗ്ഷന് തെക്കുഭാഗത്തുള്ള ഏരിയായിലാണ് സാധ്യത. പാലിന്റെ ആഭ്യന്തര വിപണനം കൂടുതൽ കാര്യക്ഷമമാക്കിയാൽ ഉൽപ്പാദകർക്ക് കൂടുതൽ വില നൽകാനും ഈ പ്രദേശത്തെ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുവാനും സാധിക്കും. ആ രീതിയിൽ സൊസൈറ്റികളുടെ പ്രവർത്തനം പുനഃക്രമീകരിക്കുക. ക്ഷീര സംഘങ്ങൾ പാൽ വിതരണം നടത്തുന്ന രീതിയിൽ മുട്ട, മാംസ്യം, പച്ചക്കറികൾ ഇവയും സംഭരിച്ച് വിപണനം ചെയ്യാനുള്ള കേന്ദ്രങ്ങളാക്കി മാറ്റുക.

l) ക്ഷീരോൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും:-പാലിൽ നിന്നും പല ഉൽപ്പന്നങ്ങളും നിർമ്മിക്കാവുന്നതാണ്. ഇത് കൂടുതൽ ലാഭം തരുന്നതാകയാൽ ഇതിനു വേണ്ടുന്ന നടപടിക്രമങ്ങൾ പാൽ സൊസൈറ്റികൾ വഴി ഏറ്റെടുത്തു നടത്താവുന്നതാണ്.

2. ആടുവളർത്തൽ

ആടുവളർത്തൽ കൂടുതൽ ആദായകരവും മുതൽമുടക്കു കുറവും പെട്ടെന്നു ആദായദായകവുമാണ്. പാവപ്പെട്ടവന്റെ പശുവെന്നറിയപ്പെടുന്ന ആടുവളർത്തലിനു അനുയോജ്യമാണ് ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്.

a) ആടുവളർത്തൽ നഴ്സറി

പഞ്ചായത്തിന്റെ മൂന്നുമേഖലയിൽ ഓരോ ആടുവളർത്തൽ നേഴ്സറി അനുവദിക്കുക. മൂന്നു മാസം പ്രായമായ ആട്ടിൻകുട്ടികളെ നഴ്സറിയിൽ നിന്നും കർഷകർക്കു വിൽക്കുന്നതിനും സാധിക്കും.

b) ആടുവളർത്തൽ പദ്ധതി.

മൃഗസംരക്ഷണവകുപ്പ് ഇപ്പോൾ നടപ്പാക്കുന്ന രീതിയിൽ നടപ്പാക്കുക. ഓരോ മണ്ഡലത്തിലും പ്രതിവർഷം രണ്ട് ആടുകൾ വീതമുള്ള 20 യൂണീറ്റ് വീതം എല്ലാവർക്കും നല്കുക.

c) ആട്ടിൻകൂടു നിർമ്മാണത്തിനു സഹായ ധനം

അഞ്ഞൂറു രൂപാ വീതം സഹായധനവും ബാക്കി ഗുണഭോക്താവിന്റെ വിഹിതവും എന്ന നിലയിൽ നടപ്പാക്കുക. പഞ്ചായത്തിൽ പ്രതിവർഷം 100 പേർക്ക് സഹായം നല്കുക.

3. കോഴിവളർത്തൽ പദ്ധതി

വീട്ടമ്മമാർക്ക് ഒരു ഉപതൊഴിൽ, അഭ്യസ്ത വിദ്യർക്ക് ഓരു സ്ഥിരം തൊഴിൽ നമ്മുടെ ആരോഗ്യ സംരക്ഷണത്തിനുള്ള ഒരു പോഷകാഹാരം എന്നിവയ്ക്കൊരു ശാശ്വത പരിഹാരമാണ് കോഴിവളർത്തൽ പദ്ധതി. മുട്ടയുടേയും കോഴിയിറച്ചിയുടേയും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വരവ് അനിയന്ത്രിതമാണ്. നമ്മുടെ സമ്പത്ത് ഈ രീതിയിൽ അന്യ സംസ്ഥാനങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ കാര്യമായി ശ്രദ്ധിച്ചാൽ പ്രതീക്ഷയ്ക്കപ്പുറത്തുള്ള പ്രതിഫലം നിശ്ചയമാണ്.

a) എഗ്ഗർ നഴ്സറി

പഞ്ചായത്തിൽ ഒരു എഗ്ഗർ നഴ്സറി അനുവദിക്കുക. മൃഗസംരക്ഷണവകുപ്പ് ഇപ്പോൾ നടപ്പാക്കുന്ന രീതി അവലംബിക്കുക. ആവശ്യാനുസരണമുള്ള അടുക്കളക്കോഴികളെ എഗ്ഗർ നഴ്സറി

വഴി ലഭ്യമാക്കാം. ഒരാൾക്ക് സ്ഥിരമായ തൊഴിൽ നൽകും. പഞ്ചായത്തിലെ ഓരോ മണ്ഡലത്തിലും പ്രതിവർഷം 25 വനിതകൾക്കുവീതം കോഴിവളർത്തൽ യൂണിറ്റു നൽകുക.

b) സ്കൂൾ പൗൾട്രി ക്ലബ്ബ്

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേയും 6,8 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മൂന്നു പിടക്കോഴികളെ നൽകുക. ഒരദ്ധ്യാപകനുവീതം കോഴിവളർത്തലിൽ ട്രയിനിംഗ് നൽകി രക്ഷാധികാരിയാക്കുക. (മൃഗസംരക്ഷണവകുപ്പ് ആദിച്ചനല്ലൂർ സ്കൂളിൽ മുമ്പ് ഈ പദ്ധതി നടപ്പാക്കിയിരുന്നു.)

c) ബാക്ക് യാർഡ് പൗൾട്രി

മൃഗ സംരക്ഷണ വകുപ്പ് ഇപ്പോൾ നടപ്പാക്കുന്ന രീതിയിൽ എല്ലാ മണ്ഡലത്തിലും പ്രതിവർഷം 25 വീട്ടമ്മമാർക്ക് വീതം നൽകുക.

d) ഇറച്ചിക്കോഴി വളർത്തൽ

ഒരു മണ്ഡലത്തിൽ ഒരു യൂണിറ്റു വീതം വിപണനം കാര്യക്ഷമമാക്കുവാൻ ബ്രോയിലർ ഇറച്ചി അരക്കിലോ പീസുകളാക്കി പാക്കു ചെയ്ത് മൽസ്യ മാർക്കറ്റ്, സ്റ്റാൾ, മിൽമാ സൊസൈറ്റി ഇവ മുഖാന്തിരം വിൽപ്പന നടത്തുക.

e) താറാവു വളർത്തൽ

പഞ്ചായത്തിലെ മുഴുവൻ മേഖലകളിലും താറാവു വളർത്തുന്നതിന് വളരെ അനുയോജ്യമാണ്. 25 താറാവുകൾ അടങ്ങിയ രണ്ട് യൂണിറ്റുകൾ വീതവും 50 താറാവുകൾ അടങ്ങിയ രണ്ടു യൂണിറ്റുകൾ വീതവും മേൽപ്പറഞ്ഞ വാർഡുകളിൽ അനുവദിക്കുക. മേൽത്തരം ഉൽപ്പാദനക്ഷമതയുള്ള താറാവുകുഞ്ഞുങ്ങളെ ലഭ്യമാക്കാനുള്ള നടപടികൾ സർക്കാരിൽ നിന്നുണ്ടാവണം.

4. മുയൽ വളർത്തൽ

ഒമ്പതാം മണ്ഡലത്തിൽ അഞ്ചു മുയൽ വളർത്തൽ യൂണിറ്റും ബാക്കി എല്ലാ വാർഡിലും ഓരോ മുയൽ വളർത്തൽ യൂണിറ്റും അനുവദിക്കുക.

5. തേനീച്ച വളർത്തൽ

ഓരോ മണ്ഡലത്തിലും ഒരു യൂണിറ്റു വീതം നടപ്പാക്കുക.

6. മാംസ സംസ്കരണം

പഞ്ചായത്തിൽ അനധികൃതമായ കശാപ്പാണ് ഇപ്പോൾ നടക്കുന്നത്. ജനങ്ങളുടെ ആരോഗ്യ പ്രശ്നം കണക്കിലെടുത്ത് പഞ്ചായത്തിന്റെ സത്വര ശ്രദ്ധ ഇതിൽ തിരിയേണ്ടതാണ്. താഴേപ്പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

1. മൃഗങ്ങളുടെ കശാപ്പിന് ലൈസൻസ് നിർബന്ധമാക്കുക.
2. കശാപ്പിന് മുമ്പും പിമ്പും പരിശോധനയ്ക്ക് വിധേയമാക്കുക.
3. നവീന കശാപ്പു ശാല പഞ്ചായത്തിൽ സൗകര്യമുള്ള സ്ഥലത്ത് സ്ഥാപിക്കുക(നവീന കശാപ്പു ശാലയ്ക്കുള്ള കേന്ദ്ര ധനസഹായം വിനിയോഗിച്ചു നിർമ്മിക്കാം)
4. അറവുശാലയിൽ നിന്നും വിവിധ സ്ഥലത്തേക്ക് ശുചിയായി മാംസ്യം കൊണ്ടുപോകുക.
5. അനുബന്ധ വ്യവസായങ്ങളായ ബോൺ മിൽ, ബ്ലഡ് മിൽ ഇവ തുടങ്ങുക.

7. കന്നുകാലിച്ചന്ത

പഞ്ചായത്തിനൊരു വരുമാന മാർഗ്ഗവും കർഷകർക്ക് കന്നുകാലികളെ വിൽക്കുന്നതിനും വാങ്ങുന്നതിനും സൗകര്യമാണ്. അടുത്ത പ്രദേശങ്ങളിൽ മേൽപ്പറഞ്ഞ ചന്തകൾ ഇല്ലാത്തതിനാൽ ഈ പ്രദേശത്തു തന്നെ വരുമാനം വർദ്ധിപ്പിക്കാം. നാലാം വാർഡിൽ വില്ലേജ് ഓഫീസിനോടനുബന്ധിച്ച് ഒഴിഞ്ഞു കിടക്കുന്ന സർക്കാർ ഭൂമിയിൽ തുടങ്ങാൻ സൗകര്യമാണ്.

8. മൃഗാശുപത്രി വികസനവും മൃഗ ചികിത്സ കാര്യക്ഷമമാക്കലും.

പഞ്ചായത്തിൽ, മറ്റൊരു പഞ്ചായത്തിലും ലഭ്യമല്ലാത്ത രീതിയിൽ രണ്ടു വെറ്റിനറി ഹോസ്പിറ്റലും ഒരു വെറ്റിനറി ഡിസ്പൻസറി, രണ്ട് I.C.D.P. സബ്സെന്റർ എന്നിവ പ്രവർത്തിക്കുന്നു.

1. ആവശ്യമായ ഫർണ്ണീച്ചർ, മരുന്നുകൾ, വാക്സിനുകൾ ഇവ യഥാസമയം ലഭ്യമാക്കുക.
2. I.C.D.P. സബ് സെന്ററുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക.
3. ആദിച്ചനല്ലൂർ വെറ്റിനറി ഡിസ്പൻസറിക്ക്

കോമ്പൗണ്ട് വാൾ നിർമ്മിക്കുക.

4. വെറ്റിനറി ഹോസ്പിറ്റലിനും, ഡിസ്പൻസറിക്കും ഫോൺ സൗകര്യം ഏർപ്പെടുത്തുക.

പഞ്ചായത്തിൽ ഒരു മൊബൈൽ ഡിസ്പെൻസറി സ്ഥാപിച്ചാൽ ഓരോ മണ്ഡലത്തിലും ഓരോ ദിവസം ക്യാമ്പ് ഡിസ്പെൻസറിയും. കർഷകന് വീട്ടുപടിക്കൽ സേവനം എത്തിക്കുവാനും സാധിക്കും.

9. പേവിഷ നിർമ്മാർജ്ജന പദ്ധതി.

വളരെ പ്രാധാന്യമുള്ള പൊതുജനാരോഗ്യ പരിപാടിയാണിത്.

a) പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും ലൈസൻസ് ഏർപ്പെടുത്തുക.

b) ഉടമസ്ഥരില്ലാത്ത നായ്ക്കളെ നശിപ്പിക്കുക.

c) വളർത്തുനായ്ക്കൾക്ക് പേ വിഷത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പു നടത്തുക.

d) ബോധ വൽക്കരണത്തിന് സെമിനാറുകൾ സംഘടിപ്പിക്കുക.

10. മൃഗ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി.

1. എല്ലാ മണ്ഡലത്തിലും സെമിനാറുകൾ വർഷത്തിൽ ഒന്നുവീതം നടത്തുക.

2. കന്നുകാലി പ്രദർശനം വർഷത്തിൽ രണ്ടെണ്ണമെങ്കിലും നടത്തുക.

3. എസ്. പി. സി. എ. നിയമത്തിനു വിധേയമായി മരമടി മത്സരം സംഘടിപ്പിക്കുക

എല്ലാ വർഷവും ഒരു വർഷത്തെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ മണ്ഡലത്തിലേയും ഏറ്റവും നല്ല ക്ഷീര കർഷകന് അവാർഡ് നൽകി അംഗീകരിക്കുക.

11. പശുക്കുട്ടികൾക്ക് വിരയിളക്കൽ കിറ്റു വിതരണം.

സങ്കരയിനത്തിൽപ്പെട്ട പശുക്കുട്ടികളെ മൃഗ സംരക്ഷണ കേന്ദ്രത്തിലെ ബർത്ത് രജിസ്റ്ററിൽ ഉൾപ്പെടുന്ന എല്ലാ കർഷകർക്കും ഒരു മാസം മുതൽ പത്തു മാസം വരെ നൽകേണ്ട വിരയിളക്കൽ മരുന്നിന്റെ കിറ്റു നൽകുക.

12. ഗോബർ ഗ്യാസ് പ്ലാന്റു നിർമ്മാണം.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് ചൂഷണം ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മണ്ഡലത്തിൽ ഒരു ഗോബർഗ്യാസ് പ്ലാന്റു എന്ന രീതിയിൽ ധനസഹായം നൽകി നിർമ്മിക്കുക.

മത്സ്യബന്ധനം

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ തെക്കും തെക്കുകിഴക്കും മത്സ്യബന്ധനത്തിനായി പ്രധാനമായുള്ളത് 9 കി.മീറ്ററോളം ദൈർഘ്യമുള്ള ഇത്തിക്കരയാറാണ്. ഇതു കൂടാതെ പള്ളിമണാറ്, വട്ടക്കായൽ എന്നിവയും ചെറിയകായലുകൾ, തടാകങ്ങൾ, കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവയും മത്സ്യബന്ധനത്തിനായുണ്ട്. ചെറുവള്ളങ്ങളിൽപോയി മത്സ്യ ബന്ധനം നടത്തുന്നവരും നാടൻവല ഉപയോഗിക്കുന്ന വരും പരമ്പരാഗതമായ മറ്റ് രീതികളുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരുമായ ഉൾനാടൻ മത്സ്യത്തൊഴിലാളികളും ഈ രംഗത്ത് പ്രവർത്തിക്കുന്നു. പ്രധാനമായും കൊട്ടിയം, ഒറ്റപ്ലാമൂട്, വടക്കേ മൈലക്കാട് പ്രദേശങ്ങളിലാണ് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കൂടുതലായുള്ളത്. ഈ വിഭാഗത്തിന് ധാരാളം പ്രശ്നങ്ങളുണ്ടെങ്കിലും അസംഘടിതരായ ഇവരെ സഹായിക്കാനുള്ള പദ്ധതികൾ ഒന്നുംതന്നെ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

നിർദ്ദേശങ്ങൾ

1. മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് ഉൾനാടൻ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.


2. സംസ്ഥാന ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽനിന്നുമുള്ള സഹായങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് കിട്ടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.


3. പൊതുകുളങ്ങളിലും മറ്റ് അനുയോജ്യമായ പൊ

തു സ്വകാര്യമേഖലകളിലും മത്സ്യ ചെമ്മീൻകൃഷി നടപ്പിലാക്കുക.


4. മത്സ്യബന്ധന ഉപകരണങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നതിനുള്ള സഹായസംവിധാനം ഉണ്ടാക്കുക.
5. മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ പ്രതിഫലം കിട്ടുന്നതിന് മത്സ്യവിപണനസംവിധാനം ഫലപ്രദമാക്കുക.
6. ആറും, പൊതുകുളങ്ങളും മത്സ്യബന്ധനത്തിന് വേണ്ടി പഞ്ചായത്ത് ലേലം ചെയ്തുകൊടുക്കുക. ഇതുവഴി പഞ്ചായത്തിന് വരുമാനം വർദ്ധിക്കുകയും ഈ മേഖലയിലുള്ള അനധികൃത കടന്നുകയറ്റത്തിന് തടയിടാനും കഴിയും.
7. പഞ്ചായത്തിൽ ജലാശയങ്ങളുള്ള എല്ലാ മണ്ഡലങ്ങളിലും മത്സ്യക്കൃഷി വ്യാപിപ്പിക്കുക.
8. ശുദ്ധജല മത്സ്യക്കൃഷി സഹകരണാടിസ്ഥാനത്തിൽ നടത്തുക.
9. പഞ്ചായത്തിലെ കുമ്മല്ലൂർ, ആദിച്ചനല്ലൂർ, പ്ലാക്കാട്, മൈലക്കാട്, കാറ്റാടിജംഗ്ഷൻ, കൊട്ടിയം എന്നിവിടങ്ങളിലെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുക.
10. പഞ്ചായത്തിലെ 9-ാം മണ്ഡലത്തിലെ വെണ്മണിചിറയിൽ ശുദ്ധജലമത്സ്യക്കൃഷി പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടൊപ്പം സാധ്യതയുള്ള മറ്റുപ്രദേശങ്ങളിൽ മത്സ്യക്കൃഷി വ്യാപിപ്പിച്ചാൽ അതുവഴി പഞ്ചായത്തിന് നല്ല ഒരു വരുമാനമാർഗ്ഗവും മത്സ്യബന്ധനത്തിൽ തല്പരരായ ആളുകൾക്ക് പുരോഗതിയും ലഭിക്കും.





V-3 വ്യവസായം



"ഉപജീവനത്തിനാവശ്യമായ ഉപാധികളുടെ വിലയായിരിക്കും ഒരു തൊഴിലാളിയുടെ അദ്ധ്വാനത്തിന്റെ വിലയെ നിർണ്ണയിക്കുന്നത്."

കാറൽ മാർക്സ്.

കേരളം വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ പേർ വ്യവസായതുറകളിൽ പണിയെടുക്കുന്നുണ്ടെങ്കിലും അവരിൽ മഹാഭൂരിപക്ഷവും ക്ഷയിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗതവ്യവസായങ്ങളിലോ മറ്റ് ചെറുകിടവ്യവസായസ്ഥാപനങ്ങളിലോ ആണ് ജോലി ചെയ്യുന്നത്. ഇതുമൂലം കേരളത്തിലെ വ്യവസായ തൊഴിലാളികളുടെ ഉല്പാദനക്ഷമതയും വരുമാനവും താരതമ്യേന താഴ്ന്നതാണ്. ക്ഷയിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗതവ്യവസായ മേഖലകൾക്ക് പകരം ആധുനികവ്യവസായങ്ങൾ വളർന്നു വരുന്നില്ല എന്നതാണ് കേരളത്തിന്റെ ദുരവസ്ഥ. വൻകിട-ആധുനിക വ്യവസായ മേഖലയിൽ പ്രാദേശിക ആസൂത്രണവും ഇടപെടലും ശ്രമകരമാണ്. ആയതിനാൽ ഇവയുടെ ചുമതല സംസ്ഥാനതല വ്യവസായവകുപ്പിന് ആകുന്നതാവും ഉചിതം എന്നതിൽ തർക്കമില്ല.

നൂറുവർഷങ്ങൾക്ക് മുമ്പാണ് ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ വ്യവസായസംരംഭങ്ങൾ ആരംഭിച്ചത്. ഓട് നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ സുലഭമായി കിട്ടിക്കൊണ്ടിരുന്ന ഇത്തിക്കര കേന്ദ്രീകരിച്ചാണ് ഇത്തിക്കര ടൈൽസ് ഫാക്ടറി സ്വകാര്യമേഖലയിൽ ആരംഭിച്ചത്. അന്ന് വൈദ്യുതി ആദിച്ചനല്ലൂർ ഗ്രാമത്തിൽ എത്തിയിരുന്നില്ല. ആവി എൻജിൻ ഉപയോഗിച്ച് ഫാക്ടറി പ്രവർത്തിച്ചു. അതിനു ശേഷം അമ്മ മഹാറാണിയുടെ ഉടമസ്ഥതയിൽ സർക്കാരിന്റെ സഹായത്തോടു കൂടി വ്യവസായ വിദഗ്ദ്ധൻ ഹരിഹരന്റെ മാനേജ്മെന്റിൽ ട്രാവൻകൂർ പോർട്ടറീസ് സിറാമിക്സ് എന്ന വ്യവസായ സ്ഥാപനം ആരംഭിച്ചു.

അമ്മ മഹാറാണിക്ക് 99 വർഷത്തെ കുത്തക പാട്ടത്തിനാണ് 11 ഏക്കർ ഭൂമി വ്യവസായം തുടങ്ങാൻ കൊടുത്തത്. 1942 ൽ കുത്തകപ്പാട്ട വ്യവസ്ഥ നിലനിറുത്തിക്കൊണ്ട് അമ്മമഹാറാണി ഫാക്ടറി നടത്താനുള്ള അവകാശം ശ്രീ. ദയാനന്ദന് കൈമാറി. 1960 ൽ ശ്രീ. ദയാനന്ദൻ ട്രാവൻകൂർ പോട്ടറീസ് ഫാക്ടറി തുടങ്ങി. ഈ കാലഘട്ടത്തിൽ ഉത്തരേൻഡ്യൻ മാർവാഡികൾ ഫോർഗാ ഇൻഡസ്ട്രീസ് എന്ന പേരിൽ പൈപ്പ് നിർമ്മാണ ഫാക്ടറി നടത്തി. അതിനു ശേഷം ഫാക്ടറി മാനേജ്മെന്റ് ഈഫാക്ടറി ലോക്കൗട്ട് ചെയതു. തൊഴിൽ പ്രശ്നം പരിഹരിക്കാൻ കഴിയാത്തതിനാൽ സർക്കാരിന് പൊതുമേഖലാ വ്യവസായത്തിന് വിട്ടുകൊടുക്കാൻ മുതലുടമ തയ്യാറായിരുന്നു. ആദ്യകാലത്ത് 500 പേർക്ക് തൊഴിൽ കിട്ടിയ ഈ

സ്ഥാപനത്തിന്റെ വസ്തുവകകൾ 11 ഏക്കറും കുത്തകപാട്ടക്കാരനായ മാനേജ്മെന്റ് പതിച്ചെടുത്തു. ആദ്യം ആരംഭിച്ച ട്രാവൻകൂർ സെറാമിക്സ് ഫാക്ടറിയും 11 ഏക്കർ ഭൂമിയും വീതം വച്ചതാണ് ഈ കാമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ ടൈൽസും ട്രാവൻകൂർ പോർട്ടറീസും. ഇപ്പോൾ ട്രാവൻകൂർ പോർട്ടറീസ് വർഷങ്ങളായി പ്രവർത്തിക്കുന്നില്ല. സർക്കാർ ഉടമയിൽ ആധുനിക വ്യവസായം ആരംഭിക്കാൻ എല്ലാ സജ്ജീകരണങ്ങളും ഈ സ്ഥാപനത്തിൽ ഉണ്ട്.

ജലമാർഗ്ഗവും റോഡുമാർഗ്ഗവും ഗതാഗത സൗകര്യവും വാർത്താവിനിമയ സൗകര്യവും ഉള്ള പഞ്ചായത്ത് എന്നതിനാലും, ഓട് നിർമ്മാണത്തിന് ആവശ്യമായ ചെളി സുലഭമായതിനാലും ഓട് നിർമ്മാണം ആറ് ഫാക്ടറികളിലായി വർദ്ധിച്ചു. തൊഴിലാളികൾ സംഘടിതപോരാട്ടത്തിലൂടെ അനവധി അവകാശാനുകൂല്യങ്ങൾ നേടിയെടുത്തു. തൊഴിലാളികളുടെ കൂലി അപര്യാപ്തമായതിനാൽ ഈ തൊഴിൽ മേഖലയിൽ പുതിയതായി തൊഴിലാളികൾ വരുന്നില്ല. ഇതോടൊപ്പം 1989 ലെ വ്യവസായ നയത്തിന്റെ ഫലമായി ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ വയർ കട്ട് ബ്രിക്സ് ഫാക്ടറികൾ 31 എണ്ണം ആരംഭിച്ചു. അതുപോലെ 1952 മുതൽ വ്യാപകമായി കുടിൽ വ്യവസായം എന്ന നിലയിൽ നാടൻ ചുടുകട്ട നിർമ്മാണവും, ഓടു നിർമ്മാണരംഗത്ത് ആവശ്യമായ ക്ലേയുടെ ദൗർലഭ്യം ഉളവാക്കി. പഞ്ചായത്തിന്റെ ഭൂരിപക്ഷം വാർഡുകളി ലും ഈ വ്യവസായ മേഖല വ്യാപിച്ചു. ആറ് ഓട് നിർമ്മാണ ചെറുകിട ഫാക്ടറികളിലും 31 വയർകട്ട് ബ്രിക്സ് യൂണിറ്റുകളിലും 17 നാടൻ ചുടുകട്ട കളങ്ങളിലുമായി 1242 തൊഴിലാളികൾ ജോലി ചെയ്യുന്നു. ആയിരക്കണക്കിന് തൊഴിലാളികൾക്ക് ജോലി കിട്ടിക്കൊണ്ടിരുന്ന ഈ വ്യവസായമേഖലയിൽ എ.റ്റി.കെ.എം എന്ന 12-ാം മണ്ഡലത്തിലെ ടൈൽ ഫാക്ടറി വർഷങ്ങളായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിൽ പ്രവർത്തിച്ചിരുന്ന ഗാന്ധിസ്മാരക ഗ്രാമോദ്ധാരണ വില്ലേജ് ഇൻഡസ്ട്രീസ് ഓട് നിർമ്മാണ ഫാക്ടറിയും, ബദരിയാ ടൈൽ ഫാക്ടറിയും ഇപ്പോൾ ഓടു നിർമ്മാണം അവസാനിപ്പിച്ചു. ഈ ഫാക്ടറികൾ ചാരിറ്റബിൾ ആക്ട് പ്രകാരം സൊസൈറ്റി എന്ന നിലയിൽ സംഘടിപ്പിച്ചതാണ്. ഇപ്പോൾ വയർകട്ട് ബ്രിക്സ് ഉൽപ്പാദിപ്പിക്കുന്നു. ഈ രംഗം പരിസ്ഥിതി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഭൂരിപക്ഷം സ്ഥാപനങ്ങളും സമതലപ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്നതിനാൽ പരിസര മലിനീകരണം തടയാൻ ചൂളസംവിധാനം ഏർപ്പെടുത്താൻ കഴിയുന്നില്ല. വിറക് ലഭ്യത കുറഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ ചൂള സംവിധാനം ഉണ്ടായാൽ ഇന്നുള്ള വരുമാനത്തെക്കാൾ ആദായകരമാക്കാനും പരിസരമലിനീകരണത്തിന്റെ പേരിൽ സ്ഥാപനത്തിനുണ്ടാകുന്ന കുഴപ്പങ്ങൾ ഒഴിവാക്കാനും കഴിയും. ഈ മേഖലയിൽ ഏകീകരിച്ച കൂലി വ്യവസ്ഥയും ക്ഷേമപദ്ധതികളും നടപ്പാക്കുന്നില്ല. തകർച്ചയെ അഭിമുഖീകരിക്കുന്ന ഈ മേഖലയിൽ പുതുതായി ഫാക്ടറികൾ ആരംഭിക്കണം. ലഭ്യമായ അസംസ്കൃത വസ്തുക്കൾ ക്രമീകരിക്കപ്പെട്ട് കൂടുതൽ കണ്ടെത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണം. (ഈ രംഗത്തെ സ്ഥിതി വിവരപട്ടിക പട്ടിക താഴെ ചേർക്കുന്നു.)

ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം			ശതമാനം	സ്ഥാപനം	1990 ലെ കൂലി		1996 ലെ കൂലി	
		പുരുഷൻ	സ്ത്രീ	ആകെ		എണ്ണം	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
1.	ഓടുനിർമ്മാണം	297	–	297	23.93	6	45.00	–	63.00	–
2.	വയർ കട്ട് ബ്രിക്സ്	315	90	405	32.60	31	35.00	30.00	50.00	45.00
3.	നാടൻ ചുടുകട്ട	340	200	540	43.47	17	45.00	35.00	60.00	50.00
4.	പൈപ്പ് ഫാക്ടറി	–	–	–		2	–	–	–	–
	TOTAL	952	290	1242	100%	56				

ആധുനിക വ്യവസായങ്ങളോ പൊതുമേഖലാ വ്യവസായങ്ങളോ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടില്ല. പരമ്പരാഗത വ്യവസായങ്ങളിലാണ് ഭൂരിപക്ഷവും പണിയെടുക്കുന്നത്. കശുവണ്ടി, കള്ള് ചെത്ത്, കരകൗശലം, മത്സ്യബന്ധനം, ഈറ്റമ്പനമ്പ് എന്നീ പരമ്പരാഗതവ്യവസായങ്ങളിലായി 15 ചെറുതും വലുതുമായ വ്യവസായസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആകെയുള്ള 19 സ്ഥാപനങ്ങളിൽ 5 ചെറുകിട ഫാക്ടറികൾ സ്വകാര്യ മേഖലയിലും 6 എണ്ണം കുടിൽവ്യവസായ മേഖലയിലും 9 എണ്ണം സഹകരണമേഖലയിലും പ്രവർത്തിക്കുന്നു. കശുവണ്ടി വ്യവസായമേഖലയിൽ 5 ചെറുകിട ഫാക്ടറികളിൽ 2252 പേർ ജോലി ചെയ്യുന്നു. ഇതിൽ 96% തൊഴിലാളികൾ വനിതകളാണ്. ഇത് ഗ്രാമപഞ്ചായത്തിലെ വ്യവസായത്തൊഴിലാളികളിൽ 51.04% മാണ്. ആകെ വനിതാപങ്കാളിത്തത്തിൽ 83.37% കശുവണ്ടി വ്യവസായമേഖലയിൽ ജോലി ചെയ്യുന്നു. 3100 പേർക്ക് ലൈസൻസുള്ള 5 ഫാക്ടറികളിൽ ഇപ്പോൾ 2252 പേർ പണിയെടുക്കുന്നു. ഇത് സാദ്ധ്യതയുടെ 72.64% മാത്രമാണ്. ഈ മേഖലയിൽ ജോലി ചെയ്യു ന്നവരിൽ 60% പേരും നമ്മുടെ പഞ്ചായത്തിൽ താമസിക്കുന്നു. മറ്റ് പഞ്ചായത്തിലുള്ള കശുവണ്ടി ഫാക്ടറികളിലും ഇവിടെനിന്നും ആളുകൾ ജോലിക്ക് പോകുന്നുണ്ട്. തോട്ടണ്ടിയുടെ ലഭ്യത ക്കുറവുമൂലം ഈ വ്യവസായം വമ്പിച്ച തകർച്ചയെ നേരിട്ടു. 1983 മുതൽ 86 വരെ തൊഴിൽരംഗം സമരത്തിലുമായി. 86 ൽ സമരം അവസാനിച്ചതിനു ശേഷം 89 ൽ 15 വർഷത്തിന് മുമ്പുണ്ടായിരുന്ന വേതനനിരക്ക് പുതുക്കി നിശ്ചയിച്ചു.

പട്ടിക-2 ചെറുകിട പരമ്പരാഗത വ്യവസായം

ക്രമനമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം				സ്ഥാപനങ്ങളുടെ എണ്ണം
		പുരുഷൻ	സ്ത്രീ	ആകെ	%	
1	കശുവണ്ടി	90	2162	2252	96.32	5
2	കള്ള്ചെത്ത്	31	-	31	1.32	3
3	കരകൗശലം	7	8	15	0.64	3
4	ഉൾനാടൻ മത്സ്യബന്ധനം	29	11	40	1.72	4
	ആകെ	157	2181	2338	100	15

കശുവണ്ടിവ്യവസായം നിലനിർത്താനും കൂടുതൽ തൊഴിലാളികൾക്ക് ജോലികിട്ടാനും സംസ്ഥാനാടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപകമാക്കണം. പഞ്ചായത്ത് അധീനതയിലുള്ള പുറമ്പോക്ക്, പൊതുസ്ഥാപനങ്ങൾ നിൽക്കുന്നത് കഴിച്ചുള്ള ഭൂമി, കനാൽ പുറമ്പോക്ക്, ശ്മശാനം എന്നിവിടങ്ങളിൽ കശുമാവ് കൃഷി ആരംഭിക്കാൻ സാധിക്കുന്നതാണ്. കശുവണ്ടി, കള്ള്ചെത്ത്, കരകൗശലം, ഉൾനാടൻ മത്സ്യബന്ധനം എന്നീ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പലതാണ്. നമ്മുടെ പഞ്ചായത്തിൽ 91 ലെ സെൻസസ് അനുസരിച്ച് 67 പേർ മത്സ്യമേഖലയിൽ ജോലി ചെയ്യുന്നവരാണ്. നമ്മുടെ പഞ്ചായത്തിൽ ഏറ്റവുംകൂടുതൽ സാദ്ധ്യതയുള്ള ഈ മേഖലയിൽ പരിശീലനം കൊടുത്ത് നല്ലനിലയിൽ മത്സ്യം വളർത്താൻ കഴിയും. പരമ്പരാഗത വ്യവസായമേഖലയിൽ ഉല്പാദനക്ഷമത ഉയർത്തിക്കൊണ്ടു മാത്രമേ കൂലിയും തൊഴിലവസരങ്ങളും ഉയർത്താൻ കഴിയൂ. അസംസ്കൃത വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുക, സാങ്കേതികവിദ്യയിൽ ഉചിതമായ നവീകരണം വരുത്തുക, ഉല്പന്നങ്ങളിൽ വൈവിദ്ധ്യവൽക്കരണം കൊണ്ടു വരുക തുടങ്ങിയവ പ്രാധാന്യമർഹിക്കുന്നു.

പരമ്പരാഗതകുടിൽ വ്യവസായ മേഖലയിൽ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് ഈ രംഗത്തെ കൈത്തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ ഈറ്റകൊണ്ടുള്ള പനമ്പുനിർമ്മാണ ജോലിയിൽ ഏർപ്പെട്ടു വരുന്നു. കൊട്ടിയം കോളനി കേന്ദ്രമാക്കി ഒരു സഹകരണസംഘം പ്രവർത്തിച്ചിരുന്നു. പനമ്പ് നിർമ്മാണം തുടങ്ങിയ തൊഴിലുകൾ അസംസ്കൃത വസ്തുവിന്റെ ലഭ്യതക്കുറവും മാർക്കറ്റില്ലായ്മയും മൂലം പഞ്ചായത്തിലിപ്പോൾ ഇല്ലെന്നു

തന്നെ പറയാം. ഈ മേഖലയിൽ ചൂരൽ ഫർണീച്ചർ നിർമ്മാണത്തിനും സാദ്ധ്യതയുണ്ട്. ഓരോ പട്ടികജാതി കോളനിയിലും കൈത്തൊഴിലുകാരെ യൂണിറ്റുകളാക്കി സംഘടിപ്പിച്ച് ഈ രംഗത്ത് തൊഴിൽസാദ്ധ്യതയു ണ്ടാക്കാൻ കഴിയും. ഇന്ന് ചൂരൽ ഫർണീച്ചർ നവീകരിക്കപ്പെട്ട് നിർമ്മിച്ചാൽ മാർക്കറ്റ് ലഭ്യമാണ്. ഈ മേഖലയിൽ തൊഴിലവസരം കൊടുക്കുന്നതിന് സ്പെഷ്യൽ കംപോണന്റ് പ്രോഗ്രാം അനുസരിച്ചുള്ള പദ്ധതികൾ നിലവിലുണ്ട്

വ്യവസായ സഹകരണ സ്ഥാപനങ്ങൾ

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ 3 കൈത്തറി വ്യവസായസഹകരണ സംഘങ്ങളിൽ രണ്ടെണ്ണം ഫാക്ടറി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. ഒരെണ്ണം പ്രാഥമിക സംഘമാണ്. പ്ലാക്കാട് പട്ടികജാതി കൈത്തറി നെയ്ത്ത് സഹകരണസംഘം 1989ൽ സ്ഥാപിച്ചെങ്കിലും 92 ലാണ് ഉൽപാദനം തുടങ്ങിയത്. കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ ഭൂരിഭാഗവും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കൂലിക്കുറവും തൊഴിൽദിനങ്ങൾ ക്കുറയുന്നതും ഈ രംഗത്തെ തൊഴിലാളികളെ നിരാശരാക്കുന്നു. എന്നാൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പുതിയ ഡിസൈനുകളും ഫർണീഷിംഗ് ഐറ്റങ്ങളും നിർമ്മിക്കുന്ന മേഖലകളിൽ വ്യവസായം ലാഭകരവും, തൊഴിലാളികൾക്ക് ഉയർന്ന കൂലിനിരിക്കും ലഭിക്കുന്നവയാണ്.

പട്ടിക-3 വ്യവസായ സഹകരണസംഘങ്ങൾ

ക്രമ നമ്പർ	ഇനം	അംഗങ്ങൾ	തൊഴിലാളികളുടെ എണ്ണം			ലാഭം/നഷ്ടം
			പുരുഷൻ	സ്ത്രീ	ആകെ	
1	കൈത്തറി സംഘം, കൊട്ടിയം ന: 3350	262	25	5	30	നഷ്ടം
2	കൈത്തറിസംഘം പ്ലാക്കാട് (Sc.QH.21)	112	4	28	32	നഷ്ടം
3	കയിലോൺ ടെക്സ്റ്റയിൽസ് കൊട്ടിയം(ചാരിറ്റബിൾ സൊസൈറ്റി)	20	2	50	52	നഷ്ടം
	ആകെ	394	31	83	114	നഷ്ടം

പട്ടിക-3 ക്ഷീരവ്യവസായം

ക്രമ നമ്പർ	ഇനം	അംഗങ്ങൾ	തൊഴിലാളികളുടെ എണ്ണം			ലാഭം/നഷ്ടം
			പുരുഷൻ	സ്ത്രീ	ആകെ	
1	കുമ്മല്ലൂർ	171	3	-	3	ലാഭം
2	ആദിച്ചനല്ലൂർ	202	2	1	3	ലാഭം
3	മൈലക്കാട്	387	2	-	2	ലാഭം
4	കൊട്ടിയം	59	1	1	2	ലാഭം
5	തഴുത്തല	76	2	-	2	ലാഭം
	ആകെ	895	10	2	12	ലാഭം

പട്ടിക-3 കൊപ്രാസംസ്കരണം

ക്രമ നമ്പർ	ഇനം	അംഗങ്ങൾ	തൊഴിലാളികളുടെ എണ്ണം			ലാഭം/നഷ്ടം
			പുരുഷൻ	സ്ത്രീ	ആകെ	
1	രാജീവ്ഗാന്ധി ജനറൽ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ന. ക്യൂ.1181, പ്ലാക്കാട്.	90	4	-	4	ലാഭം
ആകെമൊത്തം		1379	45	85	130	-

വ്യവസായ സഹകരണസംഘങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ 87.69 % കൈത്തറിമേഖലയിൽ ജോലി ചെയ്യുന്നു. അവരിൽ 63.84% സ്ത്രീ തൊഴിലാളികളാണ്. കൈത്തറിമേഖലയിൽ ഉല്പാദിപ്പിക്കുന്ന ഇരുപത്തിനാലിനം തുണിത്തരങ്ങൾ യന്ത്രത്തറികളിൽ ഉല്പാദിപ്പിക്കാൻ പാടില്ല എന്നുള്ള നിയന്ത്രണം ഉറപ്പാക്കുകയും സംഘങ്ങൾക്ക് കൊടുത്തു തീർക്കുവാനുള്ള റിബേറ്റ് അതതുവർഷം കൊടുക്കുകയും ആധുനികവൽക്കരണം ഏർപ്പെടുത്തുകയും ചെയ്താൽ ഈ രംഗത്ത് പുരോഗതിയുണ്ടാക്കുവാൻ കഴിയും. സഹകരണസംഘങ്ങൾക്ക് കൊടുക്കുന്ന വർക്കിംഗ് ക്യാപിറ്റൽ വർദ്ധിപ്പിക്കുവാനും കഴിയണം. ഈ രംഗത്ത് പുതിയതായി തൊഴിലാളികൾ വരുന്നില്ല. ജില്ലാടിസ്ഥാനത്തിൽ പരിശീലനം കൊടു ക്കുന്നതിന് വീവേഴ്സ് സെന്ററിന്റെ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തണം. ഇന്ന് പരിശീലകർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന പ്രതിമാസ സ്റ്റൈഫന്റ് 600 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞാൽ ഈ രംഗത്ത് തൊഴിലാളികൾ ഉറച്ചുനിൽക്കും. കൂലിയിൽ 50% വർദ്ധനവുണ്ടായാൽ ഈ വ്യവസായത്തിന് നമ്മുടെ പഞ്ചായത്തിൽ പുരോഗതിയുണ്ടാക്കുവാൻ കഴിയും. കൈത്തറിത്തുണിത്തരങ്ങൾ വാങ്ങുന്നതിന് സർക്കാർ ജീവനക്കാർക്ക് പ്രാഥമിക സംഘങ്ങൾവരെ ക്രെഡിറ്റ് അനുവദിക്കണം. ഗ്രാമപഞ്ചായത്തിലുള്ള എല്ലാ കുടുംബങ്ങളിലും കൈത്തറിത്തുണിത്തരങ്ങൾ വാങ്ങുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നതിന് ശ്രമം നടത്തണം.

ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ ലാഭകരമായി പ്രവർത്തിക്കുന്നു. വ്യവസായ സഹകരണ സംഘങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ 9.23% ഈ രംഗത്ത് ജോലി ചെയ്യുന്നുണ്ട്. പാൽ ഉത്പാദനവുമായി ഈ സംഘങ്ങൾക്ക് നേരിട്ട് ബന്ധമില്ല. വിപണന സൗകര്യം മാത്രമാണുള്ളത്. ഉത്പാദകർക്ക് ഉത്പാ ദനച്ചെലവുമായി ബന്ധപ്പെടുത്തി പാലിന് വില കൊടുത്താൽ പാൽ ഉത്പാദനം കൂടുകയും ഇതിൽ നിന്നും മെച്ചപ്പെട്ട സ്ഥിതിയുണ്ടാക്കുവാനും കഴിയും. വ്യവസായസഹകരണസംഘങ്ങളിലുള്ള അംഗങ്ങളിൽ 64.9% ക്ഷീരവ്യവസായ സഹകരണ സംഘങ്ങളിലാണ്.

കാർഷികോത്പന്നങ്ങൾ ധാരാളമുള്ള പഞ്ചായത്തിൽ ഒരു കൊപ്രാ സംഭരണ സംഘമേയുള്ളു. ഈ പഞ്ചായത്തിൽ കൊപ്രാസംഭരിച്ച് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള സാദ്ധ്യതയുണ്ട്.

പട്ടിക -4 സ്വകാര്യ ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം			യൂണിറ്റുകളുടെ എണ്ണം
		പുരുഷൻ	സ്ത്രീ	ആകെ	
1	ഹോളോബ്രിക്സ്	24	3	27	4
2	സ്റ്റീൽ ഫർണീച്ചർ	14	–	14	7
3	റൈസ് മിൽ	4	–	4	4
4	തടിമില്ല്	34	11	45	9
5	ഫ്ളവർമില്ല്	8	2	10	8
6	ബേക്കറി	48	15	63	10
7	തൊടി നിർമ്മാണം	28	–	28	4
8	ഓയിൽമില്ല്	17	–	17	3
9	പർപ്പിടക നിർമ്മാണം	16	10	26	13
10	വെൽഡിംഗ്	16	–	16	8
11	സിനിമാ തീയറ്റർ	21	–	21	3
12	അലൂമിനിയം പാത്രം	2	2	4	1
13	ആട്ടോ വർക്ക്ഷാപ്പ്	54	–	54	9
14	പെട്രോൾ സപ്ലൈ	6	–	6	1
15	സ്റ്റെബിലൈസർ, ക്ലോക്ക്	–	40	40	1
16	ഇലക്ട്രിക് ചോക്ക്	3	7	10	2
17	വിദേശമദ്യം	25	–	25	1
18	മണൽ	70	–	70	1
19	റെഡിമെയ്ഡ്	–	13	13	2
20	കൊപ്രാ സംസകരണം	32	–	32	5
21	പ്രിന്റിംഗ് പ്രസ്സ്	19	4	23	5
22	സോഡാ നിർമ്മാണം	5	–	5	2
23	മെഴുകുതിരി	2	3	5	1
24	ക്രഷർ യൂണിറ്റ്	4	1	5	1
25	മെറ്റൽ നിർമ്മാണം(പാറ)	7	13	20	3
26	ഇറച്ചിക്കോഴി, മുയൽ വളർത്തൽ	3	6	9	3
26	TOTAL	462	130	592	91

പഞ്ചായത്തിൽ വ്യവസായമേഖലയിൽ ജോലി ചെയ്യുന്നവരുടെ പട്ടിക

ക്രമനമ്പർ	മേഖല	തൊഴിലാളികളുടെഎണ്ണം				സ്ഥാപനങ്ങളുടെ എണ്ണം
		പുരുഷൻ	സ്ത്രീ	ആകെ	ശതമാനം	
1.	പരമ്പരാഗതം	157	2781	2338	54.35	15
2.	സഹകരണം	45	85	130	3.02	9
3	ഓട്, കട്ട,പൈപ്പ്	952	290	1242	28.87	56
4.	വിവിധ മേഖല	462	130	592	13.76	91
4.	TOTAL	1616	2686	4302	100%	171

നമ്മുടെ പഞ്ചായത്തിൽ 171 ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങളിൽ 4302 പേർ ജോലി ചെയ്യുന്നു. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 14.64% മാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ജനസംഖ്യയുടെ 18.15% മാണ്. സഹകരണമേഖലയിൽ തൊഴിൽ സാദ്ധ്യത ഉണ്ടെങ്കിലും ആയത് പ്രയോജനപ്പെടുത്തുന്നില്ല. 1990 ന് ശേഷം 50 ചെറുകിട യൂണിറ്റുകൾ പുതുതായി ഉണ്ടായി. അതിൽ 20 എണ്ണം ചുടുകട്ട നിർമ്മാണ രംഗത്താണ്. കശുവണ്ടി വ്യവസായ രംഗത്ത് തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നു. കഴിഞ്ഞ 10 വർഷത്തിനിടയിൽ കശുവണ്ടി വ്യവസായത്തിൽ മാത്രമാണ് കൂലി പുതുക്കിയത്. പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം താരതമ്യേന കൂടുതലാണ്. പഞ്ചായത്ത് തലത്തിൽ കൂടുതൽ ലഭിക്കുന്നത് നാളീകേരമാണെങ്കിലും ഈ മേഖലയിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നില്ല. ബഹുഭൂരിപക്ഷം വരുന്ന ഇടത്തരക്കാരുടെയും ദാരിദ്ര്യ രേഖയ്ക്ക് താഴെ നിൽക്കുന്നവരുടെയും ജീവിത നിലവാരം ഉയർത്താൻ പ്രത്യുല്പാദന മേഖല ഉയർത്തിയെടുക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ 613 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ് ഇതിൽ ഭൂരിപക്ഷവും പരമ്പരാഗതവ്യവസായ മേഖലയിൽ ജോലി ചെയ്യുന്നു. ഈ മേഖല ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ ലാഭകരമായി പ്രവർത്തിക്കുന്ന മേഖല സ്വകാര്യമേഖലയാണ്. സഹകരണ സ്ഥാപനങ്ങളിൽ കൂടുതലും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

വർഷങ്ങളിലെ കൂലി നിരക്ക് പട്ടിക VI
കശുവണ്ടിമേഖലയിൽ 1985 – 1995

ക്രമ നമ്പർ	സെക്ഷൻ	1985 ലെ കൂലി		1996 ലെ കൂലി	
		1 Kg സ്റ്റിരക്ക്സ്	ദിനബത്ത രൂ സ	1 Kg നിരക്ക്	ദിനബത്ത രൂ സ
1.	ഷെല്ലിംഗ്	76	8. 06	2.55	22. 13
2.	പീലിംഗ്	94	8. 06	3.22	22. 13
3.	ട്രേഡിംഗ് (ഒരു ദിവസം)	4. 75	8. 06	18.27	22. 13

കശുവണ്ടി വ്യവസായത്തിൽ പുരുഷൻമാരുടെ പങ്കാളിത്തം കുറഞ്ഞുവരുന്നു. കോൺട്രാക്ട് വ്യവസ്ഥയിൽ തൊഴിലാളികളായി സ്റ്റാഫ് സെക്ഷനിൽ നിയമിക്കുന്നതാണ് ഇതിന് കാരണം.

സാങ്കേതികവിദ്യാഭ്യാസം ഉൾപ്പെടെ ഉന്നത ബിരുദം നേടിയ സ്ത്രീകൾ ഉണ്ടെങ്കിലും തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. സ്ത്രീകൾ കൂടുതലായി പണിയെടുത്തുകൊണ്ടിരുന്ന സർവ്വീസ് മേഖലകളിലും സർക്കാർ സർവ്വീസുകളിലും തൊഴിലവസരം കുറയുന്നതാകാം ഇതിന് കാരണം. ഇത്തരമുള്ള പുതിയ തൊഴിൽ മേഖലകളിൽ വരാൻ സ്ത്രീകൾ മടിക്കുന്നുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിൽ ഉള്ള തൊഴിൽ ദിനങ്ങളുടെ കുറവ്, മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ, തൊഴിൽജന്യരോഗങ്ങൾ, വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകൾ തുടങ്ങിയവ സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം നശിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിനും മറ്റും സർക്കാർ സൗജന്യങ്ങൾ ലഭിക്കുമ്പോൾ പോലും അത് നന്നായി പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥയിലാണ് അത്തരം കുടുംബങ്ങളിലെ കുട്ടികൾ. പരമ്പരാഗത തൊഴിൽ മേഖല നവീകരിക്കപ്പെടേണ്ടതാവശ്യമാണ്.

നടപ്പു സ്കീമുകളുടെ അവലോകനം

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ അഞ്ചുവർഷങ്ങൾ കൊണ്ട് രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസാങ്ങളുടെ എണ്ണം 50 ആണ്. ചെറുകിട വ്യവസായ യൂണിറ്റുകളുടെ രജിസ്ട്രേഷൻ തുടർന്നുകൊണ്ടിരിക്കുന്നു. ഇന്നു വരെ രരജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായങ്ങളുടെ യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇപ്പോൾ നടത്തവരുന്ന ചുടുകട്ട വ്യവസായം ചെളിയുടെ ദൗർലഭ്യം മൂലം വളരെ കുറച്ച് ദിവസങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. പല വ്യവസായങ്ങൾക്കും ബാങ്ക്, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്രവർത്തന മൂലധനം ലഭിക്കാത്തതു മൂലവും, ഉയർന്ന പലിശ നിരക്ക് മൂലവും തൊഴിലാളികളുടെ ഉൽപാദനക്ഷമത കുറവുകൊണ്ടും ചെറുകിട വ്യവസായങ്ങൾ കൂടുതലും വളരെ ബുദ്ധിമുട്ടിയാണ് മുന്നോട്ട്

പോകുന്നത്.

ഉല്പാദനപ്രക്രീയയിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് വ്യവസായ വകുപ്പ് വഴി നിക്ഷേപമൂലധനത്തിന്റെ (വസ്തു, കെട്ടിടം, മെഷിനറി എന്നിവയുടെ) 15% സബ്സിഡിയും ഈ നിക്ഷേപത്തിന്റെ മൊത്തം തുകയ്ക്ക് തുല്യമായ വില്പന നികുതിയിളവ് 7 വർഷത്തേക്കും അനുവദിച്ചുകൊടുക്കുന്നു. കൂടാതെ കുറഞ്ഞ നിരക്കിലുള്ള കറണ്ട് ചാർജ്ജിന് 5 വർഷത്തേയ്ക്ക് കൺസഷൻ അനുവദിക്കുന്നുണ്ട്. വായ്പയായി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുക കൂടാതെ മാർജിൻ മണി, വ്യവസായ ഡിപ്പാർട്ട്മെന്റിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ ലഭിക്കുന്നു. സ്ത്രീകൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന്റെ 50% (പരമാവധി 25000 രൂപ) മെഷിനറിക്ക് ഗ്രാന്റ് അനുവദിക്കുന്നുണ്ട്. വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ഒന്നാം വർഷം 100% വും രണ്ടാം വർഷം 75% വും മൂന്നാം വർഷം 50% നാലാം വർഷം 25% വും ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകുന്നു.

പ്രശ്നങ്ങൾ

1. അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവ്.
2. തകർച്ചയെ നേരിടുന്ന വ്യവസായങ്ങൾ വീണ്ടു പുനരുദ്ധരിക്കണം
3 വ്യവസായസംരംഭകർ സാദ്ധ്യതകൾ പരിശോധിച്ച് പദ്ധതികൾ ആവിഷ്ക്കിരക്കുന്നില്ല.
4. ബോധവത്ക്കരണത്തിന്റെയും പരിശീലനത്തിന്റെയും കുറവ്.
5. വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്.
6. കലാനുസൃതമായി കൂലി വർദ്ധനവില്ലായ്മ.
7. കാർഷിക ഉല്പന്നഅധിഷ്ഠിത വ്യവസായങ്ങൾക്ക് മുൻഗണന കൊടുക്കാതിരിക്കുക.
8. നടത്തുന്ന സംരംഭങ്ങൾ കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തി വികസിപ്പിക്കാതിരക്കുക.
9. കാർഷിക പുരോഗതിയിലൂടെ വ്യവസായ പുരോഗതി ലക്ഷ്യമാക്കുന്നില്ല.
10. വൈദ്യുതി കണക്ഷന് താമസം നേരിടുന്നു.
11. ആധുനിക സാങ്കേതിക വിദ്യയും പരിശീലനവും വേണ്ടത്ര ലഭിക്കുന്നില്ല.
12. പരിസരമലിനീകരണം പ്രധാനമായി കാണുന്നില്ല.
13. സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ ശിശുപരിപാലന സംവിധാനമില്ലായ്മ.
14. ഫാക്ടറി തൊഴിലാളികൾക്ക് ഇ.എസ്.ഐ ചികിത്സാ സൗകര്യം ഫലപ്രദമാകുന്നില്ല.
15. തുല്യജോലിക്ക് തുല്യവേതനം നടപ്പാക്കുന്നില്ല.
16. കുടിൽ വ്യവസായങ്ങൾ ഓരോ കുടുംബത്തിലും തുടങ്ങുന്നതിന് ശ്രമിക്കുന്നില്ല.
17. ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ബഹുജനപങ്കാളിത്തം ഉണ്ടാക്കാൻ ശ്രമിക്കുന്നില്ല.

സാദ്ധ്യതകൾ

I-വനിതാക്ഷേമ സഹകരണ സ്ഥാപനങ്ങൾ

1. റെഡിമെയ്ഡ് ഗാർമെന്റ്സ്.
2. ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ യൂണിറ്റ്.
3. പാൽ ഉപയോഗിച്ച് ഭക്ഷ്യവസ്തു ഉല്പാദന യൂണിറ്റ്.
4. ഫുഡ് ഇൻഡസ്ട്രീസ്, അച്ചാറുകൾ, കറിമസാല നിർമ്മാണയൂണിറ്റ്.
5. തീപ്പെട്ടി, മെഴുകുതിരി, പാക്കിംഗ് കവർ നിർമ്മാണം.
6. ഇലക്ട്രോണിക് ഉപകരണനിർമ്മാണം.
7. പ്രിന്റിംഗ് പ്രസ്സ്, ബുക്ക് ബയന്റിംഗ് യൂണിറ്റ്.
8. കാർഷികഉല്പന്നങ്ങൾ, സംസ്കരണ യൂണിറ്റ്.
9. വനിതാ സഹകരണസംഘങ്ങളിൽ നിന്ന് ഉള്ള ഉല്പന്നങ്ങൾ സംഭരണ വിതരണ യൂണിറ്റ്
10. ബലൂൺ നിർമ്മാണ യൂണിറ്റ് -റബ്ബർ അധിഷ്ഠിതം.
11. പ്ലാസ്റ്റിക് ബാഗ്, ചെരുപ്പ് നിർമ്മാണം.
12. ഹെയർബാൻഡ്സ്, ഹെയർ ക്ലിപ്പ് നിർമ്മാണം.

II-പട്ടികജാതി അംഗങ്ങളുടെ സഹകരണ സ്ഥാപനം.

1. ഇലക്ട്രിക് ചോക്ക്, സ്റ്റെബിലൈസർ യൂണിറ്റ്.
2. പ്ലാസ്റ്റിക് ഫർണിച്ചർ നിർമ്മാണയൂണിറ്റ്.
3. ചൂരൽ ഫരർണീച്ചർ നിർമ്മാണയൂണിറ്റ്.
4. മത്സ്യം വളർത്തൽ യൂണിറ്റ്.

III- സ്വയം തൊഴിൽ സംരഭങ്ങൾ

1. റബ്ബർ അധിഷ്ഠിതവ്യവസായം.
2. ഓയിൽ മിൽ, സോപ്പ് നിർമ്മാണം.
3. നാളീകേരസംസ്കരണ യൂണിറ്റ്.
4. സോഡാ നിർമ്മാണ യൂണിറ്റ്.
5. ഭവന നിർമ്മാണവസ്തു ഉല്പാദനയൂണിറ്റ്.
6. കശുമാങ്ങാ ശീതളപാനീയം ഉല്പാദനം.
7. തടി ഫർണിച്ചർ യൂണിറ്റ്.
8. സ്റ്റീൽ ഫർണിച്ചർ നിർമ്മാണം.
9. പശുവളർത്തൽ യൂണിറ്റുകൾ.
10. ആട്ടോമൊബൈൽ ബോഡി നിർമ്മാണം.
11. മത്സ്യം വളർത്തൽ യൂണിറ്റ്.

IV സഹകരണമേഖല ജനറൽ

1. വിദേശത്ത് ജോലി ചെയ്യുന്നവരുടെയും വിദേശത്ത് ജോലി നഷ്ടപ്പെടുന്നവരുടെയും വ്യവസായ സഹകരണസംഘം.
2. ഉൾനാടൻ മത്സ്യം വളത്തൽ യൂണിറ്റ്.

V പൊതുമേഖലാസംരംഭങ്ങൾ

1. ആദിച്ചനല്ലൂർ ചിറ കൃഷിക്ക് അടിസ്ഥാന സൗകര്യം ഉണ്ടാക്കി പരിസരത്ത് ടൂറിസ്റ്റ് കേന്ദ്രം.
2. എസ്.എസ്.ഐ യൂണിറ്റുകളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ഷോപ്പിംഗ് കോംപ്ലക്സ്.
3. പഞ്ചായത്ത് അധീനതയിൽ കശുമാവ് കൃഷി.

VI പുനരുദ്ധരിക്കേണ്ട വ്യവസായസ്ഥാപനങ്ങൾ

1. ഒന്നാം വാർഡിൽ ആഷ്‌ലി സെറാമിക് ഫാക്ടറി.
2. ആറാം വാർഡിൽ ട്രാവൻകൂർ പോർട്ടറീസ്.
3. പന്ത്രണ്ടാം വാർഡിൽ എ.റ്റി.കെ.എം ടൈൽസ്.

VII 1997 ൽ ഉൽപാദനം ആരംഭിക്കുന്ന വൻകിടവ്യവസായം

1. മൂന്ന് കോടി രൂപ പ്രാഥമിക മൂലധന നിക്ഷേപം ഉള്ള സ്വകാര്യ വ്യവസായസ്ഥാപനം. ഒന്നാം വാർഡിൽ ഗ്രീൻലാന്റ് പേപ്പർമിൽ. തൊഴിൽ സാദ്ധ്യത 100 പേർക്ക് ഉല്പന്നം - പാക്കേജ് പേപ്പർ.


VIII പരിസ്ഥിതി പ്രശ്നം മൂലം പ്രവർത്തിക്കാത്ത എസ്.എസ്.ഐ യൂണിറ്റ്.

1. സ്വകാര്യ മേഖലയിൽ ഒന്നാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള ക്രഷർ യൂണിറ്റ്.


പൊതുജനങ്ങൾക്ക് ഉണ്ടാകാവുന്ന പരിസരമലിനീകരണ പ്രശ്നങ്ങൾ ഒഴിവാക്കാൻ ബഹുജന സഹകരണം ഉണ്ടാകണം. നിയമനടപടികൾ തുടരുന്നതുമൂലം തീരുമാനം എടുക്കാൻ കഴിയുന്നില്ല.







V - 4 വിദ്യാഭ്യാസം



"അസതോ മാ സദ്ഗമയ
തമസോ മാ ജ്യോതിർ ഗമയ"
-ബ്രഹ്ദാരണ്യക ഉപനിഷത്ത്-

ചരിത്രം മയങ്ങുന്ന വേണാടിന്റെ രാജധാനിയായ കൊല്ലം പട്ടണത്തിന്റെ തിരക്കിൽ നിന്നൊഴിഞ്ഞ് പത്ത് പതിനഞ്ച് കിലോമീറ്റർ തെക്കോട്ട് സഞ്ചരിച്ചാൽ 47-ാം ദേശീയപായുടെ ഇരുവശങ്ങളിലുമായി കിടക്കുന്ന പ്രകൃതി സുന്ദരമായ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെത്താം. മലനാടിന്റെ തനത് ഭൂമി ശാസ്ത്രത്തിൽ നിന്നും അല്പം വ്യതിചലിച്ച് വടക്കുനിന്നും തെക്കോട്ട് ചരിഞ്ഞാണ് ഗ്രാമത്തിന്റെ കിടപ്പ്. പ്രകൃതി കനിഞ്ഞേകിയ പച്ചപ്പരവതാനിക്ക് നിറക്കൂട്ടേകുന്ന പൊൻകസവുപോലെ ഗ്രാമത്തിന്റെ തെക്കേ ചരിവിലൂടെ കിഴക്ക്നിന്നും പടിഞ്ഞാറോട്ടൊഴുകുന്ന കുളിർക്കാറ്റേറ്റ് പുളകിതരാവുന്ന നാനാജാതി-മത വിശ്വാസികളായ ഗ്രാമീണർ ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്നു. ഉന്നതമായ വടക്കൻ പ്രദേശങ്ങളിലെ കടുപ്പമേറിയ മണ്ണിലും തെക്കൻ ചരുവിലെ പശിമയേറിയ കളിമണ്ണിലും കിഴക്കൻ പ്രദേശത്തെ ഫലഭൂയിഷ്ഠമായകൃഷിയിടങ്ങളിലും വർഗ്ഗീയതയുടെ വിഷവിത്തുകൾക്ക് വേരോടാൻ കഴിഞ്ഞിട്ടില്ലെന്ന് ഇവിടുത്തെ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ മനസിലാകും ഗ്രാമവാസികളിൽ ഏറിയ പങ്കും മണ്ണിന്റെ മക്കളായ പട്ടികജാതിക്കാരും ഇതര വിഭാഗങ്ങളിൽപ്പെട്ട കർഷകത്തൊഴിലാളികളും പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിൽ പണിയെടുക്കുന്നവരും ആയതിനാലാവാം കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യനാളുകൾ വരെ ആദിച്ചനല്ലൂരിൽ വിദ്യാഭ്യാസ അഭിവൃദ്ധിയ്ക്ക് വേണ്ടി എടുത്ത് പറയത്തക്ക പ്രവർത്തനങ്ങൾ ഒന്നും നടന്നതായി കാണുന്നില്ല.

ശ്രീമൂലം തിരുനാൾ നാടുവാണിരുന്ന 1870 കളിൽ സി. എം. എസ്സ്. ക്രിസ്ത്യൻ മിഷിനറി പ്രവർത്തനത്തിനായി കൊല്ലത്തെത്തിയ മിഷിനറിനാരിൽ ഒരു വിഭാഗം നമ്മുടെ ഗ്രാമദേശത്തിന്റെ പ്രകൃതി രമണീയതയിലും ഗ്രാമീണരുടെ നിഷ്ക്കളങ്കതയിലും ആകൃഷ്ടരായി ആദിച്ചനല്ലൂരിന്റെ കിഴക്കൻ മേഖലയിലും എത്തപ്പെട്ടിരുന്നതായി ചരിത്രരേഖകളിൽ കാണുന്നു. അവരിൽ പ്രമുഖരും ജ്യേഷ്ഠാനുജന്മാരുമായിരുന്ന യുസ്തൂസ് ജോസഫിന്റെയും യുസ്തുസ് ഫിലിപ്പിന്റെയും നേതൃത്വത്തിൽ കുമ്മല്ലൂർ എന്നസ്ഥലത്ത് ഒരു പള്ളിക്കൂടം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതായും നാനാജാതി-മത വിഭാഗങ്ങളിൽപ്പെട്ട ഗ്രാമീണർ പ്രസ്തുത പള്ളിക്കൂടത്തിൽ അറിവ് നേടുന്നതിനായി വന്നെത്തിയിരുന്നതായും കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ഈ സ്ഥാപനം മൺമറഞ്ഞതായും പിൻതലമുറക്കാർ പറയുന്നു. തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളുടെ വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥനായിരുന്നു ശ്രീമാൻ ഒ.എം. ചെറിയാൻ കുമ്മല്ലൂരിലെ പള്ളിക്കൂടം സന്ദർശിച്ചിരുന്നതായി രേഖകളിൽ കാണുന്നു.

തമിഴ്-ബ്രാഹ്മണ വംശജരായിരുന്ന ഗോവിന്ദഅയ്യരും രാമയ്യരും 1861-ൽ മാവേലിക്കര ആറാട്ടുകടവ് ആംഗ്ലിക്കൻ ദേവാലയത്തിൽ വച്ച് റവ: ജോസഫ് പീറ്റ് എന്ന യൂറോപ്യൻ വൈദികന്റെ മുഖ്യ കാർമികത്വത്തിൽ മത പരിവർത്തനം ചെയ്യപ്പെട്ട് യൂസ്തൂസ് ജോസഫും യുസ്തൂസ് ഫിലിപ്പോസും ആയിത്തീർന്നത്, ക്രിസ്ത്യൻ മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായാണെന്ന് പറയപ്പെടുന്നു. ക്രിസ്തുമത ത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട് മുഴുവൻ മലയാളികളുടേയും ഭക്തി ഗാനങ്ങളായി അംഗീകരിക്കപ്പെട്ടത് നമ്മുടെ ഗ്രാമത്തിന്റെ കിഴക്കൻ മൂലയിലിരുന്ന് ടി സഹോദരന്മാരാൽ രചിക്കപ്പെട്ട ഈരടികളായിരുന്നുവെന്ന വസ്തുത അഭിമാന പുരസ്സരം സ്മരിക്കപ്പെടേണ്ടതാണ്. പ്രസ്തുത പള്ളിക്കൂടത്തിന്റെ ആരംഭത്തോടെ വികസനത്തിലെന്നപോലെ വിദ്യാഭ്യാസത്തിലും തെല്ല് നാണത്തോടെ നഖം കടിച്ച് മുഖം കുനിച്ചു നിന്നിരുന്ന ആദിച്ചനല്ലൂരിലെ ഗ്രാമവാസികളുടെ ചുണ്ടിലും അക്ഷരത്തിന്റെ അലയൊച്ച എത്തിത്തുടങ്ങി. നാടൻ കലകളുടെ തനത് രൂപമായ കാക്കാരശ്ശി നാടക സംഘങ്ങളുടേയും കൈകൊട്ടിക്കളിക്കാരുടേയും പഴയ ശീലുകളിൽ പ്രസ്തുത സംരംഭത്തിന്റെ സ്വാധീനം പ്രകടമാകുന്നണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പാദങ്ങളിൽ ആദിച്ചനല്ലൂരിന്റെ അനൗപചാരിക വിദ്യാഭ്യാസം ചരിത്രത്തിന്റെ ആദ്യകാല പതാകാവാഹകരുടെ കൂട്ടത്തിൽ മലയാള ഭാഷാ പണ്ഡിതനും ബഹുമുഖ പ്രതിഭയുമായിരുന്ന ശ്രീമാൻ കെ. എൻ. ഗോപാലപിള്ളയെ ഇന്നാട്ടിലെ പഴമക്കാരും പുതുമക്കാരും ഒരേപോലെ സ്മരിക്കുന്നു.

ആധാരം

1. സദസ്യ തിലകൻ

   റ്റി. കെ വേലുപിള്ള എഴുതിയ Travancore State Manual. VOL 1

2. യൂയോമയ സഭാശദാബ്ദി സ്മരണിക.

ലാറ്റിൻ കത്തോലിക്കാ സഭാ പിതാവായിരുന്ന ബൻസിഗർബിഷപ്പിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആദിച്ചനല്ലൂർ ഗ്രാമത്തിന്റെ തെക്കു പടിഞ്ഞാറെ അതിർത്തിയായ പന്ത്രണ്ടാം വാർഡിൽ 1910-ൽ ആരംഭിച്ച സി.എഫ്.ഐ. ആന്റ് ട്രൈനിംഗ് സ്കൂൾ വിദ്യാപീഠം വളർന്ന് സി.എഫ്. ഹൈസ്കൂൾ ഫോർ ബോയ്സ്, എൻ. എസ്. എൻ ജി. എച്ച്. എസ്., സി. എഫ്. റ്റി. റ്റി. ഐ. എന്നീ സ്ഥാപനങ്ങളായി നിലകൊള്ളുന്നു. സംഘടിച്ച് ശക്തരാകുവിൻ, വിദ്യകൊണ്ട് പ്രബുദ്ധരാകുവിൻ, എന്ന് ഉദ്ഘോഷിച്ച ശ്രീനാരായണ ഗുരുദേവന്റെ കരങ്ങളാൽ സ്ഥാപിതമായ എസ്. എൻ. ഡി. പി. യോഗത്തിന്റെ നേതൃത്വത്തിൽ 1957 ൽ ആരംഭിച്ച കൊല്ലം ജില്ലയിലെ ഏക പോളിടെക്നിക്കിനെ ഉൾക്കൊള്ളുവാനുള്ള ഭാഗ്യം നമ്മുടെ ഗ്രാമത്തിന് സിദ്ധിച്ചുവെങ്കിലും അതിൽ നിന്നും ആവോളം നേട്ടം കൊയ്യുവാനുള്ള അവസരം ഗ്രാമവാസികൾക്കുണ്ടാണ്ടോയെന്ന കാര്യം ചിന്തിതമാണ്. സാമൂഹിക സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ തല്പരരും സഹൃദയനുമായിരുന്ന ശ്രീമാൻ റ്റി. എ. എം. സാഹിബ് 1964 ജൂൺ ഒന്നാം തീയതി 9-ാം വാർഡിൽ സ്ഥാപിച്ച മുസ്ലീം എൽ. പി. എസ്സ്, യു. പി. എസ്സ് ആയി വളർന്ന് ദരിദ്രരും നിർദ്ധനരും വിജ്ഞാന കുതുകികളുമായ ഗ്രാമീണരുടെ ആശയാഭിലാഷങ്ങളെ പൂവണിയിച്ചുകൊണ്ട് ഇന്നും സ്തുത്യർഹമായ സേവനം കാഴ്ച്ചവയ്ക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾ ഗ്രാമവാസികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ വിദ്യാ തല്പരരും ദീർഘദൃഷ്ടികളുമായ പഞ്ചായത്തധികാരികൾ 1966 ജൂൺ ഒന്നാം തീയതിമുതൽ മൈലക്കാട് പ്രദേശത്ത് അപ്പർ പ്രൈമറിസ്ക്കൂളും 1967-1968 കാലഘട്ടത്തിൽ ആദിച്ചനല്ലൂർ മേഖലയിൽ ഒരു ഹൈസ്ക്കൂളും ആരംഭിക്കുകയുണ്ടായി.

1948-49 കളിൽ മൈലക്കാട് കേന്ദ്രീകരിച്ചാരംഭിച്ച മൈലക്കാട് ഗവ. എൽ. പി. എസ്സും ആദിച്ചനല്ലൂരിൽ ആരംഭിച്ച ഗവ. യു. പി. എസ്സും, കൈതക്കുഴിയിൽ ആരംഭിച്ച എൽ. പി. എസ്സും മാത്രമാണ് സർക്കാർതലത്തിൽ നമ്മുടെ ഗ്രാമീണർക്കുലഭിച്ച വിദ്യാധനം എന്ന് അതൃപ്തിയോടുകൂടിമാത്രമേസ്മരിക്കുവാൻ കഴിയുകയുള്ളൂ.

പത്തൊൻപതും, ഇരുപതും നൂറ്റാണ്ടുകളിലായി വ്യാപിച്ചുകിടക്കുന്നതും ഒരു നൂറ്റാണ്ടിലധികം ദൈർഘ്യമുള്ളതുമായ ആദിച്ചനല്ലൂരിന്റെ വിദ്യാഭ്യാസചരിത്രത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിൽ നിന്നും ഒട്ടും പിന്നിലല്ലാത്ത സ്ഥാനം അനൗപചാരിക വിദ്യാഭ്യാസത്തിനുമുണ്ട്. സ്വാതന്ത്ര്യ സമരത്തിന്റെ നിലയ്ക്കാത്ത ഓളങ്ങൾ ജനഹൃദയങ്ങളിൽ ശക്തിയാർജ്ജിച്ചുകൊണ്ടിരുന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ

പാദത്തിൽ ആദിച്ചനല്ലൂരിന്റെ വിവിധഭാഗങ്ങളിൽ ഒത്തു കൂടിയ ചെറുപ്പക്കാർ അടിമത്വത്തിന്റെ കയ്പ്പുനീർ നുകർന്ന് അവശരായ ഗ്രാമീണരുടെ മനസ്സുകളിലേക്ക് സ്വാതന്ത്ര്യത്തിന്റെ മാധുര്യം പകർന്നു നൽകുവാൻ ആരംഭിച്ച വായനശാലയുടെ ബാക്കിപത്രം ഇന്നുനമ്മെ ആവേശഭരിതമാക്കുന്നു. കേരളപ്പിറവിയ്ക്കുശേഷം കേരളത്തിൽ വന്നിട്ടുള്ള സർക്കാരുകൾ നടപ്പിലാക്കിയിട്ടുള്ള വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ ഫലമായി മലനാടിനോടൊപ്പം ആദിച്ചനല്ലൂരിലും വമ്പിച്ച മാറ്റങ്ങൾ ഉണ്ടായി. ഇന്ന് 32000-ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ ചെറുതും വലുതുമായ 11 വിദ്യാലയങ്ങളിലായി 6892 വിദ്യാർത്ഥികൾ അറിവിന്റെ മധുരം നുകരുന്നു. ഈ സ്ഥാപനങ്ങളിലെല്ലാംകൂടി 278 അദ്ധ്യാപകർ വിദ്യ പകർന്നുനൽകുന്നു.

പട്ടിക 1. A

വിദ്യാർത്ഥികൾ/അദ്ധ്യാപകർ

ക്രമ നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ
			ആൺ	പെൺ	ആകെ	
1.	എൻ.എസ്.എം.ജി.എച്ച്.എസ്. കൊട്ടിയം	എയ്ഡഡ്	ഇല്ല	1223	1223	39
2.	സി.എഫ്.എച്ച്.എസ്. കൊട്ടിയം	എയ്ഡഡ്	825	ഇല്ല	825	35
3.	പഞ്ചായത്ത് എച്ച്.എസ്. ആദിച്ചനല്ലൂർ	എയ്ഡഡ്	260	326	586	24
4.	മുസ്ലീം യു.പി.എസ്. തഴുത്തല	എയ്ഡഡ്	488	447	935	24
5.	ആദിച്ചനല്ലൂർ പഞ്ചായത്ത് യു.പി.എസ്. മൈലക്കാട്	എയ്ഡഡ്	163	144	307	15
6.	സി.എഫ്.ടി.ടി.ഐ. കൊട്ടിയം	എയ്ഡഡ്	262	234	496	13
7.	ഗവ. യു.പി.എസ്സ്. ആദിച്ചനല്ലൂർ	ഗവ:	276	259	535	22
8.	ഗവ: എൽ.പി.എസ്സ്. മൈലക്കാട്	ഗവ:	138	122	360	9
9.	ഗവ: എൽ.പി.എസ്സ്. കൈതക്കുഴി	ഗവ:	79	96	175	7
10.	എസ്സ്.എൻ. പോളീടെക്നിക്, കൊട്ടിയം	എയ്ഡഡ്	471	156	627	61
11.	എൻ.എം.ഇ.എം.എച്ച്.എസ്., കൈതക്കുഴി	ഗവ.അംഗീകൃതം	519	404	923	29
	ആകെ		3481	3411	6892	278

പട്ടിക 1. B

എൽ. പി, യു. പി, എച്ച്. എസ്, വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	എൽ. പി. എസ്			യു. പി.എസ്.			എച്ച്. എസ്.		
	ആൺ കുട്ടികൾ	പെൺ കുട്ടികൾ	പെൺ കുട്ടികൾ%	ആൺ കുട്ടികൾ	പെൺ കുട്ടികൾ	പെൺ കുട്ടികൾ%	ആൺ കുട്ടികൾ	പെൺ കുട്ടികൾ	പെൺ കുട്ടികൾ%
6892	897	885	49.67	1159	906	43.87	927	1131	54.95

പട്ടിക 1. C

പട്ടിക ജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

ആകെ പട്ടികജാതി വിദ്യാർത്ഥികൾ	എൽ. പി. എസ്.		യു. പി.എസ്.		എച്ച്. എസ്.	
663	412	42.78 %	300	31.81%	251	26.61%

വിവിധ കാരണങ്ങളാൽ ഒരു വിഭാഗം വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് കൊഴിഞ്ഞുപോകുന്നു. ഇത്തരക്കാരുടെ വിവരങ്ങൾ പട്ടിക 1 ഡി പരിശോധിച്ചാൽ മനസ്സിലാകും.

പട്ടിക 1. D

പഠനം നിറുത്തിയവരുടെ കണക്ക്

പട്ടികജാതിവിഭാഗം			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
7	3	10	73	38	111

ഗ്രാമവാസികൾ ഏറിയ പങ്കും തങ്ങളുടെ കുഞ്ഞുങ്ങളെ പൊതുമേഖലയിലുള്ള വിദ്യാലയങ്ങളിൽ അയക്കാൻ ഒരുക്കമാണ്. എന്നാൽ ആധുനിക കേരളത്തിലെ വിദ്യാഭ്യാസ നഭസ്സിൽ തെളിഞ്ഞു വന്ന പുത്തൻ പ്രവണതയുടെ മാന്ത്രിക വലയത്തിൽ പെട്ട് വരവ് - ചെലവുകളുടെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ കഴിയാതെ ഉഴലുന്നവർ പോലും തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കയക്കുവാൻ വെമ്പുന്നതുകാണുമ്പോൾ ആർഷ ഭാരത സംസ്കാരത്തിന്റെ വക്താക്കളായ സ്വാമി വിവേകാനന്ദന്റേയും ശങ്കരാചാര്യരുടേയും പിൻഗാമികളായ നാം ലജ്ജിച്ച് തലകുനിക്കേണ്ടിവരുന്നു.

പട്ടിക 2

ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

പഞ്ചായത്തിലെ ആകെ അദ്ധ്യാപകർ	3 ഗവ: വിദ്യാലയങ്ങളിലെ അദ്ധ്യാപകർ	പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികൾ	3 ഗവ: വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ	ശതമാനം
278	38	6892	1070	15.52

പഞ്ചായത്തിൽ ഇപ്പോഴുള്ള നാല് ഹൈസ്കൂളുകളിൽ മൂന്നെണ്ണത്തിലേയും വിജയശതമാനം പട്ടണത്തിലേതുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണെന്ന യാഥാർത്ഥ്യം പട്ടിക 5-എ പരിശോധിച്ചാൽ കാണാം.

വിജയപീഠത്തിൽ ഏറുന്നവരുടെ മാർക്ക് തുലോം കുറവായതിനാൽ ഉന്നത വിദ്യാഭ്യാസത്തിനായി സർവ്വകലാശാലാംഗീകൃത കലാലയങ്ങളുടെ പടി കടന്നുചെല്ലുവാൻ കഴിയുന്നവരുടെ എണ്ണം പിന്നെയും ചുരുങ്ങുന്നു. അതിനാൽ ഓരോ വർഷവും ഗ്രാമീണ പാഠശാലകളിൽ നിന്നും പത്താംതരം വിജയിച്ച് പുറത്തുവരുന്നവരുടെ അധിക ഭാഗവും ഉന്നത വിദ്യാഭ്യാസത്തിനായി സ്വന്ത ഗ്രാമത്തിലും പ്രാന്ത പ്രദേശങ്ങളിലുമായി പ്രവർത്തിക്കുന്ന പാരലൽ കോളേജുകളെ ശരണം പ്രാപിക്കുന്നു. ഔപചാരിക വിദ്യാപീഠങ്ങൾ സമാന്തരമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കും എന്തൊക്കെ കുറ്റങ്ങളും കുറവുകളും ഉണ്ടെങ്കിലും ഗ്രാമീണരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ ഒട്ടും പിന്നിലല്ലാത്തൊരു സ്ഥാനമുണ്ടെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. കേരളത്തിലൊന്നാകെ എസ്. എസ്. എൽ. സി. പരീക്ഷയിൽ നൂറുമേനി കൊയ്യുന്ന ചുരുക്കം ചില സ്കൂളുകളുടെ പട്ടികയിൽ നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന എൻ. എം. ഇ. എം. എച്ച്. എസ്. ഉൾപ്പെടുന്നുണ്ടെന്നത് ഗ്രാമീണരെയൊക്കെ അഭിമാന പുളകിതരാകുന്നുണ്ടെങ്കിലും ഗ്രാമീണരിൽ ഭൂരി പക്ഷത്തേയും പ്രതിനിധീകരിക്കുന്ന സാധാരണക്കാരുടെ കുട്ടികൾക്ക് ഈ സ്കൂളിലെ പഠനം അപ്രാപ്യമാണെന്ന സത്യം ഈ നൂറുമേനിയുടെ മഹിമക്ക് മങ്ങലേൽപ്പക്കുന്നു.

പഞ്ചായത്തതിർത്തിയിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്ന രണ്ട് ഐ. ടി. സി. കളിലായി ഗ്രാമീണരായ ഏതാനും കുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടുവാൻ കഴിയുന്നുണ്ടെന്നുള്ളത് വളരെ ആശ്വാസമാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രീ പ്രൈമറി വിദ്യാഭ്യാസം ലക്ഷ്യമാക്കി ഇരുപത്തിരണ്ടോളം അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പുത്തൻ നഴ്സറികളുടെ കടന്നു കയറ്റം അവയെ നാശോന്മുഖമാക്കിക്കൊണ്ടിരിക്കുകയാണെന്ന വസ്തുതയും നാം കാണേണ്ടതാണ്. വരും തലമുറയെ രണ്ടുതരം പൗരന്മാരായി മാറ്റുന്നതിന്റെ ആദ്യ പടിയായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് തടയിടേണ്ടത് ശാന്തിയും സമാധാനവും നിറഞ്ഞു തുളുമ്പുന്ന വരും കാലത്തെ സ്വപ്നം കാണുന്ന ഏവരുടേയും കർത്തവ്യമാണ്. സർക്കാർ ശമ്പളവും പറ്റി സ്വകാര്യ മേഖലയിൽ പണിയെടുക്കുന്ന അദ്ധ്യാപകർ പോലും സ്വന്തം ജോലി സ്ഥിരതക്കുവേണ്ടി വിദ്യാർത്ഥികളെ തേടിയലയുമ്പോൾ തന്നെ തങ്ങളുടെ മക്കളെ വിദൂരങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പറഞ്ഞുവിടുന്നുണ്ടെന്നുള്ള യാഥാർത്ഥ്യത്തിന് നേരെ കണ്ണടയ്ക്കുന്നതും ആപത്താണ്.

പാഠ്യേതര വിഷയങ്ങളിൽ ഉപജില്ല, ജില്ല,

പട്ടിക 5 A

കഴിഞ്ഞ നാല് വർഷത്തെ S.S.L.C വിജയ ശതമാനം

സ്കൂൾ	92-93	93-94	94-95	95-96
എൻ. എസ്. എം. ജി. എച്ച് എസ്കൊട്ടിയം	65%	75%	80	85%
സി. എഫ്. എസ്. എച്ച്. എസ്. കൊട്ടിയം	44%	38%	50%	48%
ആദിച്ചനല്ലൂർ പഞ്ചായത്ത് എച്ച്.എസ്	38%	39%	37%	39%
എൻ.എം.ഈ.എച്ച്. എസ്. കൈതക്കുഴി	100%	100%	100%	100%

പട്ടിക 5 B

3 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം (പാദവാർഷിക പരീക്ഷ)

ക്ലാസ്	30% താഴെ മാർക്ക് ലഭിച്ചവർ	30% നും 40%നും ഇടയിൽ മാർക്ക് ലഭിച്ചവർ	40% നും 50%നും ഇടയിൽ മാർക്ക് ലഭിച്ചവർ	50% നും 60%നും ഇടയിൽ മാർക്ക് ലഭിച്ചവർ	60%നും മുകളിൽ മാർക്ക് ലഭിച്ചവർ
III	92	89	109	104	85
IV	120	69	108	92	102
V	149	140	113	65	44
VI	218	134	135	90	63
VII	157	129	129	114	113
VIII	114	99	83	80	82
IX	128	83	74	69	77
X	128	91	69	52	56

സംസ്ഥാനതല മത്സരങ്ങളിൽ മാറ്റുരച്ച് സമ്മാനാർഹരായ കലാപ്രതിഭകളേയും കായിക താരങ്ങളേയും ഈ കൊച്ചു ഗ്രാമം സംഭാവന ചെയ്തിട്ടുണ്ട്. ബാല കലോൽസവങ്ങളിലും യുവജനോൽസവങ്ങളിലും പങ്കെടുത്ത് ഒന്നാംസ്ഥാനങ്ങളും കലാതിലക പട്ടങ്ങളും നേടിയിട്ടുള്ളവർ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രം കെടാതെ സൂക്ഷിക്കുന്നു. ശാസ്ത്രമേളകളിലും ഗണിത മേളകളിലും പങ്കാളിയായ ജില്ലാതല പുരസ്കാരങ്ങൾ നേടിയിട്ടുള്ള ശാസ്ത്ര കുതുകികളായ കുട്ടി ശാസ്ത്രജ്ഞൻമാർ ശാസ്ത്ര യുഗത്തിൽ നമുക്ക് പ്രതീക്ഷ നൽകുന്നു.

ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച ദ്വീതീയ വിവരങ്ങളുടേയും പന്ത്രണ്ട് ഗ്രാമ സഭകളിലെ സജീവമായ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഇന്ന് സ്കൂളുകളിൽ കാണുന്ന അക്കാഡമിക് നിലവാരം,. ഭൗതിക സാഹചര്യങ്ങൾ മുതലായവയുടെ വിശദവിവരം പട്ടിക മൂന്നിലും പട്ടിക നാലിലുമായി രേഖപ്പെടുത്തിയിരിക്കുന്നു.

ഇത്തരം പഠനങ്ങളുടേയും ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, വരുന്ന അഞ്ചുവർഷ കാലയളവിലേക്ക് ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് ഉച്ച ഭക്ഷണം, വസ്ത്രം, പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി നൽകുക. വിവിധ സാമ്പത്തിക, സാംസ്കാരിക, സാമൂഹിക ചുറ്റുപാടുകളിൽ നിന്നും വരുന്ന വിദ്യാർത്ഥികളുടെ മാനസിക നില മനസ്സിലാക്കി അവരെ ബാധിക്കുന്ന പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി അവലോകനം ചെയ്ത് അദ്ധ്യാപക-വിദ്യാർത്ഥി

പട്ടിക 3

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	ലാബ്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	സിനിമ പ്രൊജക്ടർ	മാതൃസംഘം സജീവം	ക്ലാസ് പി.റ്റി.എ. പ്രവർത്തനം	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ബ്ലാക്ക്ബോർഡ് ആവശ്യമുള്ളവ
ഉള്ളത്	10	8	8	9+1*	2	1	1	5	11		1	187
ഇല്ലാത്തത്	1	3	3	1	9	10	10	6	11	11	10	16

* പ്രവർത്തനക്ഷമമല്ല

പട്ടിക 4

ഭൗതിക സാഹചര്യങ്ങൾ


ക്രമ നമ്പർ	സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	എൻ.എസ്.എം.ജി.എച്ച്.എസ്., കൊട്ടിയം	1223	39	3	5	ഉണ്ട്	ഉണ്ട്
2.	സി.എഫ്.എച്ച്.എസ്. കൊട്ടിയം	825	35	2	2	,,	,,
3.	പഞ്ചായത്ത് എച്ച്.എസ്., ആദിച്ചനല്ലൂർ	586	24	2	2	,,	,,
4.	മുസ്ലീം യു.പി.എസ്. തഴുത്തല	935	24	4	1	,,	,,
5.	ആദിച്ചനല്ലൂർ പഞ്ചായത്ത് യു.പി.എസ്. മൈലക്കാട്	307	15	4	3	,,	,,
6.	സി.എഫ്.ടി.ടി.ഐ. കൊട്ടിയം	496	13	4	4	,,	,,
7.	ഗവ. യു.പി.എസ്സ്. ആദിച്ചനല്ലൂർ	535	22	3	2	,,	,,
8.	ഗവ: എൽ.പി.എസ്സ്. മൈലക്കാട്	560	9	1	2	,,	ഇല്ല
9.	ഗവ: എൽ.പി.എസ്സ്. ,കൈതക്കുഴി	175	7	ഇല്ല	1	,,	,,
10.	എസ്സ്.എൻ. പോളീടെക്നിക്, കൊട്ടിയം	627	61	3	13	,,	ഉണ്ട്
11.	എൻ.എം.ഇ.എം.എച്ച്.എസ്., കൈതക്കുഴി	923	29	3	8	,,	,,

ബന്ധത്തിന്റെ പരിപാവനമായ അളവുകോലുകൊണ്ട ളക്കുവാൻ കഴിയുമാറ് അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുക. ഓരോ സ്റ്റാൻഡേർഡു ളിലും, പഠിക്കുന്ന വിദ്യാർത്ഥികളുടെ മാനസികവും ബുദ്ധിപരവുമായ വളർച്ചക്കനുസരിച്ച് പാഠ്യപദ്ധതികൾ തയ്യാറാക്കുക.


- വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഓരോ സ്കൂളുകളിലേയും പി. ടി. എ. പ്രസിഡന്റിനേയും സെക്രട്ടറിയേയും ഹൈസ്കൂളുകളിൽ നിന്ന് ഓരോ വിദ്യാർത്ഥി പ്രതിനിധികളേയും പഞ്ചായത്തു തലത്തിലുള്ള രണ്ട് വിദ്യാഭ്യാസ വിചക്ഷണൻമാരേയും ഉൾപ്പെടുത്തി"പഞ്ചായത്ത് വിദ്യാഭ്യാസ അവലോകന സമിതി" രൂപീകരിക്കുകയും ഓരോ ടേം കഴിയുമ്പോഴും സമിതി കൂടി ഓരോ സ്കൂളിലേയും

വിദ്യാഭ്യാസ നിലവാരം, അക്കാദമിക് നിലവാരം, ഭൗതിക സാഹചര്യങ്ങൾ എന്നിവയെപ്പറ്റി അവലോകനം നടത്തുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുക. പഞ്ചായത്തതിർത്തിയിൽ ഉള്ള വിദ്യാർത്ഥികളെ എൽ. പി. , യു. പി., എച്ച്. എസ്. എന്നീ മൂന്നു വിഭാഗങ്ങളിലായി തിരിച്ച് ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന രണ്ട് കുട്ടികൾക്കു വീതം പ്രോൽസാഹന സമ്മാനങ്ങൾ നൽകുക. പഞ്ചായത്തതിർത്തിയിലുള്ള അദ്ധ്യാപകരെ എൽ. പി., യു. പി, എച്ച്. എസ്. എന്നീ മൂന്നു വിഭാഗങ്ങളിലായി തിരിച്ച് ഓരോ വിഭാഗത്തിലും പ്രഗൽഭനായ അദ്ധ്യാപകന് / അദ്ധ്യാപികക്ക് "അദ്ധ്യാപക പ്രതിഭ" അവാർഡ് നൽകുക. ഓരോ സ്കൂളിലേയും അദ്ധ്യാപകന് അതത് സ്കൂളിലെ വിദ്യാർത്ഥികളുടെ ഗ്യാലപ്പോൾ വഴി തെരഞ്ഞെടുക്കുകയും തുടർന്ന് അവരിൽ ഒരാളിനെ പഞ്ചായത്ത് തെരഞ്ഞെടുക്കുകയും ചെയ്യണം. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ശാസ്ത്രീയമായി കുറക്കുക.

- ആദിച്ചനല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിനോട് അനുബന്ധിച്ച് പ്ലസ് ടു കോഴ്സ് ആരംഭിക്കുക.
- ആറാം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് യു. പി. എസ്. ഹൈസ്കൂളായി ഉയർത്തുക.
- ആവശ്യമായ സ്ഥലങ്ങളിൽ എൽ. പി. എസിനോടു ചേർന്ന് പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുക. പഠനോപകരങ്ങളും ഭൗതിക സാഹചര്യങ്ങളും ആവശ്യമനുസരിച്ച് ലഭ്യമാക്കുക.
- പഞ്ചായത്ത് അതിർത്തിയിൽ ഉചിതമായ സ്ഥലം കണ്ടെത്തി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഐ. ടി. ഐ. സ്ഥാപിക്കുക.
- അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കായ് നിലവിലുള്ള വായന ശാലകളുടേയും ജനവീദ്യാകേന്ദ്രങ്ങളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ആവശ്യമുള്ളിടത്ത് പുതിയ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക. സ്കൂളുകളിൽ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ പഠനോപാധികളായി ഉൾപ്പെടുത്തുക. യു. പി. എച്ച്. എസ്. വിദ്യാലയങ്ങളിൽ റീഡിംഗ് റൂം ഉറപ്പാക്കുക. പത്രങ്ങളും ശാസ്ത്രമാസികകളും വരുത്തി വായനാശീലം വർദ്ധിപ്പിക്കുക. പഞ്ചായത്തുതല സ്കൂൾ കല-കായിക മേളകൾ ഉപജില്ലാ മേളക്കു മുമ്പായി നടത്തുക.
- പഞ്ചായത്തു നടത്തുന്ന ശിശുവിഹാറിൽ കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ കളിക്കോപ്പുകളും കുട്ടികളുടെ പാർക്കും രൂപുകരിക്കുക.
- പഞ്ചായത്തിലെ 7,8 മണ്ഡലങ്ങളിൽ സ്കൂളുകളോ മറ്റു സ്ഥാപനങ്ങളോ ഇല്ല. ഇവിടുത്തെ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ഒരു എൽ. പി. സ്കൂൾ ആരംഭിക്കണം.
- കൈതക്കുഴി, മൈലക്കാട് ഗവ.എൽ. പി. സ്കൂളുകൾക്കും, പഞ്ചായത്തു വക മൈലക്കാട് പഞ്ചായത്ത് യു. പി. എസിനും, ആദിച്ചനല്ലൂർ പഞ്ചായത്ത് എച്ച്. എസിനും ചുറ്റുമതിൽ നിർമ്മിക്കണം.
- സ്കൂളുകളിലെ പി. ടി. എ. പ്രവർത്തനം സജീവമാക്കണം.
- പഞ്ചായത്തിലെ സാങ്കേതിക സ്ഥാപനങ്ങളിൽ പഞ്ചായത്ത് പ്രദേശത്തെ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും മുൻഗണന നൽകുക.
- പഞ്ചായത്തു വക സ്കൂളുകളിലെ ഡസ്കിന്റേയും ബഞ്ചിന്റേയും കുറവുപരിഹരിക്കണം
- പഞ്ചായത്തുവക സ്കൂളുകളുടെ സെമിപെർമനന്റ് കെട്ടിടങ്ങൾ പെർമനന്റ് കെട്ടിടങ്ങളാക്കാൻ നടപടികൾ സ്വീകരിക്കുക.



V - 5 കുടിവെള്ളവും പൊതുജനാരോഗ്യവും



"വെള്ളം വെള്ളം സർവ്വത്ര
തുള്ളികുടിപ്പാനില്ലത്രേ"
-കോൾ റിഡ്ജ്-

ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പത്ത്. ഒരു ജനതയുടെ ആരോഗ്യത്തിന് അടിസ്ഥാനം ശുദ്ധ വായുവും ശുദ്ധജലവും ശുചിത്വമുള്ള പരിസരത്തോ ടുകൂടിയ പാർപ്പിടങ്ങളുമാണ്. ജലജന്യരോഗങ്ങൾ ഏറ്റവും അധികരിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ കുടിവെള്ള പ്രശ്നം ഏറ്റവുമധികം പ്രാധാന്യമർഹി ക്കുന്ന ഒന്നാണ്.

കുടിവെള്ളം

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ കുടിവെള്ളദൗർലഭ്യം അതിരൂക്ഷമാണ്. ഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിനായി സ്വന്തം വീട്ടുപറമ്പിലുള്ളതോ അയൽപക്കത്തുള്ളതോ ആയ കിണറുകളെയാണ് ആശ്രയിക്കുന്നത്. 20% ത്തോളം ആളുകൾ പൈപ്പ് വെള്ളത്തെ ആശ്രയിക്കുന്നു. ആരോഗ്യസർവ്വേ കണക്കുപ്രകാരം പഞ്ചായത്തിലെ ആകെ കിണറുകളുടെ എണ്ണം 3062 ആണ്. അവയിൽ 1025 കിണറുകൾ വേനൽക്കാലത്ത് വെള്ളം വറ്റുന്നവ യാണ്. പഞ്ചായത്തിലെ 37% വീടുകളിലെ ജനങ്ങൾ സ്ഥിരമായി ജലക്ഷാമം അനുഭവിക്കുന്നവരാണ്. വേനൽക്കാലത്ത് 37%എന്നത് 70% ആയി വർദ്ധിക്കു ന്നു. കേരളാ വാട്ടർ അതോറിറ്റിയുടെ വകയായി 534 പൈപ്പു കണക്ഷൻ പഞ്ചായത്തിലുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ രണ്ടു ശുദ്ധജലവിത രണ പദ്ധതികളാണ് നിലവിലുള്ളത്.

1. കട്ടച്ചൽ ശുദ്ധജല വിതരണ പദ്ധതി

പഞ്ചായത്തിലെ 1 മുതൽ 6 വരെ മണ്ഡലങ്ങളി ലെകുടിവെള്ളവിതരണത്തിനായാണ് മുഖ്യമായും ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. പഞ്ചായത്തിലെ 1-ാം മണ്ഡലമായ കുമ്മല്ലൂരിൽ കട്ടച്ചൽ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ഓവർഹെഡ് ടാങ്കിൽ ഇത്തിക്കര ആറ്റിലെ ജലം പമ്പുചെയ്ത് കയറ്റി ശുദ്ധീകരിച്ച് പൈപ്പുകളിലൂടെ വിതരണം ചെയ്യുന്ന പദ്ധതി യാണിത്. ജലദൗർലഭ്യം രൂക്ഷമാകുന്ന വേനൽക്കാ ലങ്ങളിൽ ഇത്തിക്കര ആറ്റിൽ ഉപ്പുവെള്ളം കയറുന്ന തുമൂലം പമ്പിംഗ് തടസ്സപ്പെടുന്ന ഒരു സ്ഥിതി വിശേ ഷമാണുള്ളത്. ഇത്തിക്കര ആറിൽ യോജിച്ച സ്ഥല ങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാമെങ്കിലും ആയതിനുള്ള നടപടി കൾ ഒന്നും തന്നെയായിട്ടില്ല. കട്ടച്ചൽ ശുദ്ധജലവിത രണപദ്ധതി കാര്യക്ഷമമാക്കുകയും, ആവശ്യമായ സ്ഥലങ്ങളിലേക്ക് പൈപ്പുലൈനുകൾ നീട്ടുകയും ചെയ്താൽ പഞ്ചായത്തിന് കുമ്മല്ലൂർ മുതൽ മൈല ക്കാട് വരെയുള്ള മണ്ഡലങ്ങളിലെ കുടിവെള്ള

പ്രശ്നം ഒരളവുവരെ പരിഹരിക്കാൻ കഴിയും.

2. തഴുത്തല കുഴൽക്കിണർ ജലപദ്ധതി

തഴുത്തല മണ്ണാന്തോടിന് സമീപമുള്ള കുഴൽക്കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ഓവർ ഹെഡ് ടാങ്കിൽ എത്തിച്ച് അവിടെനിന്നും പൈപ്പുകൾ വഴി ജലവിതരണം നടത്തുന്ന പദ്ധതിയാണിത്. കൊല്ലം ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന കൊട്ടിയം, തഴുത്തല പ്രദേശങ്ങളെ ലക്ഷ്യമാക്കിയാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ആവശ്യത്തിന്റെ പകുതി പോലും ജലമെത്തിക്കാൻ ഈ പദ്ധതിക്ക് കഴിയുന്നില്ല. വേനൽക്കാലത്ത് പഞ്ചായത്തിലെ 7 മുതൽ 12 വരെ മണ്ഡലങ്ങളിലെ 90% കിണറുകളും വറ്റുന്നവയാണ്. ആയതിനാൽ ഈ പ്രദേശങ്ങളിലേക്ക് വേണ്ടി പ്രത്യേകമായ മിനി ജലവിതരണ പദ്ധതികൾ ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമണ്.

പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളും, പ്രശ്നപരിഹാരത്തിനായി ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളും മണ്ഡലക്രമത്തിൽ താഴെ കൊടുക്കുന്നു.

1-ാം മണ്ഡലം -കുമ്മല്ലൂർ

ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത് ലക്ഷംവീട് കോളനിയിലാണ്. കൂടാതെ ചെറുപാലക്കോട്, വേടർകോളനി, അഭിമന്യു മുക്ക്, പനമുക്ക് തുടങ്ങിയ പ്രദേശങ്ങളിലും ജലക്ഷാമമുണ്ട്. മാറാൻകുഴി മുതൽ ലക്ഷംവീട് കോളനി വരേയും, ചെറുപാലക്കോടുമുതൽ അംഗൻവാടി വരേയും, തോണിക്കടവുമുതൽ വേടർ കോളനിവരേയും, കൈതക്കുഴി പനമുക്കുമുതൽ ജോർജ്ജ് മെമ്മോറിയൽ ഹോസ്പിറ്റൽ വഴി കൈതക്കുഴി ജംഗ്ഷൻ വരേയും, തോണിക്കടവുമുതൽ അഭിമന്യു ജംഗ്ഷൻ വരേയും പുതുതായി പൈപ്പുലൈൻ സ്ഥാപിച്ച് ആവശ്യമുള്ള ഭാഗങ്ങളിൽ പൊതുടാപ്പിട്ട് ശുദ്ധജലം ലഭ്യമാക്കണം.

2-ാം മണ്ഡലം - കൈതക്കുഴി കിഴക്ക്

കുമ്മല്ലൂർ, ആലുവിളപ്പള്ളിയുടെ സമീപദേശങ്ങൾ, കലുങ്ക് മുക്ക്, പാറപ്പുറം A,B കോളനികൾ, ഇവയാണ് ഈ മണ്ഡലത്തിലെ മുഖ്യ ജലക്ഷാമപ്രദേശങ്ങൾ. ഇതിൽ കുമ്മല്ലൂർ മുതൽ ശാസ്താം പൊയ്ക വരേയും, ആലുവിള പള്ളിമുക്കു മുതൽ കട്ടച്ചൽ വയൽ വരേയും കൈതക്കുഴി ജംഗ്ഷൻ - കുന്നുവിള മുക്ക് - എൻ.എം.ഇ.എം.എച്ച്.എസ്, സുഗതൻ മെമ്മോറിയൽ സ്കൂൾ വഴി പാറപ്പുറം കോളനി വരേയും പൈപ്പുലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഇവ അടിയന്തിരമായി ചാർജ്ജ് ചെയ്ത് ജലലഭ്യത ഉറപ്പാക്കണം. കൂടാതെ ശാസ്താംപൊയ്ക മുതൽ കനാൽ വരേയും , എൻ.എം.ഇ.എം.എച്ച്.എസ്, കലുങ്കുമുതൽ പാറപ്പുറം A കോളനി വരേയും പുതുതായി പൈപ്പുലൈൻ വലിച്ച് ജലം ലഭ്യമാക്കണം.

3-ാം മണ്ഡലം-കൈതക്കുഴി

വിളപ്പുറം, വെളിച്ചിക്കാല ലക്ഷംവീട് കോളനികളിലും, കൊട്ടുവിള പ്രദേശത്തും ആണ് ജലക്ഷാമം രൂക്ഷമായിട്ടുള്ളത്. പ്രസ്തുത പ്രദേശങ്ങളിലേക്കും ജലക്ഷാമമുള്ള മണ്ഡലങ്ങളിലെ മറ്റു പ്രദേശങ്ങളിലേക്കും പുതുതായി പൈപ്പുലൈൻ സ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തണം.

4-ാം മണ്ഡലം-ആദിച്ചനല്ലൂർ

മാമ്പഴേത്ത് കോളനി, കുണ്ടുമൺ കോളനി, ചുണ്ണാമ്പുകുന്ന് ഇവയാണ് ജലക്ഷാമമുള്ള പ്രദേശങ്ങൾ. പ്രസ്തുത സ്ഥലങ്ങളിൽ പുതുതായി പൈപ്പുലൈൻ സ്ഥാപിക്കുകയും, ആവശ്യമായ സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുകയും വേണം.

5-ാം മണ്ഡലം-പ്ലാക്കാട്

പെരുമാൾകുന്ന് കോളനി, കുണ്ടുമൺ പട്ടികജാതി കോളനി, പ്ലാക്കാട് കോളനികൾ എന്നിവിടങ്ങളിലാണ് കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ളത്. നിലവിലുള്ള പൊട്ടിപ്പൊളിഞ്ഞ പബ്ലിക്ടാപ്പുകൾ ഉപയോഗയോഗ്യമാക്കിയും പെരുമാൾകുന്ന് കോളനിയിലെ പൊതുകിണർ ആഴം കൂട്ടി ഉപയോഗയോഗ്യമാക്കിയും പഞ്ചായത്താഫീസ് ജംഗ്ഷൻ മുതൽ ഇണ്ടിളയപ്പൻ ക്ഷേത്രം വരേയും, പ്ലാക്കാട് ജംഗ്ഷൻ മുതൽ തുരുത്തുകായൽ വരേയും, തെക്കേ ഉരണ്ടക്കൽ മുക്കുമുതൽ ഇണ്ടിളയപ്പൻ ക്ഷേത്രം വരേയും, ലൈബ്രറി ജംഗ്ഷൻ മുതൽ പാലവിളഭാഗം വരേയും കുണ്ടുമൺ പട്ടികജാതി കോളനിയിലേക്കും പുതുതായി പൈപ്പു

ലെനും പബ്ലിക്ടാപ്പുകളും സ്ഥാപിച്ച് ഇവിടുത്തെ ജലക്ഷാമം ഏറെക്കുറെ പൂർണ്ണമായും പരിഹരിക്കാം.

6-ാം മണ്ഡലം-മൈലക്കാട്

വർഷകാലത്ത് കിണറിലെ ഓരുവെള്ളം മൂലവും, വേനൽക്കാലത്ത് ഉള്ള ജലം വറ്റിപ്പോകുന്നതു കൊണ്ടും വർഷംമുഴുവനും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് മൈലക്കാട്. മാടൻനടയ്ക്ക് സമീപപ്രദേശങ്ങളും, അമ്പലത്തറ, ഇത്തിക്കര വയൽ ഭാഗങ്ങളിലുമാണ് ജലക്ഷാമം അതിരൂക്ഷം. പനങ്ങോട് തൊടിയിലേക്കും, മാടൻനട തെറ്റാടി കുന്നിൻപുറം, ഇലങ്കത്ത് കുന്നിൻപുറം എന്നിവിടങ്ങളിലേക്കും, പാറപ്പുറം മുതൽ വട്ടക്കുളം വരേയും, ഇത്തിക്കര വയലിലേക്കും, അമ്പലത്തറയിൽ ബാക്കിയുള്ള നൂറുമീറ്റർ സ്ഥലത്തേക്കും പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കണം. ഇവിടത്തെ ജലക്ഷാമത്തിനുള്ള ശാശ്വത പരിഹാരമാർഗ്ഗമായി ഇത്തിക്കര മുസ്ലീം പള്ളിക്ക് സമീപം കുഴിച്ചിട്ടുള്ള കുഴൽക്കിണർ ഉപയോഗിക്കാനുള്ള സാധ്യത പ്രയോജനപ്പെടുത്തുകയോ, മണ്ഡലത്തിന് മാത്രമായി ഒരു ചെറുകിട ജലവിതരണപദ്ധതി നടപ്പാക്കുകയോ ചെയ്യേണ്ടതാണ്.

7-ാം മണ്ഡലം-വടക്കേ മൈലക്കാട്

പേഴുവിള ഭാഗം, ആലുമ്മൂട്, ആലുംകടവ്, ചുണ്ണാമ്പുവിള, സെന്റ് ജോർജ്ജ് പള്ളിക്ക് വടക്ക്, കാറ്റാടിമുക്ക്, പാലേക്കുന്ന്, മുള്ളുവിള, നെല്ലിക്കാവിള എന്നീ പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമമുള്ളത്. ഇവിടത്തെ ജലക്ഷാമത്തിന് ശാശ്വത പരിഹാരമാർഗ്ഗമായി ശിവൻനടക്ക് സമീപമുള്ള ഊറ്റുകുഴി കേന്ദ്രീകരിച്ച് ഒരു ഓപ്പൺ വെൽ നിർമ്മിച്ച് മണ്ഡലത്തിന് മാത്രമായി ഒരു ചെറുകിയ ജലവിതരണപദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം ഗ്രാമസഭയിൽ അതിശക്തമായി ഉയർന്നിട്ടുണ്ട് കൂടാതെ മൈലക്കാട് കളീലിൽ മുക്കുമുതൽ പേഴുവിള ഭാഗം വരേയും, മുതുക്കാടം മുക്കുമുതൽ കായൽ വാരം വരേയും, മൂന്നാം വടക്കതിൽ മുക്കുമുതൽ പനത്തോട് മുക്കുവരേയും, ആലുംമൂട് മുക്കുമുതൽ ആലും കടവുവരേയും, ആലുംമൂടുമുതൽ സെന്റ് ജോർജ്ജ് പള്ളിവരേയും, സെന്റ് ജോർജ്ജ് പള്ളി മുതൽ കാറ്റാടി ജംഗ്ഷൻ വരേയും, ചുണ്ണാമ്പുവിള മുക്കുമുതൽ മുള്ളുവിള വരേയും, നെല്ലിക്കാവിള മുതൽ ശിവൻ നട വരേയും, കാറ്റാടി മുക്കുമുതൽ ഉദയാ കമ്പനി വരേയും പുതുതായി പൈപ്പു ലൈൻ സ്ഥാപിച്ച് ടാപ്പിട്ട് ജലലഭ്യത ഉറപ്പുവരുത്തണം.

8-ാം മണ്ഡലം-തഴുത്തല വടക്ക് A

കാവുവിള, നെല്ലിക്കാവിള, കുറ്റിക്കാട്ടുവിള, കാറ്റാടിമുക്ക് എന്നീ പ്രദേശങ്ങളിലാണ് കുടിവെള്ളക്ഷാമം കൂടുതലായുള്ളത്. തോട്ടുംകരവടക്കുഭാഗത്ത് എപ്പോഴും ജലലഭ്യതയുള്ള വയൽ ഭാഗത്ത് ഒരു ഓപ്പൺ വെൽ കുഴിച്ച് സമീപത്തെ ഉയർന്ന പ്രദേശത്ത്ഓവർ ഹെഡ് ടാങ്ക് പണിത് മണ്ഡലത്തിന് മാത്രമായി ഒരു ചെറുകിട ജലവിതരണപദ്ധതി നടപ്പാക്കാവുന്നതാണ്. ഇവിടുത്തെ ജലക്ഷാമം ശാശ്വതമായി പരിഹരിക്കാൻ ഇതുമാത്രമേ മാർഗ്ഗമായുള്ളു. ഇതോടൊപ്പം കാവുവിള കോളനിയിലേക്കും, കനാൽ ഭാഗത്തേക്കും, മൂന്നാം വടക്കതിൽ മുക്കുമുതൽ കാറ്റാടി ജംഗ്ഷൻ വരേയും, നെല്ലിക്കാവിള മുതൽ പഞ്ചായത്തതിർത്തി വരേയും, കുറ്റിക്കാട്ടുവിളമുതൽ ചാമവിള ഭാഗം വരേയും, തോട്ടിൻകര മുതൽ കുറ്റിക്കാട്ടു വിളവരേയും കാറ്റാടി പടിഞ്ഞാറേ മുക്കുമുതൽ ചിറയിൽ കൂടി നെല്ലിക്കാവിള മുക്കുവരേയും, നെല്ലിക്കാവിള നാലുസെന്റ് കോളനിയിലേക്കും, പുതുതായി പൈപ്പുലൈൻ സ്ഥാപിച്ച് ജലം ലഭ്യമാക്കണം.

9—ാം മണ്ഡലം-തഴുത്തല വടക്ക് B

വേനൽക്കാലത്ത് കുടിവെള്ളം വിലകൊടുത്ത് വാങ്ങേണ്ട ഗതികേടുള്ള പ്രദേശങ്ങളാണ് പഞ്ചായത്തിലെ 9.10,11,12 മണ്ഡലങ്ങളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ. നിലവിലുള്ള ജലവിതരണപദ്ധതികൾക്കൊന്നും ഇവിടെ ആശ്വാസമെത്തിക്കാൻ കഴിയുന്നില്ല. 9-ാം മണ്ഡലത്തിൽ N.H ന് സമീപമുള്ളപ്രദേശങ്ങൾ, പാർത്ഥസാരഥി ജംഗ്ഷൻ, വഞ്ചിമുക്കിന് സമീപമുള്ള പ്രദേശങ്ങൾ ഇവയാണ് പ്രധാന ജലക്ഷാമമുള്ള പ്രദ്ശങ്ങൾ. എപ്പോഴും ജലലഭ്യതയുള്ള വെണ്മണിച്ചിറഭാഗത്ത് ഒരു ഓപ്പൺവെൽ കുഴിച്ച് സമീപത്തെ ഉയർന്ന പ്രദേശത്ത് ഓവർഹെഡ് ടാങ്ക് പണിത് അതിലേക്ക് ജലം പമ്പ് ചെയ്തു കയറ്റി ആ ജലം വിതരണം നടത്തിയാൽ ഈ മണ്ഡലത്തിലെ ജലക്ഷാമത്തിന് ശാശ്വത പരിഹാരമാകും. ഇതോടൊപ്പം പാർത്ഥസാരഥി മുതൽ കൊട്ടുംപുറം പള്ളി വരേയും

കൊട്ടുംപുറം പള്ളിമുതൽ ശ്മശാനം വരേയും കൃഷ്ണകുമാർ സാമില്ല് മുതൽ വഞ്ചിമുക്ക് വരേയും, ടാനിൻ ഫാക്ടറി മുതൽ വഞ്ചിമുക്ക് റോഡുവരേയും പുതുതായി പൈപ്പ് ലൈൻ സ്ഥാപിച്ച് ആവശ്യമായ ഭാഗങ്ങളിൽ പബ്ലിക് ടാപ്പുകൾ സ്ഥാപിക്കേണ്ടതുമാണ്.

10-ാം മണ്ഡലം തഴുത്തല വടക്ക് C

ഈ മണ്ഡലത്തിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമായിട്ടുള്ളത് സിത്താരജംഗ്ഷൻ, സമീപപ്രദേശങ്ങളും, കൊട്ടുംപുറം പള്ളിക്ക് സമീപം, കനാൽ ജംഗ്ഷൻ എന്നിവിടങ്ങളിലാണ്. സുലഭമായി ജലം ലഭിക്കുന്ന കരുവായത്ത്തൊടി ഊറ്റുകുഴിക്ക് സമീപത്തൊ, കാരുവിളതൊടിക്ക് സമീപത്തോ, ഓപ്പൺ വെൽ കുഴിച്ച് മണ്ഡലത്തിന് മാത്രമായി ഒരു ചെറുകിട ജലവിതരണ പദ്ധതി നടപ്പാക്കുകയാണ് ഇവിടുത്തെ ജലക്ഷാമത്തിനുള്ള ശാശ്വത പരിഹാരമാർഗ്ഗം. ഇതോടൊപ്പം റായ്വിള മുക്ക്-കനാൽ ജംഗ്ഷൻ വഴി പട്ടികജാതി മേഖലയിലേക്കും സിത്താരാ ജംഗ്ഷൻ മുതൽ കാടിയാതിത്തറ വരേയും, ലൈബ്രറി ജംഗ്ഷൻ മുതൽ മൂടാൻകുഴി വരേയും, മൂടാൻകുഴി മുതൽ കൊട്ടുംപുറം പള്ളിവരേയും, ആലുവിളമുക്കു മുതൽ വടക്കോട്ട് ഏലാവരേയും, സിത്താരാജംഗ്ഷൻ മുതൽ കാരുവിളമുക്കു വരേയും, കാരുവിള മുക്കു മുതൽ വടക്കേ വീടുവരേയും, വടക്കേ കുഴിവിള മുക്കു മുതൽ പുന്നലത്ത് മുക്ക് വരേയും, എസ്. എസ്. വില്ല മുക്കു മുതൽ കാടിയാതിത്തറവരേയും പുതുതായി പൈപ്പു ലൈൻ സ്ഥാപിച്ച് ആവശ്യമായ ഭാഗങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

11-ാം മണ്ഡലം - തഴുത്തല തെക്ക് A

കൊട്ടിയം ജംഗ്ഷനും സമീപസ്ഥലങ്ങളും, പഞ്ചായത്ത് ലൈബ്രറിക്ക് തെക്ക് ഭാഗം, ടൂറിസ്റ്റ് ഹോമിന്റെ സമീപ പ്രദേശങ്ങൾ, ബക്കുൾ കാഷ്യൂ ഫാക്ടറിക്ക് സമീപം, കൊല്ലന്റയ്യം ജംഗ്ഷൻ, സിത്താരാ ജംഗ്ഷന് തെക്ക് ഭാഗം, ശിവാനന്ദ സ്മാരകത്തിന് സമീപമുള്ള പ്രദേശങ്ങൾ, ആനക്കുഴി പ്രദേശങ്ങൾ, തുടങ്ങിയ സ്ഥലങ്ങളിലാണ് കുടിവെള്ളക്ഷാമം അതിരൂക്ഷമായിട്ടുള്ളത്. വേനൽക്കാലമായാൽ ലോറിയിൽ കൊണ്ടുവരുന്ന ജലം വില്കൊടുത്തു വാങ്ങേണ്ട ഗതികേടിലാണ് ഇവിടുത്തെ ജനങ്ങൾ. കൊട്ടിയം ജംഗ്ഷനിലുള്ള ടാങ്കിൽ നിന്നും ഈ പ്രദേശങ്ങളിലേക്ക് പൈപ്പു കണക്ഷൻ നൽകിയിട്ടില്ല. സി.എഫ്.എച്ച്. എസ് ഗ്രൗണ്ടിന്റെ സമീപത്ത് വാട്ടർ അതോറിറ്റി വക ഒരു ടാങ്കും, കുഴൽകിണറും ഉപയോഗ ശൂന്യമായികിടക്കുന്നു ഇത് ഉപയോഗ യോഗ്യമാക്കുന്നതിന് അയിയന്തിര നടപടികൾ സ്വീകരിക്കണം. കൂടാതെ ആനക്കുഴി Y.M.A. ക്ലബ്ബിന് സമീപത്ത് പോളയിൽ ഏലാക്ക് അരികിലായി ജലലഭ്യതയുള്ള സ്ഥലത്ത് ഒരു ഓപ്പൺ വെൽ കുഴിച്ച് ആനക്കുഴിയിലുള്ള ഉയർന്ന സ്ഥലത്ത് ടാങ്ക് പണിത് ഒരു ചെറുകിട ജലവിതരണപദ്ധതി ഈ മണ്ഡലത്തിന് പ്രത്യേകമായി നടപ്പാക്കണം. ഇതിൽനിന്നും കൊട്ടിയത്തുള്ള ഉപയോഗശൂന്യമായ ടാങ്കിൽ വെള്ളം നിറച്ച് കൊട്ടിയം പ്രദേശമാകെ ജലം എത്തിക്കാൻ കഴിയും. കൂടാതെ മൈലക്കാട് ജംഗ്ഷന് തെക്ക് കാഞ്ഞിരംകടവ് മേഖലയിൽ എല്ലാ കിണറുകളിലും ഓരുവെള്ളമായതിനാൽ വർഷം മുഴുവൻ കുടിവെള്ളക്ഷാമം നേരിടുന്നു. ഇപ്പോൾ നിലവിലുള്ള തെക്കേഭാഗത്ത് തൊടിപദ്ധതി നവീകരിച്ചാൽ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത വീടുകൾക്കും വ്യവസായ മേഖലയിൽ ഉള്ള തൊഴിലാളികൾക്കും ഏറെ പ്രയോജനപ്രദമാകും. ഇതോടൊപ്പം കൊട്ടിയം വാട്ടർ ടാങ്കിൽ നിന്നും പുലരി ക്ലബ്ബ് റോഡിലൂടെ ടൂറിസ്റ്റ് ഹോം റോഡുവരെയും, പുലരി ക്ലബ്ബിന് മുന്നിലൂടെ പൊതു കിണർ വരേയും, ഹോളീക്രോസ് ടൂറിസ്റ്റ് ഹോം മുതൽ കാക്കരത്തോട് കലുങ്ക് വരേയും, കൊട്ടിയം പെട്രോൾ പമ്പ് മുതൽ വിളയിൽ മുക്ക് വരേയും, ബക്കുൾ കാഷ്യൂ ഫാക്ടറി മുതൽ N. H. വരേയും, സിത്താരാമുക്ക് മുതൽ ശിവാനന്ദ സ്മാരകം വരേയും, മദ്രസക്ക് സമീപം മുതൽ തൗഫീക്ക് മൻസിൽ Y.M.A. റോഡുവരേയും, ഹോളീക്രോസ് റോഡുമുതൽ C.F.H.S. ഗ്രൗണ്ട് വരേയും, പുതുതായി പൈപ്പ് ലൈൻ സ്ഥാപിച്ച് ആവശ്യമായ ഭാഗങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കണം.

12-ാം മണ്ഡലം തഴുത്തല തെക്ക് B.

കൊട്ടിയം പോളിടെക്നിക്കും പരിസര പ്രദേശങ്ങളും, കൊടുംപുറം പ്രദേശം, എസ്.എൻ. ഐ.റ്റി. സിക്കും സമീപമുള്ള പ്രദേശങ്ങൾ, മാനാംകുന്ന് ഭാഗം, കാക്കരക്കോട് ഭാഗം തുടങ്ങിയ പ്രദേശങ്ങ

ളാണ് മുഖ്യമായും ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾ. ഇതിൽ മാനാംകുന്ന്, കാക്കറത്തോട് ഭാഗങ്ങളിലെ കിണറുകളിൽ ഉപയോഗശൂന്യമായ ഓരുവെള്ളമാണുള്ളത്. ആയതിനാൽ ഇവിടുത്തുകാർ വർഷം മുഴുവനും കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ്. ജലലഭ്യത ധാരാളമായുള്ള, ചൂരപ്പൊയ്ക, വട്ടക്കായൽ, പത്തായക്കോടി എന്നിവിടങ്ങളിൽ അനുയോജ്യമായ ഭാഗത്ത് ഒപ്പൺവെൽ കുഴിച്ച് മണ്ഡലത്തിൽ മാത്രമായി ഒരു ചെറുകിട ജലവിതരണ പദ്ധതി നടപ്പാക്കേണ്ടതാണ്. കൂടാതെ കൊട്ടുംപുറത്ത് ഇപ്പോഴുള്ള പഞ്ചായത്തു കിണറിൽ സ്ഥാപിച്ചിട്ടുള്ള പമ്പിന് വിഛേദിക്കപ്പെട്ട വൈദ്യുതി ബന്ധം അടിയന്തിരമായി പുനഃസ്ഥാപിക്കുകയും സമീപത്ത് ഓവർഹെഡ്ടാങ്ക് നിർമ്മിക്കുകയും വേണം. ഇതോടൊപ്പം പോസ്റ്റ് ഓഫീസ് മുതൽ ബക്കുൾ ഫാക്ടറി വരേയും പോളീ ജംഗ്ഷൻ മുതൽ മേടയിൽ വടക്കതിൽ വരേയും, പോളീ ടെക്നിക് ഐ.ടി.സി. വഴി മാവുവിള വരേയും, ചൂരൽപ്പൊയ്ക മുതൽ പത്തായക്കോടി വരേയും, മാനാംകുന്നിലേക്കും ഒറ്റപ്ലാമൂട്, വട്ടക്കായൽ ഭാഗങ്ങളിലേക്കും, റേഡിയോ കിയോസ്ക് മുതൽ പുത്തൻമാടം വരേയും പുതുതായി പൈപ്പുലൈൻ സ്ഥാപിച്ച് പൊതുടാപ്പുകൾ ഇട്ട് ജലലഭ്യത ഉറപ്പുവരുത്തണം.

പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തിന് മൊത്തമായി ഒരു ജലവൈദ്യുതി എന്ന രീതിമാറ്റി ഓരോ മണ്ഡലത്തിനും ഉപയുക്തമായ രീതിയിൽ മിനി ജലവിതരണ പദ്ധതികൾക്ക് മുൻഗണന നൽകുക.
2. നിലവിലുള്ള കട്ടച്ചൽ ജലവിതരണ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ഇത്തിക്കരയാറിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക.
3. വർദ്ധിച്ച തോതിലുള്ള മർദ്ദം താങ്ങാൻ ശേഷിയില്ലാത്ത പഴയ പൈപ്പു ലൈനുകൾ മാറ്റി പകരം വർദ്ധിത മർദ്ദം താങ്ങാൻ ശേഷിയുള്ള പൈപ്പുകൾ ഉപയോഗിക്കുക. അതോടൊപ്പം സമയാസമയങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക.
4. പബ്ലിക് ഹൈഡ്രന്റുകളിൽ ഉപയോഗിച്ചിട്ടുള്ള ഗുണനിലവാരം കുറഞ്ഞ പ്ലാസ്റ്റിക് ടാപ്പുകൾ മാറ്റി പകരം സ്റ്റീൽ ടാപ്പുകൾ ഉപയോഗിക്കുക.
5. കട്ടച്ചൽ ജലവിതരണപദ്ധതിയിൽ നിന്നും പഞ്ചായത്തിലെ ഒന്നുമുതൽ ആറുവരെ മണ്ഡലങ്ങളിലെ ആവശ്യമായ ഭാഗങ്ങളിലേക്ക് പൈപ്പുലൈനുകൾ പുതുതായി സ്ഥാപിക്കുക. ഇതുവഴി ഒന്നുമുതൽ ആറുവരെ മണ്ഡലങ്ങളിലെ കുടിവെള്ള പ്രശ്നം ഒരളവുവരെ പരിഹരിക്കുവാൻ സാധിക്കും.
6. പഞ്ചായത്തിലെ നാലാം മണ്ഡലത്തിലുള്ള ആദിച്ചനല്ലൂർ ചിറ ആഴം കൂട്ടി വെള്ളം കെട്ടി നിർത്തത്തക്ക രീതിയിൽ സംരക്ഷിച്ചാൽ ഈ പ്രദേശങ്ങളിലെ വാട്ടർടേബിൾ താഴാതെ നിർത്താൻ കഴിയും. ഇതുമൂലം വേനൽക്കാലത്ത് കിണറുകളിലെ വെള്ളം വറ്റുന്നത് തടയാൻ കഴിയും. കൂടാതെ ചിറയിലെ വെള്ളം കൃഷിയാവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യാം.
7. വേനൽക്കാലത്ത് കെ.ഐ.പി. കനാലുകളിലൂടെ ജലം ഒഴുക്കുന്നത് ചുറ്റുമുള്ള കിണറുകളിലെ ജലവിതാനം ഉയർത്തുന്നതായി കണ്ടിട്ടുണ്ട്. ആയതിനാൽ വേനൽക്കാലത്ത് കനാലുകളിലൂടെ വെള്ളം ഒഴുക്കാൻ സംവിധാനം ഏർപ്പെടുത്തണം.
8. പഞ്ചായത്തിലെ 6 മുതൽ 12വരെ മണ്ഡലങ്ങളിൽ സ്ഥിതിചെയ്യുന്ന ചൂരൽപൊയ്ക, പത്തായക്കോടി, പോളയിൽചിറ, മൂഴിയിൽചിറ, തഴുത്തല തോട്ടിൻകര ഭാഗം, തുടങ്ങിയവ ധാരാളം ജലലഭ്യതയുള്ള പ്രദേശങ്ങളാണ്. ഈ ഭാഗങ്ങളിൽ ഓപ്പൺ വെൽ കുഴിച്ച് സമീപമുള്ള ഉയർന്ന പ്രദേശത്ത് ഓവർ ഹെഡ്ടാങ്ക് പണിത് ചെറുകിട പദ്ധതികളായോ, വൻകിട പദ്ധതികളായോ ഏറ്റെടുത്ത് പുതുതായി ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുകയാണെങ്കിൽ ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാകും.
9. കേടുവന്ന കുഴൽ കിണറുകളും, വാട്ടർ ടാങ്കുകളും അറ്റകുറ്റപ്പണിചെയ്ത് ഉപയോഗ യോഗ്യമാക്കുക.
10. പഞ്ചായത്തിലെ ദരിദ്ര ജനവിഭാഗങ്ങൾക്ക് കിണർ കുഴിക്കാൻ സബ്സിഡിയോടെ ധനസ

ഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.

11. വർഷകാലത്ത് ലഭിക്കുന്ന ജലം ഒഴുകി നഷ്ടമാകാതെ സ്വന്തം പുരയിടങ്ങളിൽ കിനിഞ്ഞിറങ്ങുന്നതിന് പുരയിടങ്ങളിൽ ചെറിയ കുഴികളും, ചാലുകളും നിർമ്മിക്കുന്നതിനും, അതുവഴി വാട്ടർ ടേബിൾ താഴാതെ സംരക്ഷിക്കുന്നതിനും വേണ്ടി പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
12. വിലപ്പെട്ട ജലസമ്പത്തിന്റെ ദുർവിനിയോഗം തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കുക.
13. ആരോഗ്യ വകുപ്പ് അധികൃതരുടെ സഹായത്തോടെ പഞ്ചായത്തിലെ മുഴുവൻ കിണറുകളും വേനൽക്കാലങ്ങളിൽ ക്ലോറിനേറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
14. പഞ്ചായത്ത് തല ജലസമിതികൾ രൂപീകരിക്കുകയും, കമ്മിറ്റിയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കണ്ടെത്തുകയും, സന്നദ്ധ പ്രവർത്തനത്തിലൂടെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ നടത്തുകയും ചെയ്യുക.

പൊതുജനാരോഗ്യം

പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും ഉണ്ടായിരുന്ന ചില പാരമ്പര്യ വൈദ്യകുടുംബങ്ങളിൽ നിന്നാണ് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ചികിത്സാ സേവനങ്ങൾ ലഭിച്ചിരുന്നത്. മാതൃശിശു സംരക്ഷണ കാര്യങ്ങളിൽ നാട്ടു പതിച്ചിമാരും, മസൂരി പോലുള്ള രോഗങ്ങൾക്ക് മന്ത്രവാദികളും അക്കാലത്ത് കൊടികുത്തി വാഴുകയായിരുന്നു. അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഇവരുടെ പ്രവർത്തനം ഏറ്റവും മുൻപന്തിയിലായിരുന്നു.

1948-ൽ ഈ പഞ്ചായത്തിലെ കൈതക്കുഴി എന്ന ഭാഗത്ത് അന്ന് റയിൽവേ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തുവന്ന ഒരു സർജൻ (ഡോ. ജോർജ്ജ് ഫിലിപ്പ്) ഒരു ക്ലിനിക് തുടങ്ങിയതാണ് ഈ പഞ്ചായത്തിലെ അലോപ്പതി ശാഖയിൽ ഉണ്ടായ ആദ്യത്തെ സ്ഥാപനം.

1952-ൽ ആണ് ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ഒരു അലോപ്പതി ആശുപത്രി ഉണ്ടായത്. അന്ന് ജർമ്മൻ മിഷനറി പ്രവർത്തകർ ഓലഷെഡിൽ തുടങ്ങിയ ആ ആതുരാലയം, ഇന്ന് മദ്ധ്യ കേരളത്തിൽ പ്രശസ്തമായിട്ടുള്ള കൊട്ടിയം ഹോളീക്രോസ് ഹോസ്പിറ്റൽ ആയി വളർന്നിരിക്കുന്നു.

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരോഗ്യ രംഗത്ത് ആരംഭിച്ച മാതൃ ശിശു സംരക്ഷണ പ്രവർത്തനങ്ങൾക്കായി തുറന്ന മിഡ്വൈഫറി സെന്ററുകളിൽ രണ്ടെണ്ണമാണ് ഈ പഞ്ചായത്തിൽ സ്ഥാപിച്ചത്. വസൂരി നിർമ്മാർജ്ജന പ്രവർത്തനത്തിനുവേണ്ടി അച്ചുകുത്തു പിള്ളമാരും ഉണ്ടായി.

1979-ൽ മാത്രമാണ് ഈ പഞ്ചായത്തിൽ ഒരു ഗവൺമെന്റ് റൂറൽ ഡിസ്പെൻസറി മൈലക്കാട് പ്രദേശത്ത് വാടക കെട്ടിടത്തിൽ ആരംഭിച്ചത്. 1990-ൽ ഈ റൂറൽ ഡിസ്പെൻസറി മിനി പ്രാഥമിക ആരോഗ്യകേന്ദ്രമായി.

1994-ൽ ആരംഭിച്ച ഹോമിയോ ഡിസ്പെൻസറി ഉൾപ്പെടെ ഏഴ് ആരോഗ്യ ചികിൽസാ സ്ഥാപനങ്ങൾ ഇന്ന് ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ഇതിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അഞ്ച് സ്ഥാപനങ്ങളിൽ ഒന്ന് മാത്രമാണ് സ്വകാര്യമേഖലയിലെ ആയുർവേദ ആശുപത്രി.

ഇപ്പോൾ മൈലക്കാട്ട് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ മിനി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായി 50 സെന്റ് സ്ഥലവും ടൈപ്പ് ഡിസൈനിൽ പണിതിട്ടുള്ള ഒരു കെട്ടിടവും ഉണ്ട്. എന്നാൽ മിനി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ആറ് കുടുംബ ക്ഷേമ കേന്ദ്രങ്ങളിൽ മൂന്നെണ്ണത്തിൽ മാത്രമേ സ്വന്തമായി കെട്ടിടമുള്ളു. മൂന്നെണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

മിനി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഔട്ട് പേഷ്യന്റ് കേന്ദ്രമാണ് പ്രവർത്തിക്കുന്നത്. മിനി പ്രാഥമികാരോഗ്യ കേന്ദ്രമാകയാൽ സ്വന്തമായി വാഹനമില്ല. ബഹുരാഷ്ട്ര കുത്തക മരുന്നു കമ്പനികളും-ഭാരതത്തിൽ തന്നെയുള്ള മരുന്നു കമ്പനികളും മരുന്നുകളുടെ വില വർദ്ധിപ്പിച്ച അവസരത്തിൽ 94-95ൽ നിന്നും 5000രൂപയുടെ വർദ്ധനവുമാത്രമാണ് മരുന്നു വിതരണത്തിന് സർക്കാർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് നൽകിയിരിക്കുന്നത്.

1994-95ൽ 14700പേർക്ക് ചികിൽസ ലഭിച്ചപ്പോൾ

പട്ടിക - 1

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനം	സ്ഥിതി ചെയ്യുന്ന മണ്ഡലം	സ്വന്തംകെട്ടിടം/വാടകകെട്ടിടം	ജീവനക്കാരുടെ എണ്ണം
1	മിനി പ്രാഥമികാരോഗ്യ കേന്ദ്രം, മൈലക്കാട്	VI	സ്വന്തം	15
2	ഹോമിയോ ഡിസ്പെൻസറി, കൈതക്കുഴി	III	വാടക	3
3	കുടുംബക്ഷേമകേന്ദ്രം, കുമ്മല്ലൂർ	I	സ്വന്തം	1
4	കുടുംബക്ഷേമകേന്ദ്രം, ആദിച്ചനല്ലൂർ	V	സ്വന്തം	1
5	കുടുംബക്ഷേമകേന്ദ്രം, മൈലക്കാട്	VI	സ്വന്തം	1
6	കുടുംബക്ഷേമകേന്ദ്രം, തഴുത്തല	IX	വാടക	1
7	കുടുംബക്ഷേമകേന്ദ്രം, കൊട്ടിയം സൗത്ത്	VIII	വാടക	1
8	കുടുംബക്ഷേമകേന്ദ്രം, ഒറ്റപ്ലാമൂട്	XI	വാടക	1

ശരാശരിനാലു രൂപായുടെ മരുന്നുനൽകി. 1995-96ൽ 15423പേർക്ക് ചികിൽസ ലഭിച്ചപ്പോൾ ശരാശരി നാലു രൂപ ഇരുപത് പൈസയുടെ മരുന്നാണ് നൽകിയത്. ചികിൽസക്ക് വന്നവരിൽ മൂന്നിൽ രണ്ടുഭാഗം സ്ത്രീകളും കുട്ടികളുമാണ്, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രധാനമായും സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ചെറിയ തരത്തിലുള്ളതും-പെട്ടെന്ന് ചികിൽസിച്ച് ഭേദമാക്കാവുന്ന തലത്തിലുള്ള രോഗങ്ങളുമായി (മൈനർ എയിൽമെന്റ്സ്) കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ചെല്ലുന്ന അമ്മമാരും കുഞ്ഞുങ്ങളും മരുന്നു കിട്ടാതെ നിരാശരായി മടങ്ങേണ്ടി വരുന്നു. സാധാരണ ജനങ്ങൾ നാലും അഞ്ചും കിലോമീറ്റർ നടന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ചികിൽസക്കായി പോകേണ്ടിവരുന്നു. അല്ലാത്ത പക്ഷം പണം ചെലവുചെയ്ത് സ്വകാര്യ ആശുപത്രികളിൽ അഭയം തേടേണ്ടിവരുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യ സ്ഥിതി തൃപ്തികരമല്ലായെന്നാണ് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നത്. 1995-96 വർഷത്തിൽ 1438 ജലജന്യ രോഗങ്ങളും 190 വായു ജന്യ രോഗങ്ങളും 519 പ്രാണി ജന്യ രോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുഷ്ഠരോഗം ബാധിച്ച് 21 പേരും ക്ഷയരോഗം ബാധിച്ച് 28 പേരും കാൻസർ രോഗം ബാധിച്ച് 17 പേരും ചികിൽസ നടത്തിയതായി കാണുന്നു. 1994-95ലും 1995-96ലും ചാപിള്ള ജനനം രണ്ടുവീതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, ഈ ലഭിച്ച സ്ഥിതി വിവര കണക്കുകളുടെ വെളിച്ചത്തിലും ആരോഗ്യ വിദ്യാഭ്യാസത്തിലൂടെ ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു. പൊതുജനാരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിലും നിലവിലുള്ള പൊതുജനാരോഗ്യ പരിപാടികളിൽ സഹകരിക്കുന്നതിലും ജനത വിമുഖത കാണിക്കുന്നതുപോലെ തോന്നുന്നു. 1993 മുതൽ 96വരെ 148 ഡയറിയാ കേസുകൾ റിപ്പോർട്ടു ചെയ്തിരുന്നിട്ടും 437 കിണറുകളേ ക്ലോറിനേറ്റ് ചെയ്യുവാൻ സാധിച്ചിട്ടുള്ളു. മലേറിയാ കേസുകൾ 31 എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി വിപുലമായ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനം നടത്തേണ്ടത് ആവശ്യമായി തീർന്നിരിക്കുന്നു.

1993-94ൽ ജനനനിരക്ക് 11.3 ആയിരുന്നത് 1995-96ൽ 14.3 ആയിരിക്കുന്നു. 1993-94ൽ 340 ജനനം നടന്നുവെങ്കിൽ 95-96ൽ 418 ഗർഭിണികൾ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നു. കുടുംബക്ഷേമ പ്രവർത്തനങ്ങളിലും സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറ

പട്ടിക - 2

ചികിത്സ സംബന്ധിച്ചവിവരങ്ങൾ

വർഷം	ചികിത്സ ലഭിച്ചവരുടെ എണ്ണം				മരുന്നിന് ചെലവാക്കിയ തുക
	പുരുഷൻ	സ്ത്രീകൾ	കുട്ടികൾ	ആകെ	
1993-94	3637	5635	834	10106	54,213.94
1994-95	4578	8645	1477	14700	69,299.90
1995-96	4962	8545	1736	15243	74,213.37

പ്പുവരുത്തി വിപുലമായ രീതിയിൽ ആരോഗ്യ വിദ്യാഭ്യാസം നടത്തേണ്ടതാണ്.

പരിസരശുചിത്വം

പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിൽ കുടിവെള്ളത്തെപ്പോലെ പ്രാധാന്യമർഹിക്കുന്നതാണ് ശുചിത്വം. പരിസര ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. വയറിളക്കം, വയറുകടി, സന്നിപാതജ്വരം, പിള്ളവാതം, മഞ്ഞപ്പിത്തം, വിഷൂചിക മുതലായ മാരകരോഗങ്ങൾ കുടിക്കുന്ന വെള്ളത്തിലൂടെയും കഴിക്കുന്ന ആഹാരത്തിലൂടെയുമാണ് പകരുന്നത്. ജലവും ആഹാരവും മലിനമാകാതിരുന്നാൽ ഈ രോഗങ്ങളിൽനിന്നും രക്ഷനേടാം. ഈ രോഗാണുക്കൾ മനുഷ്യരുടെ വിസർജ്ജ്യ വസ്തുക്കളിൽ നിന്നാണ് ജലത്തിലും ഈച്ചയിലും കൂടി ആഹാരത്തിൽ എത്തുന്നത്. ഈ മലിനീകരണം തടയണമെങ്കിൽ ശാസ്ത്രീയമായി മനുഷ്യ വിസർജ്ജ്യങ്ങൾ മറവുചെയ്യുന്ന കക്കൂസിനും മറ്റു മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾക്കും കാര്യമായ പങ്ക് വഹിക്കുവാനുണ്ട്. നമ്മുടെ പഞ്ചായത്തിൽ തന്നെ 1995-96ൽ 1438 ജലജന്യ രോഗങ്ങൾ ഉണ്ടായി എന്നാണ് റിപ്പോർട്ട്. രോഗംമൂലം നഷ്ടമാകുന്ന വിലയേറിയ മനുഷ്യ ജീവൻ, തൊഴിൽദിനങ്ങൾ, ചികിത്സക്കുവേണ്ടി വരുന്ന ഭാരിച്ച ചിലവ് എന്നിവ വികസന പരിപാടികളെതന്നെ തുരങ്കം വയ്ക്കുന്നു. ഇതിന് മാറ്റം വന്നേ മതിയാകൂ. ലഭിച്ച സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ 10.5% വീടുകൾക്ക് സെപ്റ്റിക് ടാങ്കുകളുള്ള കക്കൂസുകളും 69.5%വീടുകൾക്ക് E.S.P. ടൈപ്പ് കക്കൂസുകളും ഉണ്ട്. 20%വീടുകൾക്ക് കക്കൂസുകളേയില്ല.

ഗ്രാമസഭകളുടെ ചർച്ചകളുടെ അടിസ്ഥാനത്തിൽ -കക്കൂസ് നിർമ്മാണത്തിൽ നേരിടുന്ന പ്രധാന തടസ്സകാരണങ്ങളിൽ ഒന്ന് സാമ്പത്തിക പരാധീനതയും സ്ഥലപരിമിതിയുമാണ്. ഇവയിൽ ഒന്നാമത്തെ പ്രശ്നത്തിന് പരിഹാരമായി സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തി അർഹരായവരെ സഹായിക്കണം. രണ്ടാമത്തെ പ്രശ്നത്തിന് പരിഹാരമായി കോളനികളിലും -ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും പൊതുവായി സെപ്റ്റിക് ടാങ്കുകളോ കംഫർട്ട് സ്റ്റേഷനുകളോ സ്ഥാപിക്കണം. ആരോഗ്യ ബോധവൽക്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കി ഈ കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കേണ്ട ആവശ്യം ഇവ ഉപയോഗിക്കുന്നവരെ ബോധ്യപ്പെടുത്തണം.

എന്തുതന്നെയായിരുന്നാലും സമയ ബന്ധിതമായി ഒരു സാനിട്ടേഷൻ കവറേജ് പരിപാടി പഞ്ചായത്തിൽ നടപ്പിലാക്കിയേ മതിയാകൂ.

വ്യവസായവൽക്കരണം കൂടുതൽ ഇല്ലാത്ത പ്രദേശമാകയാൽ പരിസരമലിനീകരണം ഗുരുതരമല്ലാ എങ്കിലും പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽനിന്നും പരിസര മലിനീകരണം സംബന്ധിച്ച പരാതികൾ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. പ്രത്യേകിച്ച് കൊട്ടിയം പബ്ലിക് മാർക്കറ്റിനെക്കുറിച്ചാണ്, അതുപോലെ തന്നെ പല മണ്ഡലങ്ങളിലും നടന്നുവരുന്ന വഴിയോരമത്സ്യകച്ചവടം, പഞ്ചായത്തിന് പൊതുവായി അറവുശാല ഇല്ലാത്തതുകണ്ട് അറുക്കുന്ന മൃഗങ്ങളുടെ അവശിഷ്ടങ്ങൾ-പഞ്ചായത്തിന്റെ പല ഭാഗത്തുള്ള തോടുകളിലും - നദീതീരങ്ങളിലും, കുളങ്ങളിലും നിക്ഷേപിക്കൽ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, പഴക്കടകൾ, പച്ചക്കറികൾ, ശീത

ഉപാനീയശാലകൾ-എന്നിവർ വലിച്ചെറിയുന്ന ചപ്പു ചവറുകൾ തുടങ്ങിയവമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിനോടനുബന്ധിച്ച് 12 കിടക്കകളോടും ഒരു മൈനർ ഓപ്പറേഷൻ തീയ്യേറ്ററോടും കൂടി ഒരു വാർഡ് പണിയുക. രണ്ട് മെഡിക്കലാഫീസറന്മാരേയും ആവശ്യാനുസരണം സ്റ്റാഫ് നഴ്സുമാരേയും മറ്റു പാരാ മെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുവാനുള്ള നടപടികൾ തുടർന്ന് സ്വീകരിക്കുക. അതോടൊപ്പം രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഉണ്ടാകുമ്പോൾ ഒരു മെഡിക്കൽ ആഫീസർക്കെങ്കിലും താമസ്സിക്കുവാനുള്ള ക്വാർട്ടേഴ്സ് പണിയുക. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിലും ഗേറ്റും പണിയുക. അപ്പോൾ 24 മണിക്കൂറും പ്രഥമികാരോഗ്യ കേന്ദ്രത്തിന്റെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുവാൻ കഴിയും.
2. നമ്മുടെ പഞ്ചായത്തിൽ നാലു കിലോമീറ്റർ നീളത്തിൽ നാഷണൽ ഹൈവേ ഉണ്ട്. ഉള്ള നാഷണൽ ഹൈവേ എപ്പോഴും അപകടസാധ്യത ഉള്ളതാണ്. ആ.യതിനാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിനോടനുബന്ധിച്ച് ഒരു ആംബുലൻസ് വാൻ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും.
3. നമ്മുടെ പഞ്ചായത്തിൽ അലോപ്പതി രംഗത്ത് ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും ആറ് കുടുംബക്ഷേമ കേന്ദ്രങ്ങളും ഉണ്ട്. ഹോമിയോപ്പതി രംഗത്ത് ഒരു സർക്കാർ ഡിസ്പൻസറിയും ഉണ്ട്. എന്നാൽ ആയൂർവേദ ശാഖയിലും, സിദ്ധവൈദ്യ ശാഖയിലും സർക്കാർ സ്ഥാപനങ്ങളില്ല. ആയതിനാൽ പഞ്ചായത്തിൽ യുക്തമായ ഭാഗത്ത് ഒരു സർക്കാർ ആയുർവേദ ആശുപത്രിയും, ഒരു സർക്കാർ സിദ്ധവൈദ്യാശുപത്രിയും ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.
4. 1994-ൽ സ്ഥാപിതമായ സർക്കാർ ഹോമിയോ ആശുപത്രിക്ക് അനുയോജ്യമായ സ്ഥലവും സ്വന്തം കെട്ടിടവും ഉണ്ടാക്കുന്നതിന് കഴിയുന്നതും വേഗം നടപടികൾ കൈക്കൊള്ളണം.
5. ഇന്ന് നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളിൽ മൂന്നെണ്ണത്തിന് മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളു. മറ്റു മൂന്ന് കുടുംബക്ഷേമ കേന്ദ്രങ്ങൾ വാടക കെട്ടിടങ്ങളിലാണ്. ഈ കേന്ദ്രങ്ങൾക്കനുയോജ്യമായ സ്ഥലങ്ങൾ കണ്ടു പിടിച്ച് കെട്ടിടങ്ങൾ നിർമ്മിക്കണം, കൂടാതെ പുതുതായി സബ്സെന്ററുകൾ വേണമെന്ന നിർദ്ദേശങ്ങളും ഗ്രാമ സഭകളിൽ നിന്നും വന്നിട്ടുണ്ട്
6. 1991-ലെ ജനസംഖ്യാപ്രകാരമുള്ള 6കുടുംബക്ഷേമകേന്ദ്രങ്ങളാണ് ഈ പഞ്ചായത്തിലിപ്പോൾ ഉള്ളത്. ഇനിയുണ്ടാകാൻ സാധ്യതയുള്ള കുടുംബക്ഷേമകേന്ദ്രം പഞ്ചായത്തിന്റെ 2-ഉം,3-ഉം, മണ്ഡലങ്ങൾക്ക് പ്രയോജനമാകത്തക്ക തരത്തിൽ സ്ഥാപിക്കുക.
7. കക്കൂസില്ലാത്തവർക്ക് ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ E.S.P ടൈപ്പ് കക്കൂസുകൾ ഉണ്ടാക്കികൊടുക്കുവാൻ സമയ ബന്ധിതമായി "ഒരു സാനിട്ടേഷൻ കവറേജ് സ്കീം" ഉണ്ടാക്കണം. വാർഡ് തിരിച്ച് സർവ്വേ നടത്തി അർഹരായവർക്ക് കക്കൂസുണ്ടാക്കുവാൻ പ്രചോദനം നൽകേണ്ടത് ആരോഗ്യ രംഗത്തെ സംബന്ധിച്ച് ഏറ്റവും മുൻതൂക്കം നൽകേണ്ട ഒരു പരിപാടി ആയിരിക്കണം.
8. കൊട്ടിയം പബ്ലിക്ക് മാർക്കറ്റിനോടനുബന്ധിച്ച് നിലവിലുള്ള കിണറും കംഫർട്ട് സ്റ്റേഷനും ശുചിയായി സൂക്ഷിക്കുവാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണം
9. കൊട്ടിയം പബ്ലിക്ക് മാർക്കറ്റിലെ ചപ്പു ചവറുകളും-ഭാവിയിലുണ്ടാകാൻ ഇടയുള്ള പബ്ളിക്ക് മാർക്കറ്റുകളിലെ ചപ്പു ചവറുകളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ ഒരു "ഇൻസിനറേറ്റർ" കൊട്ടിയം പബ്ളിക് മാർക്കറ്റിൽ സ്ഥാപിക്കണം അങ്ങിനെ സ്ഥാപിച്ചാൽ ഇന്നുള്ള പഞ്ചായത്തു ജീപ്പിനുള്ള ട്രെയിലർ ഉപയോഗിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ ചപ്പു ചവറുകൾ ശേഖരിക്കുവാനും, യഥാസമയം സംസ്കരിക്കുവാനും, പഞ്ചായത്തിന്റെ പ്രധാന വഴിയോരങ്ങളിൽ പരിസര ശുചിത്വം പാലിക്കപ്പെടുവാനും കഴിയും.


10. തിരുവിതാംകൂർ പബ്ലിക് ഹെൽത്ത് ആക്ട് അനുശാസിക്കും വിധമെങ്കിലും ഒരു അറവുശാല പഞ്ചായത്തിന്റെ ഏതെങ്കിലും സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ആ അറവുശാലയിലൂടെ അല്ലാതെ മൃഗമാംസക്കച്ചവടം നടത്തുന്നതിന് പഞ്ചായത്ത് സെല്ലർ ലൈസൻസ് നല്കരുത്

11. പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ പരിസ്ഥിതി മലിനീകരണം നടത്തുന്നുണ്ടെങ്കിൽ അവ തടയുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും പലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ കർമ്മോന്മുഖരാക്കണം.


12. പഞ്ചയത്തു തലത്തിൽ സ്കാവഞ്ചിംഗിനും മറ്റും നിയമിച്ചിട്ടുള്ളതും മേലിൽ നിയമിക്കപ്പെടാൻ ഇടവരുന്നതുമായ ഉദ്യോഗസ്ഥന്മാരെ ആവരുടെ ജോലികൾ തന്നെ ചെയ്യുന്നതിന് വിടുകയും, അവരെ മറ്റു ജോലികൾക്ക് ഉപയോഗിക്കാതിരിക്കുന്നതിനും പഞ്ചായത്ത് സമിതികൾ ശ്രദ്ധിക്കണം.

13. ഹോട്ടലുകൾ, മറ്റു ഭക്ഷണ പാനീയശാലകൾ എന്നിവിടങ്ങളിലെ ആരോഗ്യ നിലവാരം, പരിസര ശുചിത്വം എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ഉപയോഗിച്ച് പരിശോധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ പഞ്ചായത്തു സമിതി കാലാകാലങ്ങളിൽ നൽകണം.

ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തണം. ആയതിന് ഇന്നത്തെ ഗ്രാമപഞ്ചായത്ത് സമിതിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ഈ പഞ്ചായത്തിലെ വിവിധ സന്നദ്ധസംഘടനകളെ കൂട്ടിയിണക്കി ഒരു "ആരോഗ്യ സംരക്ഷണ സന്നദ്ധസംഘത്തെ" സംഘടിപ്പിക്കാം. "രണ്ടായിരം ആണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം" എന്ന നമ്മുടെ മുദ്രാവാക്യം സാധിതപ്രായമാകുവാൻ-കുടിവെള്ള ലഭ്യതയിലും-ആരോഗ്യ ശുചിത്വ രംഗങ്ങളിലും നാം സദാ ജാഗ്രത പുലർത്തേണ്ടത് അത്യാവശ്യമാണ്.



V - 6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



"നമുക്ക് നാമേ പണിവതുനാകം
നരകവുമതുപോലെ"
-ഉള്ളൂർ-

ഒരു ജനതയുടെ സാംസ്കാരികവും, സാമൂഹികവും, വ്യാവസായികവുമായ ഉന്നമനത്തിനു പിന്നിൽ ആ പ്രദേശത്തെ റോഡുകളുടെ ഒരു സമഗ്ര ശൃംഖല ഉണ്ടാകുമെന്ന കാര്യത്തിൽ തർക്കമുണ്ടാകാൻ ഇടയില്ല. ഒരു പ്രദേശത്തിന്റെ വികസനം ഗതാഗത സൗകര്യത്തിലും ഊർജ്ജ ലഭ്യതയിലും ഊന്നി നിൽക്കുന്നു. നമ്മുടെ സംസ്ഥാനം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് ഊർജ്ജത്തിന്റെ അപര്യാപ്തത. സമഗ്രമായ ഊർജ്ജ ആസൂത്രണത്തിന്റെ അനിവാര്യതയിലേക്ക് ഇത് നമ്മെ നയിക്കുന്നു. ഉല്പാദനവും വിപണനവും തമ്മിൽ നേരിട്ട് ബന്ധിപ്പിക്കുന്ന കണ്ണികളാണ് മാർക്കറ്റുകൾ. അതുകൊണ്ടുതന്നെ എല്ലാ വിഭാഗം ജനങ്ങളുടേയും ജീവിതവുമായി മാർക്കറ്റുകൾ നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ഗതാഗതം

1953-ൽ ആദിച്ചനല്ലൂർ പഞ്ചായത്ത് രൂപീകൃതമാകുമ്പോൾ ഗതാഗത സൗകര്യമുള്ളതും, ടാർ ചെയ്തതുമായി പഞ്ചായത്തതിർത്തിയിൽ ഇത്തിക്കര മുതൽ കൊട്ടിയം വരെയുള്ള ദേശീയ പാതമാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീട് 1968-ൽ പൊതുമരാമത്ത് വകയായി ഇത്തിക്കര-ആയൂർ റോഡ് ടാർ ചെയ്തു. 1987-ൽ ഇത്തിക്കര മുള്ളേത്തുമുക്കുമുതൽ വാവരുമൂല വരെയുള്ള റോഡ് ടാർ ചെയ്തുകൊണ്ട് പഞ്ചായത്തു വക റോഡുകളുടെ വികസനത്തിന് ആരംഭം കുറിച്ചു.

പഞ്ചായത്തിൽ ആകെയുള്ള റോഡിന്റെ നീളം 98.00 K.M. ആണ്. അതിൽ 3.00 K.M. ദേശീയ പാതയും 17.535 K.M. P.W.D. വകയും, 77.465 K.M. പഞ്ചായത്തു വകയുമാണ്. ഇതിൽ വാഹന ഗതാഗതയോഗ്യമായ റോഡിന്റെ ആകെ നീളം 87.05 K.M. മാത്രമാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുമായി താരതമ്യപ്പെടുത്തിയാൽ ഒരു ചതുരശ്ര കി.മി. വിസ്തീർണ്ണത്തിന് 4.39 K.M. റോഡ്. സംസ്ഥാന ശരിയായ 3.2 K.M /sq ; K.M. ആയി താരതമ്യപ്പെടുത്തുമ്പോൾ പഞ്ചായത്തിന്റെ സ്ഥിതി അല്പം മെച്ചമാണെന്ന് കാണാം. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡിന്റെ നീളം 35.70 K.M. ആണ്. ഇതിൽ നിന്നും ഒരു ചതുരശ്ര കി.മീറ്ററിന് 1.80 K.M. റോഡ് മാത്രമേ ടാർ ചെയ്തതായി ഉള്ളു എന്ന് ബോധ്യമാകും.

പ്രധാനമായും മൂന്നുപാലങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇത്തിക്കര ആറിനു കുറുകെ ദേശീയ പാതയിലെ പാലമാണ്. ഇത്തിക്കര ആയൂർ റോഡിലെ കൊച്ചു

പാലവും ചാത്തന്നൂർ കട്ടച്ചൽ റോഡിലെ കുമ്മല്ലൂർ പാലവുമാണ് മറ്റുള്ളവ. മൂന്നു പാലത്തിനു മുകളിലൂടെയും വാഹന ഗതാഗതമുണ്ട്.

പഞ്ചായത്തിൽ പ്രധാനമായും ബസ്സ് സർവ്വീസ് ഉള്ളത് ദേശീയ പാതയിലൂടെയും, ഇത്തിക്കര ആയൂർ റോഡിലൂടെയും ആണ്. ചാത്തന്നൂർ കട്ടച്ചൽ റോഡിലൂടെയും മൈലക്കാട് കണ്ണനല്ലൂർ റോഡിലൂടെയും എണ്ണത്തിൽ കുറവെങ്കിലും ബസ്സ് സർവ്വീസുകളുണ്ട്.

ആകെ 18 ബസ്സ് സ്റ്റോപ്പുകളും, മൂന്നു ടാക്സി സ്റ്റാന്റുകളും , അഞ്ച് ആട്ടോ സ്റ്റാന്റുകളും പഞ്ചായത്തതിർത്തിയിൽ ഉണ്ട്. ബസ്സ് സർവ്വീസുകൾ നടത്താൻ പര്യാപ്തമായ ടാറിട്ട റോഡുകൾ പഞ്ചായത്തു വകയായുണ്ടെങ്കിലും ഒന്നിലൂടെയും ബസ്സ് സർവ്വീസുകൾ ഇല്ല. ഇതുമൂലം പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ ഉള്ളവർക്ക് ഏകദേശം മൂന്നു കിലോമീറ്ററോളം നടന്നെത്തിയെങ്കിൽ മാത്രമേ ദൂരസ്ഥലങ്ങളിലേക്ക് ബസ്സ് യാത്ര നടത്താനാകുന്നുള്ളു.

റോഡ് ഗതാഗതം – പ്രശ്നങ്ങൾ

പഞ്ചായത്തിലെ റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലവും വർഷകാലത്ത് വെള്ളം കുത്തിയൊലിച്ചു പോകുന്നതുകൊണ്ടും മിക്ക റോഡുകളും ശോചനീയമായ അവസ്ഥയിലാണ്. കൂടാതെ ചുടുകട്ട വ്യവസായം അധീകരിച്ചിട്ടുള്ള പഞ്ചായത്തു പ്രദേശത്ത് ലോറിയിൽ ചെളി അടിക്കുന്നതുമൂലവും ഉല്പാദിപ്പിക്കപ്പെടുന്ന ചുടുകട്ട ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതുമൂലവും റോഡുകൾക്ക് അമിത ഭാരം താങ്ങേണ്ടി വരുന്നു. ഇത് റോഡുകൾ എളുപ്പം നശിക്കാൻ ഇടയാകുന്നു. തങ്കശ്ശേരി ബ്രേക്കു വാട്ടർ പദ്ധതിക്കുവണ്ടി ടൺ കണക്കിന് ഭാരമുള്ള പാറകയറ്റിയ ലോറി നിരവധി തവണ ഓടുന്നതുമൂലം പഞ്ചായത്തു വക ആദിച്ചനല്ലൂർ ജംഗ്ഷൻ–വെളിച്ചിക്കാല റോഡ് തകർന്നുകിടക്കുകയാണ്. വർഷകാലത്ത് ടാർ റോഡിലെ വശങ്ങളിലെ മണ്ണൊലിച്ചുപോകുന്നതുമൂലം ടാർ പ്രതലവും തറനിരപ്പും തമ്മിലുള്ള അകലം വർദ്ധിക്കുകയും ഇത് ടാർ പ്രതലം നശിക്കാനും, വാഹനാപകടങ്ങൾ ഉണ്ടാകാനും കാരണമായിത്തീരുകയും ചെയ്യുന്നു.

റോഡു വികസനത്തിന് തടസ്സമായി നിൽക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് ഡിപ്പാർട്ടുമെൻറിലെ സാങ്കേതിക പ്രശ്നങ്ങൾ. 5000രൂപാ വരെ ചെലവു വരുന്ന പണികൾ മാത്രമേ പഞ്ചായത്തു സെക്രട്ടറിക്ക് എസ്റ്റിമേറ്റെടുത്ത് നടത്താൻ അധികാരമുള്ളു. അതിൽതന്നെ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള ജോലികളുടെ പരിധി ആയിരം രൂപാ മാത്രമാണ്. ജോലിക്കൂലിയും സാധനവിലകളും വർദ്ധിച്ചിരിക്കുന്ന ഈ സമയത്ത് പ്രസ്തുത ചെലവിൽ ഒതുക്കി അത്യാവശ്യ അറ്റകുറ്റ പണികൾപോലും നടത്താൻ കഴിയില്ല എന്നത് ഒരു വസ്തുതയാണ്. സാങ്കേതിക വിഭാഗം ജീവനക്കാർ ഉള്ള പഞ്ചായത്തുകളിലും ഇതു തന്നെയാണ് സ്ഥിതി. 5000 രൂപായ്ക്കുമേൽ ചെലവുവരുന്ന ജോലികൾ എസ്റ്റിമേറ്റെടുത്ത് നടത്താനുള്ള അധികാരം പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ പഞ്ചായത്ത് ഡിവിഷനാണ്. പ്രസ്തുത ഡിപ്പാർട്ടുമെന്റിനുമേൽ ഗ്രാമപ്പഞ്ചായത്തിന് നിയന്ത്രണം ഇല്ലാത്തതിനാൽ എസ്റ്റിമേറ്റെടുത്ത് പണിനടത്തുന്നതിൽ സാരമായ കാലതാമസം ഉണ്ടാകുന്നു. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ഒരു പണി ടെണ്ടർ ചെയ്താൽ എസ്റ്റിമേറ്റിൽ നിന്നും ഉയർന്ന റേറ്റിലുള്ള ഒരു ടെണ്ടർ അംഗീകരിച്ച് പണി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പോലുമുള്ള അധികാരം പഞ്ചായത്തു കമ്മിറ്റിക്കില്ല. ആയതിനുള്ള അധികാരം ഉദ്യോഗസ്ഥന്മാർ അടങ്ങിയ ടെണ്ടർ കമ്മിറ്റിക്കാനുള്ളത്. ഇത് വളരെ വലിയ അഴിമതിക്കും പഞ്ചായത്തു ഫണ്ടിന്റെ സാരമായ ചോർച്ചക്കും കാരണമാകുന്നു. പണിയുടെ നടത്തിപ്പിന് കാലതാമസവും ഇതുമൂലം ഉണ്ടാകുന്നു. ഇതിനെല്ലാം ശാശ്വത പരിഹാരമായി താഴെപ്പറയുന്ന ശുപാർശകൾ സർക്കാരിന്റെ സത്വര പരിഗണനക്കായി സമർപ്പിക്കുന്നു.

1. കേരളത്തിലെ പഞ്ചായത്തുകൾക്കു മാത്രമായി പൊതുവായൊരു എൻജിനീയറിംഗ് വിംഗ് രൂപീകരിക്കുകയും, പഞ്ചായത്തിലെ എല്ലാ പണികളും ഈ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ മാത്രം നടത്തുകയും ചെയ്യുക.
2. പഞ്ചായത്തു സെക്രട്ടറിക്ക് എസ്റ്റിമേറ്റെടുത്ത് ചെയ്യാവുന്ന ജോലികളുടെ ചെലവ് പരിധി 5000 രൂപയിൽ നിന്നും ഉയർത്തി കാലാനുസൃതമായി 25000രൂപയെങ്കിലും ആക്കുക.

3. എല്ലാ പഞ്ചായത്തുകളിലും സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കുക.
4. ഒരു പണിയുടെ ടെണ്ടർ അംഗീകരിക്കാനുള്ള പരമാധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
5. പണിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പഞ്ചായത്തിലെ വിദഗ്ദ്ധരും പഞ്ചായത്തംഗങ്ങളും അടങ്ങിയ ഒരു'Quality Control Wing" രൂപീകരിക്കുക.

റോഡു വികസനത്തിൽ മേൽ പ്രസ്താവിച്ച സാങ്കേതിക പ്രശ്നങ്ങൾക്ക് പുറമേ, ഗ്രാമസഭകളിൽ ഉയർന്നു വന്നതും, പഞ്ചായത്ത് മെമ്പർമാരുടേയും മറ്റുപ്രമുഖ വ്യക്തികളുടേയും കൂട്ടായ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ് വന്നതുമായ റോഡു ഗതാഗത പ്രശ്നങ്ങൾ താഴെപ്പറയുന്ന വിധം ക്രോഡീകരിക്കാം.

1. അമിത ഭാരം കയറ്റിയ ലോറികൾ സ്ഥിരമായ ഓടുന്നതുമൂലം ആധുനിക സാങ്കേതിക വിദ്യകൾ പാലിക്കാതെ നിർമ്മിക്കുന്ന റോഡുകൾ അതിവേഗം പൊട്ടിപ്പൊളിയുന്നു.
2. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലുള്ള ഗ്രാമീണ റോഡുകളുടെ വശങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യേറുന്നതു മൂലം റോഡിന്റെ വീതി കുറയുന്നു.
3. വീടിനു മുന്നിലൂടെ ഓടവെട്ടാൻ പൊതുജനങ്ങൾ അനുവദിക്കാത്തതു മൂലം മഹാഭൂരിപക്ഷം റോഡുകൾക്കും ഓടയില്ല. ഇതുമൂലം വർഷകാലത്ത് റോഡിലൂടെ വെള്ളം കുത്തി ഒലിച്ച് കാൽ നടയാത്രയ്ക്കുപോലും പറ്റാത്ത വിധം റോഡ് നശിക്കുന്നു.
4. പഞ്ചായത്ത് ഫണ്ടിന്റെ അപര്യാപ്തത മൂലം കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നില്ല.
5. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ നിന്ന് മൂന്ന് കിലോമീറ്ററോളം നടന്ന് സഞ്ചരിച്ചാൽ മാത്രമേ ബസ് യാത്രാസൗകര്യമുള്ളു.
6. അപകടകരമായ വളവുകളും, കുത്തിറക്കവും, കയറ്റവും റോഡപകടങ്ങൾ ഉണ്ടാക്കുന്നു.
7. നിലവിലുള്ള ടാർ റോഡുകളുടെ വശങ്ങളിലെ മണ്ണൊലിച്ചു പോയതുമൂലം ടാർ പ്രതലത്തേക്കാൾ തറനിരപ്പ് താഴ്ന്നുകിടക്കുന്നു. ഇതുമൂലം വാഹനാപകടങ്ങൾ ഉണ്ടാകുന്നു.
8. പഞ്ചായത്ത് വഴികൾ വീതി കൂടുമ്പോൾ നിലവിലുള്ള ഇലക്ട്രിക്ക് പോസ്റ്റുകളും മറ്റും റോഡിന്റെ വശങ്ങളിലേക്ക് മാറ്റി ഇടാത്തതുമൂലം വാഹനഗതാഗതം സാദ്ധ്യമാകുന്നില്ല
9. മതത്തിന്റേയും രാഷ്ട്രീയത്തിന്റേയും പേരിൽ കാണിക്കവഞ്ചി, പ്രതിമകൾ തുടങ്ങിയവ റോഡ്സൈഡിൽ സ്ഥാപിക്കുന്നതു മൂലം അപകട സാധ്യത കൂടുന്നു.
10. ഡ്രൈവർമാരുടെ ദൂരക്കാഴ്ച മറയ്ക്കും വിധം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതു മൂലം അപകട സാധ്യത കൂടുന്നു.
11. റോഡ് സൈഡിൽ മലിനജലം ഒഴുക്കി വിടുന്നതുമൂലവും, മാലിന്യങ്ങൾ കുന്നുകൂട്ടി ഇടുന്നതു മൂലവും റോഡും പരിസരവും അനാരോഗ്യകരമാകുന്നു.
12. അശാസ്ത്രീയമായി ബസ്റ്റോപ്പുകൾ തീരുമാനിച്ചിരിക്കുന്നതുമൂലം അപകടം വർദ്ധിക്കുന്നു.

റോഡു ഗതാഗതം - സാദ്ധ്യതകൾ

1. വാഹന ഗതാഗതം കൂടുതലാകാൻ സാധ്യത ഉള്ളതും അധിക ഭാരമുള്ള വാഹനങ്ങൾ സഞ്ചരിക്കുന്നതുമായ റോഡുകൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ശാസ്ത്രീയമായി ടാർ ചെയ്യുക. ഇതിനുവേണ്ടിവരുന്ന അധികച്ചെലവ് വഹിക്കുന്നതിന് പഞ്ചായത്തിനു ലഭിക്കുന്ന VTC ഗ്രാന്റ് വിഹിതം സർക്കാരിൽനിന്നും കൂടുതലായി ആവശ്യപ്പെടുക.
2. പഞ്ചായത്തീരാജ് 220 B പ്രകാരമുള്ള നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളും പഞ്ചായത്തൊട്ടാകെ ശക്തമായി നടപ്പാക്കുക.
3. പൊതുജനസഹകരണത്തോടെ അവരവരുടെ വീടിനു മുമ്പിലെങ്കിലും ഓട കെട്ടി സ്ലാബിടുകയും, അതിനുകഴിയാത്ത സാഹചര്യത്തിൽ പഞ്ചായത്തു ഫണ്ട് ചെലവഴിച്ച് ഓട കെട്ടുകയും ചെയ്യുക. ചവറ പ്രിമോ പൈപ്പ് ഫാക്ടറിയിലെ മൂന്നാം തരമോ, നാലാം തരമോ ആയ സിമന്റ് പൈപ്പുകൾ വളരെ കുറഞ്ഞ വിലക്ക് ലഭ്യമാക്കി വീടിനുമുന്നിൽ ഓടക്കു പകരം ഉപയോഗിക്കാവുന്നതാണ്. ഇത് പഞ്ചായത്ത് ഗൗരവപൂർവ്വം ആലോചിക്കണം. പഞ്ചായത്തിലെ പരമാവധി

റോഡുകൾക്ക് ഓട നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം.

4. ജനകീയാസൂത്രണത്തിന്റെ കാതലായ ജനശക്തി ഉപയോഗിച്ച് ശ്രമദാനത്തിലൂടെ റോഡുകൾക്ക് അറ്റകുറ്റപ്പണി നടത്തുന്ന ഒരു ബൃഹദ് സംരംഭം പഞ്ചായത്തു തലത്തിൽ ആരംഭിക്കണം. യുവ ജന സംഘടനകളുടെ സേവനം ഇതിനുവണ്ടി കാര്യക്ഷമമായി ഉപയോഗിക്കാം.

5. പഞ്ചായത്തിന്റെ നിലവിലുള്ള വാഹന ഗതാഗ തയോഗ്യമായ റോഡുകളിലൂടെ ബസ്സ് ഗതാ ഗതം ആരംഭിക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

6. അപകടകരങ്ങളായ വളവുകളിലും, കുത്തിറക്ക ങ്ങളിലും അനുയോജ്യമായ റോഡടയാളങ്ങൾ പ്രദർശിപ്പിക്കണം. ഉദാഹരണമായി ഇത്തിക്കര ആയൂർ റോഡിൽ പഞ്ചായത്താഫീസിനു സമീപ മുള്ള വളവിൽ അനവധി തവണ വാഹനാപകട ങ്ങൾ ഉണ്ടായി വിലപ്പെട്ട മനുഷ്യ ജീവിതങ്ങൾ പൊലിഞ്ഞിട്ടുണ്ട്. ഇവിടെ വളവ് സൂചിപ്പിക്കുന്ന റോഡടയാളവും, "Accident Prone Area" എന്ന ബോർഡും പ്രദർശിപ്പിക്കേണ്ടതാണ്.

7. ടാർ റോഡുകളുടെ വശങ്ങൾ കാലാകാലങ്ങളിൽ മണ്ണിട്ടുയർത്തി അറ്റകുറ്റപ്പണികൾ നടത്തേണ്ട താണ്.

8. നിലവിലുള്ള വഴികൾക്ക് വീതി കൂട്ടുമ്പോൾ ഇല ക്ട്രിസിറ്റി ബോർഡിന്റെ ചെലവിൽ തന്നെ പോസ്റ്റുകൾ മാറിയിടുന്നതിനുള്ള ഉത്തരവ് സർക്കാരിൽ നിന്നും ലഭ്യമാക്കുവാൻ ശക്തമായ സമ്മർദ്ദം ചെലുത്തണം.

9. ജാതിമത രാഷ്ട്രീയ ചിന്തകൾക്കതീതമായി റോഡിൻമേലുള്ള ഏത് കയ്യേറ്റത്തേയും നിയമ ത്തിന്റെ സഹായത്തോടെ ശക്തമായി ഒഴിപ്പിക്കേ ണ്ടതാണ്.

10. അശാസ്ത്രീയമായ രീതിയിലുള്ള പരസ്യ പല കകളുടെ പ്രളയം നിയന്ത്രിക്കാൻ നിലവിലുള്ള നിയമം ശക്തമായി നടപ്പാക്കണം.

11. പ്രധാനപ്പെട്ട ജംഗ്ഷനുകളിലേയും മാർക്കറ്റുക ളിലേയും ചപ്പു ചവറുകൾ ദിനംപ്രതി മാറ്റുന്ന തിന് ശക്തമായ ശുചീകരണ സംവിധാനം പഞ്ചാ യത്തിൽ നടപ്പാക്കണം. റോഡിലേക്ക് മാലിന്യ ങ്ങളും, മലിന ജലവും നിക്ഷേപിക്കുന്നവർക്കെ തിരെ പഞ്ചായത്തു തലത്തിൽ ശക്തമായ നടപ ടികൾ സ്വീകരിക്കണം.

12. ബസ്സ് സ്റ്റോപ്പുകൾ പൊതുജന സൗകര്യാർത്ഥം ശാസ്ത്രീയമായി പുനഃർനിർണ്ണയിക്കണം. ഉദാ ഹരണമായി ഇത്തിക്കര ജംഗ്ഷനിലെ ബസ്സ് സ്റ്റോപ്പ് പാലത്തിന് കിഴക്കുവശം ആയതിനാൽ ഓയൂർ റൂട്ടിൽ യാത്ര ചെയ്യേണ്ട യാത്രക്കാർ വേഗ ത്തിൽ അശ്രദ്ധമായി റോഡു ക്രോസ്സു ചെയ്ത് ഓടിവരുന്നതുമൂലം ഒട്ടേറെ അപകടമരണങ്ങൾ സംഭവിച്ചിട്ടുണ്ട്. ബസ്സ് സ്റ്റോപ്പ് പാലത്തിന് പടി ഞ്ഞാറുഭാഗത്താക്കിയാൽ പൊതുജനങ്ങൾക്ക് വളരെ സൗകര്യപ്രദമാകും. ഇതിന് ബന്ധപ്പെട്ട വരിൽ സമ്മർദ്ദം ചെലുത്തണം.

വിവിധതരം റോഡുകൾ

പഞ്ചായത്തീരാജ് ആക്ട് പ്രകാരം കൂടുതൽ അധികാരങ്ങൾ പഞ്ചായത്തിന് ലഭിച്ചതിന്റെ അടിസ്ഥാ നത്തിൽ പഞ്ചായത്ത് ആസ്തികളെ സംബന്ധിച്ച് കൃത്യമായ കണക്ക് സൂക്ഷിക്കുക എന്ന ഉദ്ദേശ്യ ത്തോടെ പഞ്ചായത്തിലെ 12 മണ്ഡലങ്ങളിലേയും എല്ലാ റോഡുകളുടേയും നീളവും വീതിയും കൃത്യ മായി അളന്ന് ഒരു ആധികാരികമായ റോഡ് രജിസ്റ്റർ പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഇതു മൂലം നിലവിലുള്ള പഞ്ചായത്തുവക റോഡുകളുടെ വ്യക്തമായ ഒരു ചിത്രം ലഭിക്കുന്നുണ്ട്. റോഡുവിക സനത്തിന് ഇത് ഒരു ആധികാരിക രേഖയായി സ്വീക രിക്കാം.

റോഡ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിലെ പഞ്ചാ യത്തുവക റോഡുകളെ മൂന്നായി തരം തിരിച്ചിരി ക്കുന്നു.

ടാർ റോഡുകൾ

30-11-1996 -ലെ കണക്ക് പ്രകാരം പഞ്ചായത്തു വകയായി ആകെ 16.800 കി.മീ. നീളത്തിൽ 24 ടാർ റോഡുകളുണ്ട്. ആദ്യ ടാറിംഗിന് ശേഷം ഒരു റോഡിലും അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല. ടാർ ഇളകി തുടങ്ങിയ റോഡുകൾക്ക് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ് പഞ്ചായത്തിലെ P.W.D. വകയും, പഞ്ചായത്തു വകയും ആയ റോഡു കളുടെ വിവരം പട്ടിക I, പട്ടിക II എന്നിവയിൽ കാണി

പട്ടിക 1
പഞ്ചായത്തതിർത്തിയിലെ ടാറിട്ട
P.W.D.വക റോഡുകൾ

ക്രമ നമ്പർ	റോഡിന്റ പേര്	നീളം	വീതി	ബസ്സ്യാത്രാ സൗകര്യം
1.	ഇത്തിക്കര-കൊട്ടിയം ദേശീയപാത	3.000	30	ഉണ്ട്
2.	ഇത്തിക്കര-കട്ടച്ചൽ	6.000	15	,,
3.	കട്ടച്ചൽ-തോണിക്കടവ്	1.600	10	,,
4.	കുമ്മല്ലൂർ-ശാസ്താംകോവിൽ	1.3000	8	ഇല്ല
5.	കൈതക്കുഴി-N.M.E.M.H.S.	1.000	8	ഇല്ല
6.	നെടുഞ്ചിറ-കൊട്ടുവിളപ്പള്ളി-ആൽത്തറ	1.5000	8	ഇല്ല
7.	മൈലക്കാട്-കുരുശടിമുക്ക്	2.5000	8	ഉണ്ട്
8.	കൊട്ടിയം-ഒറ്റപ്ലാമൂട്	2.000	15	ഇല്ല
	ആകെ	18.9000		

ച്ചിട്ടുണ്ട് പഞ്ചായത്തിലെ ആകെയുള്ള് 77.465 കി.മീ. പഞ്ചായത്തു വക റോഡിൽ കേവലം 16.800 കി.മീറ്റർ മാത്രമേ ടാർ ചെയ്തതായുള്ളുവെറും 21.70% മാത്രം. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്.

ഗ്രാവൽ റോഡുകൾ

പഞ്ചായത്തിലെ ഉൾപ്രദേശങ്ങളെ പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളിൽ പ്രഥമസ്ഥാനം ഈ റോഡുകൾക്കാണ്. ആകെ 49.715 കി.മീറ്റർ നീളത്തിൽ 150 ഗ്രാവൽ റോഡുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. പഞ്ചായത്തിൽ നിന്നും P.W.D. ക്ക് 1.635 കി.മീറ്റർ ഗ്രാവൽ റോഡ് കൈമാറിയിട്ടുണ്ട്. വിവിധ മണ്ഡലങ്ങളിൽ വളരെ പ്രധാനപ്പെട്ട 52 ഗ്രാവൽ റോഡുകൾ (മൊത്തം നീളം 26.250 കി.മീ) ടാർ ചെയ്യുന്നതിനുള്ള നിർദ്ദേശം ഗ്രാമ സഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ വിവരം പട്ടിക 3ൽ പ്രത്യേകമായി ചേർക്കുന്നു.

മൺറോഡുകൾ

ശ്രമദാനത്തിലൂടെ പൊതുജനങ്ങൾ വെട്ടിയിട്ടുള്ളതും, വീതി കുറഞ്ഞതും, ഗതാഗത സൗകര്യം പരിമിതവുമായ വെട്ടുറോഡുകളാണ് മണ്ണുറോഡുകളുടെ ഗണത്തിൽ പെടുത്തിയിരിക്കുന്നത്. ഗ്രാമീണ റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിൽ ഈ റോഡുകൾ പ്രമുഖ സ്ഥാനം വഹിക്കുന്നു. റോഡു രജിസ്റ്റർപ്രകാരം ആകെ 10.950 കി.മീറ്റർ നീളത്തിൽ 52 മൺറോഡുകൾ പഞ്ചായത്തു വകയായി ഉണ്ട്. മണ്ണുറോഡുകൾ മഹാഭൂരിപക്ഷവും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടക്കാത്തതുമൂലവും, ഓടയില്ലാത്തതുമൂലവും കുണ്ടും കുഴിയുമായി കാൽനടയാത്രപോലും ദുഷ്കരമായ രീതിയിൽ കിടക്കുകയാണ്. മണ്ണ് റോഡുകളുടെ പുനഃരുദ്ധാരണത്തിന് ബഹുജന സഹകരണത്തോടെ ഒരു കർമ്മസേനതന്നെ രൂപീകരിക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾ നടത്തേണ്ട മണ്ണുറോഡുകളുടെ വിവരം പട്ടിക 4ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ റോഡുകളുടെ നിർമ്മാണം

പഞ്ചായത്തിലെ 1 മുതൽ 12 വരെ മണ്ഡലങ്ങളിലെ വിശേഷാൽ ഗ്രാമസഭകളിൽ പുതിയ റോഡിനുവേണ്ടി ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ ക്രോഡീകരിച്ച് താഴെ പട്ടിക - 5ൽ ചേർക്കുന്നു. ആകെ 11.690 കി.മീറ്റർ റോഡ് പുതുതായി നിർമ്മിക്കേണ്ടതുണ്ട്.

പട്ടിക 2
പഞ്ചായത്തുവക ടാർ റോഡുകൾ

ക്രമ നമ്പർ	റോഡിന്റ പേർ	നീളം മീ.	വീതി മീ.	ബസ്സ്യാത്രാ സൗകര്യം
1.	കുമ്മല്ലൂർ ജംഗ്ഷൻ-തോണിക്കടവ്	720	6.0	ഇല്ല
2.	ചെന്തിട്ട ഭഗവതിക്ഷേത്രം - വെളിച്ചിക്കാല ട്രാൻസ്ഫോർമർമുക്ക്	560	5.0	ഇല്ല
3.	വടക്കുംകര മുക്ക്-വെളിച്ചിക്കാലപട്ടരുമുക്ക്	715	5.50	ഇല്ല
4.	ASCA ജംഗ്ഷൻ-കോണത്തു വയൽ	1090	6.00	ഇല്ല
5.	ടി.റോഡിൽ P.H. സബ്സെന്റർ മുതൽ പാങ്ങോട്ട് ഏലായിൽ18-ാം പടിവരെ	305	5.00	ഇല്ല
6.	ആദിച്ചനല്ലൂർ ജംഗ്ഷൻ-ദേവീക്ഷേത്രം	540	6.0	ഇല്ല
7.	ചെന്തിട്ട ഭഗവതിക്ഷേത്രം-കുണ്ടുമൺ ട്രാൻസ്ഫോർമർ മുക്ക്	510	5.0	ഇല്ല
8.	പഞ്ചായത്താഫീസ് ജംഗ്ഷൻ-ഇണ്ടിളയപ്പൻ ക്ഷേത്രം	960	5.0	ഇല്ല
9.	കോയിപ്പുറം ജംഗ്ഷൻ-പ്ലാക്കാട് ജംഗ്ഷൻ	295	6.00	ഇല്ല
10.	പാലഴികത്ത് മുക്ക് - S.R. ഇൻഡസ്ട്രി	295	6.0	ഇല്ല
11.	ആദിച്ചനല്ലൂർ ഫാർമേഴ്സ് ബാങ്ക് ജംഗ്ഷൻ-ഞവരൂർകടവ്	510	7.0	ഇല്ല
12.	ഇത്തിക്കര കൊച്ചുപാലം-പബ്ലിക് ഹെൽത്ത് സെന്റർ	295	6.0	ഇല്ല
13.	മൈലക്കാട് ജംഗ്ഷൻ-കാഞ്ഞിരംകടവ്	1110	6.0	ഇല്ല
14.	മുള്ളേത്തുമുക്ക്-വാവരുമൂല	800	5.0	ഇല്ല
15.	കാവുവിള മുക്ക്-അമ്പലത്തറ	480	4.0	ഇല്ല
16.	മൈലക്കാട് ജംഗ്ഷൻ-ആലുംമൂട്	675	6.0	ഇല്ല
17.	കൈരളി വായനശാല-തെങ്ങുവിള	185	6.0	ഇല്ല
18.	R.R.V. ജംഗ്ഷൻ-മൂന്നാം വടക്കതിൽ പടിഞ്ഞാറേ ജംഗ്ഷൻ	850	6.0	ഇല്ല
19.	S.N.D.P. ശാഖാ മന്ദിരം-പാർവ്വതി ഹോളോ ബ്രിക്സ്	445	8.0	ഇല്ല
20.	കൊട്ടിയം കിഴക്കേ ജംഗ്ഷൻ-തെങ്ങുവിള	1505	6.0	ഇല്ല
21.	കൊട്ടിയം പോലീസ് സ്റ്റേഷൻ മുതൽ വെണ്മണിച്ചിറ വഴി തഴുത്തല മുസ്ലീംയു.പി.എസ് വരെ	390	4.5	ഇല്ല
22.	കൊട്ടിയം പബ്ലിക് ലൈബ്രറി മുതൽ ശ്മശാനം വരെ	630	4.0	ഇല്ല
23.	കൊട്ടിയം ടൂറിസ്റ്റ് ഹോം-കാക്കരത്തോട്	1945	60	ഇല്ല
24.	B.M.I.T.C. - ചൂരപ്പൊയ്ക	960	5.9	ഇല്ല
	ആകെ	16800		

പട്ടിക 3

പുതുതായി ടാർ ചെയ്യേണ്ട ഗ്രാവൽ റോഡുകൾ

ക്രമ നമ്പർ	മണ്ഡലം	റോഡിന്റ പേര്	നീളം മീ.	വീതി മീ.
1.	I	മാറാൻ കുഴി ജംഗ്ഷൻ-ലക്ഷംവീട് കോളനി	780	5.0
2.		എസ്റ്റേറ്റു ജംഗ്ഷൻ വാട്ടർ ടാങ്ക് വഴി ലക്ഷംവീട് കോളനി	570	5.0
3.		ചാത്തന്നൂർ കട്ടച്ചൽ റോഡിൽ നിന്നും കിഴക്കോട്ട് ചെറുപാലക്കോട് വഴി ലക്ഷംവീട് വരെ	730	5.0
4.		പനമുക്കുമുതൽ തെക്കോട്ട് ജോർജ്ജ് മെമ്മോറിയൽ ആശുപത്രിവഴി P.K.D.Jn.വരെ	590	4.50
5.	II	ആലുവിളമുക്ക്-ആൽത്തറ മുക്ക് (ഈറോഡ് P.W.D.ക്ക് വിട്ടുകൊടുത്തു)	775	6.50
6.		അലക്കുകാര ജംഗ്ഷൻ-മാർത്തോമാപള്ളി	450	4.50
7.		മാർത്തോമാ പള്ളിക്ക് കിഴക്ക് ഭാഗം മുതൽ വടക്കോട്ട് ഉഗ്രൻകുന്ന് വരെ	420	4.50
8.		ശാസ്താം പൊയ്ക മുതൽ പടിഞ്ഞാറോട്ട് T.B. റോഡിൽ മേപ്പാലം വരെ	570	4.50
9.	III	തകരമുക്ക്-കൊട്ടുവിള റേഡിയോ കിയോസ്ക് (ഈറോഡ് P.W.D.ക്ക് വിട്ടുകൊടുത്തു)	860	6.50
10.		ആദിച്ചനല്ലൂർ ചിറയുടെ കിഴക്കുഭാഗം മുതൽ വിളപ്പുറം ലക്ഷംവീട് കോളനി വഴി പൂയപ്പള്ളി റോഡുവരെ	1505	5.0
11.		കൈതക്കുഴി ജംഗ്ഷൻമുതൽ ഏലാ വഴി കൊട്ടുവിള ചെറിയ കലുങ്ക് വരെ	520	5.0
12.		കുന്നുവിള ജംഗ്ഷൻ-കൊട്ടുവിള P.W.D. റോഡ്	330	3.0
13.		വെളിച്ചിക്കാല കലുങ്ക് മുതൽ ഏലാ വഴി കൊട്ടുവിള റേഡിയോ കിയോസ്ക് വരെ	920	5.0
14.		കൊട്ടുവിള ചെറിയ കലുങ്ക് മുതൽ വടക്കോട്ട് വെളിച്ചക്കാല പോസ്റ്റ് ഓഫീസുവരെ	530	3.50
15.	IV	അശ്വതി ജംഗ്ഷൻ-ആദിച്ചനല്ലൂർ ചിറ	240	6.0
16.		കുഴിയത്ത് ജംഗ്ഷൻ-ചുണ്ണാമ്പുകുന്ന്	370	4.50
17.		കണ്ണങ്കരയഴികം പെരുമാൾകുന്ന് ക്ഷേത്രം വഴി ഏല	330	3.50
18.	V	പ്ലാക്കാട് ജംഗ്ഷൻ-തുരുത്തുകായൽ	530	7.0
19.		തെക്കേ ഉരണ്ടക്കൽ ജംഗ്ഷൻ മുതൽ ഇണ്ടിളയപ്പൻ ക്ഷേത്രത്തിന് പടിഞ്ഞാറു വശം വരെ	450	4.50
20.		പ്ലാക്കാട് ലൈബ്രറി ജംഗ്ഷൻ-പാലവിള	840	4.0
21.	VI	കൊടിക്കകത്തുമുക്കുമുതൽ തെക്കോട്ട് N.H. -ൽ മാമ്പഴത്തുമുക്കുവരെ	185	3.50
22.		അമ്പലത്തറ-കാഞ്ഞിരംകടവ് കിഴക്ക് ഭാഗം	335	4.0
23.		N.H. 47-ൽ മാമ്പഴത്ത് ജംഗ്ഷൻ മുതൽ തെക്കോട്ട് സുസ്മി തീയേറ്റർ വരെ	350	5.0
24.		P.H. സെന്റർ-മാർക്കറ്റ് ജംഗ്ഷൻ	520	4.0
25.		മാടൻനട മുതൽ N.H.വരെ	260	40

പട്ടിക 3

പുതുതായി ടാർ ചെയ്യേണ്ട ഗ്രാവൽ റോഡുകൾ

ക്രമ നമ്പർ	മണ്ഡലം	റോഡിന്റ പേര്	നീളം മീ.	വീതി മീ.
26.	VII	ആലുമ്മൂട്-ആലുംകടവ്	250	4.50
27.		കാറ്റാടി ജംഗ്ഷൻ-പാലേക്കുന്ന്	510	4.50
28.		പാലേക്കുന്ന്-പള്ളിക്കടവ്	500	5.0
29.		ശിവന്നട-നെല്ലിക്കാവിള	450	5.0
30.		പാലേക്കുന്ന്-മുള്ളുവിള	450	4.00
31.		സെന്റ് ജോർജ്ജ് പള്ളി മുതൽ വടക്കോട്ട് ഉദയാ കമ്പനി വരെ	290	3.50
32.		ആലുമ്മൂട്-ചവറമുക്ക്	305	4.50
33.		കൈരളി വായനശാല-തെങ്ങുവിള	640	6.0
34.	VIII	തെങ്ങുവിള-പാർവ്വതി ഹോളോ ബ്രിക്സ്	1080	6.0
35.		മൂന്നാം വടക്കതിൽ മുക്ക്-കാറ്റാടി ജംഗ്ഷൻ	640	5.0
36.		നെല്ലിക്കാവിള മുക്ക്-തഴുത്തല കോളനി	425	4.50
37.		C. കേശവൻ ആശുപത്രി മുതൽ കിഴക്കോട്ട് ശാഖാ മന്ദിരം റോഡുവരെ	335	3.50
38.		കുറ്റിക്കാട്ടു വിള-തഴുത്തല ഏല	500	5.0
39.	IX	വഞ്ചിമുക്ക്-മുരുക്കാൻ കാവ് ക്ഷേത്രം	435	5.0
40.		പുലിപ്പുറ ജംഗ്ഷൻ-കൃഷ്ണകുമാർ സാമിൽ	450	5.0
41.		വെൺമണിച്ചിറ തെക്കേ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് പാർത്ഥസാരഥി ജംഗ്ഷൻ	425	4.0
42.	X	കാരുവിള മുക്ക്-വടക്കേ കുഴിവിള മുക്ക്	385	6.0
43.		ആലുവിള മുക്ക് വടകോട്ട് ഏലാ	400	5.50
44.		മുസ്ലീം പള്ളി-മൂടാൻകുഴി	340	4.50
45.		മൂടാൻകുഴി-കൊട്ടിയം പബ്ലിക് ലൈബ്രറി ജംഗ്ഷൻ	420	4.20
46.		ശിവൻ നട-പുന്നലത്ത് മുക്ക്	435	6.0
47.	XI	ഞാണ്ടക്കുഴി ക്ഷേത്രം മുതൽ N.H. വരെ	440	4.0
48.		കാടിയാദിത്തറ-കാക്കരത്തോട്	360	4.0
49.		N.H.ൽ തൈക്കാവിന് തെക്കോട്ട് തൗഫീക്ക് മൻസിൽ റോഡ്	175	3.0
50.		ഞാണ്ടക്കുഴി-കാടിയാതിത്തറ	180	3.50
51.		കൊടിയാട്ട് ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ചരുവിൻപുറം ജംഗ്ഷൻ വരെ	205	3.00
52.	XII	കൊട്ടിയം പോസ്റ്റാഫീസ് ജംഗ്ഷൻ മുതൽ ബക്കുൾ കാഷ്യൂ ഫാക്ടറി വരെ	880	6.0
53.		ആനക്കുഴി അംഗൻവാടി ജംഗ്ഷൻ മുതൽ മാനാംകുന്ന് ക്ഷേത്രം വരെ	740	4.50
		ആകെ	26250	

പട്ടിക – 4

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
1	1	കുമ്മല്ലൂർ മുതൽ തോണിക്കടവ് വരെ	720	6.00	✓			✓						
2	1	പനമുക്ക് മുതൽ P.K.D. ജം. വരെ	590	4.50		✓		✓	✓			✓		
3	1	കൈതക്കുഴി ജംഗ്ഷൻ മുതൽ മാടൻ കാവിന് പടിഞ്ഞാറ് വരെ.	255	3.50				✓	✓					
4.	1	കുമ്മല്ലൂർ റീത്ത് പള്ളി മുതൽ ഏലാവരെ	210	3.50						✓				
5.	1	കുമ്മല്ലർ പള്ളിക്ക് തെക്ക് മുതൽ കിഴക്കോട്ട് ഏലാ വരെ.	355	4.00				✓	✓	✓				
6.	1	മാറൻകുഴി മുതൽ വേടർകോളനി വരെ	135	3.50					✓	✓				
7.	1	മാറാൻ കുഴി ജം. മുതൽ ലക്ഷം വീട് കോളനി വരെ.	780	5.00		✓		✓					✓	കോളനിക്ക് സമീപം സൈഡ് കെട്ടി മണ്ണിട്ടുയുർത്തണം
8.	1	മാറാൻകുഴി കിഴക്കേജം. മുതൽ തേങ്ങാത്തോട്ടം വരെ	150	3.50				✓	✓	✓				
9.	1	കട്ടച്ചൽ റോഡിൽ നിന്നും എസ്റ്റേറ്റ് ജം. വരെ	730	5.00		✓		✓						
10.	1	എസ്റ്റേറ്റ് ജം. മുതൽ ഇത്തിക്കര ആയൂർ റോഡ് വരെ.	170	3.00					✓					
11.	1	എസ്റ്റേറ്റ് ജം. മുതൽ ലക്ഷം വീട് വരെ.	5.70	5.00					✓					
12.	1	വാട്ടർ ടാങ്ക് മുതൽ കനാൽ കലുങ്ക് ജം.വരെ	360	3.00					✓					

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
13.	1	കനൽകലുങ്ക് ജം. മുതൽ ചെറുപാലക്കോട് വരെ	95	4.0					✓					
14.	1	നെടുംചിറകലുങ്ക് മുതൽ പള്ളിക്കമണ്ണടി കടവ് വരെ	400	4.50					✓					
15.	1	ജോർജ്ജ് മെമ്മോറിയൽ ആശുപത്രി മുതൽ ഇത്തിക്കരയാറ് വരെ	295	450					✓					
16.	I	G.S.N. ടൈൽസ് മുതൽ ഇത്തിക്കരയാറ് വരെ	120	3.00					✓					
17.	I	മാറാൻകുഴി ജം. മുതൽ ഇത്തിക്കരയാറ് വരെ	200	3.00					✓					
18.	I	സുവിതാ ഭവൻ മുതൽ പടിഞ്ഞാറോട്ട്	105	3.50					✓					
19.	I	മാറാൻ കുഴിക്ക് കിഴക്ക് മേസ്തിരിജം. മുതൽ കുമ്മല്ലൂർ ഏലാ വരെ	145	4.00					✓					
20.	II	അലക്കുകാരൻ ജം. മുതൽ മാർത്തോമ്മാപള്ളി വരെ	450	4.50		✓		✓	✓		✓	✓		
21.	II	മാർത്തോമ്മാ പള്ളിക്ക് കിഴക്ക് ഭാഗം മുതൽ ഉഗ്രൻകുന്ന് വരെ	420	4.50		✓		✓	✓		✓	✓		
22.	II	ശാസ്താംപൊയ്ക മുതൽ T.B. റോഡിൽ മേപ്പാലം വരെ	570	4.50		✓			✓		✓	✓		
23.	II	ശാരോൺ പെന്തക്കോസ് ചർച്ച് മുതൽ കിഴക്കോട്ട് ആയൂർ റോഡ് വരെ	200	4.00					✓			✓		
24.	II	ശാരോൺ പെന്തക്കോസ് ചർച്ച് മുതൽ തെക്കോട്ട് ആയൂർ റോഡ് വരെ	100	4.00					✓			✓	✓	

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
25.	II	കട്ടച്ചൽ സെന്റ് ജോർജ്ജ്പള്ളി മുതൽ KIP അകപ്പഡക്ട് വരെ	420	4.00					✓			✓		
26.	II	ബദരിയ കമ്പനി ജംഗ്ഷൻ മുതൽ KIP നടപ്പാലം വരെ	420	4.50					✓					
27.	II	ചരുവിളമുക്ക് മുതൽ മീയണ്ണൂർ റോഡിൽ പൊയ്കവിള വരെ	310	3.00				✓	✓			✓		
28.	II	പൊയ്കവിള മുക്ക് മുതൽ കട്ടച്ചൽ ഏലാ വരെ	170	3.00				✓	✓			✓	✓	
29.	II	വിളയിൽ മുക്ക് മുതൽ ചാരുപൊയ്ക മുക്ക് വരെ	70	3.00				✓	✓			✓	✓	
30.	II	ആലുവിള പള്ളി മുതൽ ആലുവിള തെക്കതിൽ വരെ	270	4.50				✓				✓	✓	
31.	II	ആലുവിളപള്ളിയ്ക്ക് കിഴക്ക് മുതൽ പറങ്കിമാംവിളവരെ	120	3.00				✓	✓			✓	✓	
32.	II	കട്ടച്ചൽ കലുങ്ക്മുതൽ ചെറുകുളത്തുവരെ	910	4.50				✓				✓	✓	
33.	II	കൊട്ടുവിള ചെറിയകലുങ്ക്മുതൽ പൂയപ്പള്ളി റോഡിൽ പി.ഒ. ജംഗ്ഷൻ വരെ	515	3.00				✓	✓			✓	✓	
34.	II	ടി.ബി റോഡിൽ മേപ്പാലംമുതൽ പാറപ്പുറം ഹരിജൻകോളനിവരെ	300	3.50				✓				✓	✓	
35.	III	ചെന്തിട്ടഭഗവതി ക്ഷേത്രംമുതൽ വെളിച്ചിക്കാല ട്രാൻസ്ഫോമർ ജംഗ്ഷൻ വരെ	560	5.00	✓			✓				✓		

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
56.	III	പനമുക്ക് മുതൽ വടക്കോട്ട് കൈതക്കുഴി ഏലാവരെ	250	4.00										
57.	IV	അസ്കാ ജം: - കോണത്തു റോഡിൽ പി.എച്ച് സബ്സെന്റർ മുതൽ 18-ാം പടിവരെ	305	5.00	✓									
58.	IV	ആദിച്ചനല്ലൂർ ജം: - ദേവീക്ഷേത്രം	540	6.00	✓			✓				✓		
59.	IV	ആദിച്ചനല്ലൂർ ദേവീക്ഷേത്രംമുതൽ കുണ്ടുമൺ ട്രാൻസ്ഫോർമർമുക്കുവരെ	510	5.00										
60.	IV	ആദിച്ചനല്ലൂർജംഗ്ഷന് പടിഞ്ഞാറ് എ.കെ.ജി. ജം: മുതൽ ആദിച്ചനല്ലൂർ ഏലാവരെ	145	5.00										
61.	IV	അശ്വതിതിയേറ്റർ മുതൽ ആദിച്ചനല്ലൂർ ചിറവരെ	240	6.00		✓								
62.	IV	തകരമുക്ക് മുതൽ മരങ്ങാട്ടഴികംവരെ	175	4.00										
63.	IV	ആദിച്ചനല്ലൂർ ചീപ്പ് മുതൽ കുണ്ടുമൺ കടമ്പാട്ടു റോഡുവരെ	315	3.00					✓					
64.	IV	കുഴിയത്ത് ജം: - ചുണ്ണാമ്പുകുന്ന് വരെ	370	4.50			✓							
65.	IV	കുണ്ടുമൺ ജം: - കടമ്പാട്ടു ജം:	920	6.00										
66.	IV	കുണ്ടുമൺ കടമ്പാട്ടുറോഡിൽ ഇടത്തറ ജം: മുതൽ പാങ്ങാട്ട്ഏലാവരെ	225	4.00										
67.	IV	കുണ്ടുമൺ കടമ്പാട്ടുറോഡിൽ പഞ്ചായത്തു കിണർ മുതൽ കുണ്ടുമൺ പടി: ജം:	250	3.00					✓					

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
68.	IV	കുഴിവിള ജം: - നെടുഞ്ചിറ ഏല	180	7.00										
69.	IV	കണ്ണങ്കരഴികം ജം: മുതൽ പെരുമാൾകുന്ന് ക്ഷേത്രംവഴി ഏലാവരെ	330	3.50		✓								
70.	IV	ഗവ: യു.പി.എസ്. തെ: പടി: ജം: മുതൽ ആദിച്ചനല്ലൂർ ഏലാവരെ	80	5.00										
71.	IV	നിലമേൽ തോട്ടത്തിൽമുക്കുമുതൽ ഇത്തിക്കരയാറ് വരെ	120	3.00					✓					
72.	IV	ആദിച്ചനല്ലൂർ കുരിശ്ശടി ജം: മുതൽ പള്ളിവഴി ഏലാവരെ	150	4.00										
73.	IV	അശ്വതി തിയേറ്റർ മുതൽ പെരുമാൾകുന്ന് ക്ഷേത്രംവരെ	200	5.00		✓								
74.	IV	ചീക്കാരക്കുഴിമുതൽ തെക്കോട്ട് മൂലവിളവരെ	290	4.50										
75.	V	പഞ്ചായത്താഫീസ് ജം: മുതൽ പ്ലാക്കാട് ജം. വഴഇണ്ടിളയപ്പൻ ക്ഷേത്രംവരെ	960	5.00	✓			✓	✓				✓	ക്ഷേത്രപരിസരത്ത് ഇരുവശവും സൈഡ്വാൾ കെട്ടണം
76.	V	കോയിപ്പുറം ജം: - പ്ലാക്കാട് ജം:	295	6.00	✓									
77.	V	പാലഴികത്തുജം: - എസ്.ആർ. ഇൻഡസ്ട്രി	325	6.00	✓									
78.	V	ഫാർമേഴ്സ് ബാങ്ക് ജം: - ഞവരൂർകടവ്	510	7.00	✓									
79.	V	അസ്കാ ജം: - കോണത്തുവയൽ	1090	6.00	✓									
80.	V	പ്ലാക്കാട് ജം: - തുരുത്ത്കായൽ	530	7.00		✓		✓		✓			✓	സൈഡ്വാൾ കെട്ടണം

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
81.	V	തുരുത്ത്കായൽ റോഡിൽ തെക്കേഉരണ്ടയ്ക്കൽ												
		ജം: മുതൽ ഇണ്ടിളയപ്പൻക്ഷേത്രത്തിന് പടി: വരെ	450	4.50		✓			✓	✓				
82.	V	പ്ലാക്കാട് ജം: ന് തെക്കുവശം - മാങ്ങോട്ട്മുക്ക്	190	4.00						✓				
83.	V	ജെ.വി.സി. മൈതാനം-വടക്കോട്ട്വെള്ളരിക്കാവിള	215	4.50							✓			
84.	V	അണ്ടൂർ ജം: - 12-ാം നമ്പർ അംഗൻവാടി	130	4.50					✓					
85.	V	അണ്ടൂർ ജം: - തെക്കോട്ട് ഇത്തിക്കര-												
		ആയൂർ റോഡുവരെ	235	5.00					✓					
86.	V	വൃന്ദാവനം ജം: - രാജീവ്ഗാന്ധി സഹ:സംഘം	210	3.50					✓					
87.	V	കൊല്ലംപറമ്പിൽ ജം: - വി.എം.ജി. കമ്പനി	180	5.50					✓					
88.	V	വി.എം.ജി. കമ്പനി - മാങ്ങോട്ട്കോളനി	435	4.50					✓				✓	സൈഡ്വാൾ കെട്ടണം
89.	V	ഫാർമേഴ്സ്ബാങ്ക് ജം: - ഞവരൂർ കടവ്	375	7.00										
90.	V	കരാവിള ജം: - ഇത്തിക്കര-ആയൂർറോഡ്	280	3.00					✓					
91.	V	പ്ലാക്കാട് ലൈബ്രറി ജം: - പാലവിള ജം:	840	4.00		✓			✓				✓	സൈഡ്വാൾ കെട്ടണം
92.	V	റീഗൽ ടൈൽസ് ജം: - പ്ലാക്കാട്ഏല	155	3.50										
93.	V	തെക്കേവിള ജം: - പ്ലാക്കാട് കോളനി	195	3.00										
94.	V	പ്ലാക്കാട് കോളനിയിൽ സുനിൽഭവൻമുതൽ												
		ബിജി ഭവൻ വരെ	55	3.00					✓					
95.	V	അപ്പൂപ്പൻതുണ്ട് - കായിക്കരമുക്ക്	300	3.00										
96.	V	ശങ്കരമംഗലം - ജയന്തി കോളനി	105	3.00					✓					

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
97.	V	ജയന്തികോളനിയിൽ തെക്കുഭാഗംമുതൽ വടക്കോട്ടുള്ള റോഡ്	70	3.00					✓					
98.	V	ചെറുശ്ശേരിമുക്ക് - കൊച്ചുപുളിയറമുക്ക്	265	4.50										
99.	V	മാങ്ങോട്ട് കോളനിയിൽ പഞ്ചാ. കിണർ മുതൽ മാവിൻമൂട് വരെ	95	3.00					✓					
100.	V	പഞ്ചാ. ആഫീസ് ജം. - പ്ലാക്കാട് ഏല	70	3.00					✓					
101.	V	തുണ്ടിൽമുക്ക് - വടക്കോട്ടു ചേറുകായൽഏല	120	4.50										
102.	VI	ഇത്തിക്കര കൊച്ചുപാലം - പടിഞ്ഞാറോട്ട് പി.എച്ച്. സെന്റർ	295	6.00	✓			✓	✓		✓		✓	
103.	VI	മൈലക്കാട് ജം. - കൗഞ്ഞിരംകടവ്	1110	6.00	✓			✓				✓		
104.	VI	എൻ.എച്ച്-ൽ മുള്ളേത്തുമുക്ക് - തെക്കോട്ട് വാവർമൂല	800	5.00	✓			✓						
105.	VI	കാവുവിളമുക്ക് - അമ്പലത്തറ കോടിയാട്ട് ബ്രിക്ക്സ് കമ്പനിവരെ	480	4.00	✓			✓	✓			✓	✓	
106.	VI	മൈലക്കാട് - കണ്ണനല്ലൂർ റോഡിൽ കേശവവിലാസം -തഴുത്തല ഏലാ	160	4.00				✓	✓		✓		✓	
107.	VI	മൈലക്കാട്-കണ്ണനല്ലൂർറോഡിൽ കായൽവാരത്ത് ഭവനം- തഴുത്തലഏലാ	120	3.50				✓	✓			✓		

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
108.	VI	കൈരളി വായനശാലയ്ക്ക് സമീപം												
		മഠത്തിലഴികം - തഴുത്തല ഏല	150	4.00				✓	✓			✓		
109.	VI	കൈരളി വായനശാല - തെങ്ങുവിളറോഡിൽ												
		മേലതിൽ ജം.മുതൽ തെക്കോട്ട് തഴുത്തലഏല	210	4.00				✓	✓			✓	✓	
110.	VI	പഞ്ചായത്ത് യു.പി.എസ്. - സുനിതാഭവനം	290	4.00				✓	✓			✓		
111.	VI	പി.എച്ച്.സെന്റർ - മാർക്കറ്റ് ജം.	520	4.00		✓		✓	✓			✓		
112.	VI	മൈലക്കാട് ദേവീക്ഷേത്രത്തിന് വടക്കുപടി.												
		ഭാഗം - തഴുത്തല ഏല	150	4.00				✓	✓			✓		
113.	VI	പഞ്ചാ. യു.പി.എസ്സി.ന് പടി. ഭാഗം N.H. 47	130	6.50				✓				✓		
114.	VI	കൊടിയ്ക്കകത്തു മുക്കുമുതൽ തെക്കോട്ട്												
		എൻ.എച്ച്.ൽ മാമ്പഴേത്ത്മുക്കുവരെ	185	3.50		✓		✓	✓			✓		
115.	VI	മാടൻനട - എൻ.എച്ച്.	260	4.00		✓		✓	✓			✓		
116.	VI	മാമ്പഴേത്ത് ജം.-തെക്കോട്ട്സുസ്മി തിയേറ്റർ	350	5.00		✓		✓	✓			✓		
117.	VI	കളത്തിലഴികം ജം. - കിഴക്കോട്ട്												
		പാറപ്പുറംവഴി എൻ.ച്ച്. വരെ	190	3.00				✓	✓			✓		
118.	VI	മൂത്താമഠം - മൂഴിയിൽച്ചിറ	330	3.50				✓	✓			✓		
119.	VI	അമ്പലത്തറ - കാഞ്ഞിരംകടവ് കിഴക്ക്	335	4.00		✓		✓				✓	✓	
120.	VI	എൻ.എച്ച്-ൽ ഇത്തിക്കര തൈക്കാവ് മുതൽ												
		ടൈൽ ഫാക്ടറി വഴി പാലംവരെ	145	4.00				✓				✓		

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
121.	VI	കൊടിയ്ക്കകത്ത് മുക്ക്മുതൽ ഗവ: എൽ.പി.												
		എസ്-ന് പടി. വഴി ഗോകുലംവരെ	240	3.00					✓				✓	
122.	VI	സുസ്മി തിയേറ്റർ - പക്കിത്തൊടി	270	4.00				✓	✓					
123.	VI	മണലിൽമുക്ക് - മുഴിയൽച്ചിറ	150	3.00					✓				✓	
124.	VI	കല്ലുംമാരത്ത് ക്ഷേത്രം - കടപ്പാത്തൊടി	95	3.00					✓					
125.	VII	മൈലക്കാട് മാർക്കറ്റ് ജം. - ആലുംമൂട്	675	6.00	✓			✓						
126.	VII	കൈരളി വായനശാല - തെങ്ങുവിള												
		(Ch. 0-185)	185	6.00	✓			✓						
127.	VII	ശിവൻനടമുക്ക് - നെല്ലിക്കാവിള	480	5.00		✓		✓	✓			✓		
128.	VII	കാറ്റാടി ജം. - പാലേക്കുന്ന്	510	4.50		✓		✓	✓			✓		
129.	VII	ഉദയാ ജം. - കാറ്റാടിറോഡിൽ മണിമന്ദിരം	230	3.50				✓	✓			✓		
130.	VII	പാലേക്കുന്ന് - പള്ളിക്കടവ്	500	5.00		✓		✓	✓			✓		
131.	VII	പാലേക്കുന്ന്-കണ്ണനല്ലൂർ റോഡിൽ മുള്ളുവിള	450	4.00		✓		✓	✓			✓		
132.	VII	സെന്റ് ജോർജ്ജ് പള്ളി - ഉദയാജം.	290	3.50		✓		✓	✓			✓		
133.	VII	ഉദയാ ജം. - കോട്ടേക്കായൽ	170	4.00				✓	✓			✓		
134.	VII	ആലുംമൂട് - ചവറമുക്ക്	305	4.50		✓		✓	✓			✓		
135.	VII	പനങ്ങോട്ട് ജം. - മൂന്നാം വടക്കതിൽമുക്ക്	270	4.00				✓	✓			✓		
136.	VII	മുതുക്കോടം ജം. - കേശവവിലാസം	155	4.50				✓	✓			✓		
137.	VII	കുരിശ്ശടിമുക്ക - കോടിയാട്ട്മുക്ക്	200	4.50								✓		

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
138.	VII	മുതുക്കോടം ജം. - 4 പങ്ക്ഏലാ	350	4.00				✓				✓		
139.	VII	കൈരളി വായനശാല- തെങ്ങുവിള (Ch 18510 825)	640	6.00		✓						✓		
140.	VII	ആലുമൂട് -ആലുംകടവ്	250	4.50		✓		✓				✓		
141.	"	ആലുംമൂട് - സെന്റ് ജോർജ് പള്ളി	660	5.00				✓				✓		
142.	"	കളിയിലിൽ ജംഗ്ഷൻ -പേഴുവിള-കമ്മട്ടത്തുതൊടി	210	3.00				✓				✓		
143.	VIII	R.R.V. ജംഗ്ഷന് കിഴക്ക്- KIP അക്വഡക്ട്- കിഴക്കേവിള	300	5.00										
144.	"	ഇടത്തുംഗൽ പടിഞ്ഞാറ്റതിൽ-കൈരളിജംഗ്ഷൻ	240	5.00										
145.	"	കൈരളി ജംഗ്ഷന് തെക്കുമുതൽ കിഴക്കോട്ട് ഏലാവരെ	155	4.50										
146	"	സി. കേശവൻ ആശുപത്രി- ശാഖാമന്ദിരം റോഡ്	335	3.50		✓							✓	
147	"	പമ്പ്ഹൗസ് കിഴക്ക്-തറവാട് ക്ലബ്ബ് പടിഞ്ഞാറ്	480	4.00										
148	"	കുറ്റിക്കാട്ടുവിള തെക്കേജംഗ്ഷൻ-റായിവിള	360	4.00										
149	"	ഒലിപ്പുവിള ജംഗ്ഷൻ- അംഗൻവാടി	300	4.00										
150	"	കുറ്റിക്കാട്ടുവിള -തഴുത്തല ഏല	500	5.00		✓							✓	
151	"	കാവുവിളമുക്ക്- കളിയിലിൽ മുക്ക്	150	3.50										
152	"	മൂന്നാംവടക്കതിൽമുക്ക് - കാറ്റാടിജംഗ്ഷൻ	645	5.00		✓								

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
153	"	കാറ്റാടിജംഗ്ഷൻ-പുഞ്ചിരിക്കുളം-നെല്ലിക്കാവിള	525	3.00				✓			✓			
154	"	നെല്ലിക്കാവിള-കോളനി-പഞ്ചായത്തതിർത്തി	425	4.50										
155	"	തെങ്ങുവിള-പാർവ്വതി ഹോളോബ്രിക്സ്	1080	6.00		✓								
156	"	RRV ജംഗ്ഷൻ-മൂന്നാംവടക്കതിൽ പടിഞ്ഞാറ് ജംഗ്ഷൻ	850	6.00	✓									
157	"	SNDP ശാഖാമന്ദിരം-പാർവതി ഹോളോബ്രിക്സ്	445	8.00	✓									
158	"	തഴുത്തലകോളനിവഴി-ഏലാവരെ	150	3.00										
159	"	RRV ജംഗ്ഷന് കിഴക്ക്- മൂലയ്ക്കൽ	145	4.00					✓					
160	"	SNDP ശാഖാമന്ദിരം - പമ്പ്ഹൗസ്	500	5.00							✓			രണ്ടുണ്ഡലങ്ങളെ ബന്ധപ്പെടുത്തി ബണ്ടുനിർമ്മക്കണം
161	"	കാറ്റാടിജംഗ്ഷന് വടക്ക് -അർച്ചന ബാലവാടി	60	3.00									✓	
162	IX	കൊട്ടിയം കിഴക്കേ ജംഗ്ഷൻ- തെങ്ങുവിള	1505	6.00	✓									
163	IX	കൊട്ടിയം പോലീസ് സ്റ്റേഷൻ - വെണ്മണിച്ചിറ-മുസ്ലീം യു.പി.എസ്.	390	4.50	✓									
164	IX	കെ.എസ്.സി.ഡി.സി. ജം. - മുരിക്കിൻകാവിന് കിഴക്ക്	450	3.00										
165	IX	പുലിപ്പുറം ജം. - കൃഷ്ണകുമാർസാമിൽ	450	5.00		✓								
166	IX	കൃഷ്ണകുമാർ സാമിൽ - തഴുത്തല ഏല	270	6.00								✓		
167	IX	വഞ്ചിമുക്ക് - മുരിക്കിൻകാവ് ക്ഷേത്രം	435	5.00		✓								

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
168	IX	ഓയിൽമില്ലിന് വടക്ക് - തഴുത്തല മുസ്ലിംയു.പി.എസ്.	120	3.00										
169	IX	പ്രിന്റ് വെൽ പ്രസ്സ് - തഴുത്തല ഏല	210	5.00						✓				
170	IX	പള്ളക്ക് വടക്കുമുതൽ അലമനിയം ഇൻഡസ്ട്രി വഴി ശ്മശാനം	220	3.00										
171	IX	ആനാട്ടുവാതുക്കൽ - വഞ്ചിമുക്ക് വടക്കുഭാഗം	165	4.5										
172	IX	പ്രതിഭാക്ലബ്ബ് - കൊട്ടുംപുറം പള്ളി	330	3.00										
173	IX	വെണ്മണിച്ചിറ തെക്കേ ജം. - പർത്ഥസാരഥി ജം.	425	4.00		✓			✓					
174	IX	പോലീസ് സ്റ്റേഷനുതെക്ക് മുഴങ്ങോടിമുക്ക്	80	3.00										
175	IX	ബീനവിലാസം - മനോജ്ഭവൻ	85	3.00										
176	IX	പഞ്ചായത്തു കിണർമുതൽ തെക്കോട്ട് വെണ്മണിച്ചിറ റോഡ്	65	3.00										
177	IX	ശ്മശാനത്തിന്റെ തെക്കുമുതൽ കിഴക്കോട്ട് തെങ്ങുവിള റോഡ്	125	3.00										
178	IX	പുലിപ്പുറ ജം. - തഴുത്തലഏല	210	4.00					✓					
179	IX	വഞ്ചിമുക്കിന് കിഴക്ക് - അലൂമിനിയം ഇൻഡസ്ട്രി	85	3.00					✓					
180	IX	അലൂമിനിയം ഇൻഡസ്ട്രിക്ക് പടി.-ശ്മശാനം	65	3.00					✓					

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
181	IX	ശ്മശാനത്തിനുസമീപം പഞ്ചായത്തുകിണർ മുതൽ വടക്കോട്ട്	115	3.50										
182	IX	വെണ്മണിച്ചിറ കിഴക്ക് കലുങ്ക് മുതൽ ചിറയ്ക്ക്ചുറ്റുമുള്ള റോഡ്	290	8.00										
183	IX	വെണ്മണിച്ചിറ പടി. - കലുങ്ക് വെണ്മണിച്ചിറ	60	3.50										
184	IX	വെണ്മണിച്ചിറ ഫൈനിഷാ മൻസിൽ - ചിറ	150	3.00								✓		
185.	IX	മുസ്ലീം യുപിഎസ് ന് കിഴക്ക് ജം. - കിഴക്കോട്ട് ചിറ	90	3.00								✓		
186	IX	സി.ഐ. ജം. - പള്ളിപ്പടഞ്ഞാറ്റതിൽ ജം.	90	3.00										
187	IX	ഹരിജൻ സൊസൈറ്റി - വെണ്മണിച്ചിറ	130	3.00								✓		
188	X	കൊട്ടിയം ലൈബ്രറി - ശ്മശാനം	630	4.00	✓							✓		
189	X	ധന്യാ കാഷ്യൂഫാക്ടറി - എൻ. എച്ച്.	470	6.00										
190	X	ആലുവിള - വടക്കോട്ട് ഏല	400	5.50		✓							✓	
191	X	കാരുവിളമുക്ക് - വടക്കേകുഴിവിള	385	6.00		✓								
192	X	വടക്കോട്ടുമുക്ക് - വാഴപ്പള്ളിത്തൊടി	190	4.50										
193	X	വിളയിൽമുക്ക് - മുഴുവക്കോണം	115	3.00										
194	X	കൊല്ലന്റയ്യം ജം. - പുന്തലത്തുമുക്ക്	700	6.00										
195	X	കനാൽ ജം. - തഴുത്തല ഏല	180	3.00					✓					
196	X	കൊട്ടിയം മുസ്ലീം പള്ളി - മൂടാൻകുഴി	340	4.50		✓								

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
197	X	മൂടാൻകുഴി - കൊട്ടിയം പബ്ലിക്ലൈബ്രറി	420	4.00		✓		✓			✓		✓	
198	X	തുണ്ടുവിള ജം. - സിത്താര ജം.	400	3.00										
199	X	കാഞ്ഞിരംവിളമുക്ക് - തുണ്ടുവിളമുക്ക്	305	3.00										
200	X	കാരുവിളമുക്ക് - തെക്കോട്ട് എൻ.എച്ച്.	75	3.00										
201	X	ശിവൻനടമുക്ക് - തെക്കോട്ട് വയൽവഴി എൻ.എച്ച്. വരെ	435	6.00		✓					✓		✓	
202	XI	കൊട്ടിയംടൂറിസ്റ്റ്ഹോം - കാക്കരത്തോട്	1945	6.00	✓			✓				✓	✓	
203	XI	വൈ.എം.എ. ജം. - വടക്കോട്ട് എൻ.എച്ച്.	420	6.50				✓			✓		✓	
204	XI	ബക്കുൾ കാഷ്യൂഫാക്ടറി - എൻ.എച്ച്.	280	6.00				✓			✓			ആനക്കുഴി കിണർമുതൽ
205	XI	ഞാണ്ടക്കുഴി ഭഗവതിക്ഷേത്രം - എൻ.എച്ച്	440	4.00		✓		✓			✓		✓	വക്കുൾ റോഡുരെ
206	XI	കോടിയാട്ട് ജം. - ചരുവിൻപുറം ജം.	205	3.00		✓		✓						സൈഡ്വാൾ
207	XI	കാടിയാതിത്തറ - കാക്കരത്തോട്	360	4.00		✓					✓		✓	കെട്ടണം
208	XI	ഞാണ്ടക്കുഴിതെക്ക് പടിഞ്ഞാറ്-കാടിയാതിത്തറ	180	3.50										
209	XI	എൻ.എച്ച്-ൽതൈക്കാവ് തെക്ക് തൗഫീക് മൻസിൽ	175	3.00		✓					✓		✓	
211	XII	ബി.എം. ഐ.റ്റി.സി.ക്. തെക്ക് - ചൂരപ്പൊയ്ക	960	5.50	✓			✓			✓			
212	XII	എ.ബി. ബ്രിക്സ് - കാഞ്ഞിരോട്ട്മുക്ക്	540	4.00				✓			✓			
213	XII	കാഞ്ഞിരോട് മുക്ക് - പത്തായക്കുടി	300	3.00				✓						
214	XII	മേടയിൽമുക്ക് - ചൂരപ്പൊയ്ക	655	5.00										

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി	ടാർ		ഓട		വീതി കൂട്ടേണ്ടത്	കലുങ്ക്		അറ്റകുറ്റപ്പണി വേണ്ടത്	സൈഡ് വാൾ വേണ്ടത്	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്		ഉള്ളത്	വേണ്ടത്			
215	XII	ഒറ്റപ്ലാമൂട് - കടവ്	120	7.00				✓						
216	XII	വലിയതെങ്ങുവിള ജം. - മേടയിൽമുക്ക്	255	3.00					✓					
217	XII	വാലുവിള ജം. - ചൂരപ്പൊയ്ക	270	3.50				✓	✓					
218	XII	കിണറ്റിൻമൂട് ജം. -ഒറ്റപ്ലാമൂട് ജം.	150	3.00										
219	XII	എസ്.എൻ.പി.റ്റി. - എ.റ്റി.കെ.എം. ഫാക്ടറി	440	7.50				✓						
220	XII	എസ്.എൻ.ഐറ്റി.സി. - പട്ടാണിക്കടവ്	330	3.70				✓						
221	XII	പോസ്റ്റ് ഓഫീസ് ജം. - ബക്കുൾകാഷ്യൂഫാക്ടറി	880	6.00		✓							✓	
222	XII	മഡോണാ പ്രസ്സ് - കല്ലുവിളമുക്ക്	370	7.00					✓			✓	✓	രണ്ടുവശവും കെട്ടി മണ്ണിട്ട് ഉയർത്തി ടാർചെയ്യണം.
223	XII	ബക്കുൾഫാക്ടറിക്ക കിഴക്ക് - വട്ടക്കായൽ	140	5.00				✓		✓	✓		✓	
224	XII	ആനക്കുഴി അംഗൻവാടി ജം. - മാനാംകുന്ന് ക്ഷേത്രം	740	4.50		✓		✓						

പട്ടിക 5

പഞ്ചായത്തിൽ നിർമ്മിക്കേണ്ട പുതിയ റോഡുകൾ

ക്രമ നമ്പർ	മണ്ഡലം	റോഡിന് നിർദ്ദേശിക്കുന്ന പേര്	നീളം മീ.
1.	I	കുമ്മല്ലൂർ വേടർ കോളനി-പനയറയഴികം	150
2.	II	കട്ടച്ചൽ ബഥേൽപള്ളിമുതൽ കനാൽവഴി കട്ടച്ചൽ ഏലാ തലച്ചിറ വരെ	500
3.	III	കൈതക്കുഴി ഏലായുടെ കിഴക്കുനിന്നും വയൽവഴി പടിഞ്ഞാറുഭാഗം വരെ	750
4.	III	കൈതക്കുഴി പനമുക്ക്-ഏലാ റോഡുമുതൽ വയൽവഴി കൊട്ടുവിള പള്ളിവരെ	200
5.	III	വിളപ്പുറം ലക്ഷംവീട് ജംഗ്ക്ഷൻ - ആദിച്ചനല്ലൂർ പഞ്ചായത്ത് ഹൈസ്കൂൾ	150
6.	IV	ആദിച്ചനല്ലൂർ ജംഗ്ഷൻ-ഏലാ റോഡുമുതൽ വയൽവഴി കൊഞ്ചിക്കടവ് വരെ	1000
7	IV	പാങ്ങോട്ട് ഏലായിൽ പതിനെട്ടാം പടിമുതൽ കടമ്പാട്ട് ജംഗ്ഷൻ വരെ	300
8.	V	കോണത്ത് ശശി ബ്രിക്സ് മുതൽ ചേറുകായൽ വഴി കുണ്ടുമൺ കോളനി കുറവിള ജംഗ്ഷൻ	1000
9.	VI	പനമ്പിലാവിൽ തൊടിമുതൽ വടകോട്ട് മുക്കുവരെ	300
10.	VII	കാറ്റാടി മുക്കുമുതൽ മുട്ടക്കാവുവരെ	1000
11.	VIII	കുറ്റിക്കാട്ടുവിള മുതൽ വയൽവഴി ക്ഷേത്രം വരെ	1000
12.	IX	കൃഷ്ണകുമാർ സാമിൽ മുതൽ കാവുവിള വരെ	500
13.	IX	കാവുവിള മുതൽ റായി വിള കനാൽ ജംഗ്ഷൻ വരെ	200
14.	IX	ടാനിൻ ഫാക്ടറി ജംഗ്ഷൻ-കോളനി ജംഗ്ഷൻ	400
15.	X	പുന്നലത്തുമുക്ക്-കനാൽ ജംഗ്ഷൻ	500
16.	XI	ഹോളിക്രോസ് റോഡിൽ നിന്നും ഗ്രൗണ്ടിലേക്കു വരുന്ന റോഡ്	120
17.	XII	സിത്താര മുക്ക്-ശിവാനന്ദസ്മാരകം റോഡ്	300
18.	XII	കൊട്ടിയം-പുലരി ക്ലബ്ബ് റോഡ്	320
19.	XII	തൈക്കാവ് തൗഫീക്ക് മൻസിൽ വഴി N.H. Y.M.A. വരെ	500
20.	XII	ബക്കുൾ ഫാക്ടറിക്ക് മേൽവശം മുതൽ ഇണ്ടക്ക് മുക്കിലേക്ക് വരുന്ന റോഡ്	300
21.	XII	കാഞ്ഞിരംകടവ് മൂന്നാറ്റുമുക്ക് റോഡ്	1000
22.	XII	കൊട്ടുംപുറം റേഡിയോ കിയോസ്ക് മുതൽ തെക്കോട്ട്	350
23.	XII	കൊട്ടുംപുറം-മാനാംകുന്ന്	1000
		ആകെ	11690

പുതിയ പാലങ്ങളുടെ നിർമ്മാണം

1. പള്ളിക്കമണ്ണടിപ്പാലം:-

ചാത്തന്നൂർ-ആദിച്ചനല്ലൂർകാരുടെ ചിരകാലാഭിലാഷമാണ് ഈ പാലം. ഇതിനു മുന്നോടിയായി ചാത്തന്നൂർ പഞ്ചായത്തുകാർ ശ്രമദാനത്തിലൂടെ ചേനമന്നത്ത് മഹാദേവർക്ഷേത്രം മുതൽ ഒരു റോഡ് വയലിലൂടെ നിർമ്മിച്ച് പള്ളിക്കമണ്ണടിക്കടവിൽ കൊണ്ടെത്തിച്ചിരിക്കുകയാണ്. ഇക്കരെ ആദിച്ചനല്ലൂർ പഞ്ചായത്തുവക റോഡും എത്തിനിൽക്കുന്നു. പൊതുജന സഹകരണത്തോടെ ഈ റോഡിന്റെ വീതി കൂട്ടാവുന്നതാണ്. ഇവിടെ ഒരു പാലം വരികയാണെങ്കിൽ 1,2,3,4, മണ്ഡലങ്ങളിൽപ്പെട്ടവർക്കും പള്ളിമൺ, കുണ്ടുമൺ, മുട്ടയ്ക്കാവ് പ്രദേശത്തുകാർക്കും സമീപ പ്രദേശമായ ചാത്തന്നൂരിൽ എത്താൻ ഏകദേശം 8 കി.മീറ്ററോളം ലാഭിക്കാൻ കഴിയും. അതുപോലെ ചാത്തന്നൂർ പ്രദേശത്തുകാർക്ക് ഓയൂർ മേഖലകളിൽ എത്താൻ ഈ പാലം വലിയ

സഹായകമായിത്തീരും. അവികസിതമായ പഞ്ചായത്തിന്റെ 1,2,3,4 മണ്ഡലങ്ങളുടേയും ചാത്തന്നൂരിലെ മാമ്പള്ളിക്കുന്നം പ്രദേശത്തിന്റേയും വികസനത്തിന് ഈ പാലം വലിയ സംഭാവനയായിരിക്കും. പഞ്ചായത്തിന്റെ ഒന്നുമുതൽ നാലുവരെ ഗ്രാമസഭകളിൽ മുഖ്യമായി ഉയർന്ന ആവശ്യമാണ് ഈ പാലത്തിന്റെ നിർമ്മാണം.

2. കാഞ്ഞിരംകടവ് പാലം:-

മൈലക്കാട്, കൊട്ടിയം പ്രദേശത്തെ ജനങ്ങൾക്ക് പരവൂർ-വർക്കല ഭാഗങ്ങളിൽ എത്തിച്ചേരാനുള്ള ദൂരം ആറുകിലോമീറ്ററോളം കുറയ്ക്കാൻ ഈ പാലം നിർമ്മാണത്തിലൂടെ സാധിക്കും. മീനാട് ഭാഗത്തുള്ള ജനങ്ങൾക്ക് കൊട്ടിയം, കൊല്ലം ഭാഗങ്ങളിൽ വളരെ വേഗം എത്തിച്ചേരാൻ ഈ പാലം നിർമ്മാണം വഴിയൊരുക്കും. അവികസിതമായ ഈ പ്രദേശങ്ങൾക്ക് സത്വര വികസനം എത്തിക്കാനും ഈ സംരംഭത്തിന് കഴിയും.

3. ഞവരൂർ കടവ് പാലം:-

ആദിച്ചനല്ലൂർ ഫാർമേഴ്സ് ബാങ്കിൽ നിന്നും ഞവരൂർ കടവുവരെയുള്ള റോഡ് ടാർ ചെയ്ത് നിർത്തിയിരിക്കുകയാണ്. നിർദ്ദിഷ്ട ഞവരൂർ കടവിൽ ഒരു പാലം ഉണ്ടായാൽ ചാത്തന്നൂരിലൂടെ പോകുന്ന ദേശീയ പാതയിൽ വളരെ വേഗം എത്തിച്ചേരാം. ഇവിടെയുള്ള St. George U.P.School പഠിക്കുന്ന പഞ്ചായത്തിലെ കുട്ടികൾക്ക് ഈ പാലം വളരെയധികം പ്രയോജനം ചെയ്യും.

4. ആലുംകടവ് നടപ്പാലം:-

പ്ലാക്കാട് തുരുത്ത് കായലിന് കുറുകെ മൈലക്കാട് ആലുംകടവിലേക്ക് ഒരു നടപ്പാലം നിർമ്മിച്ചാൽ പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തുള്ള മൈലക്കാട്ട് വളരെവേഗം എത്തിച്ചേരാം. കശുവണ്ടി ഫാക്ടറികളിൽ ജോലിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് ഈ നടപ്പാലം അങ്ങേയറ്റം ആശ്വാസപ്രദമാകും.

5. ഒറ്റപ്ലാമൂട് കടവുപാലം:-

പഞ്ചായത്തിന്റെ അവസാനമണ്ഡലമായ 12-ാം മണ്ഡലത്തിലെ ഒറ്റപ്ലാംമൂട് ഭാഗവും നെടുങ്ങോലം ഭാഗവും തമ്മിൽ കൂട്ടിമുട്ടിക്കുന്ന ഒന്നാണ് നിർദ്ദിഷ്ട ഒറ്റപ്ലാമൂട് കടവുപാലം. കൊല്ലം ജില്ലയിലെ ഏക പോളീടെക്നിക് ആയ കൊട്ടിയം എസ്.എൻ. പോളീടെക്നിക്കിൽ നെടുങ്ങോലം, പരവൂർ ഭാഗത്തെ വിദ്യാർത്ഥികൾക്ക് എളുപ്പം എത്തിച്ചേരാൻ ഈ പാലം അനിവാര്യമാണ്. ഒട്ടനവധി തൊഴിലാളികൾക്കും ഈ പാലത്തിന്റെ നിർമ്മാണം അങ്ങേയറ്റം ആശ്വാസപ്രമാകും.

6. കൊഞ്ചിക്കടവു പാലം:-

ആദിച്ചനല്ലൂരിൽ സ്കൂൾ ഇല്ലാതിരുന്ന കാലത്ത് ഈ പഞ്ചായത്ത് പ്രദേശത്തെ വിദ്യാർത്ഥികൾ കൊഞ്ചിക്കടവ് കടത്തുവഴിയിലൂടെയാണ് ചാത്തന്നൂരിൽ പഠിച്ചുകൊണ്ടിരുന്നത്. 1961ൽ ആറ്റിൽ വെള്ളം ഉയർന്നിരുന്ന സമയത്ത് കടത്തുവള്ളം മറിഞ്ഞ് എട്ടു വിദ്യാർത്ഥികൾ അതിദാരുണമായി മുങ്ങിമരിച്ചു. ഇതിൽപ്പിന്നീടാണ് പഞ്ചായത്തു മാനേജുമെന്റിൽ ആദിച്ചനല്ലൂർ പഞ്ചായത്ത് എച്ച്. എസ്. ആരംഭിച്ചത്. ഇന്നും ഒട്ടനവധി പൊതുജനങ്ങൾ, കശുവണ്ടി ഫാക്ടറി തൊഴിലാളികർ ഉൾപ്പെടെ ഈ കടത്തിലൂടെയാണ് അക്കരെയിക്കരെ കടക്കുന്നത്. ഇതിലൂടെ ഒരു പാലം നിർമ്മിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചതാണ്. എന്നാൽ പരിഹരിക്കാമായിരുന്ന ചില പ്രശ്നങ്ങളിൽ ഉടക്കിയാണ് തുടർനടപടികൾ സ്തംഭിച്ചത്. കൊഞ്ചിക്കടവു പാലം നിലവിൽ വന്നാൽ അത് ഒട്ടനവധി ജനങ്ങൾക്ക് പ്രയോജനപ്രദമാകും.

ദേശീയ പാതയുടെ വികസനം

പഞ്ചായത്തിൽ ഇത്തിക്കരമുതൽ കൊട്ടിയം വരെയാണ് ദേശീയ പാതയുള്ളത്. കൊട്ടിയം ജംഗ്ഷനിൽ നാലുവരി പാത നിർമ്മിച്ച് ഓടനിർമ്മാണം തുടങ്ങിയെങ്കിലും പകുതിവച്ച് നിർത്തിയിരിക്കുകയാണ്. നിർദ്ദിഷ്ട ഓട അടിയന്തിരമായി നീട്ടി തഴുത്തല തോട്ടിൽ ബന്ധിപ്പിക്കണം. രാത്രിയിൽ സമീപത്തുള്ള കടകളിലെ വെളിച്ചമല്ലാതെ ഗതാഗതത്തിരക്കേറിയ ദംർഷനിൽ മറ്റു വെളിച്ചമില്ലെന്നതാണ് വസ്തുത. N.H. ഡിവൈഡറിൽ ഇരുവശത്തേക്ക് നിൽക്കുന്ന രീതിയിൽ 15 മീറ്റർ ഇടയകലത്തിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

ഏറ്റവും അധികം വാഹന സാന്ദ്രത അനുഭവപ്പെ

ടുന്ന ഭാഗമാണ് പഞ്ചായത്തിലെ ദേശിയ പാതമുഴുവനും. മൈലക്കാടിനും സിത്താര ജംഗ്ഷനും ഇടയിൽ കുത്തിറക്കവും കയറ്റവുമാണുള്ളത്. കുത്തിറക്കം അവസാനിക്കുന്ന കലുങ്കിൽ വാഹനാപകടം സ്ഥിരം സംഭവമാണ്. ഇവിടുത്തെ കുത്തനെയുള്ള കയറ്റം കയറേണ്ടിവരുന്നതുമൂലം സാരമായ തോതിൽ വിലപ്പെട്ട ഇന്ധനം പാഴാവുന്നുണ്ട്. ഇതുമൂലം യഥാർത്ഥത്തിൽ രാജ്യത്തിന്റെ വിദേശമാണ്യ ശേഖരം ശോഷിക്കുകയാണ്. ആയതിനാൽ മൈലക്കാടിനും സിത്താര ജംഗ്ഷനും ഇടയിലുള്ള താഴ്വര ഭാഗം മണ്ണിട്ടുയർത്തി പുതിയ റോഡുപണിയേണ്ടതാവശ്യമാണ്. ദേശീയ പാത ഫണ്ടുപയോഗിച്ച് ഇത് അടിയന്തിരമായി ചെയ്യാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

കടത്തു ഗതാഗതം

പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ ഉള്ളവർക്ക് സമീപ പഞ്ചായത്തായ ചാത്തന്നൂരിൽ എത്തിച്ചേരാൻ മുഖ്യമായുള്ളത് കടത്തുഗതാഗതമാണ്. നിലവിൽ P.W.D. വകയായി 4 കടത്തുകളുണ്ട്.

1. പള്ളിക്ക മണ്ണടിക്കടവ്
2. കൊഞ്ചിക്കടവ്
3. ഞവരൂർ കടവ്
4. കാഞ്ഞിരം കടവ്

മേൽ കടത്തുകളിലൂടെ കൃത്യമായി സർവ്വീസ് നടത്തുന്നില്ലെന്ന ആക്ഷേപം ഉയർന്നിട്ടുണ്ട്. പ്രസ്തുത കടത്തുകൾ കൃത്യമായി നടത്തുന്നതിനാവശ്യമായ നടപടികൾ അധികൃതർ സ്വീകരിക്കണം.

പ്ലാക്കാട് ഭാഗത്തുള്ളവർക്ക് മൈലക്കാട് എത്തിച്ചേരുന്നതിന് ആലുംകടവിലും, ഒറ്റപ്ലാമൂട് ഭാഗത്തുള്ളവർക്ക് മീനാട് പ്രദേശത്ത് എത്തിച്ചേരുന്നതിന് ഒറ്റപ്ലാമൂട് കടവിലും പൊതുജന സൗകര്യാർത്ഥം പഞ്ചായത്തു വകയായി സ്ഥിരം കടത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ബസ്സ് സ്റ്റോപ്പുകളുടെ നവീകരണവും പുതിയവയുടെ നിർമ്മാണവും.

പഞ്ചായത്തിലെ വിവിധ ഗ്രാമ സഭകളിൽ ബസ്സ് സ്റ്റോപ്പുകൾ സംബന്ധിച്ച് ഉയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും താഴെ പറയുന്ന വിധം ക്രോഡീകരിക്കാം

1. ഏറ്റവുമധികം വാഹനത്തിരക്കും, ജനത്തിരക്കും ഉള്ള കൊട്ടിയം ജംഗ്ഷനിൽ ഇരുവശത്തേക്കുമുള്ള യാത്രക്കാരുടെ സൗകര്യാർത്ഥം രണ്ട് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.
2. കൊട്ടിയം വായനശാലമുക്കിലെ നശിച്ചുപോയ വെയിറ്റിംഗ് ഷെഡ് പുതുതായി പണിയണം.
3. സിത്താര ജംഗ്ഷനിൽ പുതുതായി വെയിറ്റിംഗ് ഷെഡ് പണിയണം.
4. ഇത്തിക്കര കൈതക്കുഴി കുമ്മല്ലൂർ എന്നിവിടങ്ങളിൽ പുതിയ വെയിറ്റിംഗ് ഷെഡുകൾ പണിയണം.
5. കൊട്ടിയത്ത് ഉചിതമായ സ്ഥലം കണ്ടെത്തി പ്രൈവറ്റ് ബസ്സ്സ്റ്റാന്റ് നിർമ്മിക്കുക.

വെയിറ്റിംഗ് ഷെഡുകളുടെ നിർമ്മാണം സന്നദ്ധതയുള്ളവരെക്കൊണ്ട് സ്പോൺസർ ചെയ്യിച്ച് നടത്തുന്നതിന് പഞ്ചായത്ത് മുൻകൈയെടുക്കണം. സ്പോൺസറിങ്ങിലൂടെ പഞ്ചായത്തിനാവശ്യമായ മുഴുവൻ വെയിറ്റിംഗ് ഷെഡുകളും നിർമ്മിക്കാനുള്ള സാധ്യത പഞ്ചായത്തിൽ നിലവിലുണ്ട്. നിലവിലുള്ള വെയിറ്റിംഗ് ഷെഡുകളെല്ലാം തന്നെ ഈ രീതിയിൽ നിർമ്മിക്കപ്പെട്ടവയാണ്.

ബസ്സ് സർവ്വീസ് സംബന്ധിച്ച ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. കൊട്ടിയം ജംഗ്ഷൻ വരെ എത്തിനിൽക്കുന്ന ടൗൺ സർവ്വീസ് ചാത്തന്നൂർ വരെ നീട്ടുക.
2. മൈലക്കാട്, കണ്ണനല്ലൂർ റൂട്ടിൽ ഗ.ട.ഞ.ഠ.ഇ. ബസ്സ് സർവ്വീസ് അനുവദിക്കുക.
3. തിരുവനന്തപുരം ഭാഗത്തേക്ക് കൊട്ടിയത്തു നിന്നും ആദിച്ചനല്ലൂരിൽ നിന്നും ഒരോ ഫാസ്റ്റ് പാസഞ്ചർ ബസ്സ് സർവ്വീസ് ആരംഭിക്കുക.
4. ആദിച്ചനല്ലൂർ ജംഗ്ഷൻ പഞ്ചായത്ത് ഹൈസ്കൂൾ വഴി വെളിച്ചിക്കാല ഭാഗത്തേക്ക് ബസ്സ് സർവ്വീസ് ആരംഭിക്കുക.
5. കൊട്ടിയത്തുനിന്നും ടൂറിസ്റ്റു ഹോം വഴി കാക്കരത്തോടുവരെ ബസ്സ് സർവ്വീസ് ആരംഭിക്കുക.
6. മൈലക്കാട് ജംഗ്ഷൻ മുതൽ കാഞ്ഞിരം കടവുവരെ ബസ്സ് സർവ്വീസ് ആരംഭിക്കുക.

ജനകീയ പദ്ധതിയും ജനശക്തിയും

അധികാരം ജനങ്ങളുടെ കയ്യിലേക്ക് കൈമാറ്റം ചെയ്തുകൊണ്ടിരിക്കുന്ന ഈ സുവർണ്ണാവസരത്തിൽ ജനശക്തി ഏറ്റവുമധികം നാം പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. എന്നാൽ നിർഭാഗ്യകരം എന്നുപറയട്ടെ ശ്രമദാനത്തിലൂടെ എന്തെങ്കിലും പണികൾ നടത്താൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നത് ഒരു വസ്തുതയാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കു പരിശോധിച്ചാൽ റോഡുവികസനത്തിനുവേണ്ടി പഞ്ചായത്തു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതല്ലാതെ ശ്രമദാനമായി ഒന്നും ലഭിച്ചിട്ടില്ലെന്ന് കാണാം. പട്ടിക കാണുക.

പട്ടിക - 6

റോഡുവികസനത്തിനുവേണ്ടി ചെലവഴിച്ച തുകകളുടെ വിവരം

വർഷം	ചെലവഴിച്ച പഞ്ചായത്ത് ഫണ്ട്	ശ്രമദാനം	ആകെ
1991-92	647471	-	647471
1992-93	302788	-	302788
1993-94	190124	-	190124
1994-95	850251	-	850251
1995-96	193620	-	193620
ആകെ.	21,84,254	ഇല്ല	21,84,254

പഞ്ചായത്തിന്റെ പരിമിത ധനശേഷിയും, ഭീമമായ ഫണ്ടിന്റെ ആവശ്യകതയും പരിണിക്കുമ്പോൾ ശ്രമദാനത്തിന്റെ ആവശ്യകത നമുക്ക് ബോധ്യമാകും. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചെലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമദാന ദിനങ്ങളുടെ വിലയും, പൊതുജന സംഭാവനയും ചേർന്നതാകണം ഇക്കാര്യത്തിൽ ജനപ്രതിനിധികളുടെ പങ്ക് അത്യന്താപേക്ഷിതമാണ്.

ഊർജ്ജം

സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് 1942ൽ വൈദ്യുതി എത്തിച്ചേർന്ന ഒരു പ്രദേശമാണ് ആദിച്ചനല്ലൂർ പഞ്ചായത്ത്. മൈലക്കാട് പ്രദേശത്താണ് ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി ആദ്യം എത്തിയത്. പള്ളിവാസലിൽ നിന്നും തിരുവിതാംകൂർ മഹാരാജാവിന് വെളിച്ചമെത്തിക്കാൻ 11 ഗ.ഡ. ലൈൻ കടന്നുപോയത് ഈ ഗ്രാമപഞ്ചായത്തിലൂടെയായിരുന്നു. ഈ ലൈനിൽ നിന്നാണ് ജില്ലയിലെ ആദ്യത്തെ കളിമൺ വ്യവസായ സ്ഥാപനമായ ട്രാവൻകൂർ പോട്ടറീസിൽ വൈദ്യുതി എത്തി പ്രവർത്തിച്ചുതുടങ്ങിയത്.

കുണ്ടറ 110 K.V. സബ്സ്റ്റേഷനിൽ നിന്നും പാരിപ്പള്ളി 66 K.V. സബ്സ്റ്റേഷനിൽ നിന്നും ആയൂർ 66 K.V. സബ്സ്റ്റേഷനിൽ നിന്നുമാണ്. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് വൈദ്യുതി എത്തുന്നത്. പഞ്ചായത്തിലെ 1 മുതൽ 4വരെ മണ്ഡലങ്ങളിലെ വൈദ്യുതി വിതരണം ചാത്തന്നൂർ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ കീഴിലും 5 മുതൽ 12 വരെ മണ്ഡലങ്ങളളിലെ വൈദ്യുതി വിതരണം കൊട്ടിയം ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ അധീനതയിലും ആണ്. പഞ്ചായത്തിലെ ഉപഭോക്താക്കൾ കറണ്ട് ചാർജ്ജ് അടക്കുന്നതിനുവേണ്ടി 2മുതൽ 10വരെ കി. മീ. അകലങ്ങളിലായി സ്ഥിതിചെയ്യുന്ന ഓഫീസുകളിൽ പോകേണ്ടിയിരിക്കുന്നു. ചാത്തന്നൂർ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ കീഴിലുള്ള ആദിച്ചനല്ലൂർ സബ് എൻജിനീയർ ഓഫീസ് മാത്രമാണ് ഈ പഞ്ചായത്ത് ദേശത്ത് പ്രവർത്തിക്കുന്ന ഏക വൈദ്യുതി ഓഫീസ്. ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് മൈലക്കാട് കേന്ദ്രമാക്കി ഒരു സബ് എൻജിനീയർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടാവണം.

പഞ്ചായത്തിലെ വൈദ്യുതി ഉപഭോഗം സംബന്ധിച്ച ഒരു പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക - 1

പഞ്ചായത്തിലെ വൈദ്യുത ഉപഭോഗം

(അവലംബം : കെ.എസ്.ഇ.ബി. കണക്കുകൾ)

ഇലക്ട്രിക്കൽ മേജർ സെക്ഷൻ	നിലവിലുള്ള ഉപഭോക്താക്കൾ				സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം
	ഗാർഹികം	വ്യാപാരം	വ്യാവസായികം	കാർഷികം	
ചാത്തന്നൂർ	1890	100	50	58	385
കൊട്ടിയം	3828	434	53	31	748
ആകെ	5718	534	103	89	133

പട്ടിക - 2

നിലവിലുള്ള ട്രാൻസ്ഫോമറുകൾ

(അവലംബം : കെ.എസ്.ഇ.ബി. രജിസ്റ്ററുകൾ)

ക്രമ നമ്പർ	പേര്	കപ്പാസിറ്റി
1.	ആദിച്ചനല്ലൂർ	100 K.V.A
2.	ആദിച്ചനല്ലൂർ സൊസൈറ്റി	100 K.V.A
3.	വിളപ്പുറം	100 K.V.A
4.	വെളിച്ചിക്കാല No.1	100 K.V.A
5.	കുണ്ടുമൺ No. 1	160 K.V.A
6.	കൊട്ടുവിള	100 K.V.A
7.	കൈതക്കുഴി	160 K.V.A
8.	വെളിച്ചിക്കാല No. 2	100 K.V.A
9.	T.B. ജംഗ്ഷൻ	100 K.V.A
10.	കുമ്മല്ലൂർ	160 K.V.A
11.	തോണിക്കടവ്	160 K.V.A
12.	കട്ടച്ചൽ No. 2	100 K.V.A
13.	കട്ടച്ചൽ No. 1	10 K.V.A
14.	കൊട്ടിയം ടൂറിസ്റ്റ് ഹോം	250 K.V.A
15.	ഹോളീക്രോസ്	200 K.V.A
16.	ഒറ്റപ്ലാമൂട്	250 K.V.A
17.	കൊട്ടിയം പോളീ ജംഗ്ഷൻ	63 K.V.A
18.	കൊട്ടിയം നോർത്ത്	100 K.V.A
19.	തഴുത്തല	100 K.V.A
20.	കുരിശടി	100 K.V.A
21.	തോട്ടുംകര	63 K.V.A
22.	മുരുക്കും കാവ് No.1	100 K.V.A
23.	മുരുക്കും കാവ് No.2	100 K.V.A
24.	കൊട്ടിയം കോളനി No.2	100 K.V.A
25.	ശിവന്നട	100 K.V.A
26.	കൊട്ടിയം കോളനി No.1	160 K.V.A
27.	കൊട്ടിയം ഈസ്റ്റ്	160 K.V.A
28.	മൈലക്കാട്	160 K.V.A
29.	ഞാണ്ടക്കുഴി	100 K.V.A
30.	നോർത്ത് മൈലക്കാട്	160 K.V.A
31.	കോട്ടേക്കായൽ	100 K.V.A
32.	പ്ലാക്കാട്	100 K.V.A
33.	റീഗൽ ടൈൽസ്	150 K.V.A
34.	ഇത്തിക്കര No.2	100 K.V.A
35.	സത്യസായി ബ്രിക്സ്	100 K.V.A
36.	പോട്ടറീസ	100 K.V.A
37.	ഇത്തിക്കര No.1	160 K.V.A

പഞ്ചായത്ത് പ്രദേശത്ത് ആകെ 43 കി.മീ. 11 K.V. ലൈനും 37 ട്രാൻസ്ഫോർമറുകളുമാണ് ഉള്ളത്. പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും സംബന്ധിച്ച വിവരങ്ങൾ പട്ടിക 2-ൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്തിൽ ആകെ 151 ട്യൂബ് ലൈറ്റുകളും 982 സാധാരണ ബൾബുകളും തെരുവുവിളക്കുകളായുണ്ട്. വാർഡുതിരിച്ചുള്ള തെരുവ് വിളക്കുകളുടെ സംഖ്യ പട്ടിക 3 ൽ കൊടുക്കുന്നു.

വൈദ്യുതി പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ മണ്ഡലങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും മണ്ഡലങ്ങളിലെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി എത്തിയിട്ടുള്ള ചില പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
3. പ്രേഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് പ്രത്യേകിച്ച് ലൈനിൽ തട്ടിക്കിടക്കുന്ന മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു. ഇതുമൂലം വൈദ്യുതി നഷ്ടം ഉണ്ടാകുന്നുണ്ട്.
4. പഞ്ചായത്തിലെ 3 ഹരിജൻ കോളനികൾ ഇനിയും വൈദ്യുതീകരിക്കേണ്ടതായിട്ടുണ്ട്.
5. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ എണ്ണം താരതമ്യേന കൂടുതലാണെങ്കിലും മഹാ ഭൂരിപക്ഷം വിളക്കുകളും കത്താറില്ല.
6. പ്രധാനപ്പെട്ട കൊട്ടിയം പോലുള്ള ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാമ്പുകൾ ഇല്ലാത്തതുമൂലം വെളിച്ചത്തിന്റെ അപര്യാപ്തതയുണ്ട്.
7. പഞ്ചായത്തിൽ സൗജന്യമായി ദാരിദ്ര്യ രേഖക്ക് താഴെയുള്ള പാവപ്പെട്ടവർക്ക് വീടു വയറിംഗ് നടത്തി കൊടുത്തെങ്കിലും ഇലക്ട്രിക് കണക്ഷൻ ലഭിച്ചിട്ടില്ല.
8. ഇലക്ട്രിക് പോസ്റ്റ് വേണ്ടിവരുന്നതിനാൽ ഹരിജനങ്ങൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവർക്ക് വർഷങ്ങൾ കഴിഞ്ഞിട്ടും കണക്ഷൻ കിട്ടുന്നില്ല.

സാധ്യതകൾ

1. വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ

പട്ടിക - 3

നിലവിലുള്ള തെരുവുവിളക്കുകൾ

ക്രമ നമ്പർ	മണ്ഡലം	വേപ്പർ ലാമ്പ്	ട്യൂബ്	ബൾബ്
1.	കുമ്മല്ലൂർ	-	12	80
2.	കൈതക്കുഴി ഈസ്റ്റ്	-	13	82
3.	കൈതക്കുഴി	-	14	95
4.	ആദിച്ചനല്ലൂർ	-	13	76
5.	പ്ലാക്കാട്	-	12	87
6.	മൈലക്കാട്	-	15	85
7.	വടക്കേ മൈലക്കാട്	-	12	82
8.	തഴുത്തല വടക്ക് A	-	10	70
9.	തഴുത്തല വടക്ക് B	-	15	69
10	തഴുത്തല വടക്ക് C	-	12	85
11	തഴുത്തല തെക്ക് A	-	11	81
12	തഴുത്തല തെക്ക് B	-	12	90
	ആകെ		151	982

അടിയന്തിരമായി വൈദ്യുതി എത്തിക്കുന്നതിന് പുതുതായി ലൈൻ വലിക്കണം. പുതുതായി ലൈൻ വലിക്കേണ്ട പ്രദേശങ്ങളുടെ വിവരം പട്ടിക - 4 കാണിച്ചിരിക്കുന്നു.

2. വോൾട്ടേജ് കുറവുള്ള പ്രദേശങ്ങളിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളുടെ വിവരം പട്ടിക - 5 ൽ കാണിച്ചിരിക്കുന്നു.

3. പഞ്ചായത്തിൽ വൈദ്യുതി മോഷണം വിരളമാണെങ്കിലും ലൈനിൽ തട്ടിക്കിടക്കുന്ന മരച്ചില്ലകളിലൂടെ സാരമായ തോതിൽ വൈദ്യുതി നഷ്ടമാകുന്നുണ്ട്. മരച്ചില്ല വെട്ടിമാറ്റലിനും യഥാസമയമുള്ള അറ്റകുറ്റപ്പണികൾക്കും വേണ്ടി ബോർഡിൽ പ്രാദേശിക തലത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കണം.

4. പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികൾ വൈദ്യുതീകരിക്കാൻ നടപടി സ്വീകരിക്കണം. കോളനികളുടെ വിശദവിവരം പട്ടിക 4-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. മിക്ക ഗ്രാമ സഭകളിലും ഉയർന്നുവന്ന ഒരു പൊതുവായ പ്രശ്നമാണ് നിലവിലുള്ള തെരുവുവിളക്കുകൾ കത്താത്തതു സംബന്ധിച്ച പരാതി. ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥ ഒഴിവാക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണം. പ്രതിമാസം 24000 രൂപയോളം കറണ്ടു ചാർജ്ജ് ഇനത്തിൽ പഞ്ചായത്ത് ബോർഡിൽ അടക്കുന്നുണ്ട്.

6. പ്രധാനപ്പെട്ട കവലകളിലും, കൊട്ടിയത്തുള്ള N.H. ഡിവൈഡറിലും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം. പുതുതായി സ്ഥാപിക്കേണ്ട സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം മണ്ഡലംതിരിച്ച് പട്ടിക - 6 ൽ കാണിച്ചിട്ടുണ്ട്.

7. പഞ്ചായത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സൗജന്യമായി പാവപ്പെട്ടവർക്ക് വീടു വയറിംഗ് നടത്തിക്കൊടുത്തെങ്കിലും മിക്ക വീടുകൾക്കും കണക്ഷൻ കിട്ടിയിട്ടില്ല. O.T.P. വിഭാഗത്തിൽ ഉൾപ്പെടുത്തി ഇവർക്ക് കണക്ഷൻ ലഭിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളണം.

8. കണക്ഷൻ ലഭിക്കാൻ ഇലക്ട്രിക് പോസ്റ്റ് വേണ്ടിവരുന്ന ദുർബ്ബല വിഭാഗത്തിൽ പെട്ട

പട്ടിക 4

പുതുതായി LT ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ

ക്രമ നമ്പർ	മണ്ഡലം	സ്ഥലം	ലൈനിന്റെ സ്വഭാവം	ലൈനിന്റെ നീളം	ഉദ്ദേശ്യം അടങ്കൽതുക
1.	I	ഇടത്തുംമൂല ഹരിജൻ കോളനി	1 ϕ	250 M	26500
2	II	പാറപ്പുറം അ കോളനി	1 ϕ	350 M	37100
3.	II	പാറപ്പുറം ആ കോളനി	1 ϕ	250 M	26500
4.	II	കട്ടച്ചൽ ഏലായുടെ സൈഡിലൂടെ	1 ϕ	250 M	26500
5.	II	ശാസ്താംപൊയ്കയിൽ ഉഗ്രൻകുന്നിൽ നിന്ന് കനാൽ സൈഡിലൂടെ	1 ϕ	350 M	37100
6.	III	വെളിച്ചിക്കാല ലക്ഷംവീട് കോളനി	1 ϕ	400 M	42400
7.	III	സനാതനാ ആശുപത്രിക്ക് വടക്ക് ചിറയുടെ കിഴക്കേക്കര ആൽത്തറക്ക് സമീപം	1 ϕ	400 M	42400
8.	V	V.M.G. ടൈൽസുമുതൽ മുക്കുവൻകോടുവരെ	1 ϕ	350 M	37100
9.	V	ഹെൽത്ത് സെന്റർ മുതൽ പ്ലാവിള ഭാഗം വരെ	1 ϕ	200 M	21200
10.	VI	അമ്പലത്തറ-കാഞ്ഞിരംകടവ്	1 ϕ	300 M	31800
11.	X	ശിവക്ഷേത്രം-പുന്നലത്ത്	1 ϕ	200 M	21200
12.	X	മൂടാൻകുഴി ജംഗ്ഷൻ-തഴുത്തല ഏലാ ഹരിജൻ കോളനി	1 ϕ	100 M	10600
13.	X	കൊട്ടുംപുറം പള്ളി-മൂടാൻകുഴി ജംഗ്ഷൻ	3 ϕ	200 M	24200
14.	X	ആലുവിള ജംഗ്ഷൻ-വടക്കേക്കുഴിവിള	3 ϕ	300 M	36300
15.	X	കുഴിവിള-വാഴമ്പള്ളിത്തൊടി	3 ϕ	400 M	48400
16.	X	ചെമ്പോട്ട് ക്ഷേത്രം-പുന്നലത്ത്	3 ϕ	250 M	30250
17.	X	റായിവിള മുതൽ കനാൽ ജംഗ്ഷനിൽ കൂടി ഹരിജൻ കോളനി വരെ	3 ϕ	250 M	30250
18.	XI	ചരിവിൻപുറം-അറത്തിൽ വഴി ആനത്തല	1 ϕ	400 M	42400
19.	XI	N.H.- തൗഫീക്ക് മൻസിൽ Y.M.A. റോഡ്	1 ϕ	250 M	26500
20.	XII	Y.M.A.- മാനാങ്കുന്ന് ക്ഷേത്രം	3 ϕ	1000 M	121000
		ആകെ		6450 M	719700

വർക്കും, പട്ടികജാതിക്കാർക്കും പഞ്ചായത്തു ചെലവിൽ പോസ്റ്റിട്ടു നൽകുന്നതിനെപ്പറ്റി പഞ്ചായത്തു പരിഗണിക്കണം.

9. പഞ്ചായത്തിൽ ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ലാത്ത ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ വീടുകൾക്ക് പഞ്ചായത്തു ചെലവിൽ വൈദ്യുതി എത്തിക്കാൻ സൗജന്യമായി വയറിംഗ് നടത്തിക്കൊടുക്കണം.

പാരമ്പര്യേതര ഊർജ്ജം

ഊർജ്ജത്തിന്റെ അക്ഷയ ഖനിയായസൂര്യനിൽ നിന്നും ഊർജ്ജം ശേഖരിക്കാനുള്ള സാങ്കേതിക വിദ്യയിൽ മനുഷ്യൻ ഏറെ പുരോഗമിച്ചിരിക്കുകയാണ്. ANERTന്റെ സാങ്കേതിക വൈദഗ്ധ്യത്തിൽ നിർമ്മിക്കുന്ന സൗരോർജ്ജ വിളക്കുകൾ സോളാർ കുക്കറുകൾ എന്നിവ സബ്സിഡിയോടെ വിപണിയിൽ എത്തിക്കഴിഞ്ഞു. ഇതിനെ സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്. അതുപോലെ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ധാരാളം കാറ്റുലഭിക്കുന്ന പഞ്ചായത്തിലെ ഉഗ്രൻകുന്നുപോലെയുള്ള പ്രദേശങ്ങൾ അനുയോജ്യമാണോ എന്ന് പഠനം നടത്തണം.

പട്ടിക - 5

പുതുതായി ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

ക്രമ നമ്പർ	മണ്ഡലം	ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലം	11 K.V.ലൈനിന്റെ നീളം	ഉദ്ദേശ അടങ്കൽ തുക
1.	I	ചെറുപാലക്കോട്	600 M	213000
2.	II	പാറപ്പുറം ഹരിജൻ കോളനി	500 M	193000
3.	III	ശാസ്താം പൊയ്ക	700 M	233000
4.	IV	വില്ലേജ് ഓഫീസ്	500 M	193000
5.	IV	അസ്കാ ജംഗ്ഷൻ	400 M	173000
6.	V	ഇണ്ടിളയപ്പൻ ക്ഷേത്രം	750 M	243000
7.	VI	അമ്പലത്തറ	600 M	213000
8.	VII	സെന്റ് ജോർജ്ജ് പള്ളിക്ക് സമീപം	350 M	163000
9.	VIII	കുറ്റിക്കാട്ടുവിള	500 M	193000
10.	IX	കോളനി വഞ്ചിമുക്ക്	500 M	193000
11.	X	കാടിയാദിത്തറക്ഷേത്രം	600 M	213000
12.	X	വടക്കേക്കുഴിവിള	600 M	213000
13.	XI	ബക്കുൾ കാഷ്യൂ ഫാക്ടറിക്ക് മേൽവശം	250 M	143000
14.	XII	കൊട്ടുംപുറം	500 M	193000
15.	XII	ഒറ്റപ്ലാമൂട്	300 M	106500
		ആകെ	7650 M	2878500

ഊർജ്ജാസൂത്രണം

പഞ്ചായത്തിലെ 90%വീടുകളും പാചകത്തിനു വേണ്ടി ഇപ്പോഴും വിറകിനെയാണ് ആശ്രയിക്കുന്നത്. പക്ഷേ പരിഷ്കരിച്ച രീതിയിലുള്ള പുകശല്യമില്ലാത്ത അടുപ്പുകൾ 5%വീടുകളിൽപ്പോലും ഇല്ല. ആയതിനാൽ വിറകുകത്തിക്കിട്ടുന്ന ഊർജ്ജത്തിന്റെ 1/8 പോലും വാസ്തവത്തിൽ ഉപയോഗപ്പെടുന്നില്ല. മെച്ചപ്പെട്ട വിറകടുപ്പുകളുടെ വ്യാപനം പഞ്ചായത്തിൽ നടപ്പാക്കുന്നതിന് പഞ്ചായത്തുതലത്തിൽ നടപടികൾ സ്വീകരിക്കണം. അതിനുവേണ്ടി പഞ്ചായത്തുതലത്തിൽ പരിശീലന പരിപാടി വിദഗ്ദ്ധരുടെ സഹകരണത്തോടെ നടത്താവുന്നതാണ്. അതോടൊപ്പം പ്രഷർ കുക്കർ, കച്ചിപ്പെട്ടി എന്നിവയുടെ ഉപയോഗം പ്രചാരത്തിലാക്കാനാവശ്യമായ ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കണം.

പാചകാവശ്യത്തിന് ആവശ്യമായ ബയോഗ്യാസ് ഉപയോഗിക്കുന്നതിനെപ്പറ്റി വിദഗ്ധരുടെ സഹായത്തോടെ സെമിനാറുകൾ സംഘടിപ്പിക്കണം. 4 കി.ഗ്രാം waste കൊണ്ട് ഒരു കുടുംബത്തിന് ആവശ്യമായ പാചക വാതകം നിർമ്മിക്കാമെന്നാണ് വിദഗ്ധമതം. നമ്മുടെ പഞ്ചായത്തിൽ ബയോഗ്യാസ് നിർമ്മാണത്തിന് അനന്ത സാധ്യതകളാണുള്ളത്. അതിനെപ്പറ്റി സമഗ്രമായ പഠനം നടത്തി ബഹുജന സഹകരണത്തോടെ നടപ്പാക്കുന്നതിന് പഞ്ചായത്ത് മുൻകൈയെടുക്കണം.

വോൾട്ടേജ് ക്ഷാമം കൊണ്ടുണ്ടാകുന്ന ഊർജ്ജ നഷ്ടം വളരെ വലുതാണ്. 25 ണ ബൾബ് ഉപയോഗിക്കേണ്ടസ്ഥാനത്ത് വോൾട്ടേജ് ക്ഷാമംമൂലം 100 W ന്റെ ബൾബ് ഉപയോഗിക്കാൻ ജനം നിർബ്ബന്ധിതരാകുന്നു. ഇത് ഊർജ്ജ നഷ്ടത്തിന് വഴിതെളിക്കുന്നു. അതുപോലെ വെളിച്ചത്തെക്കാൾ അധികം ചൂടു നല്കുന്ന സാധാരണ ബൾബുകൾ ഊർജ്ജം പാഴാക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുന്നവയാണ്. ട്യൂബ് ലൈറ്റുകളുടെ ഉപയോഗം വ്യാപകമാക്കാൻ ശക്തമായ ബോധവൽക്കരണം വേണ്ടിയിരിക്കുന്നു.

പട്ടിക - 6

പുതുതായി സ്ഥാപിക്കേണ്ട

തെരുവുവിളക്കുകളുടെ വിവരങ്ങൾ

മണ്ഡലം	സ്ഥാപിക്കേണ്ട തെരുവുവിളക്കുകൾ			
	സോഡിയം വേപ്പർലാമ്പ്	ട്യൂബ്	ബൾബ്	ആകെ
I	8	25	30	63
II	10	15	30	55
III	9	18	25	52
IV	10	20	25	55
V	6	20	32	58
VI	9	40	-	49
VII	9	25	25	59
VIII	10	25	25	60
IX	10	25	25	60
X	10	20	20	50
XI	15	45	20	85
XII	6	20	25	51
ആകെ	112	298	282	692

ചുരുക്കത്തിൽ സമഗ്രമായ ഊർജ്ജാസൂത്രണ പദ്ധതിക്ക് വിദഗ്ധരുടെ സഹായത്തോടെ പഞ്ചായത്ത് തല സമിതിക്ക് രൂപം കൊടുക്കണം. അതുവഴി പഞ്ചായത്തിനും ദേശത്തിനും പുരോഗതി കൈവരും.

മാർക്കറ്റ്

ഉൽപ്പാദനവും, വിപണനവും തമ്മിൽ നേരിട്ട് ബന്ധിപ്പിക്കുന്ന കണ്ണിയാണ് മാർക്കറ്റുകൾ. പഞ്ചായത്തിൽ പൊതുമാർക്കറ്റായി കൊട്ടിയത്തുള്ള പഞ്ചായത്തുവക മാർക്കറ്റുമാത്രമേ നിലവിലുള്ളു. ഭാവനാശൂന്യ മായ നിർമ്മാണ പ്രവർത്തനം മൂലം മലിന ജലം ഒഴുകിപ്പോകാതെ കെട്ടിക്കിടക്കുന്നതിനാൽ അങ്ങേയറ്റം അനാരോഗ്യകരമാണ് ഇവിടുത്തെ അന്തരീക്ഷം. സമീപത്തുള്ള പൊട്ടിപ്പൊളിഞ്ഞ Comfort Station ഉം കൂടിയാകുമ്പോൾ സ്ഥിതി വളരെ ദയനീയമാകന്നു.

മാർക്കറ്റിനകത്തുള്ള നിലവിലുള്ള പൊട്ടിപ്പൊളിഞ്ഞ സ്റ്റാളുകളും, Comfort Station ഉം പൂർണ്ണമായും പൊളിച്ചുമാറ്റി അവിടെ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിതാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനം കിട്ടാൻ അത് ഇടയാക്കും. ഇതിന് സമഗ്രമായ ഒരു പ്രോജക്ട് തയ്യാറാക്കി പണിയാരംഭിക്കുന്നതിന് പഞ്ചായത്തധികൃതർ നടപടികൾ സ്വീകരിക്കണം.

മാർക്കറ്റിനുള്ളിലെ മാലിന്യങ്ങൾ ചീഞ്ഞുനാറുന്നത് സംബന്ധിച്ച് ഒട്ടേറെപ്പേർ ആവലാതിപ്പെട്ടിട്ടുണ്ട്. മാലിന്യങ്ങൾ ദിനംപ്രതി മാറ്റുന്നതിന് പഞ്ചായത്തിൽ ശക്തമായ ഒരു ശുചീകരണ സംവിധാനം ഉണ്ടാകണം.

പ്രശ്നങ്ങൾ

1. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കൊട്ടിയം പബ്ലിക് മാർക്കറ്റിലെ ചന്തക്കരം പിരിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് ലേലം ചെയ്ത് കൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ കരാർ പിടിക്കുന്ന ആൾ ചന്തക്കരം പിരിക്കുന്നത് അനേകം മടങ്ങ് കൂടുതലാണ്. അതിന്റെ പേരിൽ വാക്കുതർക്കങ്ങളും മറ്റും നടക്കുന്നുണ്ട്.
2. വഴി വാണിഭക്കാരുടെ തിരക്കുമൂലം വഴിയരികിൽ വളരെയധികം തിരക്ക് അനുഭവപ്പെടുന്നു.
3. പഞ്ചായത്തിന്റെ മറ്റുമണ്ഡലങ്ങളിൽ പൊതുമാർക്കറ്റുകളില്ല.
4. പഞ്ചായത്തിൽ Slaughter House ഇല്ലാത്തതിനാൽ അനധികൃതമായി മറ്റിടങ്ങളിൽ വച്ച് ഇറച്ചിവെട്ട് നടത്തുന്നു.


സാധ്യതകൾ

1. ചന്തക്കരം പിരിക്കുന്നത് പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള റേറ്റിലാണോ എന്ന് പരിശോധിക്കണം. നിർദ്ദിഷ്ട നിരക്കുകൾ പൊതുജന സൗകര്യാർത്ഥം മാർക്കറ്റിൽ എഴുതി പ്രദർശിപ്പിക്കണം.
2. വഴിവാണിഭം നിയന്ത്രിക്കാൻ പഞ്ചായത്ത് ശക്തമായ നടപടികൾ സ്വീകരിക്കണം.
3. പഞ്ചായത്തിലെ ആദിച്ചനല്ലൂർ, പ്ലാക്കാട്, മൈലക്കാട് എന്നിവിടങ്ങളിലെ സ്വകാര്യ ചന്തകൾ

പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണം.


4. പഞ്ചായത്തിൽ Slaughter House തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തണം. അതോടൊപ്പം അനധികൃത ഇറച്ചിവെട്ട് തടയുന്നതിന് പോലീസ് സഹായത്തോടെ നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിലെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു വിപണന ശൃംഖല രൂപീകരിക്കണം. പഞ്ചായത്തിലെ ഏലാസമിതി, നാളീകേര വികസന സമിതി, മറ്റു കർഷകർ, സാക്ഷരതാ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി, പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നിന്റേയും അധിക ലഭ്യതയും ഇല്ലായ്മയും സമതുലനം ചെയ്യാനുള്ള കരുത്തുറ്റ വ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്ത് വിപണന സംവിധാനം കരുപ്പിടിപ്പിക്കുന്നത് നമ്മുടെ പഞ്ചായത്തിനെ സ്വാശ്രയത്തിലേക്ക് നയിക്കുമെന്ന കാര്യം അവിതർക്കിതമാണ്





V - 7 പാർപ്പിടവും സാമൂഹ്യക്ഷേമവും



"അയലു തഴപ്പതിനതിപ്രയത്നം
നയമറിയും നരനാചരിച്ചിടേണം"
- ശ്രീനാരായണ ഗുരു -

ചരിത്രപരമായും വിദ്യാഭ്യാസപരമായും സാംസ്ക്കാരികപരമായും മെച്ചപ്പെട്ട നിലയിലുള്ള ഈ പഞ്ചായത്ത് തഴുത്തല, ആദിച്ചനല്ലൂർ എന്നീ വില്ലേജുകളിൽ 12 മണ്ഡലങ്ങളിലായി ഉൾപ്പെട്ടുകിടക്കുന്നു.

കൂലിപ്പണിയെടുത്തു ഉപജീവനം നടത്തുന്നവരാണ് ഈ പഞ്ചായത്തിൽ കൂടുതലും. വ്യവസായമേഖലയിൽ കശുവണ്ടി, ഓട്, ഇഷ്ടിക രംഗത്താണ് കൂടുതൽ ആളുകൾ പണിയെടുക്കുന്നത്. കൃഷിയെ ആസ്പദമാക്കി തൊഴിലെടുത്ത് ജീവിക്കുന്നവരും കുറവല്ല. ഗൾഫ് പണത്തിന്റെ സ്വാധീനം പഞ്ചായത്തിൽ നിർണ്ണായകമായ സ്ഥാനം വഹിക്കുന്നു. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താതെ ആഡംബരപൂർണ്ണമായ കോൺക്രീറ്റ് മന്ദിരങ്ങൾ പടുത്തുയർത്തുന്നതിൽ ഒതുങ്ങിനിൽക്കുന്നു. ഇത് കെട്ടിടനിർമ്മാണ അസംസ്കൃത വസ്തുക്കളുടെ ദുരുപയോഗത്തിലേക്ക് വഴി തെളിക്കുന്നു എന്നതാണ് മറ്റൊരു വസ്തുത.

പാർപ്പിടം

ഈ പഞ്ചായത്തിലെ വീടുകളിൽ അധികവും കുടിലുകളും ഇടത്തരം ഭവനങ്ങളുമാണ്. തൊഴിലാളികളും കർഷകരും ആയവരാണ് അധികം എന്നതിനാൽ പലർക്കും വീടുകൾ ഇല്ല എന്നത് ദുഃഖകരമായ അവസ്ഥയാണ്.

പഞ്ചായത്തിലെ 8443 വീടുകളിൽ 2223 എണ്ണം കോൺക്രീറ്റ് മന്ദിരങ്ങളും അതിൽ 201 എണ്ണം ബഹുനിലക്കെട്ടിടങ്ങളുമാണ്. ഓടു മേഞ്ഞവ 4355 ഉം ഓല മേഞ്ഞവ 1454 ഉം കുടിലുകൾ 210 എണ്ണവുമാണ്.

ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻമേഖലയായ കുമ്മല്ലൂർ മുതൽ പ്ലാക്കാട് വരെയുള്ള ഭാഗങ്ങളിലാണ് ദരിദ്രജനവിഭാഗങ്ങളിലധികവും വസിക്കുന്നത്. പഞ്ചായത്തിന്റെ 7,8,10 മണ്ഡലങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഈ മേഖലകളിലെ ദരിദ്രജനവിഭാഗങ്ങൾക്ക് തലചായ്ക്കാൻ ഒരിടം നൽകുക എന്നത് പ്രഥമ പരിഗണനയർഹിക്കുന്ന വിഷയമാണ്. പട്ടികജാതി വിഭാഗക്കാർക്ക് പല ആനുകൂല്യങ്ങളും സർക്കാർ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും മുന്നോക്കജാതിയിൽപ്പെട്ട ദരിദ്രജനവിഭാഗങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുകയാണ്. ജാതിമത വ്യത്യാസമില്ലാതെ ദരിദ്രരെ ഒന്നായികണ്ട് ക്ഷേമപദ്ധതികൾ നടപ്പാക്കാൻ നാം യത്നിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച വിവരങ്ങൾ സംക്ഷിപ്തമായി താഴെ പട്ടിക-1 ൽ കാണിച്ചിരിക്കുന്നു.

പട്ടിക-1

വീടുകളുടെ തരംതിരിവ്

(അവലംബം :പഞ്ചായത്താഫീസിലെ രജിസ്റ്ററുകൾ)

മണ്ഡലം	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	580	25	220	260	70	5
II	398	10	180	160	40	8
III	709	6	195	400	100	8
IV	829	5	115	420	270	19
V	816	9	145	460	180	22
VI	785	16	230	300	229	10
VII	740	40	205	300	195	–
VIII	665	15	260	30	80	10
IX	835	30	200	435	90	80
X	655	18	160	400	70	7
XII	735	12	188	470	50	15
XII	696	15	125	450	80	26
ആകെ	8443	201	2223	4355	1454	210

പഞ്ചായത്തിൽ 1991 –'92 ൽ 7260 വീടുകളിൽ ഉണ്ടായിരുന്നത് 96-96 ആയപ്പോഴേയ്ക്കും 8443 വീടുകൾ ആയി വർദ്ധിച്ചു.

ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ഇത്തിക്കര ബ്ലോക്ക് ഹൗസിംഗ് സൊസൈറ്റിയുടെ സഹായം നാമമാത്രമാണ്. ആദിച്ചനല്ലൂർ ഫാർമേഴ്സ് ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയെയും ആശ്രയിക്കുന്നുണ്ടെങ്കിലും ഇവരുടെ സഹായവും ഈ രംഗത്ത് പരിമിതമാണ്. ഈ രംഗത്ത് വായ്പാ ലഭ്യത, ആവശ്യക്കാരുടെ എണ്ണവുമായി പരിശോധിക്കുമ്പോൾ വളരെ കുറവാണ്.

ഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ ഭവനവായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്. അതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2. പലിശ നിരക്ക് 12% മായി നിജപ്പെടുത്തുക.

ഈ പഞ്ചായത്തിൽ 1212 കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു.

പട്ടിക 2

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ ആവശ്യമുള്ള വീടുകളുടെ എണ്ണം.

മണ്ഡലം	വീട് ആവശ്യമുള്ള താണ വരുമാനക്കാരുടെ എണ്ണം			അനുവദിച്ച വീടുകൾ	ബാക്കി
	പൊതു വിഭാഗം	SC/ST	ആകെ		
I	70	31	101	10	91
II	54	34	88	9	79
III	123	7	130	12	118
IV	41	24	65	24	41
V	42	31	73	9	64
VI	58	18	76	7	69
VII	80	5	85	5	80
VIII	122	43	165	21	144
IX	150	150	300	56	244
X	30	20	50	3	47
XII	27	34	64	2	59
XII	56	122	178	2	176
ആകെ	853	519	1372	160	1212

പട്ടിക 3

പുറംപോക്കിൽ താമസക്കാർ

മണ്ഡലം	എണ്ണം
I	-
II	5
III	-
IV	9
V	7
VI	-
VII	-
VIII	32
IX	4
X	4
XI	8
XII	6
ആകെ	75

ഇതിനു പുറമേയാണ് വസ്തുവും വീടുമില്ലാത്ത പുറമ്പോക്കിൽ താമസിക്കുന്നവരുടെ എണ്ണം 75 എന്ന് പട്ടിക 3 കാണിക്കുന്നത്.

സർക്കാർ പൊന്നും വിലയ്ക്ക് എടുത്ത കനാൽ പുറമ്പോക്കിലും പി.ഡബ്ല്യു.ഡി. റോഡിന്റെ സൈഡിലും താമസിക്കുന്ന ഇവരെ പുനരധിവസിപ്പിക്കേണ്ട ചുമതലയും നമുക്ക് തള്ളിക്കളയാൻ കഴിയില്ല.

സർക്കാർ ഭവന നിർമ്മാണബോർഡ് വഴി ദുർബല, ഇടത്തരക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ഈ പഞ്ചായത്തിൽ ആർക്കും തന്നെ ലഭിച്ചതായി കാണുന്നില്ല.

ഐ.എ.വൈ, എം.ഡബ്ല്യു.എസ്, ജെ.ആർ.വൈ എന്നീ ഗവൺമെന്റ് സ്കീമുകൾ മുഖാന്തിരം പണിത വീടുകളുടെ എണ്ണവും എത്ര പരിമിതമാണെന്ന് പട്ടികയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. അതായത് 92-93 മുതൽ 96-97 വരെയുള്ള കാലയളവിൽ 12 മണ്ഡലങ്ങൾക്കും കൂടി ആകെ ലഭിച്ച വീടുകളുടെ എണ്ണം 160 മാത്രമാണ്.

നിർമ്മാണ വസ്തുക്കളുടെ അമിതമായ വിലക്കയറ്റവും വിദഗ്ദ്ധ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി വർദ്ധനവും ഭവനനിർമ്മാണ ബോർഡ്, ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന വായ്പ ഏറെ പരിമിതമാക്കുന്നു.

പട്ടിക 4

കൂലിവർദ്ധനവിന്റെ നിരക്ക്

വർഷം	വിദഗ്ദ്ധ തൊഴിലാളികൾ		അവിദഗ്ദ്ധ തൊഴിലാളികൾ	
	മരപ്പണി	കല്ലാശാരി	സ്ത്രീ	പുരുഷൻ
1992	60	60	35	40
1993	80	75	45	55
1994	90	90	65	70
1995	110	110	80	90
1996	120	120	90	100

പട്ടിക -5

നിർമ്മാണ സാമഗ്രികളുടെ വിലനിലവാരം

വർഷം	സിമന്റ് ചാക്കിന്	ഇഷ്ടിക 1000 ന്	ഓട് 1000 ന്	മരം c.ft	മണൽ ലോറി	20 mm മെറ്റൽ ലോറി	കമ്പി K.g.
1992	100	800	1000	300	600	1000	8.00
1993	140	1000	1500	500	750	1800	11.50
1994	150	1200	1800	800	900	2500	13.80
1995	165	1800	2100	1000	1300	2800	14.50
1996	190	2100	2800	1100	1500	3700	15.50

ചുരുക്കത്തിൽ പാവപ്പെട്ടവന് സ്വന്തമായി ഒരു വീട് എന്ന ആഗ്രഹം ആകാശകുസുമമായി നിലനിൽക്കുകയാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഓരോ സാധനത്തിനും 100 മുതൽ 200% വരെയാണ് വർദ്ധനവ് എന്ന് പട്ടിക സൂചിപ്പിക്കുന്നു. എന്നാൽ വായ്പാനുകൂല്യങ്ങളുടെ തോത് കാര്യമായി വർദ്ധിച്ചു

കാണുന്നില്ല. ഈ അന്തരം പ്രശ്നം കൂടു തൽ സങ്കീർണ്ണമാക്കുന്നു. ഈ സാഹചര്യ ത്തിലാണ് ചെലവുകുറഞ്ഞ വീടുനിർമ്മാണത്തെക്കുറിച്ച് ചിന്തി ക്കേണ്ടത്. ആർഭാടപൂർണ്ണമായ സൗധങ്ങൾ പടുത്തുയർത്തുന്ന പ്രവണതയെ നിരുത്സാഹ പ്പെടുത്തുകയും ചെലവുകുറഞ്ഞ നിർമ്മാണരീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാൻ നാം പ്രതിജ്ഞാ ബദ്ധരാകണം. അതുകൊണ്ടുതന്നെ ചെലവുകുറഞ്ഞ വീടുകളെ സംബന്ധിച്ച് വിദഗ്ദ്ധസമിതിയുടെ ആധി കാരിക റിപ്പോർട്ട് ഇവിടെ പരിശോധിക്കുന്നത് ഉചിത മായിരിക്കും. "ലളിതവും താരതമ്യേന ചെലവു ചുരു ങ്ങിയതുമായ കെട്ടിടങ്ങൾ എല്ലാവർക്കും " എന്ന ശക്തമായ പ്രചാരണം തുടങ്ങുവാൻ സമയമായിരിക്കു ന്നു. ചെലവുകുറഞ്ഞ വീടുകൾ പാവങ്ങൾക്കുമാത്രം എന്ന ആശയത്തിലേയ്ക്കുള്ള ഏതു ശ്രമവും അധി ക്ഷേപാർഹമാണ്. പരിഷ്ക്കരണവും പുനർചിന്ത നവും പുനരാസൂത്രണവും തലപ്പത്തുനിന്നു തന്നെ ആരംഭിക്കണം. അത് ആസൂത്രണത്തിന്റെയും അതു വഴി സമൂഹത്തിന്റെ എല്ലാതലത്തിലേയ്ക്കും വ്യാപി ക്കുകയും വേണം. ലളിതമായ പാർപ്പിടസൗകര്യം എല്ലാവർക്കും എന്ന ആശയം ഗ്രാമ-ബ്ലോക്ക്-ജില്ലാ തലങ്ങളിൽ നയപ്രഖ്യാപനം പോലെ കൊണ്ടുവരേ ണ്ടതാണ്.

ചെലവ് ചുരുക്കൽ എളുപ്പമാണ്

അറിയപ്പെട്ട സാങ്കേതികവിദ്യകളും നിർമ്മാണ വസ്തുക്കളും അനുയോജ്യമാംവിധം തെരഞ്ഞെടു ത്തും നിർമ്മാണത്തിന്റെ ഓരോയിനവും അതിന്റെ ധർമ്മംനോക്കി വിശകലനം ചെയ്തും നിർമ്മാണച്ചെ ലവ് ഇന്നത്തേതിലും കുറയ്ക്കാം എന്നതാണ് വാസ്ത വം. ഗൃഹനിർമ്മാണം സമൂഹത്തിലെ ബഹുഭൂരി പക്ഷം പേർക്കും താങ്ങാവുന്നതാക്കിതീർക്കുക എന്ന തായിരിക്കണം നമ്മുടെ ലക്ഷ്യം.

അപൂർവ്വവും പ്രത്യേകവുമായ വൈദഗ്ദ്ധ്യമോ കാര്യമായ യന്ത്രവൽക്കൃത ഉല്പാദന മുറകളോ അധി കരിച്ച മുതൽമുടക്കോ ആവശ്യമില്ലാത്ത തരം സാങ്കേ തികവിദ്യകൾ മാത്രം തിരഞ്ഞെടുത്ത് ചെലവുകുറ ഞ്ഞ കെട്ടിടനിർമ്മാണരീതി നടപ്പിലാക്കി വരുന്ന നിർ മ്മിതികേന്ദ്രം, ഹാബിറ്റാറ്റ് എന്നീ സ്ഥാപനങ്ങളുടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്വകാര്യ എഞ്ചിനീ യർമാരുടെയും സഹായത്തോടെ നിർമ്മാണപ്രക്രി യകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാ ക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. തടിയുടെ ദൗർലഭ്യം, അധികരിച്ച വില എന്നിവ.
2. ആറ്റിൻനിന്ന് മണൽവാരുന്നതുകൊണ്ട് കരയിടി ച്ചിൽ ഉണ്ടാകുന്നു. അതുകൊണ്ട് മണൽവാരാ നുള്ള നിയമതടസ്സമുണ്ടാകും. ഇത് മണൽകിട്ടാ നുള്ള സാദ്ധ്യത വിരളമാക്കുകയും ദൂരസ്ഥലങ്ങ ളിൽ നിന്ന് കൊണ്ടുവരുന്നതുകൊണ്ട് അമിത വില നൽകേണ്ടതായും വരുന്നു.
3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഭവന വായ്പ ലഭിക്കുവാൻ ഇന്നുള്ള നിയമത്തിന്റെ നൂലാമാലകൾ.

നിർദ്ദേശങ്ങൾ

1. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഭവനനിർമ്മാ ണപദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർ ത്തീകരിക്കാൻ പഞ്ചായത്ത് മേഖലയിൽ ഒരു ഹൗസിംഗ് വായ്പാ സൊസൈറ്റി രൂപീകരിക്കുക. ഗവൺമെന്റ്. സിഡ്കോ, ഹഡ്കോ, നബാർഡ് മുതലായവയിൽ നിന്നുള്ള വായ്പാസൗകര്യ ങ്ങൾ ഈ സൊസൈറ്റിയിൽകൂടി ലഭ്യമാക്കുക.
2. സർക്കാരിന്റെ ദുർബല ജനവിഭാഗങ്ങൾക്കുള്ള മൈത്രീഭവനനിർമ്മാണ പദ്ധതി സന്നദ്ധസം ഘടനകളുടെ സഹായത്തോടെ വ്യാപകമായി നടപ്പിലാക്കുക.
3. ഒന്നാം നിർദ്ദേശത്തിലെ സൊസൈറ്റി വഴി മൈത്രീഭവന നിർമ്മാണ പദ്ധതിപോലെ പഞ്ചായത്ത് ഗ്രാന്റും ചെറിയ തവണവ്യവസ്ഥ യിലുള്ള ലോണും നൽകി, ഭവനനിർ മ്മാണ പദ്ധതി ആസൂത്രണം ചെയ്യുക.
4. കമ്പി, സിമന്റ് എന്നിവയുടെ വില്പനയും വിത രണവും സർവ്വീസ് സഹകരണ സംഘങ്ങൾ വഴി പൊതുവിതരണ സമ്പ്രദായമനുസരിച്ച് യഥേഷ്ടം നടപ്പിലാക്കുക.
5. ഭൂരഹിത കർഷകത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണപദ്ധതി പുനരാരംഭിക്കുക.
6. ആഡംബര കെട്ടിടങ്ങൾക്ക് പ്രത്യേകനികുതി ഏർപ്പെടുത്തുക. ഇതുവഴിയുള്ള വരുമാനം ദുർ ബലവിഭാഗങ്ങളുടെ ധനസഹായമായി മാറ്റുക.

7. പഞ്ചായത്ത് തലത്തിൽ മരത്തിന് പകരം കോൺക്രീറ്റ് കൊണ്ടുള്ള കട്ടിള, ജന്നൽ എന്നിവ ഉണ്ടാക്കുന്ന യൂണിറ്റ് വ്യാവസായിക അടിസ്ഥാനത്തിൽ ഉണ്ടാക്കുക. ഇതിന്റെ ഉപയോഗം വ്യാപകമാക്കുന്നതിന് പ്രചാരണം നടത്തുകയും വേണം. ഇതുമൂലം തടിവില ഒരു പരിധിവരെ പിടിച്ചുനിർത്താനും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിയന്ത്രിക്കാനും കഴിയും.
8. സർക്കാരിന്റെ വിവിധസ്കീമുകൾ പ്രാവർത്തികമാക്കുന്നതിന് പ്രാദേശികതലത്തിൽ സന്നദ്ധ സാംസ്ക്കാരിക സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി ഭവന നിർമ്മാണ സഹായസമിതി രൂപീകരിക്കുക.
9. ഐ.എ.വൈ., എം.ഡബ്ല്യൂ.എസ്., ജെ.ആർ,വൈ, രാജീവ് ദശലക്ഷം പദ്ധതി, മൈത്രീഭവന നിർമ്മാണ പദ്ധതി എന്നീ സ്കീമുകളുടെ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുകയും വരുമാന പരിധി ഉയർത്തുകയും ചെയ്യുക.
10. പ്രകൃതിക്ഷോഭപുനരധിവാസ പദ്ധതി തുക 15000 രൂപയിൽ നിന്ന് 25000 രൂപയായി ഉയർത്തുക.
11. ലക്ഷംവീട് കോളനികളിലെ വീടുകൾ കാലപ്പഴക്കം കൊണ്ട് പൂർണ്ണമായി ജീർണ്ണിച്ചിരിക്കുകയാണ്. ഇത് പുതുക്കിപ്പണിയാനുള്ള സംവിധാനം വിജയിക്കുന്നില്ല. ഒരേ മേൽക്കൂരയിൻകീഴിൽ 2 ഭവനങ്ങൾ എന്ന ഇന്നത്തെ നില മാറ്റി നാല് സെന്റു വീതമുള്ള പ്ലോട്ടുകളായി തിരിച്ച് പ്രത്യേക ഭവനങ്ങളായി പുതിയവീടുകൾ വയ്ക്കുന്നത് പ്രയോജനപ്രദമായിരിക്കും

അവസാനമായി " എല്ലാവർക്കും വീട് എന്ന ഒരാപ്തവാക്യം മുറുകെപിടിച്ചുകൊണ്ട് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുകയാണെങ്കിൽ വരുന്ന 5 വർഷത്തിനുള്ളിൽ ഈ പഞ്ചായത്തിലെ ഭവനരഹിതരുടെ എണ്ണം വിരലിലെണ്ണാവുന്നതാക്കിത്തീർക്കാൻ നമുക്ക് കഴിയും. അതിനായി നമുക്ക് ഒത്ത് ചേരാം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് നിർദ്ധനരേയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരേയും ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും, സംഘടിത-അസംഘടിത മേഖലകളിലെ കർഷക-കർഷകേതര തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടിയുള്ള പദ്ധതികളുമാണ് ഉള്ളത്.

പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ ചെലവ് വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുമാണ് നിലവിലുള്ളത്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. ഇടത്തട്ടുകാരുടെ കൈകടത്തൽ ഈ പദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കളിലുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ബ്യൂറോക്രസിയുടെ പിൻതിരിപ്പൻ നയം, ഉദ്യോഗതലത്തിലുള്ളബോധവത്ക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, മറ്റ് സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്ത് പറയേണ്ട വിഷയങ്ങളാണ്.

വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരത്തായതിനാൽ നമ്മുടെ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഇതുവഴിയുള്ള ആനുകൂല്യം ലഭിക്കുന്നില്ല. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നതാണ് പഞ്ചായത്തിനെ മൊത്തത്തിൽ വിലയിരുത്തുമ്പോൾ അറിയാൻ കഴിയുക.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും ഐ.ആർ.ഡി.പി. സർവ്വേപ്രകാരം രണ്ട് തട്ടുകളായി തിരിച്ചിരിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് മുകളിലും താഴെയും എന്ന നിലയിൽ പഞ്ചായത്തിലെ 12 മണ്ഡലങ്ങളിലായി 8443 കുടുംബങ്ങളുള്ളതിൽ 2066 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്.

സാമൂഹ്യക്ഷേമരംഗത്ത് ഈ പഞ്ചായത്തിൽ കാര്യമായി നേരിട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഇത്തിക്കര ബ്ലോക്കിന്റെ കീഴിലുള്ള തഴുത്തല, ആദിച്ചനല്ലൂർ വി.ഇ.ഒ. സർക്കിളുകളാണ്. ആദിച്ചനല്ലൂർ വി.ഇ.ഒ. സർക്കിളിന്റെ കീഴിലുള്ള ഐ.ആർ.ഡി.പി. ധനസഹായപ്രകാരമുള്ള പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1

വർഷം	ഐ.ആർ.ഡി.പി. ധനസഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം
1992-'93	20
1993-'94	26
1994-'95	24
1995-'96	18
1996-'97	10

ആദിച്ചനല്ലൂർ വി.ഇ.ഒ സർക്കിളിൽ 92-93 ലെ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം 1227 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതായി റിപ്പോർട്ട് സൂചിപ്പിക്കുന്നത്. 92-93 മുതൽ 96-97 വരെയുള്ള കാലയളവിൽ വിവിധധനസഹായ പദ്ധതികളിലൂടെ 84 കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞതായി വി.ഇ.ഒ. യുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു.

തഴുത്തല വി.ഇ.ഒ. സർക്കിളിൽ 92-93 ലെ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം 1073 കുടുംബങ്ങളാണ് ദീരിദ്ര്യരേഖയ്ക്ക് താഴെയുള്ളതായി റിപ്പോർട്ട് സൂചിപ്പിക്കുന്നത്. 92-93 മുതൽ 96-97 വരെയുള്ള വിവിധ ധനസഹായ പദ്ധതികളിലൂടെ 48 കുടുംബങ്ങളെ ആണ് ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടു വരാൻ കഴിഞ്ഞിട്ടുള്ളത്. ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിൽ ഐ.ആർ. ഡി.പി. സർവ്വപ്രകാരം ധനസഹായം ലഭിച്ചവരുടെ പട്ടിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക - 2

മണ്ഡലം	സർവ്വേ ലിസ്റ്റ്		ഐ.ആർ.ഡി.പി. ധനസഹായം ലഭിച്ചവർ		ദാരിദ്ര്യരേഖയ്ക്ക് മുകളിലായവരുടെ എണ്ണം	ഇനിയും സഹായം ലഭിക്കേണ്ടവരുടെ എണ്ണം
	പട്ടികജാതി എണ്ണം	പൊതുവിഭാഗം ഉൾപ്പടെ ആകെ എണ്ണം	പട്ടികജാതി എണ്ണം	പൊതുവിഭാഗം ഉൾപ്പടെ ആകെ എണ്ണം		
1	28	184	10	17	15	169
2	20	304	11	20	11	293
3	47	225	9	21	20	205
4	29	229	8	14	11	218
5	30	141	11	16	18	123
6	17	141	6	10	9	132
7	3	181	2	8	5	177
8	50	170	5	13	7	163
9	28	159	6	13	8	151
10	81	292	17	33	17	175
11	30	159	4	8	5	154
12	38	112	11	15	6	106
ആകെ	401	2297	110	188	132	2066

തയ്യാറാക്കപ്പെട്ടിട്ടുള്ള ഐ.ആർ.ഡി.പി. ലിസ്റ്റിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒട്ടനവധി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടില്ല. അവരെക്കൂടി ഉൾപ്പെടുത്തി ഐ.ആർ.ഡി.പി. ലിസ്റ്റ് നവീകരിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ മുകളിൽ കാണിച്ചിട്ടുള്ള പട്ടികയിലേതിനെക്കാൾ സഹായം ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം വളരെ കൂടുതലാണ്.

ഐ.ആർ. ഡി.പി. പരിധി 10000 രൂപ എന്നത് 25000 ആയി ഉയർത്തേണ്ടത് പലത് കൊണ്ടും അനിവാര്യമാണ്. പരിധി വർദ്ധിപ്പിക്കുന്നത് വഴി സഹായമാവശ്യമുള്ള യഥാർത്ഥ കുടുംബങ്ങളുടെ എണ്ണം ഇനിയും വളരെ കൂടുതലാകും എന്നതാണ് യാഥാർത്ഥ്യം. ക്രീയാത്മകവും ത്വരിതഗതിയിലുള്ളതുമായ നിരവധി പദ്ധതികൾ ഇതിലേക്കായി നടപ്പാക്കേണ്ടിയിരിക്കുന്നു. ദേശസാൽകൃത ബാങ്കുകളായ ആദിച്ചനല്ലൂർ കാനറാ ബാങ്ക്, കൊട്ടിയം യൂണിയൻ ബാങ്ക്, ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവ കൂടുതൽ ക്രിയാത്മകമായ സഹകരണം നൽകേണ്ടിയിരിക്കുകയാണ്. ഗുണഭോക്താക്കളെ കണ്ടെത്തുവാനുള്ള സർവ്വേ അതാതു സാമ്പത്തിക വർഷം തന്നെ നടത്തേണ്ടത് ആവശ്യമാണ്. പഞ്ചായത്തിലെ ജനങ്ങളിൽ നിന്നും നിക്ഷേപം ഇനത്തിൽ 12 കോടിയോളം രൂപ ബാങ്കുകളിൽ എത്തുന്നുവെങ്കിലും വായ്പ നൽകുന്ന കാര്യത്തിൽ ബാങ്കുകൾ പിന്നോക്കമാണ്. ഈ നില മാറ്റി വായ്പാ അനുപാതം വർദ്ധിപ്പിക്കണം.

D.W.C.R.A സഹായലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി 16 ഉം അതിലധികവും സ്ത്രീകളെ ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A. 1994-'95 കാലയളവിൽ ആദ്യമായി തഴുത്തല സർക്കിളിൽ 9-ാം മണ്ഡലത്തിൽ 10 പേരെ ഉൾപ്പെടുത്തി റെഡിമെയ്ഡ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ഒരു ആസ്ഥാനമില്ലാതെ വന്നതുകൊണ്ടും കൂട്ടായ പ്രവർത്തനവും ബാങ്ക് വായ്പാ തിരിച്ചടവുമില്ലാത്ത സ്ഥിതിയിൽ യൂണിറ്റ് സ്തംഭനാവസ്ഥയിലാണ്. ആദിച്ചനല്ലൂർ സർക്കിളിൽ ബാങ്ക് സഹായം ലഭ്യമല്ലാത്തതിനാൽ യൂണിറ്റ് ആരംഭിച്ചിട്ടില്ല. ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടുള്ള നിരവധി നിർദ്ദേശങ്ങൾ പരിഗണിച്ച് പുതിയ യൂണിറ്റുകൾ വ്യാപകമായി ആരംഭിക്കാവുന്നതാണ്.

ട്രൈസം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ 18 നും 35 നും മദ്ധ്യേ പ്രായമുള്ള തൊഴിൽ സന്നദ്ധരായ യുവതീ യുവാക്കളെ തെരെഞ്ഞെടുത്ത് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. വികസന ബ്ലോക്കുകൾ വഴി നടത്തുന്ന ഈ പ്രവർത്തനം സാമൂഹ്യക്ഷേമ രംഗത്ത് ഏറെ സാദ്ധ്യത ഉള്ളതാണെങ്കിലും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കേവലം 15 പേരെ മാത്രമേ പഞ്ചായത്തിൽ നിന്ന് തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളു. ഈ പദ്ധതി വ്യാപകമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്ത് പ്രവർത്തിക്കണം.

ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീന തൊഴൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് ടൂൾകിറ്റ്. ഈ പട്ടികയിൽ വരുന്ന വിശ്വകർമ്മ കുടുംബങ്ങൾക്കും മറ്റും ഈ പദ്ധതി നടപ്പാകുന്നത് വളരെയധികം പ്രയോജനം ചെയ്യും.

സ്പെഷ്യൽ കമ്പോണന്റ് സ്കീമിൽ ഉൾപ്പെടുത്തി പട്ടികജാതി വഭാഗത്തിനുള്ള സഹായം ആദിച്ചനല്ലൂർ അഗ്രോസർവ്വിസ് സെന്റർ വഴി വിതരണം ചെയ്തിട്ടുണ്ട്. ടാർപാളിൻ-5, മൺവെട്ടി-25, കുന്താലി-25, പിക്കാസ്-15, വെട്ടുകത്തി-15, സിക്കിൾ-25, കലപ്പ-10, പാൻ-20, കുട്ട-20, മരുന്നുതളിക്കാനുള്ള പമ്പ്-2, ടാക്ടർ & ഓടയ്ലർ -1 എന്നീ നിലയിൽ വിതരണം ചെയ്തിട്ടുണ്ട്.

C.R.S.P. കക്കൂസ്

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P. ഇതു പ്രകാരം പഞ്ചായത്തിൽ വിതരണം ചെയ്ത കക്കൂസുകളുടെ പട്ടിക ചുവടെ ചേർക്കുന്നു. ഇത്തിക്കര ബ്ലോക്കു മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കുന്നു.

പട്ടിക-3

C.R. S. P. കക്കൂസുകൾ സംബന്ധിച്ച വിവരം

മണ്ഡലങ്ങൾ	ആവശ്യക്കാർ	ലഭിച്ചവർ	പൂർത്തിയാക്കിയവർ	ലഭിക്കേണ്ടവർ
1	47	15	14	32
2	44	11	11	33
3	41	9	8	32
4	39	12	12	27
5	40	17	12	23
6	28	8	7	20
7	34	4	3	27
8	23	3	1	20
9	49	4	2	39
10	34	2	2	28
11	23	7	6	37
12	43	13	8	31
ആകെ	445	105	81	349

പദ്ധതികൾ നടപ്പാക്കിയ ശേഷവും ആവശ്യക്കാരുടെ പട്ടികയിൽ ഗണ്യമായ കുറവ് വന്നിട്ടില്ലെന്ന് മേൽപ്പട്ടികയിൽ നിന്നും നമുക്ക് വ്യക്തമാകും. പൂർത്തിയാക്കാത്തവയായി 81 എണ്ണം അവശേഷിക്കുന്നത് അനുവദിച്ച തുകയുടെ പോരായ്മ കൊണ്ട് കൂടിയായതിനാൽ സാമ്പത്തിക സഹായത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിലേക്ക് വിരൽ ചൂണ്ടുന്നു. വലിയ ആരോഗ്യപ്രശ്നമായി ഇതിനെ കണ്ടുകൊണ്ട് യൂനിസെഫിന്റെയും ലോകാരോഗ്യസംഘടനയുടെയും, വിവിധതരം സ്കീമുകൾ സി.ആർ.എസ്.പി.യോടൊപ്പം പഞ്ചായത്തു തലത്തിൽ നടപ്പാക്കേണ്ടതാണ്. ദീർഘ കാലം നിണ്ടുനിൽക്കുന്ന ചെലവു കുറഞ്ഞ ഇരട്ടക്കുഴി കക്കൂസുകളുടെ നിർമ്മാണവും പ്രചാരണവും വ്യാപകമാക്കേണ്ടിയിരിക്കുന്നു.

വില്ലേജ് ഓഫീസുകൾ

വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂവകുപ്പ് വിവിധ പെൻഷനുകളും നിർദ്ധനരായ വിധവകളുടെ മക്കൾക്കുള്ള വിവാഹധനസഹായങ്ങളും നൽകുന്നുണ്ട്. കൂടാതെ അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയ പദ്ധതികളും നിലവിലുണ്ട്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ല എന്നതും അനർഹരായ കുറെപ്പേർക്കെങ്കിലും ആനുകൂല്യം ലഭിക്കുന്നതും ക്ഷേമപദ്ധതി കളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോദ്ധ്യപ്പെടുന്നതാണ്. ചാത്തന്നൂർ താലൂക്ക് എന്നത് നിലവിൽ വരുകയാണെങ്കിൽ അർഹതപ്പെട്ടവർക്ക് നേരിട്ട് ബന്ധപ്പെടുന്നതിന് സൗകര്യപ്രദമായിരിക്കും. ഈ പദ്ധതികളുടെയെല്ലാം ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതും ഗുണകരമായിരിക്കും.

പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ പെൻഷൻ ലഭിക്കില്ല എന്ന ഉപാധി മാറ്റി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം. 1996 ൽ 70 പേർക്ക് വിധവാപെൻഷൻ ലഭിക്കുന്നുണ്ട്. 25 അപേക്ഷകർ അപേക്ഷ നൽകി കാത്തിരിക്കുന്ന സ്ഥിതിയുണ്ട്.

വാർദ്ധക്യകാല പെൻഷൻ 6 പേർക്ക് മാത്രമാണ് ഇപ്പോൾ വിതരണം ചെയ്തിട്ടുള്ളത്. ഇതു

അർഹരായവരെ കൂടുതലും ഒഴിവാക്കിയിട്ടുണ്ടെന്നുള്ളതിന് തെളിവാണ്. അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ ലഭിക്കുന്നതിന് നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു.

വികലാംഗ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന് ഏറെ ബുദ്ധിമുട്ടുളുണ്ട്. ഇത് പരിഹരിക്കുന്നതിന് വേണ്ട ജനകീയ സംവിധാനം ഉണ്ടാകുന്നില്ല. പരമാവധി പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

വളരെയധികം കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നില്ല. നാമമാത്രമായി മാത്രമാണ് പെൻഷൻ വിതരണം നടക്കുന്നത്. അർഹരായവരെ തെരഞ്ഞെടുക്കാനും, വിതരണം ചെയ്യുവാനുമുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുന്നതാണ് ഉത്തമം. അർഹരായവരുടെ തെരഞ്ഞെടുത്ത ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും വേണം.

തൊഴിലില്ലായ്മാ വേതനം

വളരെയധികം യുവതി യുവാക്കൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും ജില്ലയിലെ ഒരു ആസ്ഥാനത്ത് നടത്തുന്ന വിതരണ രീതി മാറ്റി അതതു പഞ്ചായത്തു മേഖലകളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമം ഉണ്ടാകണം. നിബന്ധനയ്ക്ക് വിരുദ്ധമായി വേതനം പറ്റുന്നവരെ ഒഴിവാക്കുന്നതിനും ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതാണ്.

അംഗനവാടികൾ

സാമൂഹ്യ ക്ഷേമരംഗത്തു അടിസ്ഥാന പരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ 12 മണ്ഡലങ്ങളിലായി 21 എണ്ണം പ്രവർത്തിക്കുന്നു. ഇതിൽ ഒരെണ്ണം കോരളാ സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡിന്റെ ചുമതലയിൽ ആദിച്ചനല്ലൂർ വനിതാസമാജം ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്നവയും ബാക്കി I.C.D.S. ന്റെ ചുമതലയിലും നടക്കുന്നു. 1000 പേർക്ക് ഒരു അംഗനവാടി എന്നതാണ് I.C.D.S. ലക്ഷ്യം. അതിൻപ്രകാരം ഇനി 11 അംഗൻവാടികൾ കൂടി പുതിയതായി സ്ഥാപിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ രണ്ടാം മണ്ഡലത്തിൽ അംഗനവാടികൾ ഇല്ല എന്നതും എടുത്തു പറയേണ്ട വസ്തുതയാണ്. അംഗനവാടികളിൽ കുട്ടികളുടെ ബാഹുല്യം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നു കയറ്റം പഞ്ചായത്തിലും പ്രകടമാണ്. പഞ്ചായത്തിലെ കൈതക്കുഴി, മൈലക്കാട്, കൊട്ടിയം അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമോ, വസ്തുവോ ഇല്ലാത്ത സ്ഥിതിയാണ്. നിലവിലുള്ള അംഗനവാടികളിൽ മിക്കതിലും കുടിവെള്ളം, കക്കൂസ്, വൈദ്യുതി , കളിസ്ഥലം, ചുറ്റുമതിൽ എന്നിവയുടെ അപര്യാപ്തതയുണ്ട്. പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് നിലവിലുള്ള സംവിധാനം അപര്യാപ്തമാണ്. കളിപ്പാട്ടങ്ങളും, കളിസ്ഥലങ്ങളും ഇല്ലാത്ത സ്ഥിതിയിൽ മാറ്റമുണ്ടാക്കുകയും വേണം. പുതിയ തലമുറയെ വർത്തെടുക്കുന്ന അംഗനവാടികളിലെ ജീവനക്കാരുടെ (വർക്കർ, ഹെൽപ്പർ) സ്ഥിതിയും പരിതാപകര മാണ്. രാവിലെ 9 മണിമുതൽ വൈകിട്ട് 3.30 വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹ സന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും ഉണ്ട്. പല പ്പോഴും ഇവരിലൊരാൾ മാത്രം ജോലിക്ക് ഹാജരാകുന്ന സ്ഥിതിയും നിലവിലിരിക്കുന്നു. ജീവനക്കാരിൽ ഉത്തരവാദിത്വബോധവും കാര്യക്ഷമതയും വർദ്ധിപ്പി

പട്ടിക -4

കുട്ടികളുടെ ആരോഗ്യപോഷണനിലവാരം

പ്രായം	നോർമൽ		ഒന്നാംഗ്രേഡ്		രണ്ടാംഗ്രേഡ്		മൂന്നാംഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	162	151	75	61	4	6	–	–
1-3 വയസ്സു വരെ	253	231	120	114	28	25	–	–
3-6 വയസ്സുവരെ	300	217	138	157	32	31	–	–

ക്കുന്നതിന് അവരുടെ സേവനവേതന വ്യവസ്ഥകൾ കാലാനുസൃതമായി പുതുക്കുവാനും ക്രമമായി പരിശീലനം നൽകുവാനും ഏർപ്പാടുകളുണ്ടാവണം. അംഗനവാടികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ രക്ഷാകർത്തൃസമിതികൾ രൂപീകരിക്കണം.

അംഗനവാടികളുടെ വിവരം

അംഗൻവാടി രജിസ്റ്ററുകളിലെ കണക്കുപ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 32640 ആണ്. ഇതിൽ 16204 പുരുഷന്മാരും 16436 സ്ത്രീകളുമുണ്ട്. പട്ടികജാതിക്കാരുടെ എണ്ണം 5138 ആണ്. I.C.D.S. ന്റെ നിയന്ത്രണത്തിലുള്ള ആകെ 20 അംഗൻ വാടികളിലായി 2336 കുട്ടികളുള്ളതിൽ ഒരു വയസ്സിൽ താഴെ 493 ഉം ഒന്നിനും രണ്ടിനും ഇടയിൽ 468 ഉം. രണ്ടിനും മൂന്നിനും ഇടയിൽ 557 ഉം മൂന്നിനും അഞ്ചിനും ഇടയിൽ 788 ഉം കുട്ടികളുണ്ട്. 242 ഗർഭിണികളിൽ 80 പേർക്ക് പ്രത്യേകപരിചരണം ആവശ്യമാണെന്ന് 1996-97 ലെ കണക്കുകൾ സൂചിപ്പിക്കുന്നു. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 214 ആണ് 1996 ൽ 13 ശിശുമരണങ്ങൾ സംഭവിച്ചിട്ടുണ്ട്. ചാപിള്ളയായി മൂന്നും ഒരു വയസ്സുതികയും മുമ്പെ ഏഴും 3 വയസ്സിനുള്ളിൽ ഒരു കുട്ടിയും 3 മുതൽ 6 വരെ വയസ്സിനുള്ളിൽ 2 കുട്ടികളും മരണമടഞ്ഞിട്ടുണ്ട്. 5 അമ്മമാരും 96 ൽ മരണപ്പെട്ടു. അംഗനവാടികൾ വഴി 1014 കുട്ടികൾക്കും 149 ഗർഭിണികൾക്കും 135 അമ്മമാർക്കും അനുപൂരക പോഷാകാഹാരം വിതരണം ചെയ്തിട്ടുണ്ട്. അംഗൻവാടികൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 6 ൽ കൊടുത്തിരിക്കുന്നു.

പട്ടിക -5

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്

കുട്ടികളുടെ	B.C.G	D.T.P.				പോളിയോ				D.T				മീസിൽസ്
പ്രായം		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിൽതാഴെ	427	355	343	335	102	351	337	323	74	86	22	6	14	185
1-3 വയസ്സുവരെ	511	563	500	180	333	457	417	437	247	7	3	-	14	351
3-6 വയസ്സുവരെ	486	784	781	781	457	741	738	732	436	11	87	80	56	552

ടെറ്റനസ് ടോക്സോയിഡ് (T.T)

ഇരുമ്പ്/ഫോളിക് ആസിഡ് ഗുളികൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 264 ഉം കുട്ടികളുടെ എണ്ണം 975 ഉം വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 1116 ഉം ആണ്. 1996-ൽ 534 പേർ ആശുപത്രി കളിലും 50 പേർ വീട്ടിലും പ്രസവിച്ചതായി കണക്കു കൾ വ്യക്തമാക്കുന്നു.

പട്ടിക -7

ഗർഭിണികളുടെ	1 D	2 D	B D
എണ്ണം	235	190	20

നിർദ്ദേശങ്ങൾ

1. അംഗൻവാടി വാർഷിക മെയിന്റനൻസിന് ഐ.സി.ഡി.എസ്. ഗ്രാന്റിന് പുറമേ ജെ.ആർ. വൈ ഫണ്ട്കൂടി ഉപയോഗപ്പെടുത്തണം.
2. ഡി.ഡബ്യു. സി.ആർ. എ യൂണിറ്റുകൾ നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം അംഗൻവാടി കൾക്ക് ലഭ്യമാക്കുക.
3. ശുചിത്വപരിപാലനത്തിന് അംഗൻവാടികളിൽ പാഴ് വസ്തുക്കളും മലിനവസ്തുക്കളും നീക്കം ചെയ്യാൻ സംവിധാനമുണ്ടാക്കുക.
4. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ശിശുവിഹാറിന് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഏർപ്പെടുത്തുക. കളിസ്ഥലവും കളിക്കോപ്പുകളും അനുവദിക്കുക.
5. അംഗൻവാടി ജീവനക്കാരേയും സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവന-വേതന വ്യവസ്ഥകളുയർത്തുക.
6. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ഒഴിവുകൾ വേഗത്തിൽ നികത്തുകയും ചെയ്യുക.
7. ജീവനക്കാർക്ക് പ്രവർത്തന്മുഖ ക്ലാസ്സുകൾ തുടർച്ചയായി നൽകുക.

പട്ടിക 6

അംഗൻവാടികളുടെ വിവരങ്ങൾ

മണ്ഡലം നമ്പരും പേരും	അംഗൻവാടികളുടെ എണ്ണം	ക്രമനമ്പർ	അംഗൻവാടി നമ്പർ	കുട്ടികളുടെ എണ്ണം	സ്ഥലം		കെട്ടിടം		കക്കൂസ്		കിണർ		ചുറ്റുമതിൽ		അറ്റകുറ്റപ്പണികൾ ആവശ്യമുള്ളത്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	
I കുമ്മല്ലൂർ	1	1	16	16	✓		✓		✓		✓			✓	
II കൈതക്കുഴി കിഴക്ക്	Nil	2	-	-	-	-	-	-	-	-	-	-	-	-	-
III കൈതക്കുഴി	2	3	14	18	✓		✓		✓			✓		✓	
		4	15	28	✓			✓		✓		✓		✓	
IV ആദിച്ചനല്ലൂർ	1	5	13	15	✓		✓		✓			✓		✓	
V പ്ലാക്കാട്	2	6	10	17	✓		✓			✓		✓		✓	
		7	12	21	✓		✓			✓	✓			✓	✓
VI മൈലക്കാട്	4	8	7	10	✓		✓		✓		✓			✓	
		9	8	17	✓		✓		✓			✓		✓	
		10	9	18	✓		✓		✓		✓			✓	
		11	127	13	✓			✓	✓			✓		✓	
VII വടക്കേ മൈലക്കാട്	1	12	4	23	✓		✓			✓	✓		✓		
VIII തഴുത്തല വടക്ക് - A	3	13	2	26	✓		✓		✓		✓		✓		
		14	3	23	✓		✓		✓		✓		✓		
		15	109	30	✓		✓			✓		✓		✓	
IX തഴുത്തല വടക്ക് - B	1	16	108	28	✓		✓			✓		✓		✓	
X തഴുത്തല വടക്ക് - C	2	17	1	21	✓		✓		✓			✓		✓	
		18	11	24	✓		✓		✓			✓		✓	
XI തഴുത്തല തെക്ക് - A	2	19	5	31	✓		✓		✓		✓			✓	
		20	126	25	✓			✓	✓			✓		✓	
XII തഴുത്തല തെക്ക് - B	1	21	6	16	✓		✓			✓		✓	✓		
ആകെ	20			420	20	-	17	3	13	7	8	12	4	16	1

പ്രത്യേക ഘടക പദ്ധതി

പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് കൈത്തറി പരിശീലനത്തിനുള്ള സ്റ്റൈഫന്റായി 40 രൂപ 165500 ചെറുകിട വ്യവസായ യൂണിറ്റു വഴി പ്ലാക്കാട് ഹരിജൻ കൈത്തറിസഹകരണസംഘത്തിന് നൽകിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും ഇത് പരിപൂർണ്ണ വിജയമായി നടപ്പിലാക്കുകയും തൊഴിൽ വിദഗ്ദ്ധരെ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്.

പട്ടിക-8

വർഷം	പരിശീലകരുടെ എണ്ണം	സ്റ്റൈപന്റിനത്തിൽ ചെലവഴിച്ച തുക
1992	10	34,300
1995	20	83,000
1996	10	48,200
ആകെ	40	1,65,500

ക്ഷേമനിധികൾ

1. കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ കെട്ടിടനിർമ്മാണരംഗത്ത് പണിയെടുക്കുന്നവരുണ്ടെങ്കിലും മുഴുവനാളുകളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. തൊഴിലാളികളുടെ ആരോഗ്യസ്ഥിതി പരിഗണിച്ച് പെൻഷൻപ്രായം 55 ആയി കുറയ്ക്കേണ്ടതാണ്.

2. കൈത്തൊഴിൽ വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ തൊഴിലാളികൾ, ബാർബർമാർ, കൊല്ലന്മാർ, മരംകയറ്റത്തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ, വാച്ച്, സൈക്കിൾ എന്നിവ റിപ്പയർ ചെയ്യുന്നവർ, കൊപ്രാസംസ്കരണ തൊഴിലാളികൾ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധിയുണ്ടെങ്കിലും പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല. പഞ്ചായത്തിലെ വയർകട്ട് ബ്രിക്സ് കമ്പനികൾ, ഹോളോ ബ്രിക്സ് കമ്പനികൾ, നാടൻ ഇഷ്ടികനിർമ്മാണം എന്നിവയിലെ തൊഴിലാളികളെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരേണ്ടതാണ്. ഇതോടൊപ്പം കർഷകതൊഴിലാളികൾക്കുള്ള ക്ഷേമനിധിപ്രവർത്തനം വ്യാപകമാക്കേണ്ടതുണ്ട്.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ടകാര്യങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുവാനും അർഹരായവർക്ക് ലഭ്യമാക്കുവാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കുകയും അതാതു ഗ്രാമസഭകൾ അതിനു കീഴിൽ 50 വീടുകൾ ഉൾക്കൊള്ളുന്ന അയൽക്കൂട്ട കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്യുന്നത് പ്രയോജനപ്രദമായിരിക്കും.

പൊതുവിതരണം

പഞ്ചായത്തിലെ പൊതുവിതരണമേഖലയിലെ പ്രവർത്തനം ഒട്ടുംതന്നെ തൃപ്തികരമല്ല. ഇതുമൂലം സമൂഹത്തിലെ എല്ലാതലങ്ങളിലുംപെട്ടവർക്ക് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാവുന്നുണ്ട്.

തഴുത്തല, ആദിച്ചനല്ലൂർ വില്ലേജ് അതിർത്തികളിലെ പ്രധാനകേന്ദ്രങ്ങളായ കൊട്ടിയം, ആദിച്ചനല്ലൂർ എന്നിവിടങ്ങളിൽ പൂർണ്ണതോതിലുള്ള മാവേലി സ്റ്റോറുകൾ ആരംഭിച്ചെങ്കിലേ മതിയാവൂ. നമ്മുടെ പഞ്ചായത്തിൽ മാവേലി സ്റ്റോറുകളില്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ വർണ്ണനാതീതമാണ്. സ്വകാര്യവ്യാപാരികളുടെ അമിതമായ ചൂഷണത്തിൽ നിന്നും ഉപഭോക്താക്കളെ സംരക്ഷിക്കേണ്ടത് അനിവാര്യമായിരിക്കുന്നു.

പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളിൽ കൊട്ടിയം ഈസ്റ്റിലെ രണ്ടും പ്ലാക്കാട് മേഖലയിലെ ഒന്നും കേന്ദ്രങ്ങൾ മാസങ്ങളായി അടഞ്ഞുകിടക്കുകയാണ്.

പഞ്ചായത്തിലെ ഏക സഹകരണബാങ്കായ ആദിച്ചനല്ലൂർ ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പരിമിതമായ നിലയിൽ നടത്തപ്പെടുന്ന ഓണച്ചന്തകളാണ് ഏക ആശ്വാസം. വിലക്കയറ്റം ക്രമാതീതമായി ഉയരുന്ന റംസാൻ, വിഷു, ക്രിസ്തുമസ് എന്നീ സീസണുകളിൽക്കൂടി ഓണച്ചന്തകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതോടൊപ്പം സഞ്ചരിക്കുന്ന മാവേലിസ്റ്റോറും ഉപഭോക്തൃ സഹകരണസംഘവും ആരംഭിക്കുന്നത് പൊതുജനങ്ങൾക്ക് ഏറെ ആശ്വാസപ്രദമായിരിക്കും.

റേഷൻഷോപ്പുകൾ (പൊതുവിതരണകേന്ദ്രം)

റേഷൻഷോപ്പുകൾ പൊതുവിതരണകേന്ദ്രമായ


തോടുകൂടി പ്രവർത്തനം അവതാളത്തിലാണ്. അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയായ പൊതുവിതരണകേന്ദ്രങ്ങളെ 1966 ലെ റേഷനിംഗ് ആക്ട് പ്രകാരമുള്ള "റേഷൻഷോപ്പു"കളാക്കി മാറ്റണം. പഞ്ചായത്തിലെ റേഷൻഷോപ്പുകളുടെ പൂർണ്ണമായ അധികാരം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ പരാതികൾക്ക് പരിഹാരം കാണേണ്ടതാണ്.

റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണുവാൻ ഏർപ്പാടുണ്ടാക്കണം. ഇതിനോടൊപ്പം താലൂക്ക് സപ്ലൈ ആഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം. പുറമ്പോക്കിലും മറ്റും താമസിക്കുന്ന അനധികൃത താമസക്കാർക്ക് റേഷൻകാർഡ് ലഭിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കുവാനും കുറ്റമറ്റതാക്കുവാനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുവാനും പഞ്ചായത്തിൽ ഉപഭോക്തൃസംരക്ഷണസമിതി രൂപീകരിക്കണം.


നിർദ്ദേശങ്ങൾ

1. സഹകരണപൊതുവിതരണ മേഖലകൾ കാര്യക്ഷമമാക്കണം.
2. നാളീകേരം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് പഞ്ചായത്തിലെ രണ്ടുകേന്ദ്രങ്ങളിലെങ്കിലും ആഴ്ചച്ചന്തകൾ സംഘടിപ്പിക്കണം.
3. സഹകരണമേഖലയിൽ ഒരു പൊതുമാർക്കറ്റ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണം.
4. സഹകരണാടിസ്ഥാനത്തിൽ സഹകരണ ബാങ്കിന്റെയും പഞ്ചായത്തിന്റെയും സ്വകാര്യവ്യക്തികളുടെയും പങ്കാളിത്തത്തോടെ നാളീകേരം, നെല്ല്, എന്നിവ ഉപയോഗിച്ചുള്ള ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും സംവിധാനമുണ്ടാക്കണം.
5. എല്ലാ കാർഷികവിളകളിൽനിന്നും ഭക്ഷ്യോല്പന്നങ്ങളുടെ നിർമ്മിതിയും വിപണനവും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

സാധാരണക്കാരന്റെ ജീവിതവുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കപ്പെടേണ്ടത് അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. അതോടൊപ്പം മുകളിൽ പ്രസ്താവിച്ച പാർപ്പിടപ്രശ്നങ്ങളും സാമൂഹ്യക്ഷേമ പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന ആശ്വാസ പദ്ധതികൾ നിയമങ്ങളുടെ നൂലാമാലകളിലും സർക്കാരിന്റെ ചുവപ്പുനാടകളിലും കുടുങ്ങി പാവപ്പെട്ടവരിലെത്താതെ പോകുന്നു.



V- 8 സംസ്കാരം



"പാരിന്റെ നന്മയ്ക്കത്രേ
പാഴ് വമ്പ് കാട്ടാനല്ലീ
യാരണ്യപിതാക്കൾ ത-
ന്നാത്മീയ ധനം കുഞ്ഞേ"

-ബാലാമണിയമ്മ-

സമുന്നതമായ ഒരു സംസ്കാരത്തിന്റെ ഉത്കൃ, ഷ്ടപാരമ്പര്യവുമായി ഐതിഹ്യപ്രസിദ്ധമായ ആദിച്ച നല്ലൂർ ഇത്തിക്കരയാറിന്റെ കരയിൽ തലയുയർത്തി നിൽക്കുന്നു. കളകളം പാടി ഒഴുകുന്ന നദികളും പച്ചവിരിച്ച് നിൽക്കുന്ന പാടങ്ങളും മനസ്സിനെ കുളിരണിയിക്കുന്നു. ആധുനിക പട്ടണനിവാസികളുടെ കാപട്യം കടന്നു വന്ന് വിഷലിപ്തമാക്കിയിട്ടില്ലാത്ത കേരള ഗ്രാമം കായികശേഷികൊണ്ട് ജനതയിൽ ഭയവും അത്ഭുത വും ജനിപ്പിച്ച 'ആദിച്ച''ന്റെ '' നല്ല ഊര്''. പാവപ്പെട്ടവന്റെ അദ്ധ്വാനശേഷി മുതലെടുത്ത് അവന്റെ രക്തത്തിന് മുകളിൽ കൊട്ടാരങ്ങൾ പണിത ജന്മി വർഗ്ഗത്തിന്റെ കരങ്ങളിൽ നിന്ന് സ്വത്ത് തട്ടിയെടുത്ത് പാവപ്പെട്ടവന് നൽകി സോഷ്യലിസം നടപ്പാക്കിയ കായികമല്ലൻ ഇത്തിക്കരപക്കിയുടെ നാട്. പ്രാചീന കവിയുടെ തൂലികയ്ക്ക് വിഷയീഭവിച്ച'' പെരുമാൾ '' കുടികൊള്ളുന്ന പ്രദേശം. ഒട്ടനവധി സാഹിത്യകാരൻമാരെയും കവികളെയും പണ്ഡിതൻമാരെയും കൈരളിയ്ക്ക് സമ്മാനിച്ച ഗ്രാമം. അങ്ങനെ ഈ കൊച്ചുഗ്രാമത്തിന്റെ നെറുകയിൽ ചൂടാൻ എത്രയെത്ര പുഷ്പങ്ങൾ.

ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചയ്ക്കെതിരെ ഭാരതത്തിൽ ചീറിയടിച്ച പ്രചണ്ഡവാതം ഈ കൊച്ചു ഗ്രാമത്തിലും ജനങ്ങളിലും സമരാഗ്നിയായി പടർന്നു. ബ്രിട്ടീഷ്കാരുടെ കാല്ക്കീഴിൽ നിന്ന് ഭാരതാംബയെ മോചിപ്പിക്കാൻ ഒടുങ്ങാത്ത സമരാവേശവുമായി ഒരു യുവനിരയിവിടെയുമുണ്ടായി. ബ്രിട്ടീഷുകാരന്റെ ബൂട്ടിനടീൽ എത്ര പേർ ഞെരിഞ്ഞമർന്നു. അവരുടെ ഓർമ്മയ്ക്ക് മുമ്പിൽ ഒരു പിടിപുഷ്പങ്ങൾ അർപ്പിക്കാതെ ആർക്കും ആദിച്ചനല്ലൂർ പഞ്ചായത്തിന്റെ ചരിത്ര ത്തിലൂടെ നടക്കാൻ കഴിയില്ല.

കഴിഞ്ഞു പോയ കാലത്തിലേക്ക് തിരിഞ്ഞ് നോക്കു മ്പോൾ വിവിധങ്ങളായ ശ്രോതസ്സുകളിൽ ഈ ഗ്രാമസംസ്കൃതിയും പരിപോഷകങ്ങളായി പരിണമിച്ചത് കണ്ടെത്താനാകും. ഔപചാരിക- അനൗപചാരിക വിദ്യാഭ്യാസങ്ങൾക്കാണ് അവയിൽ പ്രഥമ സ്ഥാനം എസ്. എസ്. എൽ. സി. പരീക്ഷയിൽ നൂറ് ശതമാനം ഫലം നേടുന്ന കൈതക്കുഴി ഇംഗ്ലീഷ് മീഡി യം സ്കൂൾ, കൈതക്കുഴി ഗവ: എൽ. പി.എസ്, ആദിച്ച നല്ലൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് ഹൈസ്കൂൾ, പഞ്ചായത്ത് യു.പി. എസ്, മൈലക്കാട് ഗവ. എൽ. പി. എസ്സ്, തഴുത്തല മുസ്ലീം യുപി.എസ്, കൊട്ടിയം സി. എഫ്. എച്ച്. എസ്, കൊട്ടിയം നിത്യ സഹായമാതാ ഗേൾസ് ഹൈസ്കൂൾ,

ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, കൊട്ടിയം എന്നീ സ്ഥാപനങ്ങൾ കൂടാതെ ഒട്ടേറെ നഴ്സറി സ്കൂളുകളും അംഗൻവാടി വിദ്യാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്.

മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളാണ് വായനശാലകളും ഗ്രന്ഥാലയങ്ങളും. ആദിച്ചനല്ലൂർ സുഭാഷ് വായനശാല - ഇന്ന് ഇത് ജനവിദ്യാകേന്ദ്രം കൂടിയാണ്. പ്ലാക്കാട് പബ്ലിക്ക് ലൈബ്രറി, മൈലക്കാട് അരുണോദയം ഗ്രന്ഥശാല എന്നീഅനൗപചാരിക വിദ്യാസ്ഥാപനങ്ങൾക്ക് അരനൂറ്റാണ്ടിലേറെ പഴക്കവും സേവനപാരമ്പര്യവുംമുണ്ട്. 'നെഹ്റു യുവകേന്ദ്ര' യുടെ സഹായത്തോടെ പ്രവർത്തിക്കുന്ന വെളിച്ചിക്കാല കൈരളി സ്പോർട്സ് & ആർട്സ് ക്ലബ്ബ്, മൈലക്കാട് വടക്ക് കൈരളി വായനശാല, പഞ്ചായത്ത് ഉടമയിൽ കൊട്ടിയത്തുള്ള ആദിച്ചനല്ലൂർ പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലുള്ള സാംസ്കാരിക കേന്ദ്രം തഴുത്തല ദേശസമാജം ലൈബ്രറി എന്നിവയൊക്കെ വൈജ്ഞാനിക സ്രോതസ്സുകളാണ്. ഇന്തോ-പാക് യുദ്ധത്തിൽ പാകിസ്ഥാൻ തകർത്ത INS കൃക്രി കപ്പലിലുണ്ടായിരുന്ന രാജ്യ ത്തിനുവേണ്ടി വീരചരമം പ്രാപിച്ച കൈതക്കുഴി ശ്രീ ബാബുവിന്റെ സ്മരണാർത്ഥം രൂപം നൽകിയ ബാബുമെമ്മോറിയൽ ലൈബ്രറിയും ഇക്കൂട്ടത്തിൽ എടുത്തുപറയത്തക്ക സ്ഥാപനമാണ്.

സാംസ്കാരികവും കലാപരവുമായ നവോത്ഥാനത്തിന്റെ പാതയിലേക്കു നയിക്കുന്ന പ്രസ്ഥാനങ്ങളാണ് കലാസാംസ്കാരിക സംഘടനകളും അമച്വർ കലാസമിതികളും കായിക സമിതികളും വനിതാ സംഘടനകളും. ഈ പ്രദേശത്ത് ചെറുതും വലുതുമായ നാൽപതോളം സംഘടനകൾ ഉണ്ട്. ഇവയിൽ പലതും അകാലത്തിൽ പൊഴിഞ്ഞു പോയിട്ടുണ്ട്;ചിലതിന്റെപ്രവർത്തനം മന്ദഗതിയിലുമാണ്. പുരാതനകാലം മുതൽക്കേ നാടകങ്ങളോടും കലയോടും ആഭിമുഖ്യവും അദമ്യമായ അഭിനിവേശവും പുലർത്തിയിരുന്ന കലാസ്നേഹികൾ ഈ രംഗത്തുണ്ടായിരുന്നു. ആദിച്ചനല്ലൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന നാടകസമിതി ഗ്രമോദ്ധാരണ കലാസമിതി മൈലക്കാട്, മൈലക്കാട് ആർട്സ് ക്ലബ്ബ്, കൊട്ടിയം ആർട്സ് ക്ലബ്ബ് എന്നീ സംഘടനകൾ ഈ രംഗത്തെ മുൻഗാമികളാണ്. ഇന്ന് പ്രൊഫഷണൽ നാടകരംഗത്ത് പ്രവർത്തിക്കുന്ന സംഘമായ 'അയനം' നാടകവേദിയും പുത്തൻപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകാനും കേരളത്തിലെ പ്രമുഖ പ്രൊഫഷണൽ സമിതികളുടെ കലാവിരുന്നുകൾ മാസംതോറും രംഗത്ത് അവതരിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന 'സമഷ്ടി' കലാ സാംസ്കാരിക വേദിയും സാമൂഹ്യസാംസ്കാരിക മാറ്റത്തിന് വേണ്ടി പ്രവർത്തിക്കുന്ന 'അസ്ക'യും ഇന്ന് കലാസാംസ്കാരിക രംഗത്ത് സജീവസാന്നിദ്ധ്യം നൽകുന്നു. ഉത്സവകാലത്തും ഓണക്കാലത്തും കലാപരിപാടികൾ അവതരിപ്പിക്കുന്ന ധാരാളം കലാസംഘടനകൾ ഈ നാട്ടിലുണ്ട്.

നിർദ്ദേശങ്ങൾ പരിഹാരമാർഗ്ഗങ്ങൾ

പഞ്ചായത്തിൽ സെന്റർ ഫോർ ആർട്സ് & കൾച്ചറൽ അസോസിയേഷൻ രൂപീകരിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്താൻ കഴിയും.

1. സാമൂഹ്യരംഗത്ത് ചലനാത്മകവും ലക്ഷ്യാധിഷ്ഠിതവുമായ സാംസ്കാരികമുന്നേറ്റം ഉണ്ടാക്കുന്ന ഗുണപരമായ നേതൃത്വം നൽകുവാൻ ഈ പഞ്ചായത്തിലെ കലാസാംസ്കാരിക വനിതാ സംഘടനകളുടെ ഐക്യനിര സൃഷ്ടിക്കുക.
2. പ്രാക്തനസംസ്കൃതിയുടെ നിദർശനങ്ങളായ പ്രാചീനകലാരൂപങ്ങളെ നിലനിർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. നാടകാദി കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് കലാസാഹിത്യപരിശീലനം നൽക്കുന്നതിനു വേണ്ടി ഒരു 'ഓപ്പൺഎയർ തിയേറ്റർ' അല്ലെങ്കിൽ 'ആഡിറ്റോറിയം' നിർമ്മിക്കുക.
4. ഗ്രന്ഥപാരായണോത്സുകരുടെ പരിപോഷണത്തിനും സാഹിത്യപുരോഗതിക്കും ജനവിദ്യാകേന്ദ്രങ്ങളിലേയും ഗ്രന്ഥാലയങ്ങളിലേയും വായനശാലകളിലേയും പ്രവർത്തകരുടെ കർമ്മമേഖല ഏകോപിപ്പിക്കുക. അവരുടെ കാര്യക്ഷമത വളർത്തുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുക.
5. സംഘടനകളുടെ പ്രവർത്തനങ്ങളെ ശാസ്ത്രീയമായി വിലയിരുത്തി വർഷം തോറും ഏറ്റവും നല്ല സംഘടനയ്ക്ക് പുരസ്കാരം നൽകുക

6. ആനുകാലിക പ്രസിദ്ധീകരണങ്ങളും പത്രങ്ങളും വരുത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക. എല്ലാ ഗ്രന്ഥാലയങ്ങൾക്കും മൂന്ന് വർത്തമാനപത്രങ്ങൾ അനുവദിക്കുക.
7. വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത സ്ഥലങ്ങളിൽ അവ സംഘടിപ്പിക്കാൻ ശ്രമിക്കുക.
8. സ്വന്തമായി കെട്ടിടമില്ലാത്ത ഗ്രന്ഥശാലകൾക്ക് കെട്ടിടനിർമ്മാണത്തിന് സ്ഥലം അനുവദിച്ച് നൽകുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

കായികരംഗം

കായികരംഗങ്ങളിൽ മഹത്തും ബൃഹത്തുമായ പാരമ്പര്യവും സവിശേഷമായ ശ്രദ്ധയും ഉള്ള ഒരു പഞ്ചായത്താണ് ആദിച്ചനല്ലൂർ. നിരവധി കായിക പ്രതിഭകളെയും സംസ്ഥാനതലത്തിൽ കായിക പരിശീലകരെയും സംഭാവന ചെയ്ത ഗ്രാമം. വോളീബാൾ താരങ്ങളുടെ കളിത്തട്ടുകളായിരുന്നു ആദിച്ചനല്ലൂർ സുഭാഷ് വായനശാലയുടെ കളിക്കളം. സുഭാഷ് ലൈബ്രറി വോളീബാൾ ക്ലബ്ബ് മുൻകാലത്ത് അഖിലകേരളാടിസ്ഥാനത്തിൽ വി.കെ കൃഷ്ണ മേനോൻ മെമ്മോറിയൽ വോളീബാൾ നടത്തി സജീവ മായി പ്രവർത്തിച്ചിരുന്നു. ഈ രംഗത്ത് ജില്ലാതല കായികതാരങ്ങളെ സൃഷ്ടിക്കു വാനും കേരളത്തിന്റെ ഇതര പ്രദേശങ്ങളിൽ സംഘടിപ്പിച്ച ജില്ലാസംസ്ഥാന മത്സരങ്ങളിൽ വിജയതിലകം അണിയിക്കുവാനും ഈ ക്ലബ്ബിന് കഴിഞ്ഞിട്ടുണ്ട്. ആ പാരമ്പര്യം ഉൾക്കൊണ്ട് കൈതക്കുഴിയിൽ ഒരു വോളീബോൾ ക്ലബ്ബ് പ്രവർത്തിക്കുന്നു. ഈ ക്ലബ്ബിലെ അംഗങ്ങളിൽ പലരും ജില്ലാ-സംസ്ഥാന കായിക താരങ്ങളാണ്. ദേശീയ നിലവാരത്തിൽ കളികൾ നിയന്ത്രിക്കാൻ യോഗ്യത നേടി ഒരു വോളീബാൾ റഫറിയായ ശ്രീ. അജയ ഘോഷിനെ സംഭാവനചെയ്യുവാൻ ഈ ക്ലബ്ബിനു കഴിഞ്ഞു.

ദേശീയതലത്തിലും യൂണിവേഴ്സിറ്റി ത ലത്തിലും മികച്ച കായികതാരങ്ങളെയും സംസ്ഥാന പരിശീലകരെയും ഈ പഞ്ചായത്ത് സംഭാവന ചെയ്തിട്ടുണ്ട്. ദേശീയലെവലിൽ കായികരംഗത്ത് മികവ് കാട്ടിയ ഉഷാരജനി (കൊട്ടിയം) അതുവഴി റെയിൽവേയിൽ തൊഴിൽ നേടി. ദേശീയതലത്തിൽ മാരത്തോൺ ഓട്ടത്തിൽ സമ്മാനങ്ങൾ വാരിക്കൂട്ടിയ മൈലക്കാട് ശ്രീ. രഘുനാഥൻപിള്ളയ്ക്ക് കേന്ദ്ര റിസർവ് പോലീസിൽ ജോലി ലഭിച്ചു.

1973-ൽ ദേശീയതലത്തിൽ കായികക്ഷമത മത്സരത്തിൽ ഇന്ത്യയിൽ അഞ്ച് പേർക്ക് അവാർഡ് നൽകിയപ്പോൾ, അതിൽ ഒരു അവാർഡ് ജോതാവ് ഈ പഞ്ചായത്തിന്റെ മുൻ പ്രസിഡന്റും കേരളത്തിന്റെ കായികരംഗത്തെ നിയന്ത്രിക്കുന്ന സ്പോർട്സ് കൗൺസിൽ അംഗവും കേരളത്തിൽ കായിക സംസ്കാരം വളർത്തിയെടുക്കാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്ന സ്പോർട്സ് കൗൺസിൽ ഉദ്യോഗസ്ഥനുമായ ശ്രീ. എം. സുന്ദരേശൻപിള്ള ആയിരുന്നു.

വർഷംതോറും കേരളാടിസ്ഥാനത്തിൽ ഫുട്ബോൾ മത്സരം സംഘടിപ്പിക്കുന്ന ഡീഗോ സ്പോർട്സ് ക്ലബ്ബ് മൈലക്കാട് കൊട്ടിയം പുലരി റീഡേഴ്സ് ഫോറം. ക്രിക്കറ്റ് ടൂർണമെന്റ് നടത്തുന്ന പി.സി.എം. സ്പോർട്സ് ക്ലബ്ബ് കലാകായികരംഗത്ത് പ്രവർത്തിക്കുന്ന കൊട്ടിയം ജവഹർ മാതൃഭൂമി സ്റ്റഡി സർക്കിൾ എന്നിവ ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. കാർഷിക സംസ്കാരത്തിന്റെ ഭാഗമായി വർഷം തോറും നടത്തി വരുന്ന 'മരമടി മഹോത്സവം' ഈ പഞ്ചായത്തിന്റെ കാർഷികോത്സവ സാംസ്കാരിക നേട്ടമാണ്.

പുതിയ തലമുറയെ കായികരംഗത്തേയ്ക്ക് ആകർഷിക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടു ക്കുന്നതിനാവശ്യമായ പരിപാടികൾ സ്കൂൾ തലത്തിൽ നടപ്പിലാക്കാത്തതാണ്. സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ പലതും ഉചിത മായ രീതിയിൽ വിനിയോഗിയിക്കാൻ പഞ്ചായത്ത് കാണിക്കുന്ന അനാസ്ഥയും ഈ രംഗത്ത് പ്രവർ ത്തിക്കുന്ന സംഘടനകളുടെ താൽപര്യമില്ലായ്മയും കായികരംഗത്തിന്റെ വളർച്ചയ്ക്ക് വിഘാതമാ വുന്നുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള ക്ലബ്ബുകളുടെ സംക്ഷിപ്ത വിവരം താഴെ പട്ടിക- 1ൽ കാണിച്ചിട്ടുണ്ട്

പട്ടിക - 1


ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ക്ലബ്ബുകളുടേയും വായനശാലകളുടേയും വിവരം

മണ്ഡലം	ക്രമ നമ്പർ	ക്ലബ്ബിന്റെ/വായനശാലയുടെ പേര്	സ്ഥലം		കെട്ടിടം	
			ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്
I	1.	കുമ്മല്ലൂർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കുമ്മല്ലൂർ		✓		✓
	2.	ജയ് ഹിന്ദ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കട്ടച്ചൽ		✓		✓
	3.	കുമ്മല്ലൂർ വായനശാല,തോണിക്കടവ്		✓		✓
II	4.	കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വെളിച്ചിക്കാല	✓		✓	
III	5.	ബ്രദേഴ്സ് വോളീബാൾ ക്ലബ്ബ്, കൈതക്കുഴി		✓		✓
	6.	ബാബു മെമ്മോറിയൽ ലൈബ്രറി, കൈതക്കുഴി	✓		✓	
IV	7.	സുഭാഷ് ലൈബ്രറി,ആദിച്ചനല്ലൂർ	✓		✓	
	8.	ജയപ്രകാശ് വോളീബാൾ ക്ലബ്ബ്, ആദിച്ചനല്ലൂർ		✓		✓
V	9.	മംഗളം കലാസാഹിത്യവേദി ആദിച്ചനല്ലൂർ		✓		✓
	10.	പ്ലാക്കാട് പബ്ലിക്ക് ലൈബ്രറി, പ്ലാക്കാട്	✓		✓	
	11.	കലാ ആർട്സ് & സ്പോർട് ക്ലബ്ബ്, പ്ലാക്കാട്		✓		✓
	12.	പഞ്ചായത്ത് സാംസ്കാരികനിലയം, പ്ലാക്കാട്	✓		✓	
VI	13.	ഡീഗോ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മൈലക്കാട്		✓		✓
	14.	പി.സി.എം ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മൈലക്കാട്		✓		✓
	15.	ഇത്തിക്കര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ഇത്തിക്കര		✓	✓	
	16.	യുവചേതനാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വ. മൈലക്കാട്		✓		✓
VII	17.	ഭാരത് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വടക്കേമൈലക്കാട്		✓		✓
	18.	കൈരളി വായനശാല, വടക്കേമൈലക്കാട്	✓		✓	
VIII	19.	തറവാട് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, തഴുത്തല		✓		✓
VIII	20.	കൈരളി ആർട്സ് & സ്പോർസ് ക്ലബ്ബ്, തഴുത്തല		✓		✓
IX	21.	പ്രതിഭാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൊട്ടിയം	✓		✓	
X	22.	തരംഗിണി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൊട്ടിയം		✓		✓
	23.	ആദിച്ചനല്ലൂർ പഞ്ചായത്ത് ലൈബ്രറി, കൊട്ടിയം	✓		✓	
XI	24.	പുലരി റിഡേഴ്സ് ഫാറം, കൊട്ടിയം	✓		✓	
	25.	വൈ.എം.എ ആർട്സ്& സ്പോർട്സ് ക്ലബ്ബ്, കൊട്ടിയം	✓		✓	
	26.	യുവദർശിനി ആർട്സ്& സ്പോർട്സ് ക്ലബ്ബ്, മൈലക്കാട്		✓		✓
	27.	ശിവാനന്ദ സ്മാരക സമിതി, കൊട്ടിയം	✓			✓
XII	28.	മിലൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൊട്ടിയം		✓		✓
	29.	റയിൻബോ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൊട്ടിയം	✓			✓
	30.	ഹെൽത്ത് ക്ലബ്ബ്, കൊട്ടിയം		✓		✓
	31.	ജവഹർ മാതൃഭൂമി സ്റ്റഡിസർക്കിൾ, കൊട്ടിയം		✓		✓
		ആകെ	12	19	11	20


പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു Information Centre ആരംഭിക്കുക.
2. മദ്ധ്യവേനൽക്കാലത്ത് കലാ സാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിനു അവസരം സൃഷ്ടിക്കുക, അവർക്ക് കലാ സാഹിത്യപരിശീലനത്തിനു കളരികൾ ഏർപ്പെടുത്തുക.
3. പഞ്ചായത്തിൽ സെന്റർ ഫോർ ആർട്സ് ആന്റ് കൾച്ചറൽ അസോസിയേഷൻ രൂപീകരിക്കുക.(CACA)
4. പഞ്ചായത്തിൽ കേന്ദ്രകായികസമിതി രൂപീകരിച്ച് സ്ഥിരം കോച്ചിംഗ് സെന്റർ സ്ഥാപിക്കുക. അവധിക്കാലസമയങ്ങളിൽ വിവിധ കോച്ചിംഗ് ക്യാമ്പുകൾ പ്രഗത്ഭരെ പങ്കെടുപ്പിച്ച് നടത്തുക.
5. ചുരുങ്ങിയത് 200 മീറ്റർ ട്രാക്ക് എങ്കിലും ഇടാവുന്ന ഒരു സ്റ്റേഡിയം സ്ഥാപിക്കുക.
6. ആദിച്ചനല്ലൂർ ചിറയിലെ രണ്ടേക്കർ സ്ഥലം നികത്തി അകയർ ചെയ്ത് ആധുനിക സൗകര്യങ്ങളോടെ ഒരു കളിസ്ഥലം നിർമ്മിക്കണം.
7. കൊട്ടിയം സി.എഫ്.എച്ച്.എസ് ഗ്രൗണ്ട് പഞ്ചായത്തിലേക്ക് സറണ്ടർ ചെയ്ത് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അവിടെയൊരു മിനി സ്റ്റേഡിയം നിർമ്മിക്കണം.
8. കുട്ടികൾക്കുവേണ്ടി മൈലക്കാട് പ്രദേശത്ത് ഒരു പാർക്കും വായനശാലയും നിർമ്മിക്കണം.

നൈതികമൂല്യങ്ങൾക്കു അനുക്ഷണം ച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലവും ലോകവും മൂല്യാപചയത്തിന്റെ അഗാധഗർത്തത്തിലേക്കു നീങ്ങികൊണ്ടിരിക്കുന്ന കാഴ്ച ഭീതി ഉളവാക്കുന്നു. ഇതിൽ നിന്നും മോചനം നേടാൻ ജീവിതത്തിന്റെ നാനാമേഖലകളിലും സാംസാകാരികമായ ഉയിർത്തെഴുന്നേൽപ് അനിവാര്യമാണ്. അതിന്നായി നമുക്ക് ശ്രമിക്കാം. ആലസ്യത്തിൽ നിന്നും ഉണരുക. ജാഗരൂകരാവുക ഉത്തിഷ്ഠത ജാഗ്രത .



V - 9 വനിതാക്ഷേമം



"പേരറിയാത്തൊരു പെൺകിടാവേ
നിന്റെ നേരറിയുന്നു ഞാൻ പാടുന്നു."
- ഓ.എൻ. വി -

1957 മുതൽ വനിതാ വിമോചന പ്രസ്ഥാനങ്ങൾ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ സജീവമായിരുന്നു. 1959.ൽ കൊടുങ്ങല്ലൂരിൽ നടന്ന അഖില കേരള വനിതാ വിമോചന പ്രസ്ഥാനത്തിന്റെ സമ്മേളനത്തിൽ പ്ലാക്കാട് പ്രദേശത്ത് നിന്നും വനിതകൾ പങ്കടുക്കുകയും വനിതകളുടെ പ്രശ്നങ്ങൾ ശ്രദ്ധേയമാംവണ്ണം അവതരിപ്പിക്കുകയും ചെയ്തു.

1940 കളിൽ പൊതുരംഗത്ത് വനിതാപ്രാതിനിധ്യം ഇല്ലായിരുന്നു എന്നുതന്നെ പറയാം. 1957 മുതൽ അവർ നമ്മുടെ പഞ്ചായത്തിൽ പൊതുരംഗത്ത് കടന്നുവന്നു. ജനാധിപത്യ മഹിളാഅസോസിയേഷന്റെ രണ്ടുകമ്മിറ്റികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും സാമൂഹ്യപ്രവർത്തനമഖലകളിൽ സ്ത്രീ പങ്കാളിത്തം കുറവാണ് എന്നാൽ വനിതകളെ പ്രവർത്തനരംഗത്ത് കൊണ്ടുവരുന്നതിൽ ഈ സംഘടനകൾക്ക് ഒട്ടുവളരെ കാര്യങ്ങൾ ചെയ്യാൻ കഴിയും. രണ്ട് വനിതാ സമാജങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ ഏറെകുറെ നിർജ്ജീവാവസ്ഥയിലാണ്. 1991-ലെ സെൻസസ് പ്രകാരം ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ വനിതകളുടെ എണ്ണം 15,450 ആണ്. പുരുഷജന സംഖ്യയെക്കാൾ 1516 എണ്ണം കൂടുതൽ. വനിതകളുടെ എണ്ണത്തിലുള്ള വർദ്ധനവ് സാമൂഹ്യ പ്രവർത്തന മേഖലകളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പിക്കുന്നതിനുള്ള ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ദ്വിതീയ വിവരശേഖരണവുമായി ബന്ധപ്പെട്ടുനടന്ന പ്രവർത്തനങ്ങളിൽപ്പോലും വനിതകളുടെ പ്രാതിനിധ്യം വളരെ കുറവായിരുന്നു എന്നതാണ് വസ്തുത.

പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാതിരുന്ന വനിതകൾ മുൻകലങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ ആ സ്ഥിതി മാറിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലകളിൽ സ്ത്രി പങ്കാളിത്തം ഉയർന്നതായി കാണുവാൻ കഴിയും. ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിണിയാണ് പ്ലാക്കാട് മേലതിൽ വീട്ടിൽ ശ്രീമതി ശാരദ. ആദ്യ കാലത്തു തന്നെ ഉന്നതവിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം പൊതുവെ കുറവായിരുന്നെങ്കിലും പരിമിതമായ തൊഴിൽ മേഖലകളിലെങ്കിലും സ്ത്രീകൾക്ക് എത്താൻ കഴിഞ്ഞുവെന്നതിൽ അഭിമാനിക്കാം. അദ്ധ്യാപന രംഗത്ത് പുരുഷൻമാരെക്കാൾ സ്ത്രികളാണ് മുൻപന്തിയിൽ നിൽക്കുന്നത്.

തൊഴിൽ മേഖലയിൽ സ്ത്രികളോടുള്ള

അവഗണന നിലനിൽക്കുന്നു. വനിതകളുടേതു മാത്രമായി ഒരു വനിതാ സൊസൈറ്റി മാത്രമെ പ്രവർത്തിക്കുന്നുള്ളു. പ്ലാക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘത്തിലും തൊഴിലെടുക്കുന്നവരിൽ ഭൂരിഭാഗവും വനിതകളാണ്. വനിതകളുടെ കായിക ശേഷി വർദ്ധിപ്പിച്ച് പുതിയ വനിതാകായികതാരങ്ങളെ വളർത്തി കൊണ്ടു വരുന്നതിന് വേണ്ടിയുള്ള യാതൊരുവിധ പ്രവർത്തനവും നമ്മുടെ പഞ്ചായത്തിൽ നടക്കുന്നില്ല. സ്കൂൾ – കോളജ് കായികമേളകളിൽ ജില്ലാതലം വരെ പങ്കെടുത്ത പെൺകുട്ടികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവർക്ക് വേണ്ടത്ര പ്രോത്സഹനം കൊടുത്ത് കേരളത്തിന്റെ സമ്പത്താക്കി മാറ്റാനുള്ള ഊർജ്ജിത പ്രവർത്തനം നാം നടത്തേണ്ടിയിരിക്കുന്നു.

സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ പൊതുവെ കുറവാണ്. എന്നാൽ സ്ത്രീപീഡനകേസുകൾ ഉണ്ടാകാറുണ്ട്. സ്ത്രീകളുടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു സ്ത്രീസംരക്ഷണകൗൺസിലിന് രൂപം കൊടുക്കുന്നതിനും അതോടൊപ്പം പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു കുടുംബക്കോടതി സ്ഥാപിക്കാനും കഴിയണം.

വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. പ്രാഥമിക വിദ്യാഭ്യാസം പോലും കിട്ടാതെ 14 വയസ്സിന് താഴെ പ്രായമുള്ള പെൺകുട്ടികൾ ഇഷ്ടിക നിർമ്മാണ കമ്പിനികളിലും മറ്റു തൊഴിൽ മേഖലകളിലും തൊഴിൽ തേടിപ്പോകുന്നു. അവരെ കണ്ടുപിടിച്ച് വിദ്യാഭ്യാസം ചെയ്യിക്കാൻ ശ്രമിക്കണം.
2. തുല്യജോലിക്ക് സ്ത്രിക്കും പുരുഷനും തുല്യ വേതനം ലഭിക്കണം. ഇതിൽ സ്ത്രീകളോടുള്ള അവഗണന അവസാനിപ്പിക്കണം.
3. ഇന്നു നേരിടുന്ന സാമ്പത്തിക ഞെരുക്കംമൂലം സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യാനുള്ള സാധ്യത നിഷേധിക്കപ്പെടുന്നു.
4. കലാകായിക സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരെ കണ്ടു പിടിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സാംസ്കരിക സമിതി രൂപികരിച്ച് പ്രവർത്തിക്കുവാൻ കഴിയണം.
5. നമ്മുടെ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും സ്ത്രീപീഡനം നടക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് വനിതാ പോലീസ് സ്റ്റേഷൻ പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.
6. പഞ്ചായത്തിൽ വനിതകൾക്ക് മാത്രമായി വനിതാ സെൻട്രൽ ലൈബ്രറി ആവിശ്യമാണ്.
7. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വിദ്യാഭ്യാസ പുരോഗതിക്കായി എൽ.പി സ്കൂളുകൾ ആരംഭിക്കണം. ഈ സ്കൂളുകളിൽ പെൺകുട്ടികളെ നിർബന്ധമായി ചേർത്ത് പഠിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാൻ കഴിയണം.
8. സ്വയം ശക്തിയാർജ്ജിച്ച് രംഗത്തിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകളിൽ കുറവാണ്. അതുകൊണ്ട് സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.
9. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ പ്രത്യേക പരിശീല നപരിപാടികൾ സംഘടിപ്പിക്കണം.
10. കഴിയുന്നത്ര സ്ത്രീകളെ നേതൃത്വനിരയിൽ കൊണ്ടുവരുന്നതിന് സാംസ്കാരിക സംഘടനകൾ ശ്രമിക്കണം.

സാദ്ധ്യതകൾ

പൊതുപ്രവർത്തനരംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയതലമുറയ്ക്കായി പങ്കുവയ്ക്കുകയും അങ്ങനെ അവരിൽ ആത്മ വിശ്വാസമുണ്ടാക്കുകയും വേണം. പഞ്ചായത്ത് തലത്തിൽ വനിതാസെമിനാറുകൾ സംഘടിപ്പിച്ചു കൊണ്ട് അവരുടെ അഭിരുചിയും സാഹചര്യങ്ങളും കണക്കിലെടുത്ത് അവർക്ക് വേണ്ടപദ്ധതികൾ നടപ്പിലാക്കാൻ സാധിക്കണം. കരകൗശലയൂണിറ്റുകൾ സംഘടിപ്പിച്ച് തൊഴിലില്ലാത്ത വനിതകളെ രംഗത്തുകൊണ്ടുവന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയണം. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രധാനവ്യവസായമായ ഇഷ്ടികവ്യവസായ മേഖലയിൽ പണിയെടുക്കുന്ന വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി കയർ, കൈത്തറി, മറ്റ് ചെറുകിട വ്യവസായങ്ങൾ എന്നിവ ആരംഭിക്കുകയും വികസിപ്പിക്കുകയും വേണം.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ DWCRA യൂണിറ്റ്

ഇല്ല. ഈ സംഘടനകൾ ആരംഭിച്ച് നേതൃത്വം സ്ത്രീകളെ ഏല്പിക്കുന്നതിനും അതിനുവേണ്ടുന്ന പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണം അങ്ങനെ ചെയ്താൽ ഈ പഞ്ചായത്തിൽ പലഭാഗങ്ങളിലും തൊഴിലില്ലാതെ നിൽക്കുന്ന കുറെ സ്ത്രീകളെയെങ്കിലും സംരക്ഷിക്കുവാൻ കഴിയും. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനപദ്ധതികളിൽ വനിതാക്ഷേമ പ്രവർത്തനങ്ങൾക്ക് മുഖ്യ ഊന്നൽ നൽകുന്നതിനും കഴിയണം.

വനിതകളുടേതായി വിവിധ സഹകരണസ്ഥാപനങ്ങൾ ആരംഭിക്കുവാൻ കഴിയണം. നമ്മുടെ പഞ്ചായ ത്തിൽ അതിനുള്ള സാദ്ധ്യത വളരെ വലുതാണ്. അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കുന്നതിനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഏതു രംഗത്തും ജനവിഭാഗങ്ങൾ നേട്ടങ്ങളുണ്ടാക്കിയിട്ടുള്ളത്. സ്ത്രീകൾക്കും ഈ മാർഗ്ഗംതന്നെയാണ് വിമോചനത്തിനുള്ള പാത. സ്വയം ആർജ്ജിച്ചിട്ടുള്ള ബുദ്ധിയും കഴിവും പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അവരുടെ ആവശ്യങ്ങളെപ്പറ്റി ബോധവൽക്കരിക്കുന്നതിനും ശില്പശാലകളും പരിശീലനക്ലാസ്സുകളും സംഘടിപ്പിക്കണം. അവകാശങ്ങൾ ഔദാര്യമല്ല എന്ന ബോധവും സ്ത്രീക ളിൽ വളർത്തിയെടുക്കണം. പഞ്ചായത്തിലെ വനിതാ സമാജങ്ങളുടെ പ്രവർത്തനങ്ങളും മറ്റും വനിതാജന പ്രതിനിധികളെക്കൂടി പങ്കാളികളാക്കി നടപ്പിലാക്കണം.

സ്ത്രീകളുടെയിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണസംരംഭങ്ങളും ആരംഭിക്കണം. വനിതകളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആടുവളർത്തൽ, കാലിവളർത്തൽ, മുട്ടക്കോഴി വളർത്തൽ, അടുക്കളത്തോട്ട നിർമ്മാണം, മുയൽവള ർത്തൽ, നെയ്ത്ത്, പായ്, കുട്ട, വട്ടി നിർമ്മാണം, പ്ലാസ്റ്റിക്ക് നിർമ്മാണം, മെഴുകുതിരി, തയ്യൽ, റെഡിമെ യ്ഡ്ഗാർമെന്റ്സ്, പാൽഉൽപ്പന്നങ്ങൾ, മത്സ്യംവളർത്തൽ, പ്ലാസ്റ്റിക്ക്കവർ നിർമ്മാണം, പ്ലെയിൻകവർ നിർമ്മാണം, സോപ്പ്, തീപ്പെട്ടി, ചന്ദനത്തിരി നിർമ്മാണം എന്നിവ പഞ്ചായത്തിലെ വിവിധ മണ്ഡലങ്ങളിൽ നടപ്പിലാക്കുക.

കരിങ്കൽ, കശുവണ്ടി മേഖലയിലെ സ്ത്രീത്തൊഴിലാളികൾക്ക് ആരോഗ്യപരിപാലനവും പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യവും ഉറപ്പുവരുത്തേണ്ടതാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന വനിതകൾക്ക് കുട്ടികളെ സംരക്ഷിക്കുവാനുള്ള സൗകര്യ ങ്ങൾ അപര്യാപ്തമാണ്. ഇതിനു പരിഹാരമായി ക്രഷ്യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്.

കലാകായിക മത്സരങ്ങൾക്ക് പഞ്ചായത്തിലെ വനിതകൾക്കായി പ്രത്യേക പരിപാടികൾ നടപ്പിലാക്കണം. വനിതാ കൺസ്യൂമർസ്റ്റോറുകൾ ആരംഭിക്കണം. വിധവാ,വാർദ്ധക്യകാല പെൻഷനുകൾക്ക് ആൺമക്കളുള്ള വിധവ അഗതിയാണെങ്കിൽപ്പോലും പെൻഷനുള്ള അർഹത നിഷേധിക്കുന്ന ഇന്നത്തെ വ്യവസ്ഥിതിയിൽ മാറ്റംവരുത്തി, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ വിധവകൾക്കും പെൻഷൻ നൽകുന്നതിന് ആവശ്യമായ നിയമം രൂപീകരിക്കണം. തൊഴിലവസരങ്ങൾ, തൊഴിൽനിയമങ്ങൾ എന്നിവയെക്കുറിച്ച് സ്ത്രീകളെ ബോധവൽക്കരിക്കണം.


നിർദ്ദേശങ്ങൾ

1. ഉൽപാദനപരമായ സ്വയംതൊഴിൽ പദ്ധതികൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.
2. വിഭവസാദ്ധ്യതയ്ക്കനുസരിച്ച് തൊഴിൽയൂണിറ്റുകൾ ആരംഭിച്ച് അവർക്ക് പരിശീലനം നൽകുക.
3. തുല്യജോലിക്ക് തുല്യവേതനസംവിധാനം കർശന മാക്കുക.
4. തൊഴിൽനിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.
5. തൊഴിൽയൂണിറ്റ് ആരംഭിക്കുന്നതിന് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക.
6. വിധവാപെൻഷൻ, അഗതി പെൻഷൻ, മാതൃസഹായപദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
7. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

8. വാർദ്ധക്യകാലത്ത് സംരക്ഷണം കിട്ടാത്ത ധാരാളം വനിതകൾ ഈ പഞ്ചായത്തിലുണ്ട്. അവർക്ക് ആഹാരവും സംരക്ഷണവും നൽകുന്നതിനുവേണ്ടി വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിനെപ്പറ്റി ആലോചിച്ച് നടപ്പിലാക്കണം.
9. മത്സ്യമേഖലയിൽ പണിയെടുക്കുന്ന വനിതകൾക്ക് സംരക്ഷണം നൽകുന്നതിനും തൊഴിൽ മേഖല വികസിപ്പിക്കുന്നിനും വേണ്ടസഹായം ചെയ്തു കൊടുക്കണം.
10. വനിതകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് മണ്ഡങ്ങളിലെ ഗ്രന്ഥശാലകൾവഴി ഗ്രാമീണ പുസ്തകവിതരണ പദ്ധതി നടപ്പാക്കണം.
11. മദ്യനിരോധനം പൂർണ്ണമായും നടപ്പിലാക്കിയാൽ സ്ത്രീപീഢനം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും.
12. അതിനുള്ള ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കണം.



V - 10 സഹകരണം



"ജീവിതമോ ഹ്രസ്വം.
നാം അശ്രദ്ധമായി സമയം പാഴാക്കുകവഴി
അതിനെ പിന്നെയും ഹ്രസ്വമാക്കുന്നു'
- വിക്ടർ യൂഗോ-

1904-ൽ ആണ് ഇന്ത്യയിൽ സഹകരണപ്രസ്ഥാനം ഉടലെടുത്തത്. കേരളത്തിൽ 1915-ഓടുകൂടി സഹകരണ പ്രസ്ഥാനം രൂപംകൊണ്ടു. കൊല്ലം താലൂക്കിൽ ആദ്യം രജിസ്റ്റർ ചോയ്ത പത്ത് സഹകരണ സംഘങ്ങളിൽ ഒന്ന് കൈതക്കുഴിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. അന്ന് അൺ-ലിമിറ്റഡ് സൊസൈറ്റി ആയിട്ടാണ് 1937-രജിസ്റ്റർ ചെയിതത്. നൂൽവിതരണവും 50 രൂപയിൽ താഴെയുള്ള വായ്പയും വിതരണം ചെയിതിരുന്നു. സൊസൈറ്റിയുടെ നിയന്ത്രണത്തിൽ ഒരു വായനശാല പ്രവർത്തിച്ചുവന്നിരുന്നു. കേരളത്തിൽ ആദ്യമായാണ് ഒരു ക്രഡിറ്റ് സൊസൈറ്റിയുടെ കീഴിൽ വായനശാല പ്രവർത്തിക്കുന്നത്. കൊല്ലം താലൂക്കിൽ സ്വന്തമായി കെട്ടിടമുള്ള സൊസൈറ്റിയും കൈതക്കുഴിയിൽ ആയിരുന്നു. 1950-ഓടുകൂടി സംഘത്തിന്റെ പ്രവർത്തനം നിലച്ചു. 1979-ൽ കൈതക്കുഴിയിൽ സഹകരണസംഘം ആദിച്ചനല്ലൂർ ഫാർമേഴ്സ് ബാങ്കിൽ ലയിച്ചു.

ആദിച്ചനല്ലൂർ ഹാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഉത്ഭവം.

1946-ൽ ആണ് ആദിച്ചനല്ലൂർ സർവ്വീസ് സഹകരണബാങ്കിന്റെ ആരംഭം. മുൻപ് കൈതക്കുഴി സഹകരണസംഘം പ്രവർത്തിച്ചിരുന്നുവെങ്കിലും കുമ്മല്ലൂർ, കൈതക്കുഴി ചേരികളിൽ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളു. പ്ലാക്കാട്, കുണ്ടുമൺ, ആദിച്ചനല്ലൂർ എന്നീകരകൾ പ്രവർത്തനപരിധിയാക്കിക്കൊണ്ട് ഗ്രാമോദ്ധാരണ സഹകരണസംഘം എന്ന പേരിൽ ആണ് പ്രവർത്തനം ആരംഭിച്ചത്. അന്ന് ഒരാളിന് വെറും 50 രൂപ മാത്രമാണ് വായ്പ നല്കിയിരുന്നത്.വളം വിതരണം, തെങ്ങ് പാട്ടം എടുപ്പ് എന്നിവ ചെറിയതോതിൽ നടത്തിയിരുന്നു. 1950-വരെ ഈ പ്രവർത്തനം നടത്തിയിരുന്നുവെങ്കിലും 1955-ൽ ഇത് ലിക്വിഡേഷന്റെ വക്കിൽ ആയി. 1955-ൽ കുറെ സഹകാരികൾ ഒത്തു ചേർന്ന് ഈ സംഘം ഉദ്ധരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനം ആരംഭിച്ചു. ശ്രീമാൻ പി. രാമചന്ദ്രൻ ബി.എ. പ്രസിഡന്റായും ശ്രിമാൻ സി. സുകുമാരപിള്ള സെക്രട്ടറിയായും പ്രവർത്തനം ആരംഭിച്ചു. 1960-ഓടുകൂടി സംഘത്തിന്റെ പ്രവർത്തനപരിധി ആദിച്ചനല്ലൂർ പഞ്ചായത്ത് മൊത്തമായി വ്യാപിപ്പിക്കുകയും സംഘത്തിന്റെ പേര് വിവിധോദ്ദേശ സഹകരണസംഘം എന്നായി വിപുലീകരിക്കുകയും ചെയതു. അന്നത്തെ പ്രവർത്തനങ്ങളിൽ പ്രധാനം നാളീകേര സംഭരണം, സംസ്ക്കരണം, വായ്പ വിതരണം എന്നിവയായിരുന്നു. സഹകരണപ്രസ്ഥാനത്തിൽ കേരളത്തിൽ ആദ്യമായി നാളീകേര പ്രോസസിംഗ് നേരിട്ട്

പട്ടിക - 1

ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക് - വിവരങ്ങൾ

ക്രമനമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	നിക്ഷേപം	പ്രവർത്തന മൂലധനം	വായ്പകൾ		ലാഭമോ നഷ്ടമോ		ജീവനക്കാർ
								കാർഷികം	കാർഷികേതരം	ലാഭം	നഷ്ടം	
	ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2609	1122 ME (1946)	ആദിച്ച നല്ലൂർ ഗ്രാമ പഞ്ചായത്ത്	15,684	24,71,466	3,37,67,428	Rs.40245894	32,91,781	1,46,00000		നഷ്ടം	22

നടത്തിയത് ഈസ്ഥാപനമാണ്. 1965-ഓടുകൂടി വിവിധോദ്ദേശ സഹകരണസംഘം ജവഹർലാൽ നെഹ്റുവിന്റെ സങ്കല്പത്തിലുള്ള സർവ്വീസ് സഹകരണ സംഘം അയി മാറ്റി. അതോടുകൂടി എല്ലാവിധ ബാങ്കിംഗ് പ്രവർത്തനങ്ങളും ആരംഭിച്ചു. 1980-ാം മാണ്ടോടുകൂടി വീണ്ടും പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ബാങ്കിന്റെ പേര് ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ-2609 എന്നാക്കി മാറ്റുകയും ചെയ്തു. അതോടുകൂടി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുകയും വിപുലീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു.

1) കൊല്ലം ജില്ലയിൽ ആദ്യമായി കുട്ടികൾക്കുള്ള വഞ്ചിനിക്ഷേപപദ്ധതി ആരംഭിച്ചു, ബാക്കിയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് മാതൃകയായി പ്രവർത്തിച്ചു.

2) കൊല്ലം ജില്ലയിൽ ആദ്യമായി റെക്കറിംഗ് നിക്ഷേപം ആരംഭിച്ചതും ഈ സ്ഥാപനമാണ്.

3) എല്ലാ അംഗങ്ങളുടേയും മരണാനന്തര ചിലവുകൾക്ക് ഉപകരിക്കത്തക്കവണ്ണം തുക നൽകുവാനുള്ള ഫാമിലി വെൽഫെയർ ഫണ്ട് ഭാരതത്തിൽ ആദ്യമായി ആരംഭിച്ചു.

4) നല്ലയിനം കറവ മാടുകളെ കർഷകർക്ക കൊടുക്കുന്നതിനും നാടൻ ഇനങ്ങളെ പൂർണ്ണമായും ഉന്മൂലനം ചെയ്യുന്നതിനും അന്യ സംസ്ഥാനങ്ങളിൽ നിന്ന് നല്ലയിനം പശുക്കളെ കൊണ്ടുവന്ന് അംഗങ്ങൾക്ക് നൽകുന്നതിനുമുള്ള പ്രവർത്തനം ആരംഭിച്ചു. കേരളത്തിൽ നാടൻ പശുക്കളെ പൂർണ്ണമായും ഉപേക്ഷിച്ച ആദ്യത്തെ പഞ്ചായത്തും നമ്മുടേതാണ്

5) പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളേയും സഹകരണ പ്രസ്ഥാനത്തിന്റെ കൊടിക്കീഴിൽ കൊണ്ടുവന്ന ആദ്യത്തെ സഹകരണ സംഘം ആണ് നമ്മുടേത്. ഇതിന് കൊല്ലം ജില്ലാ ബാങ്കിന്റെ സമ്മാനവും ലഭിച്ചിട്ടുണ്ട്.

6) ആളുകൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായ വിലയ്ക്ക് കൊടുക്കുന്നതിനു വേണ്ടി ഏഴ് കൺസ്യൂമർ സ്റ്റോറുകളും എട്ട് റേഷൻ കടകളും ബാങ്കിന്റെ ചുമതലയിൽ നടത്തിപ്പോന്നിരുന്നു. (എന്നാൽ ഇപ്പോൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല)

7) ഹഡ്കോയുടെ സഹായത്തോടുകൂടി മുന്നൂറോളം വീടുകൾ അംഗങ്ങൾക്ക് നൽകിയിട്ടുണ്ട് കൂടാതെ ഗൾഫ് രാജ്യങ്ങളിൽ പോകുന്നതിന് താല്പര്യപ്പെട്ടവർക്കെല്ലാം ആവശ്യമായ വായ്പ നൽകി സഹായിച്ചു.

8) അംഗങ്ങൾക്ക് ഹയർ പർച്ചേസ് വ്യവസ്ഥയിൽ പണി ആയുധങ്ങളും ഗാർഹിക ഉപകരണങ്ങളും വാങ്ങുന്നതിന് വായ്പ നല്കുന്നുണ്ട്. വായ്പാ പരിധി ആദ്യകാലത്തെ 50രൂപയിൽ നിന്നും ഏമ്പതിനായിരം രൂപയായി വർദ്ധിപ്പിച്ചു 1985-ഓടുകൂടി ബാങ്കിൽ 100-ഓളം സ്ഥിരജോലിക്കാർ ഉണ്ടായിരുന്നു.

മറ്റ് സഹകരണ സ്ഥാപനങ്ങൾ

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ അഞ്ച് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. അഞ്ചെണ്ണവും കാര്യമായി പ്രവർത്തിക്കുന്നു. പ്രസ്തുത സംഘങ്ങളുടെ ഒരു സംക്ഷിപ്തരൂപം താഴെ പട്ടിക രൂപത്തിൽ ചേർക്കുന്നു.

പട്ടിക – 2

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗങ്ങൾ	അംഗം അല്ലാത്തവർ	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭം	നഷ്ടം	ജീവനക്കാർ
1	കുമ്മല്ലൂർ ക്ഷീരേർൽപ്പാദക സഹകരണ സംഘം Q 238 (D) APCOS	17/4/1991	ആദിച്ചനല്ലൂർ പഞ്ചായത്ത് I, II മണ്ഡലങ്ങൾ	171	ഇല്ല	38,114	200 Lit. ലോക്കൽ വില്പന. 60 Lit. Diaryയ്ക്ക് കൊടുക്കുന്നത് 140 Lit.			3
2	ആദിച്ചനല്ലൂർ ക്ഷീരോൽപ്പാദക സഹകണസംഘം Q 223 (D) APCOS	26/10/90	ആദിച്ചനല്ലൂർ പഞ്ചായത്ത് II,III,IV മണ്ഡലങ്ങൾ	202	16	22,300	225 Litre ലോക്കൽ വില്പന. 75 Lit. Diary 150 Lit.			3
3	മൈലയ്കാട് ക്ഷീരോൽപ്പാദക സഹകണസംഘം Q 258 (D) APCOS	04/04/63	ആദിച്ചനല്ലൂർ പഞ്ചായത്ത് V, VI, VII, മണ്ഡലങ്ങൾ	387	35	18,124	200 Lit. ലോക്കൽ വില്പന. 200 Lit.			2
4	കൊട്ടിയം ക്ഷീരോൽപ്പാദക സഹകണസംഘം Q 223 (D) APCOS	19/12/90	ആദിച്ചനല്ലൂർ പഞ്ചായത്ത് VIII, IX മണ്ഡലങ്ങൾ	59	12	4022	180 Litre ലോക്കൽ വില്പന. 60 Lit. Diary 120 Lit.	12,649.61		2
5	തഴുത്തല സൗത്ത് ക്ഷീരോൽപ്പാദക സഹകണസംഘം Q 248 (D) APCOS	10/4/92	ആദിച്ചനല്ലൂർ പഞ്ചായത്ത് XI, XII മണ്ഡലങ്ങൾ	76	20	18,858	200 Litre ലോക്കൽ വില്പന. 60 Lit. Diary 140 Lit.	12,649.61		2 അല്ലാത്തത് 1

ബാങ്കിന്റെ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് പലപ്പോഴും ഗവൺമെന്റിൽ നിന്നും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ജില്ലാ ബാങ്കിൽ നിന്നും ഷീൽഡുകളും സർട്ടിഫിക്കറ്റുകളും കിട്ടിയിട്ടുണ്ട് .

കൈത്തറി നെയ്ത്തു സഹകരണസംഘങ്ങൾ

1. ആദിച്ചനല്ലൂർ പട്ടികജാതി കൈത്തറി നെയ്ത്തു സഹകരണസംഘം

ഇത് പ്ലാക്കാട് മണ്ഡലത്തിൽ സ്ഥിതിചെയ്യുന്നു. വിവിധയിനം തുണിത്തരങ്ങളുൽപ്പാദിപ്പിക്കുന്ന ഈ സംഘം പ്ലാക്കാട് മാങ്ങോട്ട് കോളനിയിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. സംഘത്തിലെ തുണിത്തരങ്ങൾക്ക് നൽകുന്ന സബ്സിഡി സർക്കാരിൽനിന്ന് സമയത്തു ലഭിക്കാത്തതുമൂലവും മറ്റുകാരണങ്ങളാലും സംഘം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

സംഘത്തിന്റെ പര്	പ്രവർത്തനം ആരംഭിച്ച തീയതി	പ്രവർത്തന പരിധി	അംഗങ്ങൾ	വ്യാപാര ഇടപാടുകൾ	ലാഭം/നഷ്ടം	ജീവനക്കാർ
ആദിച്ചനല്ലൂർ പട്ടികജാതി കൈത്തറി നെയ്ത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ. Q.H.21	18-1-97	ആദിച്ചനല്ലൂർ പഞ്ചായത്തും ചാത്തന്നൂർ പഞ്ചായത്തും	121	ഹാന്റക്സ്	നഷ്ടം 93-94ൽ 44,323.68	2 30 തൊഴിലാളികൾ

2. കൊട്ടിയം കൈത്തറിനെയ്ത്ത്വ്യവസായ ഉൽപാദക വിക്രയ സഹകരണസംഘം

സൊസൈറ്റിയുടെ പ്രാരംഭകാലത്ത് 100ൽ ക്കൂടുതൽ നെയ്ത്തുകാർ ഉണ്ടായിരുന്നത് ഇപ്പോൾ 25ൽ താഴെയാണ്. നെയ്ത്തുകാർ കുറയാനുള്ള കാരണങ്ങൾ നൂലിന്റേയും കളറിന്റേയും വിലവർദ്ധനവും കൂലിക്കുറവും കാരണം നെയ്ത്തിൽ നിന്നും ആളുകൾ കുറഞ്ഞുകൊണ്ടിരുന്നു, സഹകരണ സംഘങ്ങളിൽ നിന്നും കൊടുക്കുന്ന എല്ലാവിധ നൂലിനും സബ്സിഡിയും കൂലി വർദ്ധനവും ഉണ്ടാവുക, കാലാകാലങ്ങളിൽ സംഘത്തിൽ നിന്നും കൊടുക്കുന്ന റിബേറ്റ് 90 ദിവസത്തിനകം സർക്കാരിൽ നിന്നും കിട്ടുക, റിസർവ്വ് ബാങ്കിൽനിന്നും കിട്ടുന്ന വായ്പ്പ കയർ സൊസൈറ്റികളിൽ നിന്ന് ഈടാക്കുന്ന ആറര ശതമാനം പലിശനിരക്കിൽ കൈത്തറി സംഘങ്ങൾക്കും കൊടുക്കുന്ന സംവിധാനം ഉണ്ടാക്കുക. ജീവനക്കാർക്ക് 80-ാം വകുപ്പ് നടപ്പാക്കുക, തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കിയാൽ കുറഞ്ഞത് ഈ സംഘത്തിന്റെ കീഴിൽ അറുപത് നെയ്ത്തുകാർക്കെങ്കിലും തൊഴിൽ കൊടുക്കുവാൻ സാധിക്കും

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	ബാങ്കുകളിൽ കിടപ്പ്	പ്രവർത്തന മൂലധനം	വസ്തു& നഷ്ടം	ലാഭം, നഷ്ടം	ജീവനക്കാർ
കൊട്ടിയം കൈത്തറി നെയ്ത്ത് (ഉല്പാദക വിക്രിയ) സഹകരണ സംഘം നമ്പർ. 3350 കൊട്ടിയം. P.O., കൊല്ലം.	1956	കൊല്ലം താലൂക്കിൽ ആദിച്ചനല്ലൂർ പകുതിയിൽ തഴുത്തല കരയിലും ഇരവിപുരം പകുതിയിൽ നടുവിലകരയിലും മാത്രം	262	4,68,440	30,4,512	33,200	4,62,000	1,22,730	നഷ്ടം 14,48,640	1

മാർക്കറ്റിംഗ് സൊസൈറ്റികൾ

1. രാജീവ്ഗാന്ധി ജനറൽമാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഈ സംഘത്തിന്റെ ആസ്ഥാനം പ്ലാക്കാടാണ്. നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികരൂപത്തിൽ കാണിച്ചിരിക്കുന്നു.

സംഘത്തിന്റെ പര്	പ്രവർത്തനം തുടങ്ങിയ തീയതി	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകർ	ലാഭം /നഷ്ടം	ജീവനക്കാർ
രാജീവ് ഗാന്ധി ജനറൽ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി Ltd No..1181	8- 2- 95	ആദിച്ചനല്ലൂർ, നെടുമ്പന പഞ്ചായത്തുകൾ	60	30,600	നാളീകേര കൊപ്ര സംഭരണവും മറ്റ് കാർഷിക ഉല്പന്നങ്ങളും	ലാഭം	3 തൊഴിലാളികൾ 10

2. കൊട്ടിയം ഹരിജൻ സർവ്വീസ് സഹകരണസംഘം

നമ്മുടെ പഞ്ചായത്തിൽ ഒരു ഹരിജൻ സഹകരണസംഘം പ്രവർത്തിക്കുന്നു. ചെറിയതോതിലുള്ള വായ്പാവിതരണം നടത്തുന്നുണ്ടെങ്കിലും സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികരൂപത്തിൽ കാണിച്ചിരിക്കുന്നു.

സംഘത്തിന്റെ പര്	പ്രവർത്തനം തുടങ്ങിയ തീയതി	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭം /നഷ്ടം	ജീവനക്കാർ
കൊട്ടിയം ഹരിജൻ സർവ്വീസ് സഹകരണ സംഘം Ltd No..Q 52 കൊട്ടിയം. P.O.	13-1-1959	ആദിച്ചനല്ലൂർ പഞ്ചായത്ത്	953	95,000	11,630	നഷ്ടം	1

3. ആദിച്ചനല്ലൂർ ഹരിജൻ അഗ്രോ ഇൻസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ആദിച്ചനല്ലൂർ ഹരിജൻ അഗ്രോ ഇൻസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി ട്രാക്ടർ, കാർഷികോപകരണങ്ങൾ മിതമായ വാടകയ്ക്ക്, കർഷകത്തൊഴിലാളികളുടെ സേവനം ന്യായമായ കൂലിക്കും കർഷകർക്ക് നൽകിയിരുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണ്. ഇതിന്റെപ്രവർത്തനം പുനഃരാരംഭിക്കേണ്ടത് അനിവാര്യമായിരിക്കന്നു.

4. കൊട്ടിയം അഗ്രോസർവ്വീസ് സൊസൈറ്റി

ഇതിന്റെപ്രവർത്തനവും ഇപ്പോൾ കാര്യക്ഷമമല്ല. കൊട്ടിയം പ്രദേശത്തെകർഷകർക്ക് ഏറെ പ്രയോജനം ചെയ്യാൻ കഴിയുന്ന ഈ സൊസൈറ്റിയുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

ആദിച്ചനല്ലൂർ പഞ്ചായത്തിന്റെ സിരാകേന്ദ്രമാണ് ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്. പ്രസ്തുത ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉള്ള എല്ലാ കുടുംബങ്ങളുടേയും മിക്കവാറും എല്ലാ

ന്യായമായ ആവശ്യങ്ങൾക്കും അർഹമായ സാമ്പത്തിക സഹായം ചെയ്യാൻ ഈ ബാങ്ക് ബാധ്യസ്ഥമാണ്. അതിന് ആവശ്യമായ തുക ഓഹരി നിക്ഷേപങ്ങൾ, ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള വായ്പകൾ, ഗവൺമെന്റിൽ നിന്നുള്ള വായ്പകൾ എന്നീ ഇനങ്ങളിൽ സമാഹരിക്കേണ്ടതാണ്. ബാങ്കിന്റെ ഒരു കാലഘട്ടത്തിൽ അംഗങ്ങളുടെ 80% സാമ്പത്തികാവശ്യങ്ങളും അന്നത്തെ രീതിയനുസരിച്ച് ബാങ്ക് നൽകിയിരുന്നു. ബാങ്കിന്റെ ഇന്നത്തെ ധനസ്ഥിതിയും അംഗങ്ങളുടെ ആവശ്യവും തമ്മിൽ പൊരുത്തമില്ലാത്തതു കൊണ്ട് ഭൂപണയബാങ്ക്, കൊമേഴ്സ്യൽ ബാങ്ക്, ഹൗസിംഗ് സൊസൈറ്റി, പരവൂർ എസ്. എൻ. വി. ആർ. സി. ബാങ്ക് എന്നീ സ്ഥാപനങ്ങളെ ആശ്രയിക്കുകയാണ്. ആദിച്ചനല്ലൂർ പഞ്ചായത്തിൽ ഉള്ള ആളുകളുടെ പക്കൽ ഏതാണ്ട് 12 കോടിയോളം രൂപയുടെ നിക്ഷേപമുണ്ട്. അതിന്റെ 25 ശതമാനത്തോളം മാത്രമേ ഫാർമേഴ്സ് സഹകരണ ബാങ്കിന് സമാഹരിക്കാൻ കഴിഞ്ഞിട്ടുള്ളു. ബാക്കി തുകകൾ സമാഹരിക്കാനുള്ള തീവ്ര യജ്ഞം പഞ്ചായത്തും സഹകരണ സ്ഥാപനവും കൂടി യോജിച്ചു പ്രവർത്തിച്ചാൽ സാധിക്കും. അതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

1. കുട്ടികളുടെ വഞ്ചി നിക്ഷേപം വർദ്ധിപ്പിച്ച് ഓരോ വർഷവും ലക്ഷക്കണക്കിന് രൂപ സമാഹരിക്കാൻ കഴിയും.
2. പ്രൈവറ്റ് ഏജൻസിയിൽ പലരും ചിട്ടി നടത്തിപ്പ് നിർത്തിവരുന്ന സാഹചര്യത്തിൽ റെക്കറിംഗ് നിക്ഷേപം സുഗമമായും ലാഭകരമായും ബാങ്കിൽ നടത്തിക്കൊണ്ട്പോകാൻ കഴിയും.
3. കൊട്ടിയം ജംഗ്ഷനടുത്ത് ചേർന്നു കിടക്കുന്ന മയ്യനാട് പ്രദേശത്തു നിന്നും ധാരാളം നിക്ഷേപം സമാഹരിക്കവാനുള്ള സാധ്യതയുണ്ട്. അത് കണക്കാക്കിയാണ് കൊട്ടിയത്ത് ബാങ്കിന്റെ ഒരു ശാഖ തുടങ്ങിയത്. ഇപ്പോൾ അതിന്റെ പ്രവർത്തനം ഫലപ്രദമല്ല.
4. ഇടത്തരം കെട്ടിട നിർമ്മണത്തിന് ആവശ്യമായ വായ്പകൾ(ഒരു ലക്ഷം രൂപ) നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
5. കുമ്മല്ലൂർ കേന്ദ്രമാക്കി ബാങ്കിന്റെ ഒരു ബ്രാഞ്ച് തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.
6. മൈലക്കാട്ടുള്ള എക്സ്റ്റൻഷൻ കൗണ്ടർ ബ്രാഞ്ചാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം(കെട്ടിടത്തിന്റെ മുകളിൽ ബാങ്കിംഗും താഴെ വളം ഡിപ്പോയുമായി പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് സ്ഥലം വാങ്ങി ഒരുനില കെട്ടിടം പണിഞ്ഞിട്ടുള്ളത്.)
7. ഇത്തിക്കര പാലത്തിനു കിഴക്കോട്ട് കട്ടച്ചൽ വരെ ഒരു ജൗളിക്കടപോലും ഇല്ലാത്ത സാഹചര്യത്തിൽ ബാങ്കിന്റെ ഹെഡ് ഓഫീസിനോട് അനുബന്ധിച്ച് ജൗളിക്കട തുടങ്ങാവുന്നതാണ്.
8. ആദിച്ചനല്ലൂർ പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ ഇല്ലാത്തതിനാൽ ബാങ്കിനോടനുബന്ധിച്ച് ഒരു മാവേലിസ്റ്റോർ എങ്കിലും തുടങ്ങേണ്ടതാണ്. ഇപ്പോൾ ആഡിറ്റിംഗ് പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനം ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
9. പഞ്ചായത്തിലെ പ്രവർത്തന രഹിതമായ എല്ലാ സഹകരണ സംഘങ്ങളും പുനഃരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
10. സഹകരണ മേഖലയിൽ ഒരു ഗോട്ട് ഫാം രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക. ആടുവളർത്തൽ ഇപ്പോൾ ലാഭകരമായ കൃഷിയാണ്.
11. സഹകരണ മേഖലയിൽ വനിതകൾക്കായി റെഡിമെയ്ഡ് ഗാർമെന്റ്സ്, വാഷിംഗ് സോപ്പ് നിർമ്മാണം, മെഴുകുതിരി, തീപ്പെട്ടി, അച്ചാറുകൾ, കറി പൗഡർ, പ്ലാസ്റ്റിക് കവറുകൾ, റബ്ബർ ബാന്റ്, പ്ലാസ്റ്റിക് ബാഗു നിർമ്മാണം തുടങ്ങിയ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക(ഖാദി സഹകരണ സംഘം രൂപീകരിക്കുക)
12. ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കുക.
13. ഇപ്പോഴുള്ള അഞ്ച് ക്ഷീരോല്പാദക സംഘത്തിന് പുറമേ പ്രസ്തുത സ്ഥാപനം ഇല്ലാത്ത വാർഡുകളിലും കൂടി ആരംഭിക്കുക.
14. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക്


സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സാഹചര്യത്തിൽ ഗ്രാന്റും ലോണും പ്രയോജനപ്പെടുത്തി കെട്ടിടം പൂർത്തിയാക്കുക.

15. പുൽത്തോട്ടം വച്ചു പിടിപ്പിക്കുന്നതിന് ഗ്രാന്റും സബ്സിഡിയും പ്രയോജനപ്പെടുത്തുക.
16. നല്ലയിനം പശുക്കളെ കൂടുതലായി ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ സാമ്പത്തിക സഹായത്തോടുകൂടി നൽകുക.
17. ക്ഷിരോല്പാദക സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന പാൽ വിതരണം കഴിഞ്ഞ് അധികം വരുന്നത് മറ്റുല്പന്നങ്ങളാക്കുന്നതിന് (മിൽക്ക് പ്രോഡക്ട്) സംവിധാനം ഏർപ്പെടുത്തുക.
18. വനിതാ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഒരു സഹകരണ സ്ഥാപനം വടക്കേ മൈലക്കാട് കേന്ദ്രമാക്കി രൂപീകരിക്കുക.
19. ഹരിജൻ ആഗ്രോ ഇന്റസ്ടീസ് പ്രവർത്തന രഹിതമായിക്കിടക്കുന്നത് പുനഃരുദ്ധരിക്കുക.
20. ഈ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും ധാരാളം മരാമത്തു പണികൾ വരുന്നതുകൊണ്ട് നല്ലൊരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക. ഇതുമൂലം കുറഞ്ഞത് 150 പേർക്കെങ്കിലും സ്ഥിരം തൊഴിൽ സാധ്യതയുണ്ട്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പഞ്ചായത്തും സഹകരണ സ്ഥാപനങ്ങളും കൂടി നടപ്പിലാക്കുന്ന പക്ഷം ഈ പഞ്ചായത്തിൽ 1000ത്തോളം പേർക്ക് സ്ഥിരം തൊഴിൽ കൂടുതലായി നൽകുന്നതിനും അതുവഴി ഓരോ കുടുംബത്തിന്റേയും ദൈനംദിന വരുമാനം വർദ്ധിപ്പിക്കുവാനും ആദിച്ചനല്ലൂർഗ്രാമപ്പഞ്ചായത്ത് കേരളത്തിൽ ആദ്യത്തെ സ്വയം പ്രര്യാപ്ത ഗ്രാമപ്പഞ്ചായത്തായി മാറ്റുവാനും കഴിയുമെന്നുള്ളത് തർക്കമറ്റ സംഗതിയാണ്.



V-11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം



"സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരുതത്വശാസ്ത്രത്തെയും"
-വയലാർ-

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 12% പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാരാണ്. പഞ്ചായത്തിൽ 2 അംഗീകൃത ഐ.എച്ച്.ഡി. പി. കോളനികളും 17 പട്ടികജാതി സങ്കേതങ്ങളും 2 വേടർ സങ്കേതങ്ങളുമുണ്ട്. 1634 പുരുഷന്മാരും 1728 സ്ത്രീകളും 748 കുട്ടികളുമുൾപ്പെടെ 4328 പട്ടികജാതിക്കാർ പഞ്ചായത്തിൽ താമസിക്കുന്നു.

വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് പുരോഗതി കൈവരിക്കുവാൻ ഈ വിഭാഗത്തി ന് കഴിഞ്ഞിട്ടില്ല. സാമ്പത്തികരംഗത്ത് വളരെക്കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കുവാൻ സഹായിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന സാമ്പത്തിക പരാധീനതകളിൽനിന്നും കഷ്ടപ്പാടുകളിൽനിന്നും പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടില്ല. നാനാജാതി മതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുക്കുകയും പൊതുപരിപാടികളിൽ മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്. ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും പദ്ധതികളുടെ പ്രായാസ മേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ഇവർക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിനു ഭാഗികമായി മാത്രമേ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുള്ളു. ഇതിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാൽ ഒറ്റപ്പെട്ട പട്ടികജാതിക്കാർക്കും മറ്റും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. കോളനികളിലെ പ്രാഥമിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നു. പഞ്ചായ ത്തിലെ കോളനികളുടെ ഒരു സംക്ഷിപ്തരൂപം പട്ടിക 1 ൽ കാണിച്ചിട്ടുണ്ട്.

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ ഇനിയും ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സി. യ്ക്ക് ശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടികൾക്കും താല്പര്യം ഇല്ലാതാകുന്നു. ബഹുഭൂരിപക്ഷംപേരും പ്രീഡിഗ്രിയ്ക്ക് തോറ്റ് പിൻവാങ്ങുന്നതായിട്ടാണ് കണ്ടുവരുന്നത്. കൂടുംബബാദ്ധ്യതയും സാമ്പത്തിക പരാധീനതയും മൂലം പഠനം മതിയാക്കേണ്ടിവന്ന നിരവധി വിദ്യാർത്ഥികളുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ

പട്ടിക - 1

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കോളനികൾ

ക്രമനമ്പർ	മണ്ഡലം		കോളനികളുടെ പേര്
1	1	കുമ്മല്ലൂർ	കുമ്മല്ലൂർ ലക്ഷംവീട് കോളനി
2	2	കൈതക്കുഴി കിഴക്ക്	കുത്തുകുഴി സങ്കേതം
3		"	പാറപ്പുറം എ, ബി കോളനികൾ
4	3	കൈതക്കുഴി	വിളപ്പുറം ലക്ഷംവീട് കോളനി
5		"	വെളിച്ചിക്കാല ലക്ഷംവീട് കോളനി
6	4	ആദിച്ചനല്ലൂർ	പെരുമാൾകുന്ന് മാമ്പഴ സങ്കേതം
7	5	പ്ലാക്കാട്	മാങ്ങോട്ട് ഐ.എച്ച്.ഡി.പി. കോളനി
8		"	കരാവിള കോളനി
9		"	സെറ്റിൽമെന്റ് കോളനി
10	6	മൈലക്കാട്	മൂഴിയിൽ പട്ടികജാതി സങ്കേതം
11	7	മൈലക്കാട് വടക്ക്	ചുണ്ണാമ്പുവിള നെല്ലിക്കാവിള സങ്കേതം
12		"	പുത്തൻവിള സങ്കേതം
13	8	തഴുത്തല വടക്ക് -എ	കാറ്റാടി 4 സെന്റു കോളനി
14		"	കാവുവിള സങ്കേതം
15	9	തഴുത്തല വടക്ക് -ബി	കൊട്ടിയം വെണ്മണിച്ചിറ ഐ.എച്ച്.ഡി.പി. കോളനി
16		"	അമ്പലത്തുംവിള കോളനി
17		"	കളിയിലീൽ 4 സെന്റു കോളനി
18	10	തഴുത്തല വടക്ക് -സി	പുന്നലത്ത് കോളനി
19		"	കരുവായത്തൊടി സങ്കേതം
20	11	തഴുത്തല തെക്ക്- എ	കാടിയാതിത്തറ കോളനി
21		"	ആനത്തല സങ്കേതം
22		"	സി.എഫ്.എച്ച്.എസ്. ഗ്രൗണ്ട് വേടർ സങ്കേതം
23	12	തഴുത്തല തെക്ക്-ബി	കൊട്ടുമ്പുറം പട്ടികജാതി കോളനി
24		"	ഒറ്റപ്ലാമൂട് വേടർ സങ്കേതം

ഉപ യോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘ ടിപ്പിക്കണം. ഉപരിവിദ്യാഭ്യാസം ഉള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിന് നിതാന്തജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ഉന്നതവിദ്യാഭ്യാസമുള്ളവരും സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ളവരും വെറും 3% മാത്രമാണ്.

പട്ടിക -2

കുട്ടികളുടെ പഠനനിലവാരം

വിഭാഗം	കുട്ടികളുടെ എണ്ണം
എൽ.പി.	412
യു.പി.	300
എച്ച്.എസ്.	250
ആകെ	962

തൊഴിൽ

പട്ടികജാതി കുടുംബങ്ങൾ ഭൂരിഭാഗവും കാർഷിക മേഖലയിൽ പണിയെടുത്തു വരുന്നു. കാർഷികമേഖലയിലുണ്ടായ തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തിയതിനാൽ മറ്റ് മേഖലകളിൽ കുറേപ്പേർ ജോലിക്ക് പോകുന്നുണ്ട്. ഭൂരിപക്ഷം കശുവണ്ടിമേഖ ലയിലും ശേഷിക്കുന്നവർ കെട്ടിടനിർമ്മാണരംഗത്തും പണിയെടുക്കുന്നു. നെൽപ്പാടങ്ങൾ നികത്തി ഇഷ്ടിക, ഓട് എന്നീ വ്യവസായങ്ങൾക്കുവേണ്ടി ചെളി യെടുക്കുന്നതിനാൽ കർഷകത്തൊഴിലാളികൾക്ക് പരിമിതമായ നിലയിൽ പോലും തൊഴിൽ ലഭിക്കുന്നില്ല. കൂടാതെ കാർഷിക മേഖലയിലെ കൂലിക്കുറവുകാരണ ത്താൽ ഒട്ടേറെപ്പേർ മറ്റുമേഖലകളിലേയ്ക്ക് തൊഴിലന്വേഷിച്ചു പോകു ന്നുണ്ട്. കാർഷികമേഖലയിലെ ഉത്പാദനമുരടിപ്പ് പരിഹരിക്കേണ്ടതും ഈ മേഖല കൂടുതൽ ശക്തിപ്പെടു ത്തേണ്ടതുമാണ്.

കാർഷിക, കശുവണ്ടി മേഖലകൾ സീസണു കളിൽമാത്രം പ്രവർത്തിക്കുന്ന നമ്മുടെ പ്രദേശങ്ങ ളിലെ കാർഷിക തൊഴിലാളികളുടെ പാരമ്പര്യപ്രധാന കൈത്തൊഴിലുകളായ തഴപ്പായ് നെയ്ത്ത്, ഈറ്റപ്പ നമ്പ് നിർമ്മാണം തുടങ്ങിയവ പൂർണ്ണമായും നഷ്ടപ്പെ ട്ടിരിക്കുന്നു. ആവശ്യമായ അസംസ്കൃത സാധ നങ്ങൾ ലഭ്യമാക്കി ക്കൊണ്ട് ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുന്ന തിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

കട്ടച്ചൽ, കൈതക്കുഴി, നെടുഞ്ചിറ, ആദിച്ചനല്ലൂർ, പാങ്ങാട്, പ്ലാക്കാട്, ഇത്തിക്കര, കരിക്കോട്, തഴുത്തല എന്നിവയാണ് പ്രധാന പാടശേഖരങ്ങൾ. കൂടാതെ കേരക്കൃഷിയാണ് കൂടുതലായി കണ്ടുവരുന്നത്. കോളനികളിലെ പ്രശ്നങ്ങളിൽ പ്രമുഖസ്ഥാനം കുടി വെള്ളത്തിനാണ്. പഞ്ചായത്തിലെ ഏതാണ്ട് എല്ലാ കോളനികളും ശുദ്ധജലക്ഷാമം അനുഭവിക്കു ന്നവയാണ്. ഇവ സംബന്ധിച്ച വിവരങ്ങൾ പട്ടിക-3ൽ കാണിച്ചിരിക്കുന്നു.

പട്ടിക -3 ശുദ്ധജലക്ഷാമമുള്ള കോളനികൾ

ക്രമനമ്പർ	മണ്ഡലം	കോളനികളുടെ പേര്	പരിഹാരം
1	1 കുമ്മല്ലൂർ	കുമ്മല്ലൂർ ലക്ഷംവീട് കോളനി	ലൈനുകളും ടാപ്പുകളും
2	2 കൈതക്കുഴി കിഴക്ക്	കുത്തുകുഴി സങ്കേതം	സ്ഥാപിക്കണം
3	"	പാറപ്പുറം എ, ബി കോളനികൾ	"
4	3 കൈതക്കുഴി	വിളപ്പുറം ലക്ഷംവീട് കോളനി	"
5	"	വെളിച്ചിക്കാല ലക്ഷംവീട് കോളനി	"
6	4 ആദിച്ചനല്ലൂർ	പെരുമാൾകുന്ന് മാമ്പഴ സങ്കേതം	"
7	5 പ്ലാക്കാട്	മാങ്ങോട്ട് ഐ.എച്ച്.ഡി.പി. കോളനി	"
8	"	കരാവിള കോളനി	"
9	"	സെറ്റിൽമെന്റ് കോളനി	"
10	6 മൈലക്കാട്	മൂഴിയിൽ പട്ടികജാതി സങ്കേതം	"
11	7 മൈലക്കാട് വടക്ക്	ചുണ്ണാമ്പുവിള നെല്ലിക്കാവിള സങ്കേതം	"
12	"	പുത്തൻവിള സങ്കേതം	"
13	8 തഴുത്തല വടക്ക് -എ	കാറ്റാടി 4 സെന്റു കോളനി	"
14	"	കാവുവിള സങ്കേതം	"
15	9 തഴുത്തല വടക്ക് -ബി	കൊട്ടിയം വെണ്മണിച്ചിറ IHDP കോളനി	"
16	"	അമ്പലത്തുംവിള കോളനി	"
17	"	കളിയിലീൽ 4 സെന്റു കോളനി	"
18	10 തഴുത്തല വടക്ക് -സി	പുന്നലത്ത് കോളനി	"
19	"	കരുവായത്തൊടി സങ്കേതം	"
20	11 തഴുത്തല തെക്ക്- എ	കാടിയാതിത്തറ കോളനി	"
21	"	ആനത്തല സങ്കേതം	"
22	"	സി.എഫ്.എച്ച്.എസ്. ഗ്രൗണ്ട് വേടർ സങ്കേതം	"
23	12 തഴുത്തല തെക്ക്-ബി	കൊട്ടുമ്പുറം പട്ടികജാതി കോളനി	"
24	"	ഒറ്റപ്ലാമൂട് വേടർ സങ്കേതം	"

പാർപ്പിടം

പട്ടിതജാതിവിഭാഗക്കാരുടെ പാർപ്പിടപ്രശ്നം ഈ ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സർക്കാർ ഏജൻസികൾ നടത്തിവരുന്ന പാർപ്പിടപദ്ധതി കൾ ഒരു പരിധിവരെ പ്രശ്നം പരിഹരിക്കുവാൻ സഹായകമായിട്ടുണ്ട്. ഇന്ന് മിക്കകോളനികളിലും പരിമിതമായ സൗകര്യ ങ്ങളാണെങ്കിലും ചെറ്റക്കുടിലുകളിൽ നിന്ന് മോചന മായിട്ടുണ്ടെന്നത് ആശ്വാസപ്രദമാണ്. ഒറ്റപ്പെട്ട കുടും ബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചി ട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പി ലാക്കി വരുന്ന വലിയ വായ്പകളെടുത്ത് കടക്കെണി യിൽ അകപ്പെട്ട് പോയിട്ടുള്ളവരാണ്. ഭൂമിയുടെ പട്ടയം ആഫീസുകളിൽപ്പെട്ടുപോയതിനാൽ മറ്റാനു കൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തതകാരണം പല വീടുകളും പൂർത്തീകരി ക്കാതെ കിടക്കുന്നുണ്ട്. വീടുവയ്ക്കാൻ സ്ഥലമി ല്ലാത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽമാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. രണ്ടുകുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന പട്ടിക ജാതി കുടുംബങ്ങൾക്ക് പ്രത്യേക പാർപ്പിടസൗകര്യം നൽകേണ്ടതുണ്ട്.

ബ്ലോക്കുകളിൽ നിന്നു ലഭിക്കുന്ന സി.ആർ. എസ്. പി. കക്കൂസുകൾ നിർമ്മിക്കാൻ ലഭിക്കുന്ന തുകകൊണ്ട് പണിപൂർത്തിയാക്കാൻ കഴിയുന്നില്ല. ആയതിനാൽ ഈ തുക വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കൂടാതെ പുനരധിവാസപദ്ധതി യിൽ ഇപ്പോൾ നൽകിവരുന്ന തുകകൊണ്ട് ഭൂമിവാങ്ങി പുനരധിവാസപദ്ധതി നടപ്പിലാക്കാൻ കഴിയില്ല. ആയതിനാൽ ഈ തുകയും വർദ്ധിപ്പി ക്കേണ്ടത് ആവശ്യമാണ്. ഗ്രാമസഭകളിൽ പുതിയ വീട്, കക്കൂസ്, വൈദ്യുതി എന്നിവയ്ക്കുവേണ്ടി ഉയർന്നുവന്ന ആവശ്യങ്ങൾ ക്രോഡീകരിച്ച് പട്ടിക-4 ൽ കാണിക്കുന്നു.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല.
2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. ആയതിനാൽ കോളനിവാസികളുടെ ജീവിതം ദുരിതപൂർണ്ണമാകുന്നു.
3. സ്വന്തമായി വീടില്ലാത്തവരും വീട് വയ്ക്കാൻ സ്ഥ ലമില്ലാത്തവരും ലഭിക്കുന്ന ധനസഹായം ദുർവി നിയോഗം ചെയ്യുന്നു.
4. കോളനികളിൽ പ്രാഥമിക സൗകര്യങ്ങളില്ല. ശുദ്ധ ജലക്ഷാമം രൂക്ഷമാണ്.
5. വൈദ്യുതി എത്താത്ത കോളനികളുണ്ട്. പഞ്ചായ ത്തിൽ നിന്നും സൗജന്യമായി വയറിംഗ് നടത്തി ക്കൊടുത്ത വീടുകൾക്ക് വൈദ്യൂതി കണക്ഷൻ ലഭി ച്ചിട്ടില്ല.
6. കോളനികളിൽ പൊതുശ്മശാനമില്ലാത്തതിനാൽ ശവസംസ്കാരം പ്രശ്നമാകുന്നു.
7. കോളനികളിലെ കൈവശഭൂമിയ്ക്ക് പട്ടയം ലഭിച്ചി ട്ടില്ലാത്തതിനാൽ സർക്കാർ വക ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
8. നിർദ്ധനരായ കുടുംബത്തിലെ അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന നിലവി ലുള്ള ധനസഹായം അപര്യാപ്തമാണ്.
9. ഐ.ആർ.ഡി.പി. പദ്ധതിപ്രകാരമുള്ള സഹായം ഫലപ്രദമായി ഈ വിഭാഗത്തിന് ലഭിക്കുന്നില്ല.
10. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമവകുപ്പും അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർ ക്ക് നൽകുന്ന വായ്പകൾ അർഹതയുള്ള മുഴുവൻ പേർക്കും ലഭിക്കുന്നില്ല.
11. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കുന്ന വിവധ പദ്ധതികളെക്കുറി ച്ചുള്ള അറിവില്ലായ്മമൂലം പലർക്കും ആനുകൂല്യ ങ്ങൾ ലഭിക്കുന്നില്ല.
12. മൈലക്കാട് കാടിയാതിത്തറ പട്ടികജാതി കോളനി യിൽ പടിഞ്ഞാറുഭാഗത്തും ആനത്തലയുടെ തെക്കും വടക്കും പടിഞ്ഞാറും ഭാഗങ്ങളിലും മണ്ണി ടിഞ്ഞ് വീടുകൾക്ക് ഭീഷണിയായി നിൽക്കുന്നു. ഇവിടെ സംരക്ഷണഭിത്തികെട്ടി വീടുകളെ സംര ക്ഷിക്കണം.

സാദ്ധ്യതകൾ

1. സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളെ


സംബന്ധിച്ച് അറിവുണ്ടാകുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാകുന്നതിന് സഹായകമായ രീതിയിൽ നിലവിലുള്ള നിബന്ധനകൾ സുതാര്യ മാക്കണം.

2. പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിനായി പ്രവർത്തി ച്ചുവരുന്ന പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പാക്കി വരുന്ന പദ്ധതികൾ പ്രയോജനപ്പെടുത്തു വാൻ നിലവിലുള്ള നിബന്ധനകൾ മൂലം പല ർക്കും കഴിയുന്നില്ല. ആയതിനാൽ നിലവിലുള്ള നിബന്ധനകളിൽ ഇളവുവരുത്തി ലളിതമായ വ്യവ സ്ഥയിലൂടെ ഈ വിഭാഗത്തിന് ധനസഹായം നൽ കാൻ കോർപ്പറേഷൻ നടപടികൾ സ്വീകരിക്കണം.
3. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കണം.
4. പായ്നെയ്ത്ത്, കുട്ട, പനമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.
5. പഞ്ചായത്ത് കോളനികളിലെ സന്നദ്ധരായ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലനം നൽകുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യണം.
6. പട്ടികജാതി വിഭാഗത്തിനായി സഹകരണമേഖലയിൽ ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ പോലുള്ള ചെറുകിടവ്യവസായങ്ങൾ ആരംഭിക്കണം.
7. ചെറുകിടവ്യവസായങ്ങൾ ആരംഭിക്കാൻ ആവശ്യമായ പരിശീലനവും ധനസഹായവും നൽകുക. ഇതോടൊപ്പം വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും വായ്പകൾ ദുർവിനിയോഗം ചെയ്യുന്നത് തടയുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുകയും ചെയ്യുക.
8. ആവശ്യമായസ്ഥലങ്ങളിൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
9. പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറിത്തോട്ടങ്ങളുണ്ടാക്കുകയും അവ വിറ്റഴിക്കുന്നതിനാവശ്യമായ സഹായം ചെയ്തു കൊടുക്കുകയും ചെയ്യുക.
10. കോളനികൾക്ക് കൃഷിഭവൻ നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉത്പാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽസാദ്ധ്യതകൾ വർദ്ധിപ്പിക്കുക.
11. ഭവനനിർമ്മാണ ധനസഹായമായി നൽകുന്ന തുക കാലാനുസൃതമായി 30,000 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കുക.
12. ലക്ഷംവീട് കോളനികളിലെ നിലവിലുള്ള ഇരട്ട വീടുകൾ ഒറ്റവീടുകളാക്കാൻ നടപടികൾ സ്വീകരിക്കുക.
13. നിലവിലുള്ള വീടുകൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി പലിശരഹിതവായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പാക്കുക.
14. പട്ടികജാതി വികസനവകുപ്പു മുഖേന നടപ്പാക്കിവരുന്ന ഭൂരഹിതഭവനരഹിത പുനരധിവാസ പദ്ധതി ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കുക.
15. 5 മുതൽ 10 വരെ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി പ്രീ-മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.
16. വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് കോളനികളിൽ വായനശാലകൾ സ്ഥാപിക്കുക.
17. കുടുംബബാദ്ധ്യതയും സാമ്പത്തിക പരാധീനതയും മൂലം പഠനം അവസാനിപ്പിക്കേണ്ടി വന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
18. ഉപരിവിദ്യാഭ്യാസം നടത്തുന്നതിന് ആവശ്യമായ പ്രോത്സാഹനം ഗ്രാമപഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യുക.
19. എല്ലാ കോളനികളിലും ആവശ്യമായ ഭാഗങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
20. കോളനിവാസികളുടെ വിജ്ഞാനത്തിനും വിനോദത്തിനുംവേണ്ടി റ്റി.വി. സെറ്റുകൾ സ്ഥാപിക്കുക.
21. നിലവിലുള്ള കർഷകത്തൊഴിലാളി, വാർദ്ധക്യ, വിധവ, വികലാംഗ പെൻഷൻ തുകകൾ വർദ്ധിപ്പിക്കുക.


22. കനാൽ പുറമ്പോക്കുകളിലും മറ്റുമുള്ള കുടികിടപ്പുകാർക്ക് പട്ടയം നൽകുക.
23. സ്റ്റെബിലൈസർ നിർമ്മാണ യൂണിറ്റ്, ക്ലോക്ക് നിർമ്മാണ യൂണിറ്റ്, കളിപ്പാട്ടനിർമ്മാണ യൂണിറ്റ്, സോപ്പ് നിർമ്മാണ യൂണിറ്റ്, മിനറൽ വാട്ടർ യൂണിറ്റ്, ചിരട്ടകൊണ്ടുള്ള കരകൗശല യൂണിറ്റ് തുടങ്ങിയവ ആരംഭിക്കാൻ വ്യവസായവകുപ്പിന്റെ സഹായം ലഭ്യമാക്കുക.
24 സഹകരണാടിസ്ഥാനത്തിൽ വനിതകൾക്ക് വേണ്ടി കറിപൗഡർ, അച്ചാറുകൾ എന്നിവയുടെ നിർമ്മാണയൂണിറ്റുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുക.
25. എംബ്രോയിഡറി യൂണിറ്റുകൾ, ഫോട്ടോസ്റ്റാറ്റ്, വീഡിയോ ലാബ് എന്നിവ ആരംഭിക്കുന്നതിന് സ്ഥാപനത്തിന്റെ ഈടിന്മേൽ ലളിതമായ വ്യവസ്ഥകളോടെ വായ്പകൾ അനുവദിക്കുക.
26. റബ്ബറധിഷ്ടിത വ്യവസായങ്ങൾ ആരംഭിക്കുക.
27. തുകൽച്ചെരുപ്പ് നിർമ്മാണം, അലൂമിനിയം, സ്റ്റീൽ, ചെറുകിട യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിന് ഖാദിബോർഡിന്റെ സഹായം ലഭ്യമാക്കുക.
28. ബുക്ക് ബയന്റിംഗ്, പ്രിന്റിംഗ് പ്രസ്സ് തുടങ്ങിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വനിതകൾക്ക് ആവശ്യമായ സഹായം പലിശരഹിത വായ്പയായി അനുവദിക്കുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടൊപ്പം പഞ്ചായത്തിലെ നിലവിലുള്ള എല്ലാ പട്ടികജാതി കോളനികളിലേയ്ക്കും പോകുന്ന റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്. അറ്റകുറ്റപ്പണികൾ നടത്തേണ്ട റോഡുകളെ സംബന്ധിച്ച വിവരങ്ങൾ വികസനരേഖയിലെ V.6 അദ്ധ്യായത്തിൽ പട്ടിക-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തികമായും സാമൂഹ്യമായും സമൂഹത്തിന്റെ താഴെത്തട്ടിൽ നിവസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്കുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് നാം അങ്ങേയറ്റം ബാദ്ധ്യസ്ഥരാണ്. അതിനുവേണ്ടി മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പാക്കുന്നതിന് നമുക്ക് കൂട്ടായി യത്നിക്കാം.



V - 12 വിഭവസമാഹരണം



"എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ടവിഭവങ്ങൾ ഈ ഭൂമിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്താൻ വിഭവങ്ങളില്ലതാനും"

-മഹാത്മാഗാന്ധി -

ആസൂത്രണംചെയ്യപ്പെടുന്ന പദ്ധതികൾ നടപ്പിലാകാതെ പോകുന്നതിനുള്ള മുഖ്യകാരണം സാമ്പത്തിക അപര്യാപ്തതയാണ്. വിഭാവനം ചെയ്യപ്പെടുന്ന പദ്ധതികൾ കടലാസ്സിൽ ഒതുങ്ങാതിരിക്കണമെങ്കിൽ നടത്തിപ്പിനാവശ്യമായ വിഭവങ്ങളും നാം കണ്ടെത്തിയേ മതിയാവൂ. നിലവിലുള്ള പരിമിതികളിൽഒതുങ്ങിനിന്നുകൊണ്ട് പഞ്ചായത്തിന്റെ വരുമാനം പരമാവധി വർദ്ധിപ്പിക്കാൻ കൂട്ടായ പ്രയത്നം ആവശ്യമാണ്. ചാത്തന്നൂർ, നെടുമ്പന, തൃക്കോവിൽവട്ടം, മയ്യനാട് എന്നീ ഗ്രാമപഞ്ചായത്തുകളാൽ ചുറ്റപ്പെട്ട് 19.85 ച.ശ്ര.കി.മീ. വിസ്തീർണ്ണവും 29384 ജനസംഖ്യയുമുള്ള ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് സാക്ഷരതയിലും സമ്പന്നതയിലും താരതമ്യേന ഉയർന്നുനില്ക്കുന്ന ഒരു പ്രദേശമാണ്. പഞ്ചായത്തിലെ പ്രമുഖ സാമ്പത്തിക സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, കൊട്ടിയം
2. ഫാർമേഴ്സ് സഹകരണബാങ്ക്, ആദിച്ചനല്ലൂർ
3. ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് ബ്രാഞ്ച് ഓഫീസ്, കൊട്ടിയം.
4. മുത്തൂറ്റ് ബാങ്ക്, കൊട്ടിയം
5. കാനറാ ബാങ്ക്, ആദിച്ചനല്ലൂർ
6. ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ബ്രാഞ്ച് ഓഫീസ്, മൈലക്കാട്.

ഇവ കൂടാതെ സ്വർണ്ണപ്പണയത്തിന്മേൽ വായ്പ നൽകുന്നു മറ്റ് സ്വകാര്യ വായ്പാസാമ്പത്തിക സ്ഥാപനങ്ങളും സ്വകാര്യ ചിട്ടിക്കമ്പനികളുംപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ആദിച്ചനല്ലൂർ ഫാർമേഴ്സ് സഹകരണബാങ്കിൽ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും അംഗങ്ങളാണെന്നതിനാൽ ബാങ്കിന്റെ സാമ്പത്തിക സഹായം എത്താത്ത വീടുകൾ ഇല്ലെന്നുതന്നെപറയാം. എന്നാൽ കൊട്ടിയത്തുള്ള യൂണിയൻ ബാങ്കും ആദിച്ചനല്ലൂരുള്ള കാനറാബാങ്കും അർഹതയുള്ളവർക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ മടിച്ചുനിൽക്കുന്നു എന്ന് പറയാതെ വയ്യ. ജില്ലാ സഹകരണബാങ്കിന്റെ ബ്രാഞ്ച് കൊട്ടിയത്ത് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളു. അവർ നിക്ഷേപം സ്വീകരിക്കുന്നതിൽ ശുഷ്കാന്തി കാണിക്കുന്നുണ്ട്. എന്നാൽ വായ്പ നൽകിത്തുടങ്ങിയിട്ടില്ല. മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ സ്വർണ്ണപ്പണയത്തിലാണ് ലോൺ കൊടുത്തു സഹായിക്കുന്നത്. അമിതമായ പലിശനിരക്ക് മൂലം സാധാരണക്കാർക്ക് ഈ സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. സ്വകാര്യ ചിട്ടിക്കാരുടെ എണ്ണവും പഞ്ചായത്തിൽ കുറവല്ല. ഇവരിൽ നിന്ന് ഷെയറായോ കടമായോ പണം സ്വരൂപിച്ച്

വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം.

പട്ടികജാതി സഹകരണ സംഘങ്ങൾ വായ്പ നൽകാറുണ്ടെങ്കിലും ഫലപ്രദമല്ല. ഏലാകർഷകസംഘങ്ങൾ സാമ്പത്തിക ഭദ്രത തേടേണ്ടിയിരിക്കുന്നു. രാജീവ് ഗാന്ധി ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം മുതൽ മുടക്കി ലാഭം ഉണ്ടാക്കുന്ന പുതിയ സ്ഥാപനമാണ്. ഈ രീതിയിലുള്ള പുതിയ സഹകരണസംഘങ്ങൾ പഞ്ചായത്തിൽ ഉയർന്നുവരേണ്ടതാണ്.

നിലവിലുള്ള പഞ്ചായത്ത് വരുമാനമാർഗ്ഗങ്ങൾ

1. കെട്ടിടനികുതി :

പഞ്ചായത്തിൽനിലവിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കപ്പെട്ടിരിക്കുന്നത് വ്യക്തമായ മാനദണ്ഡങ്ങളില്ലാതെയാണ്. കെട്ടിടത്തിന്റെ പ്ലിൻത് ഏരിയായുടെയും ഉപയോഗിച്ചിരിക്കുന്ന സാധന സാമഗ്രികളുടെയും അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുന്നതിന് ഒരു പുതിയ രൂപരേഖ തന്നെ തയ്യാറാക്കപ്പെടേണ്ടതുണ്ട്. ഈ രൂപരേഖയുടെ അടിസ്ഥാനത്തിൽ നിലിവിലുള്ള എല്ലാ കെട്ടിടങ്ങളുടേയും നികുതി പുനർനിർണ്ണയിക്കാൻ ഒരു അസ്സസ്മെന്റ് കമ്മിറ്റി തന്നെ രൂപീകരിക്കണം. അതോടൊപ്പം ധർമ്മസ്ഥാപനങ്ങൾ എന്നപേരിൽ നടത്തപ്പെടുകയും പൊതുജനങ്ങളിൽ നിന്നും പണം ഈടാക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവരിൽനിന്നും ലഭിക്കേണ്ട നികുതി ഈടാക്കാൻ പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ജാഗരൂകമാകേണ്ടതുണ്ട്. ഈ രീതിയിൽ സമഗ്രമായ ഒരു കർമ്മപദ്ധതി ആവിഷ്ക്കരിച്ചാൽ കെട്ടിടനികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടമായിക്കൊണ്ടിരിക്കുന്ന ലക്ഷക്കണക്കിന് രൂപ തുടർന്ന് ലഭ്യമാക്കാൻ കഴിയും. ഇതോടൊപ്പം കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള നികുതികൾ പിരിച്ചെടുക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതാണ്.

2. തൊഴിൽനികുതി :

പഞ്ചായത്തിലെ സർക്കാർ അർദ്ധസർക്കാർസ്ഥാപനങ്ങളിൽനിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ഇപ്പോൾതൊഴിൽനികുതി ഈടാക്കിവരുന്നത്. പഞ്ചായത്തിൽ തൊഴിൽ ചെയ്ത് ജീവിക്കുന്ന എല്ലാവിഭാഗം ആളുകളിൽ നിന്നും അവരവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാൻ ശ്രമിക്കേണ്ടതുണ്ട്. ട്യൂട്ടോറിയൽ, പാരലൽകോളജ് സ്ഥാപനങ്ങളെയും സ്വകാര്യആശുപത്രികളെയും അതുപോലുള്ള മറ്റ് സ്ഥാപനങ്ങളേയും ഈ ഗണത്തിൽപ്പെടുത്താം. പഞ്ചായത്തിന്റെ വികസനത്തിന് തങ്ങളാലാകുന്ന സംഭാവനയാണ് നികുതികൾ എന്ന ബോധം പൊതുജനങ്ങളിൽ വളർത്താൻ ആവശ്യമായ ബോധവത്ക്കരണം ഇതിനായി നടത്തണം.

3. വിനോദനികുതി :

പഞ്ചായത്തിലാകെ 3 സിനിമാ തീയേറ്ററുകളാണ് ഉണ്ടായിരുന്നത്. അതിൽ ആദിച്ചനല്ലൂർ അശ്വതി തിയേറ്റർ അഗ്നിക്ക് ഇരയായി. ബാക്കിയുള്ള 2 തിയേറ്ററുകളിൽ കൊട്ടിയം ജയശ്രീ തിയേറ്ററിൽ നിന്നു മാത്രമാണ് കാര്യമായ വരുമാനമുള്ളത്. മൈലക്കാട്ടുള്ള സുസ്മി തിയേറ്ററിൽനിന്നും വിനോദനികുതിയിനത്തിൽ നാമമാത്രമായ തുകയേ ലഭിക്കുന്നുള്ളൂ. തകർച്ചയെ നേരിടുന്ന സിനിമാ വ്യവസായത്തിന് ദോഷകരമായ രീതിയിൽ തീരുമാനങ്ങളെടുക്കാതെ ഈ വ്യവസായത്തിന്റെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിലുള്ള പ്രോത്സാഹനം നൽകേണ്ടതാണ്.

4. ലൈസൻസ് ഫീസ് :

പഞ്ചായത്തിലെ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും മറ്റ് വ്യവസായസ്ഥാപനങ്ങളിൽനിന്നും ഈടാക്കുന്ന ഫീസാണിത്. വർഷംതോറും ലൈസൻസ് പുതുക്കണമെന്നാണ് വ്യവസ്ഥയെങ്കിലും പലരും ഇത് പാലിക്കാറില്ല. പഞ്ചായത്തിന്റെ വരുമാനത്തിന് ഇത് ഗണ്യമായ നഷ്ടം ഉണ്ടാക്കുന്നു. ആയതിനാൽ ലൈസൻസ് എടുക്കാത്തവ്യാപാരികളെയും സ്ഥാപനങ്ങളെയും കണ്ടുപിടിച്ച് ലൈസൻസ് പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇതോടൊപ്പം ലൈസൻസില്ലതെ നടത്തുന്ന വ്യാപാരസ്ഥാപനങ്ങൾ കണ്ടെത്തി പിഴസഹിതംഫീസ് ഈടാക്കു

ന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തണം.

5. മണൽലേലം :

പഞ്ചായത്തിലെ വരുമാനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന ഒന്നാണ് ഇത്തിക്കര, പള്ളിമൺ ആറുകളിലെ മണൽവാരുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകുന്നതിലൂടെ ലഭിക്കുന്നത്. ഈ വർഷം മണൽലേലം ഉറപ്പിക്കപ്പെട്ടത് 501410 രൂപയ്ക്കാണ്. മണൽ കോൺട്രാക്ടർമാർ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ലേലത്തിൽ പങ്കെടുക്കുന്നതുമൂലം യഥാർത്ഥത്തിൽ വളരെ കുറഞ്ഞ തുകയേ പഞ്ചായത്തിന് ലഭിക്കുന്നുള്ളു. ആയതിനാൽ പത്രമാധ്യമങ്ങളിലൂടെ പരസ്യം നടത്തി കൂടുതൽപേരെ ലേലത്തിൽ പങ്കെടുപ്പിക്കാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്. ഇതോടൊപ്പം മണൽവാരൽമൂലം പഞ്ചായത്തിൽ ഉളവായിട്ടുള്ള ഗുരുതരമായ പരിസ്ഥിതിപ്രശ്നങ്ങളും പരിഗണിക്കേണ്ടതുണ്ട്.

6. മറ്റുലേലങ്ങൾ :

പഞ്ചായത്തിലെ കൊട്ടിയം പബ്ലിക്ക് മാർക്കറ്റിൽ നിന്നും ഫീസ്പിരിക്കുന്നതിനുള്ള അവകാശം, ആട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം, മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം, കംഫർട്ട് സ്റ്റേഷൻ, പൊതുസ്ഥലത്തെ വൃക്ഷങ്ങളിൽനിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശങ്ങൾ തുടങ്ങിയവയാണ് മറ്റ് ലേലങ്ങൾ. ഈ ലേലങ്ങളും ബന്ധപ്പെട്ട കോൺട്രാക്ടർമാർ പരസ്പര ധാരണയോടെ വരുന്നതുമൂലം വളരെ കുറഞ്ഞതുകയ്ക്കാണ് ഉറപ്പിക്കപ്പെടുന്നത്. ഈ രീതിയിലുള്ള വരുമാന ച്ചോർച്ച തടയുന്നതിന് ലേലനടത്തിപ്പ് സംബന്ധിച്ച് നല്ലരീതിയിലുള്ള പരസ്യപ്രചാരണം പഞ്ചായത്ത് നടത്തണം. മറ്റ് ചെറുകിട ലേലങ്ങളുടേയും ലേലത്തുക വർദ്ധിപ്പി[illegible] പരസ്യപ്രചാരണ[illegible] പങ്കെടുപ്പിച്ചുകൊണ്ട് [illegible] ലേ[illegible] ങ്ങളിലൂടെ ലഭിച്ച തുകയുടെ കണ[illegible] താഴെ പട്ടികയായി കാണിച്ചിരിക്കുന്നു.

പട്ടിക - 2

1996-97 ലേലംസംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	ഇനം	തുക
1.	മണൽലേലം	501410
2.	ആലുംകടവ്ലേലം	9100
3.	കൊട്ടിയം മാർക്കറ്റ് ലേലം	163000
4.	മാട്ടിറച്ചി വ്യാപാരം	37000
5.	ആട്ടിറച്ചി വ്യാപാരം	13150
6.	ചപ്പുചവറുലേലം	105
7.	പൊതുസ്ഥലത്തെ വൃക്ഷങ്ങളുടെ മേലാദായം	1655
8.	മാർക്കറ്റ് സ്റ്റാൾ	13740

7. സർക്കാർ ഗ്രാന്റുകൾ :

കേരളത്തിലെ പഞ്ചായത്തുകളുടെ ഏറ്റവും വലിയ പ്രതീക്ഷയാണ് സർക്കാർ ഗ്രാന്റുകൾ. എന്നാൽ മുൻകാലങ്ങളിൽ ലഭിച്ചിരുന്ന ഗ്രാന്റുകൾ ആവശ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം കുറവായിരുന്നു. കഴിഞ്ഞ 5 വർഷങ്ങളിൽ പഞ്ചായത്തിന് ലഭിച്ച വിവിധയിനം ഗ്രാന്റുകൾ ചുവടെ പട്ടിക - 3 ൽ കാണിച്ചിരിക്കുന്നു. ഇവകൂടാതെ സർക്കാരിൽനിന്ന് ലഭിക്കുന്ന മറ്റ് വരുമാനങ്ങളായ അടിസ്ഥാനനികുതി, വസ്തു കൈമാറ്റനികുതി എന്നിവ കൃത്യമായി അതാതു വർഷംതന്നെ പഞ്ചായത്തിന് ലഭ്യമാകുന്നില്ല. ഇതുമൂലം വികസന പ്രവർത്തനം മന്ദീഭവിക്കുന്നു. പഞ്ചായത്തിന് അർഹതപ്പെട്ട ഗ്രാന്റു തുകകൾ മുഖ്യമായി ലഭ്യമാക്കാൻ ബഹുമാനപ്പെട്ട സർക്കാർ അങ്ങേയറ്റം നിഷ്ക്കർഷ കാണിക്കേണ്ടതാണ്. മാറിയ സാഹചര്യത്തിൽ കൂടുതൽ തുക പഞ്ചായത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 1995-96 വർഷത്തെ വരവുകൾ പട്ടിക-4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 3

1991-92 വർഷംമുതൽ 1995-96 വർഷംവരെ ലഭിച്ച വിവിധയിനം ഗ്രാന്റുകൾ

ക്രമ നമ്പർ	ഗ്രാന്റിനം	1991-92	1992-93	1993-94	1994-95	1995-96
1.	വി.ആർ.എം. ഗ്രാന്റ്	35872	31919	27167	26967	26625
2.	എം.ഐ. ഗ്രാന്റ്	30100	30100	30100	30100	30100
3.	വി.റ്റി.സി. ഗ്രാന്റ്	48573	139611	–	23000	389614
4.	ഓപ്പൺ എയർ തിയേറ്റർ ഗ്രാന്റ്	–	–	–	10000	–
5.	സ്കൂൾ മെയിന്റനൻസ് ഗ്രാന്റ്	6273	1294	1277	9589	6521
6.	ഉപാധിരഹിതഫണ്ട്	167250	174050	184700	253020	275135
7.	തെരുവുവിളക്ക് ഗ്രാന്റ്	–	–	10000	–	–
8.	ജവഹർ തൊഴിൽപദ്ധതി	433871	546949	280698	400299	308244

പട്ടിക - 4

വരവു സംബന്ധിച്ച വിവരങ്ങൾ (1995-96)

ക്രമ നമ്പർ	ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1.	കെട്ടിടനികുതി	307813	243724	64089
2.	സർവ്വീസ് ചാർജ്ജ്	56877	38769	18108
3.	തൊഴിൽനികുതി	237355	216640	20715
4.	വിനോദനികുതി	235615	235615	–
5.	അധിക വിനോദനികുതി	141680	141680	–
6.	പ്രദർശനനികുതി	5792	5792	–
7.	പ്രദർശനനികുതിയിന്മേലുള്ളസർചാർജ്	1418	1418	–
8.	ചന്തവരവ്	100350	100350	–
9.	ലൈസൻസ്ഫീ	42435	36863	5572
10.	വസ്തുകൈമാറ്റനികുതി	74245	74245	–
11.	സംഭാവന	500	500	–
12.	ഡെപ്പോസിറ്റ്	109155	109155	–
13.	മറ്റുള്ളവ	716852	716852	–
	ആകെ.	2030087	1921603	108484

ചെലവുകൾ

പഞ്ചായത്തിന്റെ മൊത്തംവരുമാനത്തിന്റെ 35% ഭരണചെലവുകൾക്കായാണ് ഉപയോഗിക്കപ്പെടുന്നത്. പിന്നെയുള്ള ചെലവുകളിൽ മുഖ്യം പൊതുമരാമത്ത് പണികൾക്കാണ്. പൊതുമരാമത്ത് പണികളിൽ പ്രധാനമായും നടത്തിയിട്ടുള്ളത് റോഡുകളുടെ അറ്റകുറ്റപ്പണികളും ടാറിംഗുമാണ്. ശ്രമദാനമായി മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്താൻ കഴിയാത്തതുമൂലം എല്ലാ പണികൾക്കും പഞ്ചായത്ത് ഫണ്ട്തന്നെ വിനിയോ

ഗിക്കേണ്ടിവന്നു. 1995-96 വർഷത്തെ പഞ്ചായത്തിലെ ചെലവുസംബന്ധിച്ച വിവരങ്ങൾ പട്ടിക - 5 ൽ കാണിച്ചിരിക്കുന്നു.

പട്ടിക - 5

ചെലവുസംബന്ധിച്ച വിവരങ്ങൾ (1995-96)

ചെലവിനം	തുക
ഭരണം	777377
പൊതുമരാമത്ത്	341352
വിദ്യാഭ്യാസം	31244
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	184935
തെരുവുവിളക്കുകൾ കത്തിക്കുന്നത്	285326
മറ്റുള്ളവ	889663
ആകെ	2509897

പുതിയ വിഭവസമാഹരണ മേഖലകൾ

ബഹു. കേന്ദ്ര സർക്കാരിന്റെ പാർലമെന്റ് മെമ്പറന്മാർക്കുള്ള 1 കോടി പദ്ധതിയിൽ നിന്നുള്ള തുക പഞ്ചായത്തുകളെ ഏൽപ്പിക്കുയും ആ ധനം ഉപയോഗിച്ച് വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തുന്നതിനാവശ്യമായ നടപടികൾ എം.പി.മാർ കൈക്കൊള്ളേണ്ടതുമാണ്.

കൊട്ടിയത്ത് പബ്ലിക് മാർക്കറ്റിനോടനുബന്ധിച്ച് പഞ്ചായത്തിന് സ്വന്തമായുള്ള 50 സെന്റ് സ്ഥലത്ത് ആർ.ഡി.ബി.യിൽനിന്നും ലോണെടുത്ത് അത്യന്താധുനികരീതിയിലുള്ള മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് പണികഴിപ്പിച്ചാൽ ലക്ഷക്കണക്കിന് രൂപയുടെ വരുമാനം കണ്ടെത്താവുന്നതാണ്.

മാർക്കറ്റിൽ നിലവിലുള്ള സ്റ്റാളുകൾ പൊട്ടിപ്പൊളിഞ്ഞും ഏതുനിമിഷവും തകർന്ന് വീഴാവുന്ന നിലയിലുമാണ്. ഇവ മുഴുവനായി പൊളിച്ചുകളഞ്ഞ് ഒരു മിനി സിവിൽസ്റ്റേഷൻ തന്നെ ഇവിടെ പടുത്തുയർത്താം. താഴത്തെ മുറികൾ വ്യാപാരാവശ്യത്തിനുള്ള സ്റ്റാളുകളായും മുകളിലത്തെ മുറികൾ ഓഫീസ് ആവശ്യങ്ങൾക്കും സജ്ജീകരിക്കാം. ഇവ വാടകയ്ക്ക് നൽകുന്നതുവഴി വളരെ വലിയ വരുമാനമാണ് പഞ്ചായത്തിന് ലഭിക്കുക. ഇതോടൊപ്പം ആധുനിക രീതിയിൽ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻകൂടി പണിതാൽ അത് ലേലംചെയ്യുകവഴി മറ്റൊരു നല്ല വരുമാനവുമാകും. ഇതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പഞ്ചായത്തു കമ്മിറ്റി തുടങ്ങിക്കഴിഞ്ഞു എന്നത് ശുഭോദർക്കമാണ്.

ആദിച്ചനല്ലൂർ വില്ലേജാഫീസും മൃഗാശുപത്രിയും സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന ഒരേക്കറോളം സ്ഥലത്ത് ദിവസച്ചന്ത നടത്തിയാൽ പഞ്ചായത്തിന് വരുമാനവും പഞ്ചായത്തിലെ കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വിറ്റഴിക്കാൻ ഒരു മാർഗ്ഗവുമാകും. ഇതോടൊപ്പം പഞ്ചായത്തിൽ ചെളിയും മണലുമെടുത്ത് കൃഷിയോഗ്യമല്ലാതെ കിടക്കുന്ന വെള്ളക്കെട്ടുള്ള ഏക്കർകണക്കിന് പുഞ്ചപ്പാടങ്ങൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ മത്സ്യക്കൃഷി നടത്തി ആദായമുണ്ടാക്കാം. കൊട്ടിയത്തുള്ള വെണ്മണിച്ചിറയിലും കുണ്ടുമൺചിറയിലും മത്സ്യക്കൃഷി നടത്തി പണം സ്വരൂപിക്കാവുന്നതാണ്.

ആദിച്ചനല്ലൂർ ഫാർമേഴ്സ് ബാങ്കിനു സമീപമുള്ള ജയപ്രകാശ് മൈതാനിയിൽ ആഴ്ചയിലൊരിക്കൽ പച്ചക്കറിച്ചന്ത പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥിരമായി നടത്തുന്നതിന് സാഹചര്യം സൃഷ്ടിച്ചാൽ ഉൽപ്പാദകർക്കും ഉപഭോക്താവിനും ഗുണംചെയ്യുകയും പഞ്ചായത്തിന് സാമ്പത്തികനേട്ടമുണ്ടാവുകയും ചെയ്യും.

കെട്ടിടം പണിയിക്കുന്ന ഉടമകളിൽനിന്നും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ഈടാക്കുന്നതുക അതാതു പഞ്ചായത്തുകളിൽത്തന്നെ ഈടാക്കി സംസ്ഥാനത്തു നിലനില്ക്കുന്നതുപോലെ പഞ്ചായത്തിൽനിലനിർത്തിയാൽ പഞ്ചായത്തിന് സാമ്പത്തികനേട്ടമുണ്ടാകും. ഈ പഞ്ചായത്തിലെ നാടൻകട്ടനിർമ്മാതാക്കൾക്ക് ലൈസൻസ്നിർബന്ധമാക്കുന്നതുവഴിയും പരസ്യനികുതി കർശനമായും ഈടാക്കുന്നതുവഴിയും സ്വകാര്യ ബോർഡിംഗ് & ലോഡ്ജിംഗിൽനിന്നും ന്യായമായ ടാക്സ് പിരിക്കുന്നതുവഴിയും സ്വകാര്യസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന മാസശമ്പളക്കാരിൽനിന്നും തൊഴിൽക്കരം ഈടാക്കുന്നതുവഴിയും സ്വകാര്യ ആശുപത്രികളിൽനിന്നും ന്യായമായ കെട്ടിടക്കരവും മറ്റ് നികുതികളും ഈടാക്കുന്നതുവഴിയും സ്വകാര്യവ്യക്തികളും ട്രസ്റ്റുകളും നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും നി തി സ്വരൂപിക്കുന്നതുവഴിയും കൊട്ടിയം ഹോളി

ക്രോസ് ആശുപത്രിയിലെ വാടകമുറികളിൽനിന്നും നിയമപരമായി പഞ്ചായത്തിന് ഈടാക്കാവുന്ന നികുതിയും കെട്ടിടക്കരവും ഈടക്കുന്നതുവഴിയും പഞ്ചായത്തിന്റെ കൊട്ടിയത്തുള്ള 50 സെന്റ് പൊതുശ്മശാനത്തിൽ ക്രീമേഷന് ഉപയോഗിക്കുന്ന സ്ഥലത്തിനുചുറ്റും തേക്ക് ഈട്ടി, മാഞ്ചിയം തുടങ്ങിയ വിലപിടിപ്പുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും ഇടവിളയായി ആദായമുള്ള കൃഷിചെയ്യിച്ചും കൊട്ടിയം മാർക്കറ്റിൽനിന്നും ജംഗ്ഷനിൽനിന്നും ലഭിക്കുന്ന വേസ്റ്റ് ഉപയോഗിച്ച് ബയോഗ്യാസ് ഉണ്ടാക്കി കൊട്ടിയത്തും പരിസരത്തുമുള്ള വീടുകൾക്കും ഹോട്ടലുകൾക്കും വിതരണംചെയ്തും അധിക വിഭവസമാഹരണം നടത്താവുന്നതാണ്.

പഞ്ചായത്തിൽനിന്നും വിദേശത്തു പോയി ജോലിചെയ്യുന്ന ആളുകളിൽനിന്നും പ്രത്യേകധനം സ്വരൂപിച്ച് കൂടുതൽ ആളുകൾക്ക് ജോലിക്കുള്ള അവസരം ഈ പഞ്ചായത്തിൽത്തന്നെയുണ്ടാക്കുകയും വിദേശത്തുനിന്നും ജോലിയില്ലാതെ മടങ്ങുന്ന ആളുകൾക്ക് പുനർജോലികൊടുക്കുന്നതിന് ലാഭശതമാനം പഞ്ചായത്തിന്റെ അധീനതയിലാക്കുന്നതിനും മുൻകയ്യെടുക്കേണ്ടതാണ്. പഞ്ചായത്തിൽനിന്നും വിദേശത്തുപോയി ജോലിചെയ്യുന്നവരുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക – 6

വിദേശത്തുപോയി ജോലിചെയ്യുന്നവർ (മണ്ഡലം തലത്തിൽ)

മണ്ഡലം	1	2	3	4	5	6	7	8	9	10	11	12
ജനസംഖ്യ	60	70	100	110	60	70	108	70	150	130	200	50

ഇന്ദിരാവികാസ് പത്ര, കിസാൻവികാസ് പത്ര, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് തുടങ്ങിയവ വഴി ഗ്രാമസഭകളിലൂടെ ചെറിയ തുകകൾവരെ സ്വരൂപിച്ച് നിലവിലിരിക്കുന്നസംവിധാനത്തിൽത്തന്നെ 1 കോടി രൂപവരെ ഈ പഞ്ചായത്തിൽനിന്നും സ്വരൂപിക്കാവുന്നതും അതുവഴി ഈ പഞ്ചായത്തിന് നിയമാനുസൃതം 25 ലക്ഷംരൂപവരെ വർഷംതോറും അധിക വിഭവമായി കിട്ടുവാനുംസാധ്യതയുണ്ട്. ഇതിനുവേണ്ട പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

പരമ്പരാഗത വ്യവസായമായ കശുവണ്ടിവ്യവസായം നടത്തുന്നതും പ്രധാന ചെറുകിടവ്യവസായമായ ഇഷ്ടികവ്യവസായം നടത്തുന്നതും വൻകിടവ്യവസായമായ ഓട്ടുകമ്പനി നടത്തുന്നതുമായ ഈ പഞ്ചായത്തിലെ ചെറുതുംവലുതുമായ മുതലുടമകളിൽനിന്നും പ്രത്യേകഷെയറോ ലാഭവിഹിതത്തിൽനിന്നും പ്രത്യേകശതമാനമോ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ച് പദ്ധതികൾക്ക് രൂപംകൊടുക്കുവാൻ സാധിക്കും. അനധികൃത ചെളിയെടുപ്പ്, മണൽവാരൽ എന്നിവ നടത്തുന്നവരിൽനിന്നും പിഴ ഈടാക്കി അധികധനം സ്വരൂപിക്കാം.

പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തിന് നിയമപ്രകാരം ലഭിക്കേണ്ടുന്ന നികുതികൾ കൃത്യമായി പിരിച്ചെടുക്കുന്നതിന് ജീവനക്കാർക്ക് വേണ്ടസഹായസഹകരണങ്ങൾ ജനപ്രതിനിധികളിൽനിന്നുമുണ്ടാകണം.
2. നിലവിലുള്ള പഞ്ചായത്തീരാജ് നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരിൽനിന്നും നിയമാനുസൃതപിഴ കൃത്യമായി ഈടാക്കണം. ഇത് നിയമങ്ങളോടുള്ള പൊതുജനങ്ങളുടെ അവഗണന ഒഴിവാക്കുന്നതിനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വഴിയൊരുക്കും.
3. കാർഷികമേഖലയിലെ ഉല്പാദനംവർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളും കൃഷിഭവനുംപഞ്ചായത്തും കൂട്ടായ്മയോടെ പ്രവർത്തിക്കണം. ഇങ്ങനെവന്നാൽ വിവിധ മേഖലകളിൽ നടപ്പാക്കേണ്ട കാര്യങ്ങൾ കാര്യക്ഷമമായും മുൻഗണനാടിസ്ഥാനത്തിലും നടപ്പാക്കാം.
4. സർക്കാരിൽനിന്നുള്ള വരവിനങ്ങളിൽപ്പെട്ട അടിസ്ഥാനനികുതി, വസ്തുക്കൈമാറ്റനികുതി എന്നിവ പലപ്പോഴും സാമ്പത്തികവർഷം കഴിഞ്ഞതിനു ശേഷമാണ് ലഭിക്കുന്നത്. ഇത് അതത് വർഷം തന്നെ ലഭിക്കുന്നതിനാവശ്യമായ

നടപടികൾ സ്വീകരിക്കണം.

5. കൊട്ടിയം മേഖലയിൽ അനുയോജ്യമായ സ്ഥലത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു പ്രൈവറ്റ് ബസ്റ്റാന്റ് നിർമ്മിക്കണം. ഇത് ലേലം ചെയ്ത് നൽകുന്നതുവഴി പഞ്ചായത്തിന് നല്ല ഒരു വരുമാനമാർഗ്ഗമാകും.
6. കൊട്ടിയം പബ്ലിക്ക് മാർക്കറ്റിനോടനുബന്ധിച്ചുള്ള 50 സെന്റ് സ്ഥലത്ത് ഷോപ്പിംഗ്കോംപ്ലക്സ് കം മിനിസിവിൽസ്റ്റേഷൻ നിർമ്മിക്കണം.
7. പഞ്ചായത്തിലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റികൾ ജാഗരൂകമാവുകയും പുതിയവരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനെക്കുറിച്ച് വിദഗ്ദ്ധരുമായി നിരന്തരചർച്ചകൾനടത്തുകയും ചെയ്യുക.
8. 5 ലക്ഷംരൂപയിലധികം ചെലവുവരുന്നതും ആഢംബരപൂർണ്ണമായി നിർമ്മിക്കുന്നതുമായ വലിയ കെട്ടിടങ്ങൾക്ക് നിലവിലുള്ള കെട്ടിടനികുതിയോടൊപ്പം സർചാർജ്ജിന്റെ രൂപത്തിൽ 'ആഢംബരനികുതി'കൂടി ചുമത്തുക.
9. കാർഷികമേഖലയിൽ ഏറ്റവുമധികം വരുമാനമുള്ള റബ്ബർതോട്ടഉടമകളിൽനിന്നും തോട്ടത്തിന്റെ വിസ്തീർണ്ണത്തിനാനുപാതികമായി ഒരു നികുതിചുമത്തുക.
10. പഞ്ചായത്തിൽ പിരിച്ചെടുക്കുന്ന തൊഴിൽനികുതിയുടെ പരിധിയിൽ ടൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരലൽ കോളജുകൾ, സ്വകാര്യ ആശുപത്രികൾ, മറ്റ് ഇതുപോലുള്ള സ്ഥാപനങ്ങൾ എന്നിവയെക്കൂടി ഉൾപ്പെടുത്തുക.
11. പരസ്യനികുതി കൃത്യമായി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുക.
12. പഞ്ചായത്തിലെ ഗൾഫ് മലയാളികളുടെ പണം വ്യവസായ മേഖലകളിലേക്ക് തിരിച്ചുവിടുന്നതിനാവശ്യമായ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുക.
13. പഞ്ചായത്തിൽനടക്കുന്ന വിവാഹ രജിസ്ട്രേഷൻ, ജനനമരണ സർട്ടിഫിക്കറ്റുകൾ എന്നിവയ്ക്ക് ഈടാക്കുന്ന നാമമാത്രമായ തുകകൾ കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുക.
14. വിവാഹാവശ്യത്തിനും മറ്റും പഞ്ചായത്തുവക സ്കൂളുകൾ വിട്ടുകൊടുക്കുന്നതിന് ഈടാക്കുന്ന വാടകത്തുക കാലാനുസൃതമായി വർദ്ധിപ്പിക്കുക.


മാനവശേഷി

ഓരോ ഗ്രാമസഭയിലും കൺസ്ട്രക്ഷൻ സൊസൈറ്റിയുണ്ടാക്കി പഞ്ചായത്തിന്റെ എല്ലാനിർമ്മാണപ്രവർത്തനങ്ങളും ഗ്രാമസഭകൾവഴി നടപ്പാക്കിയാൽ ഇന്നുള്ള നിർമ്മാണച്ചെലവ് പഞ്ചായത്തിന് ഗണ്യമായി കുറയ്ക്കാൻ കഴിയും. ഇത്തരം ശ്രദ്ധിക്കപ്പെടാത്ത ആർക്കും അധികബാധ്യതയില്ലാത്ത, മുകളിൽപ്പറഞ്ഞ മാർഗ്ഗങ്ങളിലൂടെ ജനപങ്കാളിത്തത്തോടെ ഏവരും സഹകരിച്ച് 9-ാംപഞ്ചവത്സരപദ്ധതി നമ്മുടെ പഞ്ചാത്തിൽ സുഗമ മായി നടപ്പിലാക്കാം.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവുംപ്രധാനമായ വിഭവം മനുഷ്യവിഭവംതന്നെയാണ്. എല്ലാ ഗ്രാമസഭകളിലും മനുഷ്യാദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്ക് സംഭാവനചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. എല്ലാബഹുജനസംഘടനകൾക്കും സ്വാധീനമുള്ള നമ്മുടെ പഞ്ചായത്തിൽ സന്നദ്ധസേവനത്തിനുള്ള യുവാക്കളുടെ ഒരു നിര സംഘടിപ്പിച്ചാൽ വികസനപ്രവർത്തനങ്ങളിൽ വമ്പിച്ച പുരോഗതി ഉണ്ടാക്കാൻ കഴിയും. മേൽപ്പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ ക്കുപുറമേ പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കാൻ കഴിയാവുന്ന മാർഗ്ഗങ്ങൾ നാം കൂട്ടായി ആലോചിച്ച് കണ്ടുപിടിക്കണം. സമ്പത്ത് കണ്ടെത്തിയെങ്കിൽമാത്രമേ നാം തയ്യാറാക്കിയ ഈ വികസനരേഖ യാഥാർത്ഥ്യമായി തീരുകയുള്ളു.



VI- ഉപസംഹാരം



"നമ്മളാണ് ഭരണവും
നമ്മളാണ് പ്രജകളും
നമ്മളാണ് നമ്മളുടെ
നന്മ തിന്മ തീർപ്പതും"

കാലങ്ങളായി പിൻതുടർന്നുപോന്നിരുന്ന വികസനസമീപനം അശാസ്ത്രീയവും ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കാതേയും ആയിരുന്നുവെന്ന് അനുഭവങ്ങളിലൂടെ നമുക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. നാടിന്റെ നട്ടെല്ലായ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി കാര്യമായൊന്നും ചെയ്യാൻ ഈ വികസന സമീപനത്തിന് കഴിഞ്ഞിട്ടില്ല. കാർഷിക - വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ മാത്രമേ നമുക്ക് പുരോഗതിയുണ്ടാകൂ. എന്നാൽ നിലവിലുള്ള വികസന വീക്ഷണം ഉല്പാദന ക്രിയയിൽ നിന്ന് അന്യം നിൽക്കുകയാണ്.

വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ചുവപ്പു നാടകളിൽ കുടുങ്ങി വികസനം ഇവിടെ മുരടിച്ചു നിൽക്കുന്നു. മൂല്യച്യുതിയുടെ നീരാളിപ്പിടിത്തത്തിൽ സ്വർത്ഥത അതിരുകടക്കുമ്പോൾ അഴിമതി സാർവത്രികമാകുന്നു. എല്ലാംകണ്ട് മരവിച്ച് നിൽക്കാനേ സാധാരണക്കരന് കഴിയുന്നള്ളൂ. ഇതു മാറണം ! ജനപങ്കാളിത്തവും ജനജാഗ്രതയും തൊട്ടുണർത്തി വികസന പ്രക്രിയ ഊർജ്ജസ്വലമാക്കണം. അതിലേക്കുള്ള ആദ്യപടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനം.

സാമ്പത്തിക അപര്യാപ്തതയിൽ വികസന പ്രക്രിയ വഴി മുട്ടി നിൽക്കുമ്പോൾ അക്ഷയഖനിയായ ജനശക്തി ഏകോപിപ്പിച്ച് വികസന പ്രക്രിയ ത്വരിതപ്പെടുത്താൻ കഴിയും. വസ്തുനിഷ്ടമായി പദ്ധതികൾ രൂപപ്പെടുത്തുന്നതു വഴി പൊതുസമ്പത്തിന്റെ ദുർവിനിയോഗം തടയാൻ കഴിയും.

ലഭിക്കാവുന്ന പരമാവധി കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമസഭകളിൽ ഉയർന്ന വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യങ്ങളും ക്രോഡീകരിച്ച് തയ്യാറാക്കപ്പെട്ടതാണ് ഈ വികസനരേഖ . ഇതിന്റെ പിന്നിൽ പഞ്ചായത്തിലെ ഓരോ വ്യക്തിയുടേയും സാന്നിദ്ധ്യമുണ്ട്. അതിലെല്ലാം ഉപരി കഴിയാവുന്നത്ര കൃത്യവിവരങ്ങൾ നൽകി ജനകീയപ്രസ്ഥാനത്തിന്റെ മഹത്വം മനസ്സിലാക്കി ബ്യൂറോക്രാറ്റിക് ചിന്താഗതികളിൽ നിന്ന് വിഭിന്നമായി സഹകരിച്ച വിവിധ ഡിപ്പാർട്ടുമെന്റൽ ഉദ്യോഗസ്ഥൻമാരുടെ സഹായങ്ങൾ നിസീമമായിരുന്നു.

ഈ വികസനരേഖ അടിസ്ഥാനപ്രമാണമായി സ്വീകരിച്ചു കൊണ്ട് ജനകീയവും, കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാ ക്രമത്തിൽ പദ്ധതികൾക്ക് രൂപം നൽകണം. വിവിധ ഗ്രൂപ്പുകളിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള എല്ലാ വിഷയങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങളും, ആവശ്യങ്ങളും പഠിച്ച് അവയെ

സ്കീമുകളാക്കാൻ വിദഗ്ദ്ധ സമിതികൾക്ക് കഴിയുന്നതാണ്. ഇത്തരത്തിൽ രൂപപ്പെടുന്ന എല്ലാ പദ്ധതികളുടെയും നടത്തിപ്പിനാവശ്യമായ പണം സർക്കാരിൽ നിന്നും ലഭിച്ചെന്ന് വരില്ല. ആയതിനാൽ സർക്കാരേതര ഏജൻസികളിൽനിന്നും പരമാവധി സഹായം ലഭ്യമാക്കാൻ നാം യത്നിക്കേണ്ടതുണ്ട്.

സർക്കാരിൽനിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന 40% വിഹിതം തന്നെ വികസനരംഗത്ത് ഒരു കുതിച്ച് ചട്ടത്തിന് കാരണമാകും എന്ന കാര്യത്തിൽ തർക്കമില്ല. ജനങ്ങളുടെ നേരിട്ടുള്ള മേൽനോട്ടം പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്നതിനാൽ അഴിമതിയുടെ സാദ്ധ്യതകൾ ഇല്ലാതാകുന്നു. ഇങ്ങനെ പൊതുപണത്തന്റെ വലിയ തോതിലുള്ള ചോർച്ച തടയപ്പെടുന്നു. പൂരോഗതിയുടെ പൊൻകിരണങ്ങൾ പാവപ്പെട്ടവന്റെ കുടിലിലും പ്രകാശം ചൊരിയുന്നു. നിലവിലുള്ള വികസന സംസ്കാരത്തിൽ ഇത്തിൾ കണ്ണിയായി നിന്നവർക്ക് ആസൂത്രണപദ്ധതിയുടെ ദിശമാറിയുള്ള പ്രവാഹം അസഹനീയമായേക്കാം. എന്നാൽ അനിഷേധ്യമായ ജനശക്തിയുടെ മുന്നിൽ ചീട്ടുകൊട്ടാരം പോലെ അവയൊക്കെ തകർന്നടിയും.

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാകുന്നതോടെ കേവലം വോട്ടുചെയ്യുക എന്ന പ്രക്രീയയിൽ മാത്രംഒതുങ്ങിനിന്നിരുന്ന ജാനാധിപത്യം ലക്ഷ്യത്തിലെത്തുകയാണ്. നിലവിലുള്ള വ്യവസ്ഥിതി യിൽ മനംനൊന്ത് നൈരാശ്യത്തിൽ കഴിഞ്ഞിരുന്ന ജനതയ്ക്ക് ഒരുണർത്തുപാട്ടായിരിക്കുന്നു ജനകീയാസൂത്രണപ്രസ്ഥാനം. ജനോപകാരപ്രദമായ പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കാനുതകുന്ന ജനകീയായുധം ആയിരിക്കുന്നു ഈ പ്രസ്ഥാനം.

കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട്, കക്ഷി രാഷ്ട്രീയ ജാതിമതചിന്തകൾക്കതീതമായി, നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ "സമഗ്രവികസന രേഖ" ഒരു സമ്പൂർണ്ണ യാഥാർഥ്യമാക്കിമാറ്റാൻ, വികസന രാഷ്ട്രീയത്തിന്റെ ഒരു പുത്തൻ ജനകീയ രാഷ്ട്രീയം കരുപിടിപ്പിക്കാൻ എല്ലാ വിഭാഗം ജനങ്ങളും ഒന്നിക്കേണ്ടിയിരിക്കുന്നു. മടിച്ച് നിൽക്കുന്നവരേയും, സംശയിച്ചു നിൽക്കുന്നവരെയും ഈ മഹാപ്രസ്ഥാനത്തിന്റെ മുൻനിരയിലേക്ക് കൈപിടിച്ചാനയിക്കേണ്ടതുണ്ട്. അതിനു നമുക്ക് കഴിയുമെന്ന ആത്മവിശ്വാസത്തോടെ **ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് സമഗ്രവികസനരേഖ** വിശദമായ വിശകലനത്തിനും, ചർച്ചയ്ക്കും പരിഷ്കരണത്തിനുമായി 1996 ഡിസംബർ 29-ാംതീയതി മൈലക്കാട് ആദിച്ചനല്ലൂർ പഞ്ചായത്ത് യു.പി. സ്കൂളിൽ വെച്ച് നടക്കുന്ന വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു.



കൊല്ലം ജില്ല

പഞ്ചായത്തുകൾ


0
5 കി.മീ.
ആര്യങ്കാവ്
പിറവന്തൂർ
പുനലൂർ
തെന്മല
തലവൂർ
വിളക്കുടി
കുളക്കട
പവിത്രേശ്വരം
മൈലം
മേലില
വെളിനല്ലൂർ
കരവാളൂർ
നെടുവത്തൂർ
കൊട്ടാരക്കര
തലവൂർ
എഴുകോൺ
കിഴക്കേ കല്ലട
പടിഞ്ഞാറേ കല്ലട
കുണ്ടറ
പേരയം
മൺറോതുരുത്ത്
പെരിനാട്
തൃക്കരുവ
പൊറ്റം കര
നെടുമ്പന
കിളികൊല്ലൂർ
തൃക്കോവിൽവട്ടം
വടക്കേവിള
ഇരവിപുരം
മയ്യനാട്
പരവൂർ
ചാത്തന്നൂർ
കല്ലുവാതുക്കൽ
പൂതക്കുളം
ചിതറ
കടയ്ക്കൽ
നിലമേൽ
ചടയമംഗലം
ഇളമാട്
ഉമ്മന്നൂർ
വെളിയം
കരിമ്പ
ശൂരനാട് വടക്ക്
ശൂരനാട് തെക്ക്
പോരുവഴി
കുലശേഖരപുരം
തൊടിയൂർ
ശാസ്താംകോട്ട
മൈനാഗപ്പള്ളി
കുലശേഖരപുരം
ആലപ്പാട്
പന്മന
ചവറ
തെക്കുംഭാഗം
നീണ്ടകര
ശക്തികുളങ്ങര
കൊല്ലം
പട്ടായി വടക്കേക്കര
പട്ടായി തെക്കേക്കര
പന്തളനാപുരം
കുളത്തൂപ്പുഴ
ഏരൂർ
അഞ്ചൽ
ഇടമുളയ്ക്കൽ
ഇ ടിവ
അലയമൺ
കുളത്തൂപ്പുഴ
പുനലൂർ
പിറവന്തൂർ
ആര്യങ്കാവ്
തെന്മല
കുളത്തൂപ്പുഴ
ചിതറ
കടയ്ക്കൽ
നിലമേൽ
ചടയമംഗലം
വെളിനല്ലൂർ
ഇളമാട്
ഉമ്മന്നൂർ
വെളിയം
കരിമ്പ
കുണ്ടറ
പേരയം
മൺറോതുരുത്ത്
പെരിനാട്
തൃക്കരുവ
പൊറ്റം കര
നെടുമ്പന
കിളികൊല്ലൂർ
തൃക്കോവിൽവട്ടം
വടക്കേവിള
ഇരവിപുരം
മയ്യനാട്
പരവൂർ
ചാത്തന്നൂർ
കല്ലുവാതുക്കൽ
പൂതക്കുളം
കുലശേഖരപുരം
തൊടിയൂർ
ശാസ്താംകോട്ട
മൈനാഗപ്പള്ളി
കുലശേഖരപുരം
ആലപ്പാട്
പന്മന
ചവറ
തെക്കുംഭാഗം
നീണ്ടകര
ശക്തികുളങ്ങര
കൊല്ലം
പട്ടായി വടക്കേക്കര
പട്ടായി തെക്കേക്കര
പന്തളനാപുരം
ശൂരനാട് വടക്ക്
ശൂരനാട് തെക്ക്
പോരുവഴി
കുലശേഖരപുരം
തൊടിയൂർ
ശാസ്താംകോട്ട
മൈനാഗപ്പള്ളി
പടിഞ്ഞാറേ കല്ലട
കിഴക്കേ കല്ലട
എഴുകോൺ
കുണ്ടറ
പേരയം
മൺറോതുരുത്ത്
പെരിനാട്
തൃക്കരുവ
പൊറ്റം കര
നെടുമ്പന
കിളികൊല്ലൂർ
തൃക്കോവിൽവട്ടം
വടക്കേവിള
ഇരവിപുരം
മയ്യനാട്
പരവൂർ
ചാത്തന്നൂർ
കല്ലുവാതുക്കൽ
പൂതക്കുളം
കുളക്കട
പവിത്രേശ്വരം
മൈലം
മേലില
വെളിനല്ലൂർ
കരവാളൂർ
നെടുവത്തൂർ
കൊട്ടാരക്കര
തലവൂർ
വിളക്കുടി
പുനലൂർ
തെന്മല
ആര്യങ്കാവ്
പിറവന്തൂർ
പന്തളനാപുരം
പട്ടായി വടക്കേക്കര
പട്ടായി തെക്കേക്കര
ശൂരനാട് വടക്ക്
ശൂരനാട് തെക്ക്
പോരുവഴി
കുലശേഖരപുരം
തൊടിയൂർ
ശാസ്താംകോട്ട
മൈനാഗപ്പള്ളി
കുലശേഖരപുരം
ആലപ്പാട്
പന്മന
ചവറ
തെക്കുംഭാഗം
നീണ്ടകര
ശക്തികുളങ്ങര
കൊല്ലം

ആസൂത്രണം
താഴെത്തട്ടിൽ നിന്നും
മുകളിലേക്ക്



സമഗ്ര ഗ്രാമവികസനം നമ്മുടെ ലക്ഷ്യം
ഗ്രാമവികസനത്തിന് വിഭവം ആവശ്യം
വിഭവമില്ലെങ്കിൽ വികസനമില്ല.

SUJILEE CHATHANNOOR PHONE : 243682